وَالْقُرْآنِ الْحَكِيمِ
إِنَّكَ لَمِنَ الْمُرْسَلِينَ
عَلَىٰ صِرَاطٍ مُسْتَقِيمٍ
تَنْزِيلَ الْعَزِيزِ الرَّحِيمِ

ഷമീർ മദീനി

الدعوة: أهمية وتطبيق

# ദഅ്വത്ത്:
# പ്രാധാന്യവും പ്രയോഗവും

ഷമീർ മദീനി

# الدعوة: أهمية وتطبيق

# ദഅ്വത്ത്: പ്രാധാന്യവും പ്രയോഗവും

DA'WA BOOKS
Salafi Cultural Complex, Vyttila, Cochin-19

da'wath pradhanyavum prayoghavum
author:
shameer madeeni
first edition:
october 2005
publishers:
da'wa books,
salafi cultural complex
vyttila, kochi-19
cover page:
yoonus.k.k
type setting:
creative media
printing:
screen offset, cochin-18

**Rs: 70/-**

ദഅ്‌വാ ബുക്സ്-
പുസ്തക പ്രസാധനരംഗത്തെ നവാഗതനാണ്.
അന്താരാഷ്ട്രനിലവാരത്തിൽ
മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും
പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ
മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി
പ്രസിദ്ധീകരിക്കുകയും
അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട
മലയാള പുസ്തകങ്ങൾ
മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി
പുറത്തിറക്കുകയുമെല്ലാമാണ് ലക്ഷ്യം.
ദഅ്‌വാ ബുക്സിന്റെ മൂന്നാമത്തെ പുസ്തകമാണിത്.
ദഅ്‌വത്തുമായി ബന്ധപ്പെട്ട പുതിയ വാദമുഖങ്ങളെ
പ്രമാണബദ്ധമായി പരിശോധിക്കുന്ന രചന.
ഗ്രന്ഥകർത്താവായ ഷമീർ മദീനി
മദീന ഇസ്‌ലാമിക സർവ്വകലാശാലയിൽനിന്ന്
ഹദീഥിൽ ബിരുദമെടുത്തയാളാണ്.
ഈ പുസ്തകത്തിൽ വെറും വർത്തമാനങ്ങളില്ല.
പ്രമാണങ്ങളും പ്രാമാണികരായ പണ്ഡിതരുമാണ്
ഈ പുസ്തകത്തിലൂടെ നമ്മോട് സംസാരിക്കുന്നത്.
വിലയിരുത്തുക; നിർദേശങ്ങളും വിമർശനങ്ങളുമുണ്ടാവും.
അവയ്ക്കെല്ലാം സ്വാഗതം;
അവയാണല്ലോ നമ്മെ നേരെ നടത്തുന്നത്.
പ്രാർഥിക്കുക, ഈ ശിശുവിന്റെ വളർച്ചക്കുവേണ്ടി.
അല്ലാഹുവേ.... നീ ഞങ്ങളുടെ കർമങ്ങൾ സ്വീകരിക്കുകയും
സ്വർഗത്തിൽ സ്ഥാനം നൽകി അനുഗ്രഹിക്കുകയും
ചെയ്യേണമേ....(ആമീൻ)

**മാനേജർ**

# താളുകളിൽ...


| | | |
|---|---|---|
| | മുൻമൊഴി | 11 |
| | അവതാരിക | 13 |
| 1. | എന്താണ് 'ദഅ്‌വത്ത്'? | 31 |
| 2. | ദഅ്‌വത്ത് ഒരു ബാധ്യത | 36 |
| 3. | ആർ ദഅ്‌വത്ത് ചെയ്യണം? | 46 |
| 4. | എന്തിനാണ് ദഅ്‌വത്ത്? | 60 |
| 5. | ദഅ്‌വത്തിനു വേണ്ടി കൂട്ടായ്മ...? | 73 |
| 6. | പ്രബോധകൻെറ സ്വഭാവഗുണങ്ങൾ | 101 |
| 7. | ദഅ്‌വത്തിന്റെ രീതിശാസ്ത്രം | 111 |
| 8. | ദഅ്‌വത്ത് മാർഗങ്ങൾ, മേഖലകൾ | 120 |
| 9. | ദഅ്‌വത്തും മതതാരതമ്യപഠനവും | 129 |

# മുൻമൊഴി

ദഅ്‌വത്ത്, പ്രവാചകന്മാരഖിലവും നിർവഹിച്ച ഉൽകൃഷ്ട കർമം. അവരെ പിൻപറ്റിയവരും ആ പാത തുടർന്നു. മഹത്തുക്കൾ. ഭാഗ്യവാന്മാർ. അവരെ നന്മയിൽ പിൻപറ്റി ആ പാതയിലൂടെ മുന്നേറുവാൻ നമ്മളും ആഗ്രഹിക്കുന്നു. ആത്യന്തിക വിജയത്തിന് അതാണല്ലോ ഏകമാർഗം. പക്ഷെ, ആ ദഅ്‌വത്തിൽ സഹകരിക്കേണ്ടവർ, അതിനായി ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടവർ.. ദഅ്‌വത്ത് പ്രവാചകന്മാരും എല്ലാം തികഞ്ഞ പണ്ഡിതന്മാരും മാത്രം നിർവഹിക്കേണ്ട കാര്യമാണെന്ന് പറഞ്ഞ് പ്രബോധന പ്രവർത്തനങ്ങളെ മുടക്കുന്ന ഇബ്‌ലീസിന്റെ ദഅ്‌വത്തുമായി നടക്കുകയാണ്. അതിനൊട്ട് ഇൽമ് വേണ്ടതാനും! അല്ലാഹുവിൽ ശരണം.

ഈയൊരു പശ്ചാത്തലത്തിൽ ദഅ്‌വത്തിനെ ഇസ്‌ലാമും സലഫുകളും എങ്ങിനെ നോക്കിക്കണ്ടു? ദഅ്‌വത്തിന്റെ പ്രാധാന്യം മുതൽ തൽപരകക്ഷികൾ ഇളക്കിവിടാറുള്ള ചില 'വസ്‌വാസു'കളെ പ്രമാണബദ്ധമായി സമീപിക്കുവാൻ ശ്രമിക്കുകയാണ് ഈ കൊച്ചു കൃതിയിലൂടെ. ന്യൂനതകൾ ഉണ്ടാവുമെന്നുറപ്പ്. അത് ഗുണകാംക്ഷയോടെ ചൂണ്ടിക്കാണിക്കേണ്ടത് സഹോദരങ്ങളുടെ കടമ. അവരത് നിർവഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇൻശാ അല്ലാഹ്... അബദ്ധങ്ങൾ ബോധ്യപ്പെട്ടാൽ തിരുത്തും. ചൂണ്ടിക്കാണിക്കുന്നവരോട് നന്ദിയുണ്ടായിരിക്കും. ആരോഗ്യകരമായ വിമർശനങ്ങളേയും സ്വാഗതം ചെയ്യുന്നു.

ഈരൂപത്തിൽ ഈ കൃതി പുറത്തിറക്കാൻ അനുഗ്രഹിച്ച റബ്ബിന് സ്തുതി. അൽഹംദുലില്ലാ. പല മാന്യ സുഹൃത്തുക്കളും ഈ സംരം

ഭത്തിൽ സഹകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രസാധനം ഏറ്റെടുത്ത ദഅ്‌വ ബുക്സ്, ഡി.ടി.പി, ലേ ഔട്ട്, പ്രിന്റിംഗ് മുതലായവ നിർവഹിച്ച സ്നേഹസംവാദം മാസികയുടെ അണിയറ ശിൽപികൾ.... തുടങ്ങി ഒരുപാട് ഒരുപാട് സഹൃദയർ. അവരോടൊക്കെയുള്ള നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം നന്മകൾക്കായി റബ്ബിനോട് പ്രാർത്ഥിക്കുന്നു.... "നാഥാ.... അവർക്കൊക്കെയും നീ തക്കതായ നന്മ പ്രദാനം ചെയ്യേണമേ.....!"

ഇതിന് നല്ലൊരു അവതാരിക എഴുതിത്തരികയും ഒരു ജ്യേഷ്ഠ സഹോദരനെപോലെ വേണ്ട ഉപദേശ നിർദേശങ്ങൾ നൽകുകയും ചെയ്ത നിച്ച് ഓഫ് ട്രൂത്ത് ഡയറക്ടർ എം.എം. അക്ബർ സാഹിബിനോടുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നതോടൊപ്പം, റബ്ബ് അവന്റെ നന്ദിയുള്ള അടിമകളെ ആദരിക്കുന്ന, പരലോകമെന്ന പ്രതിഫല ഗേഹത്തിൽ തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ! (ആമീൻ) എന്ന് പ്രാർഥിക്കുന്നു.

നാഥാ... ഇതൊരു സൽകർമമായി നീ സ്വീകരിക്കേണമേ.... നീ ഏറ്റവും തൃപ്തിപ്പെടുന്ന മാർഗത്തിലൂടെ ജീവിച്ച് നീ ഏറ്റവും തൃപ്തിപ്പെടുന്ന രീതിയിൽ മരണപ്പെടാൻ ഞങ്ങളെ നീ അനുഗ്രഹിക്കേണമേ.... ഞങ്ങളുടെ പിഴവുകളും കുറവുകളും നീ മാപ്പാക്കി നിന്റെ മഹത്തായ മഗ്ഫിറത്തും മർഹമത്തും ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ... ആമീൻ

ശമീർ എം.എം.
മൂഴിക്കത്തോട്ടത്തിൽ
തൗഹീദ് നഗർ
ശ്രീമൂലനഗരം പി.ഒ.
എറണാകുളം - 683580
Email: shameer@nicheoftruth.org

# അവതാരിക

'ഹലോ... അസ്സലാമു അലൈക്കും....'

'വ അലൈക്കുമുസ്സലാം വ റഹ്മതുല്ലാഹി വ ബറകാതുഹു'.

'എം.എം. അക്ബറല്ലേ..?'

'അതെ'

'നിച്ച് ഓഫ് ട്രൂത്ത് ഒരു പ്രബോധക കൂട്ടായ്മയല്ലേ.... അതിൽ പ്രവർത്തിക്കുന്നവരിൽ അധികവും സാധാരണക്കാരല്ലേ? (പണ്ഡിതൻമാരല്ലല്ലോ!)'

'അതെ! സത്യമതപ്രബോധനം ഒരു ബാധ്യതയാണെന്ന് തിരിച്ചറിയുന്ന കുറെ സത്യവിശ്വാസികളാണ് നിച്ച് ഓഫ് ട്രൂത്ത് എന്ന ബാനറിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിൽ പണ്ഡിതന്മാരും പാമരന്മാരുമെല്ലാം ഉണ്ട്'.

'പണ്ഡിതന്മാരാണ് പ്രബോധനം ചെയ്യേണ്ടതെന്ന് പല മഹാന്മാരും പറഞ്ഞിട്ടുണ്ടല്ലോ. പണ്ഡിതന്മാരല്ലാത്തവർ പ്രബോധനം ചെയ്താൽ വമ്പിച്ച കുഴപ്പങ്ങളാണുണ്ടാവുകയെന്നും മഹാന്മാർ പറഞ്ഞിട്ടുണ്ട്. അപ്പോൾ നിങ്ങൾ ചെയ്യുന്നത് കുഴപ്പത്തിന് നേതൃത്വം വഹിക്കുകയല്ലേ?'

'താങ്കൾ എന്ത് ചെയ്യുന്നു?'

'പഠിക്കുന്നു'

'എന്തിന്'

'പി.ജിക്കാണ്'

'താങ്കൾ പണ്ഡിതനാണോ?'

'അല്ല; അതുകൊണ്ടുതന്നെ ഞാനിപ്പോൾ ദഅ്‌വാ പ്രവർത്തനങ്ങളിലൊന്നും പങ്കെടുക്കാറില്ല'.

'പിന്നെ എന്നെ വിളിച്ചതെന്തിനാണ്?'

'അത്.... താങ്കളിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് അക്രമമാണെന്ന് അറിയിക്കുവാൻ....'

'ദഅ്‌വാ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നത് അക്രമമാണെന്ന് എനിക്ക് പറഞ്ഞുതരാൻ പണ്ഡിതനല്ലാത്ത താങ്കൾക്ക് പാടുണ്ടോ?'

'ഇതൊരു നസ്വീഹത്താണ്; ദഅ്‌വത്തല്ല'.

'താങ്കൾക്ക് എന്നോട് ഗുണകാംക്ഷയുണ്ട്. ഞാൻ തെറ്റു ചെയ്ത് നരകത്തിൽ പോകുന്നതിൽ താങ്കൾക്ക് സങ്കടവും വേവലാതിയുമുണ്ട്. അതിനാൽ ഞാൻ ചെയ്തുകൊണ്ടിരിക്കുന്നതായി നിങ്ങൾ കരുതുന്ന തിന്മയായ 'ദഅ്‌വത്ത്' ചെയ്യുന്നതിൽനിന്ന് എന്നെ പിന്തിരിപ്പിക്കുവാൻ ശ്രമിക്കുകയാണ്...അല്ലേ...?'

'അതെ.... ഞാൻ നിങ്ങളെ ഏറെ ഇഷ്ടപ്പെടുന്നു....അതുകൊണ്ട്....'

'സുഹൃത്തേ.... എനിക്ക് ചുറ്റുമുള്ള എന്റെ സഹോദരങ്ങൾ ശിർക്ക് ചെയ്തുകൊണ്ടിരിക്കുന്നു. ശിർക്ക് ചെയ്തുകൊണ്ടാണ് ഒരാളുടെ മരണമെങ്കിൽ അയാൾക്ക് നരകത്തിൽനിന്ന് മോചനമില്ലെന്ന് ഖുർആൻ പഠിപ്പിക്കുന്നു. ആ സഹോദരങ്ങളോട് എനിക്ക് സ്നേഹമുണ്ട്. അവരെ ഞാൻ ഇഷ്ടപ്പെടുന്നു. അവർ നരകത്തിൽ പോകരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു. അവർക്ക് നരകത്തിൽ നിന്ന് രക്ഷപ്പെടുവാനുള്ള വഴി എനിക്കറിയാവുന്ന വിധത്തിൽ ഞാൻ പറഞ്ഞു കൊടുക്കുന്നു. ദഅ്‌വത്ത് നടത്താൻ പാടില്ലെന്ന് പ്രചരിപ്പിക്കുവാൻ നിങ്ങൾക്ക് പാണ്ഡിത്യത്തിൻെറ അകമ്പടി ആവശ്യമില്ലെങ്കിൽ അല്ലാഹു മാത്രമാണ് ആരാധ്യൻ എന്ന് പ്രചരിപ്പിക്കുവാൻ എനിക്കും അഗാധമായ പാണ്ഡിത്യമൊന്നും വേണമെന്നില്ലല്ലോ. മുമ്പ് പ്രബോധന പ്രവർത്തനങ്ങളിൽ സജീവമായിരുന്നു താങ്കൾ എന്നു പറഞ്ഞല്ലോ. അന്ന് നിങ്ങൾ പ്രബോധനം ചെയ്തത് 'ലാ ഇലാഹ ഇല്ലല്ലാ'യുടെ സന്ദേശമായിരുന്നു. ഇന്നും നിങ്ങൾ സജീവമാണ്. 'ദഅ്‌വത്ത് പാടില്ല'യെന്ന പ്രബോധനത്തിനാണ് ഇപ്പോൾ സമയം വിനിയോഗിക്കുന്നതെന്ന് മാത്രം'.

'അപ്പോൾ പിന്നെ, ദഅ്‌വത്ത് നടത്തേണ്ടത് പണ്ഡിതന്മാരാ

ണെന്ന് മഹാന്മാരായ പലരും പറഞ്ഞിട്ടുണ്ടല്ലോ...? അത്...!'

'അതെ! ദഅ്‌വത്ത് നടത്തേണ്ടത് വിവരമുള്ളവരാണ്. സംശയമൊന്നുമില്ല. താൻ പറയുന്ന കാര്യം ഖുർആനും സുന്നത്തും പഠിപ്പിച്ചതു തന്നെയാണോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം മാത്രമെ ഒരു മുസ്‌ലിം അത് പ്രബോധനം ചെയ്യാവൂ. ഓരോരുത്തർക്കും തോന്നിയതെല്ലാം മതത്തിന്റെ പേരിൽ പഠിപ്പിക്കുകയല്ല ചെയ്യേണ്ടത്. താൻ പറയുന്ന കാര്യം പ്രമാണബദ്ധമാണോയെന്ന് കൃത്യമായി ഉറപ്പ് വരുത്തണം. ദൃഢബോധ്യമുള്ള (ബസ്വീറത്ത്) കാര്യങ്ങളെ പറയാവൂ. മഹാപണ്ഡിതന്മാർ പറയേണ്ട കാര്യങ്ങൾ അവർ തന്നെയാണ് പറയേണ്ടത്. എന്നാൽ സർവശക്തൻ മാത്രമാണ് ആരാധ്യനെന്ന വസ്തുത ഏത് മുസ്‌ലിമിനാണ് അറിയാത്തത്? അല്ലാഹുവിന്റെ മാത്രം ആരാധ്യതയിൽ ദൃഢബോധമില്ലാത്തവൻ മുസ്‌ലിമാകുമോ? ഓരോരുത്തർക്കും ദൃഢമായ ജ്ഞാനമുള്ള കാര്യങ്ങൾ മാത്രമാണ് ഓരോരുത്തരും പ്രബോധനം ചെയ്യേണ്ടത്. ഇതാണ് പണ്ഡിതന്മാർ പറഞ്ഞത്. അല്ലാതെ മഹാപണ്ഡിതന്മാർ മാത്രമെ ദഅ്‌വത്ത് നടത്താവൂയെന്ന് ഒരു മഹാപണ്ഡിതനും പറഞ്ഞിട്ടില്ല'.

'അപ്പോൾ ദഅ്‌വത്തിന് ഇൽമ് വേണമെന്ന് നിങ്ങളും സമ്മതിക്കുന്നു....?'

'എന്താണ് സംശയം? ദഅ്‌വത്തിന് അറിവ് അത്യാവശ്യമാണ്. താൻ പറയുന്നത് ഖുർആനും സുന്നത്തും പറഞ്ഞുതരുന്നത് തന്നെയാണെന്ന അറിവ്. ഈ അറിവ് ദഅ്‌വത്തിന് മാത്രമല്ല വേണ്ടത്. മുസ്‌ലിമാകുവാൻ തന്നെ ഇൽമ് വേണം. അല്ലാഹുവിലുള്ള വിശ്വാസമാണ് ഒന്നാമത്തെ വിശ്വാസകാര്യം. അല്ലാഹു ആരെന്നും എങ്ങനെയുള്ളവനെന്നും അറിയാത്തവൻ അല്ലാഹുവിൽ വിശ്വസിക്കുന്നതെങ്ങനെ? മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും അന്ത്യനാളിലും ദൈവവിധിയിലുമെല്ലാമുള്ള വിശ്വാസത്തിന്റെ സ്ഥിതിയും ഇതുതന്നെ. ശഹാദത്ത് എന്താണ് അർഥമാക്കുന്നതെന്നറിയാത്തവന് മുസ്‌ലിമാകാൻ കഴിയില്ല. നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നിവയെക്കുറിച്ചെല്ലാം അറിവുണ്ടായാലാണ് ഒരാൾക്ക് ഇവയെല്ലാം കളങ്കരഹിതവും പൂർണവുമായി ചെയ്യാനാവുക. ഇതേപോലെത്തന്നെയാണ് ദഅ്‌വത്ത്. താൻ എന്താണ് പറയുന്നതെന്ന് പൂർണബോധ്യം പ്രബോധകനുണ്ടാവണം. ഖുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിലൂടെ തന്നെയാണോ തന്റെ സഞ്ചാരമെന്ന്

അയാൾ എപ്പോഴും ആത്മവിചാരണ നടത്തിക്കൊണ്ടിരിക്കണം. തനിക്ക് അറിയാത്ത കാര്യങ്ങളെക്കുറിച്ച് ആരെങ്കിലും ചോദിച്ചാൽ അത് തനിക്കറിയില്ലെന്ന് പറയാനും അറിയാവുന്നവരിൽനിന്ന് ചോദിച്ച് പഠിക്കാനും അയാൾ സന്നദ്ധനാകണം. ഇതാണ് ദഅ്വത്തിന് അറിവും വിനയവും അനിവാര്യമാണെന്ന് പറയുന്നതുകൊണ്ടുള്ള വിവക്ഷ'.

**അറബി പരിജ്ഞാനം**

'ദഅ്വത്ത് നടത്തണമെങ്കിൽ അറിവ് അനിവാര്യമാണെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ടെന്ന് നിങ്ങൾ സമ്മതിക്കുന്നു. ഖുർആനിലും സുന്നത്തിലുമുള്ള അറിവാണല്ലോ യഥാർത്ഥ ജ്ഞാനം. ഖുർആനിലും സുന്നത്തിലും അറിവുണ്ടാകണമെങ്കിൽ അറബി ഭാഷ അറിയൽ നിർബന്ധമാണല്ലോ. അപ്പോൾ അറബി അറിയാത്തവർ ദഅ്വത്ത് നടത്താൻ പാടുണ്ടോ?

'ദഅ്വത്തിന് മാത്രമല്ല അറിവ് അനിവാര്യമായിട്ടുള്ളത്. മുസ്‌ലിമാകുവാൻ തന്നെ ഇൽമ് വേണം. ഇവ്വിഷയകമായി മൗലികമായ അറിവ് നൽകുന്നതാണ് ഖുർആനിലെ നൂറ്റിമൂന്നാമത്തെ അധ്യായം. അതിന്റെ സാരം ഇങ്ങനെയാണല്ലോ. "കാലംതന്നെയാണ് സത്യം. തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും, ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (വി.ഖു. 103:1-3). നഷ്ടക്കാരിൽ ഉൾപ്പെടാതിരിക്കണമെങ്കിൽ, രക്ഷപ്പെട്ട കൂട്ടായ്മയിൽ (ഫിർഖത്തുന്നാജിയ)പെടണമെങ്കിൽ വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും സത്യം ഉപദേശിക്കുകയും ക്ഷമ ഉപദേശിക്കുകയും ചെയ്യണമെന്നാണ് ഈ അധ്യായം നൽകുന്ന പാഠം. അപ്പോൾ രക്ഷപ്പെട്ടവരോടൊപ്പമാകണമെങ്കിൽ ഒന്നാമതായി ആവശ്യം വിശ്വാസ(ഈമാൻ)മാണ്. എന്തൊക്കെയാണ് ഈമാൻ കാര്യങ്ങളെന്ന് ഖുർആനും നബിവചനങ്ങളും വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. അത് അറിയാവുന്നവന് മാത്രമെ വിശ്വാസിയാകാനാവൂ. ഖുർആനിൽനിന്നും സുന്നത്തിൽനിന്നും തന്നെ നേരിട്ട് വിശ്വാസകാര്യങ്ങൾ മനസ്സിലാക്കണമെങ്കിൽ അറബി പഠിച്ചേ മതിയാവൂ. എന്നാൽ ഒരാൾ വിശ്വാസിയാകണമെങ്കിൽ അയാൾ അറബിഭാഷ പഠിച്ചിരിക്കണമെന്ന നിബന്ധനയുണ്ടോ? രക്ഷപ്പെട്ടവരോടൊപ്പമാകണമെങ്കിൽ, വിശ്വാസത്തോടൊപ്പം

സൽകർമങ്ങൾ അനുഷ്ഠിക്കണം. ഒരു പ്രവൃത്തി സൽകർമ്മമാകണ മെങ്കിൽ മൂന്ന് നിബന്ധനകളുണ്ട്. ഈമാൻ, ഇഖ്ലാസ്, ഇത്തിബാഅ് എന്നിവയാണവ. ഈമാനും ഇഖ്ലാസും (അല്ലാഹുവിന്റെ പ്രീതിയ ല്ലാതെ മറ്റൊന്നും ആഗ്രഹിക്കാതിരിക്കുക)ഉണ്ടായതുകൊണ്ടുമാത്രം ഒരു കർമവും സൽകർമമാവുകയില്ല; ഇത്തിബാഉ കൂടിയുണ്ടാവണം. മുഹമ്മദ്(ﷺ) നബി പഠിപ്പിച്ച കർമങ്ങൾ പഠിപ്പിച്ച രീതിയിൽ അനുഷ് ഠിക്കുന്നതിനാണ് ഇത്തിബാഅ് എന്ന് പറയുക. മുഹമ്മദ്(ﷺ) പഠി പ്പിച്ച കർമങ്ങളെന്തൊക്കെയാണ്, അവ എങ്ങനെയാണ് അദ്ദേഹം അനുഷ്ഠിച്ചതെന്നും മനസ്സിലാവുക ഹദീഥ് ഗ്രന്ഥങ്ങളിൽനിന്നാണ്. ഹദീഥ് ഗ്രന്ഥങ്ങൾ പരിശോധിച്ച് ഏതെല്ലാം സൽകർമങ്ങൾ എങ്ങനെ യാണ് നബി(ﷺ) അനുഷ്ഠിച്ചതെന്ന് മനസ്സിലാക്കണമെങ്കിൽ അറബി അറിയുക അനിവാര്യമാണ്. എന്നാൽ ഒരാൾ മുസ്ലിമാകണമെങ്കിൽ അറബിഭാഷ പഠിച്ചേ തീരൂവെന്ന് പറയാൻ കഴിയുമോ? ഈമാനിനും ഇത്തിബാഇനും അറബി പഠനം നിർബന്ധമല്ലെങ്കിൽ പിന്നെയെങ്ങ നെയാണ് ദഅ്വത്തിന് അറബി പഠിച്ചേ മതിയാവൂയെന്ന് നിബന്ധന വെക്കുക.

'അപ്പോൾ അറബി പഠനത്തെ നിരുൽസാഹപ്പെടുത്തുകയാണോ താങ്കൾ ചെയ്യുന്നത്?'

'തീർച്ചയായും അല്ല! ഖുർആനിന്റെ ഭാഷയാണ് അറബി. അത് പഠിക്കുവാൻ കഴിയുന്നവരെല്ലാം അറബി പഠിക്കുകതന്നെ വേണം. അതിനുവേണ്ടി സമൂഹം പ്രോത്സാഹനങ്ങൾ നൽകണം. അതിന്നാ യുള്ള സ്ഥാപനങ്ങളുണ്ടാവണം. അറബി അവഗാഹമായി പഠിച്ച പണ്ഡിതന്മാരെ വാർത്തെടുക്കണം. അറബി പഠിക്കുന്നതിൽ നിരവധി നന്മകളുണ്ടെന്ന് പറഞ്ഞ് അത് പ്രോത്സാഹിപ്പിക്കുന്നതും അറബി പഠിക്കാതെ മുസ്ലിമാവുകയില്ലെന്ന് പറയുന്നതും രണ്ടാണ്. എല്ലാ മുസ്ലിംകളും ചെയ്യേണ്ടതാണ് ഒന്നാമത്തേത്. പ്രാമാണികരായ പണ് ഡിതന്മാരൊന്നും പറഞ്ഞിട്ടില്ലാത്ത തീവ്രവാദമാണ് രണ്ടാമത്തേത്. ഇതേപോലെതന്നെയാണ് ദഅ്വത്തിന്റെയും കാര്യം. പ്രബോധന രംഗത്തുള്ളവർ അറബി പഠിക്കുന്നത് നല്ലതാണെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. ഖുർആനിൽനിന്നും സുന്നത്തിൽനിന്നും കാര്യങ്ങൾ നേർക്കുനേരെ മനസ്സിലാക്കി അത് മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുമ്പോൾ അതിന് ഏറെ ജീവനുണ്ടാവുമെന്ന കാര്യത്തിലും പക്ഷാന്തരമില്ല. എന്നാൽ അറബി പഠിച്ചവർ മാത്രമെ ഖുർആനിലോ

സുന്നത്തിലോ പറഞ്ഞ കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കാൻ പാടുള്ളൂവെന്ന് പറയുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല.

'അറബി അറിയാത്തവർ ദഅ്വത്ത് ചെയ്യരുതെന്ന് പല പണ്ഡിതന്മാരും പറഞ്ഞിട്ടുണ്ടല്ലോ?'

'ഒന്നാമതായി, പണ്ഡിതന്മാരുട അഭിപ്രായങ്ങൾ ഇസ്‌ലാമിൽ പ്രമാണമല്ല. തങ്ങളുടെ അഭിപ്രായങ്ങൾക്ക് ഉപോൽബലകമായി അവർ ഉദ്ധരിക്കുന്ന തെളിവുകൾ ബലവത്താണെങ്കിൽമാത്രമെ പ്രസ്തുത അഭിപ്രായങ്ങൾ സ്വീകരിക്കുവാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാവൂ. രണ്ടാമതായി, താങ്കൾ പറഞ്ഞ പണ്ഡിതന്മാർ 'ദഅ്വത്ത്' എന്ന് പ്രയോഗിച്ചിരിക്കുന്നത് ഏത് അർത്ഥത്തിലാണെന്ന് സൂക്ഷ്മമായി പരിശോധിക്കണം. മതവിധികളുടെ വിഷയത്തിൽ മുസ്‌ലിം സമൂഹത്തിലുണ്ടാകുന്ന അഭിപ്രായാന്തരങ്ങൾക്ക് തീർപ്പ് കൽപിച്ച് അവരെ യഥാർത്ഥമായ സത്യദീനിന്റെ പാതയിലേക്ക് വിളിക്കുകയെന്ന വിവക്ഷയിലാണ് ചില പണ്ഡിതന്മാർ ദഅ്വത്ത് എന്ന് പ്രയോഗിച്ചിരിക്കുന്നത്. 'ഫത്വ' നൽകുവാൻ അധികാരമുള്ള പണ്ഡിതന്മാർ നിർവഹിക്കേണ്ട ദൗത്യമാണിത്. അവർക്ക് അറബി ഭാഷയിലും പ്രമാണങ്ങളിലുമെല്ലാം അഗാധജ്ഞാനം അനിവാര്യമാണെന്നതിൽ സംശയമില്ല. ഭാഷാ പരിജ്ഞാനം പോലുമില്ലാത്തവർ ഇസ്‌ലാമിക വിഷയങ്ങളിൽ സ്വതന്ത്രമായ അഭിപ്രായ പ്രകടനം നടത്തുന്നതിനെ ശക്തമായ ഭാഷയിൽ പണ്ഡിതന്മാർ വിമർശിച്ചിട്ടുണ്ട്. ആ വിമർശനം ഏറെ പ്രസക്തവുമാണ്. പക്ഷെ, ഏകനായ സ്രഷ്ടാവിനെയല്ലാതെ വിളിച്ച് പ്രാർത്ഥിക്കുന്നത് സ്വർഗപ്രവേശം നിഷിദ്ധമാക്കുന്ന ദുഷ്കർമമാണെന്ന് പൂർണ ബോധമുള്ള ഒരു സാധാരണക്കാരന്, ബഹുദൈവാരാധന നടത്തുന്ന ഒരാളോട് അതിന്റെ നിരർത്ഥകതയെക്കുറിച്ച് തെര്യപ്പെടുത്തുവാൻ പാടില്ലെന്ന് പണ്ഡിതന്മാരുടെ ഈ വിമർശനങ്ങളിലൊന്നും കാണാനാവില്ല. ഫത്വ നൽകുന്നതുപോലെയുള്ള പണ്ഡിതന്മാർ മാത്രം നിർവഹിക്കേണ്ട ദൗത്യത്തെ 'ദഅ്വത്ത്' എന്ന് വിശേഷിപ്പിച്ച പണ്ഡിതന്മാരിൽ ചിലർ സാധാരണക്കാർ നിർവഹിക്കേണ്ടത് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുകയാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

'അറബി അറിയാത്തവർ പ്രബോധനരംഗം കൈയാളുന്നതുകൊണ്ട് ഒരുപാട് കുഴപ്പങ്ങളുണ്ടാവുന്നുണ്ടല്ലോ. ലോകപ്രശസ്തരായ പല പ്രബോധകന്മാരും നിരവധി അബദ്ധങ്ങൾ ഇസ്‌ലാമിന്റെ

പേരിൽ പ്രചരിപ്പിച്ച് ഫിത്നയുണ്ടാക്കുന്നുണ്ട്. ഇത് അവർക്ക് അറബി അറിയാത്തതുകൊണ്ടല്ലേ?'

'ശരിയാണ്. ലോകപ്രശസ്തരായ പല പ്രബോധകർക്കും പല അബദ്ധങ്ങളും സംഭവിച്ചിട്ടുണ്ട്. അവർക്ക് അറബി അറിയാത്തതും അതിനുള്ള കാരണമാവാം. എന്നാൽ അടിസ്ഥാന കാരണമതല്ല. ഖുർആനിനെയും സുന്നത്തിനെയും അവർ മനസ്സിലാക്കുന്ന രീതി ശാസ്ത്രത്തിൽ വന്ന പിഴവാണ് മുഖ്യം. പ്രമാണങ്ങളെ മനസ്സിലാക്കേണ്ടത് അവ സമർപ്പിക്കപ്പെട്ട ആദിമ തലമുറക്കാർ (സ്വലഫുകൾ) മനസ്സിലാക്കിയതുപോലെയാവണം. സ്വന്തം യുക്തിക്കും ബുദ്ധിക്കുമനുസരിച്ച് പ്രമാണങ്ങളെ വ്യാഖ്യാനിച്ചാൽ ആർക്കും തെറ്റുപറ്റും; അറബി അറിയുന്നവർക്കായാലും അറബി അറിയാത്തവർക്കായാലും. അങ്ങനെ ചെയ്യുന്നതുവഴി വ്യാപകമായ ഫിത്നകൾ ഉണ്ടാവുകയും ചെയ്യും. ഖവാരിജുകൾക്കും മുഅ്തസിലികൾക്കും ജഹ്മികൾക്കും റാഫിദികക്കുമൊന്നും അറബി അറിയാത്തതായിരുന്നില്ലല്ലോ പ്രശ്നം. അറബി ഭാഷയിൽ അഗാധജ്ഞാനവും പ്രമാണങ്ങളിൽ വിവരവുമെല്ലാം ഉണ്ടെങ്കിലും ആദിതലമുറക്കാരുടെ രീതിശാസ്ത്രത്തിൽ (മൻഹജ്)നിന്ന് വ്യതിചലിച്ച് പ്രമാണങ്ങളെ വ്യാഖ്യാനിക്കാനാരംഭിച്ചാൽ വ്യാപകമായ കുഴപ്പങ്ങൾ തന്നെയായിരിക്കും ഫലം. 'അല്ലാഹുവിനല്ലാതെ വിധിക്കുവാനധികാരമില്ല'യെന്ന് പറഞ്ഞ് മുസ്ലിം ലോകത്ത് കുഴപ്പങ്ങളുടെ കൂട്ടായ്മ ഉദ്ഘാടനം ചെയ്തവരും 'അറബി അറിയാത്തവരൊന്നും പ്രബോധന രംഗത്തുണ്ടാവരുത്' എന്ന് ദഅ്വത്ത് ചെയ്യുന്ന ഇന്നുള്ളവരും പ്രമാണങ്ങളെ സലഫുകളുടെ മൻഹജിൽനിന്ന് തെറ്റിച്ച് വ്യാഖ്യാനിക്കുന്നവരാണ്. ഭാഷാപരിജ്ഞാനത്തിന്റെ അഭാവമല്ല ഉൾക്കൊള്ളേണ്ട രീതിശാസ്ത്രത്തിൽ നിന്നുള്ള വ്യതിയാനമാണ് കുഴപ്പങ്ങൾക്ക് കാരണമെന്നർത്ഥം'

**സംഘടനാസംവിധാനം**

'പ്രവാചകന്മാരും സച്ചരിതരായ മുൻഗാമികളും പഠിപ്പിച്ച പാതയാണല്ലോ ദഅ്വത്തിന്റെ രംഗത്തുള്ളവർ പിൻപറ്റേണ്ടത്. സലഫുകളിൽ ഒരാളും ദഅ്വത്തിനുവേണ്ടി സംഘടനയുണ്ടാക്കിയിട്ടില്ലല്ലോ. അപ്പോൾ ദഅ്വത്തിന് എന്ന പേരിൽ ഇന്ന് നിലനിൽക്കുന്ന സംഘടനകളെല്ലാം പിഴച്ച ബിദ്അത്തല്ലേ?

'ബിദ്അത്ത് എന്നാൽ എന്താണ് എന്നതിനെക്കുറിച്ച തെറ്റിദ്ധാര

ണയാണ് ഈ സംശയത്തിന് നിദാനം. മതകാര്യങ്ങളിൽ പുതുതായി ഉണ്ടാക്കുന്നതെല്ലാം ബിദ്അത്താണ്, സംശയമൊന്നുമില്ല. ദഅ്വത്ത് മതകാര്യമാണ് താനും. അതുകൊണ്ടുതന്നെ ദഅ്വത്തിന്റെ രീതിശാസ്ത്രം പ്രവാചകന്മാർ പഠിപ്പിച്ചതുപോലെ തന്നെയാവണം; അപ്പോൾ സംഘടന ബിദ്അത്താകുമോ? മുസ്‌ലിം സമുദായത്തിന്റെ ഉത്തരവാദിത്തമാണ് ദഅ്വത്തെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത് (3:104, 3:110). അല്ലാഹുവിന്റെ പാശത്തിൽ മുറുകെപിടിച്ച് ഭിന്നിക്കാതിരിക്കുവാനും (3:103, 8:46, 3:105) പുണ്യത്തിലും ധർമനിഷ്ഠയിലും പരസ്പരം സഹായിക്കുവാനുമാണ് (5:2) മുസ്‌ലിം സമൂഹത്തോടുള്ള ഖുർആനിന്റെ അനുശാസന. ദഅ്വത്തിന്റെ രംഗത്ത് പ്രവാചകന്മാരടക്കം പരസ്പര സഹായമാവശ്യപ്പെടുകയും ചെയ്തിരുന്നതായി ഖുർആൻ വ്യക്തമാക്കുന്നുണ്ട്. മൂസാ(ﷺ)നബിയെ സഹായിച്ച ഹാറൂൻ (ﷺ) നബിയെക്കുറിച്ച പരാമർശങ്ങളിലും ഈസാ(ﷺ)നബി ഹവാരികളോട് ദൈവമാർഗത്തിൽ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചതായുള്ള പ്രസ്താവനകളിലുമെല്ലാം ഇക്കാര്യമാണ് ഖുർആൻ പഠിപ്പിക്കുന്നത്. മുആദുബ്ൻ ജബലി(رضي الله عنه)നെയും അബൂമൂസൽ അശ്അരി(رضي الله عنه)യെയും യമനിലക്ക് ദഅ്വത്തിനായി പറഞ്ഞയച്ചപ്പോൾ അവരോട് റസൂൽ(ﷺ) ഉപദേശിച്ചത് 'പരസ്പരം സഹകരിക്കുക; ഭിന്നിക്കരുത്" എന്നായിരുന്നു (ബുഖാരി മുസ്‌ലിം). മൂന്നുപേർ ഒന്നിച്ച് യാത്ര ചെയ്യുമ്പോൾപോലും ഒരാളെ നേതാവാക്കണമെന്നാണ് പ്രവാചകൻ(ﷺ) പഠിപ്പിച്ചത്. സംഘടിതമായി നിലകൊള്ളാനും ഭിന്നതയെ സൂക്ഷിക്കുവാനും മുസ്‌ലിം സമുദായത്തോട് അദ്ദേഹം ഉപദേശിക്കുകയും ചെയ്തു (തിർമിദി).

ദഅ്വത്തിന്റെ രംഗത്ത് പരസ്പരം സഹകരിച്ച് കൂട്ടായ്മയോടെ നിലനിൽക്കണമെന്ന പ്രവാചകന്റെ(ﷺ) നിർദേശം പിൻപറ്റിയവരായിരുന്നു സലഫുകൾ. ഇസ്‌ലാമിക രാഷ്ട്രസംവിധാനത്തിൽ ഈ കൂട്ടായ്മയുടെ ഉത്തരവാദിത്തവും നേതൃത്വവും രാഷട്രസംവിധാനത്തിന് കീഴിലായിരിക്കും. ഇസ്‌ലാമിക രാഷ്ട്രസംവിധാനം നിലവിലില്ലാത്ത സ്ഥലങ്ങളിൽ ദഅ്വത്ത് നിലനിൽക്കുവാനാവശ്യമായ കൂട്ടായ്മക്ക് രൂപം നൽകേണ്ടത് അവിടെയുള്ള മുസ്‌ലിം സമൂഹമാണ്. പ്രസ്തുത കൂട്ടായ്മയാണ് സംഘടന. അതുകൊണ്ടുതന്നെ അത് ബിദ്അത്താണെന്ന് പറയാൻ പ്രമാണങ്ങളുടെയോ പ്രാമാണികരായ പണ്ഡിതരുടെയോ പിന്തുണയില്ല.

'സംഘടനക്ക് സലഫുകളുടെ മാതൃകയുണ്ടെന്നാണല്ലോ താങ്ക

ളുടെ വാദം. ആരായിരുന്നു സലഫുകളുടെ സംഘടനയുടെ ഡയറക്ടർ....? ജനറൽ സെക്രട്ടറി.....?

'മതവിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് കാര്യം മനസ്സിലാക്കാനാണെങ്കിൽ ഗൗരവത്തോടെ വിഷയങ്ങളെ സമീപിക്കണം-പരിഹാസം ആർക്കും ഒരുപകാരവുമുണ്ടാക്കുകയില്ല. പരസ്പര സഹകരണത്തോടെയാണ് ദഅ്‌വത്ത് ചെയ്യേണ്ടതെന്ന് പഠിപ്പിച്ച പ്രവാചകനു നേരെയാണ് താങ്കളുടെ പരിഹാസമെന്ന് മനസ്സിലാക്കുക. അന്ന് ഡയറക്ടറേറ്റും ജനറൽ സെക്രട്ടറിയും ഇന്നത്തെ സംഘടനാ സംവിധാനങ്ങളൊന്നുമുണ്ടായിരുന്നില്ലെന്ന് ആർക്കാണ് അറിയാത്തത്? ദഅ്‌വത്തിന് കൂട്ടായ്മയാകാമെന്ന് പ്രവാചക വചനങ്ങളിൽനിന്ന് മനസ്സിലാക്കിക്കഴിഞ്ഞാൽ പ്രസ്തുത കൂട്ടായ്മയുടെ നിർവഹണം അതാത് സമൂഹങ്ങളിൽ എങ്ങനെയാകാമെന്ന് ഓരോകാലത്തെയും പ്രദേശത്തെയും മുസ്‌ലിംകളാണ് തീരുമാനിക്കുക. അടിസ്ഥാന സംഗതി മതം അംഗീകരിക്കുകയും വിശദാംശങ്ങൾ നമ്മക്കനുസരിച്ച് സമൂഹം രൂപപ്പെടുത്തുകയും ചെയ്യേണ്ട പല കാര്യങ്ങളുമുണ്ട്. പ്രസ്തുത കാര്യങ്ങൾ മതവിരുദ്ധമാവരുത് എന്നേയുള്ളൂ. പള്ളികളുടെയും മദ്രസകളുടെയും നടത്തിപ്പിന് വേണ്ടിയുണ്ടാക്കിയ മഹല്ല് സംവിധാനം, ഇസ്‌ലാമിക പഠനത്തിനുവേണ്ടി സ്വീകരിച്ചിട്ടുള്ള സ്ഥാപന സംവിധാനങ്ങൾ തുടങ്ങിയവയെല്ലാം ഇങ്ങനെയുള്ളവയാണ്. അവയ്ക്കൊന്നും അതേ രൂപത്തിൽ സലഫുകളുടെ മാതൃകയുണ്ടാവില്ല. സലഫുകൾ സ്ഥാപിച്ച യൂണിവേഴ്സിറ്റിയുടെ ചാൻസലർ ആരായിരുന്നുവെന്നും കോളേജിന്റെ പ്രിൻസിപ്പൽ ആരായിരുന്നുവെന്നും അവർക്ക് പുസ്തകം വായിച്ച് അർത്ഥം പറഞ്ഞുകൊടുത്തത് ആരായിരുന്നുവെന്നുമെല്ലാമുള്ള ചോദ്യം പോലെയുള്ള ഒരു പരിഹാസ ചോദ്യമാണ് താങ്കൾ ഉന്നയിച്ചിരിക്കുന്നത്'

'ദഅ്‌വത്ത് നിലനിൽക്കണമെങ്കിൽ സംഘടനാസംവിധാനം അനിവാര്യമാണെന്നാണോ താങ്കൾ പറയുന്നത്?'

'അങ്ങനെ ഞാൻ പറഞ്ഞില്ല. വ്യക്തികൾക്കും സ്വതന്ത്രമായി ദഅ്‌വത്ത് നടത്താവുന്നതാണ്. എന്നാൽ പ്രവാചകൻ(ﷺ) പഠിപ്പിച്ച രീതിയിൽ സമൂഹത്തെ സമഗ്രമായി സ്പർശിക്കുന്ന രൂപത്തിലുള്ള പ്രബോധന പ്രവർത്തനങ്ങൾ നിലനിൽക്കണമെങ്കിൽ മുസ്‌ലിം സമൂഹത്തിലെ എല്ലാതരം ആളുകളുടെയും സഹകരണവും കൂട്ടായ്മയും അനിവാര്യമാണ്. പീടികമുറിയിൽ നടക്കുന്ന പുസ്തക പാരായണം

മാത്രമാണ് ദഅ്വത്ത് എന്ന് കരുതുന്നവർക്ക് കൂട്ടായ്മയുടെ പ്രാധാന്യം ബോധ്യപ്പെട്ടെന്ന് വരികയില്ല. ഒരു മതനിരപേക്ഷസമൂഹത്തിൽ പ്രബോധന പ്രവർത്തനങ്ങൾ നിലനിൽക്കണമെങ്കിൽ ഒരുപാട് കാര്യങ്ങൾ ആവശ്യമാണ്. പലതരം കഴിവുകളുള്ളവരുടെയും കൂട്ടായ പ്രവർത്തനങ്ങൾ അനിവാര്യമാണ്. ഇങ്ങനെയുള്ള കൂട്ടായ പ്രവർത്തനമുണ്ടാകുമ്പോൾ അതിന് നേതൃത്വം വേണമെന്നാണ് പ്രവാചകൻ (ﷺ) പഠിപ്പിച്ചത്. നേതൃത്വമുള്ള കൂട്ടായ്മയാണ് സംഘടന. അതാണ് ഞാൻ പറഞ്ഞത്'

'സംഘടനയുണ്ടാവുമ്പോൾ സംഘടനാ സങ്കുചിതത്വവും നേതാവ് പറഞ്ഞതെല്ലാം പ്രമാണങ്ങളൊന്നും നോക്കാതെ അനുസരിക്കുന്ന സ്വഭാവവുമെല്ലാം ഉണ്ടാവില്ലേ...?'

'സംഘടനയിൽ മാത്രമല്ല വ്യക്തിബന്ധങ്ങളിലും ഇത്തരം തിന്മകൾ വന്നുഭവിക്കാറുണ്ട്. ഒരാളെ അന്ധമായി പിൻപറ്റുമ്പോൾ-അത് സംഘടനാ നേതൃത്വമാണെങ്കിലും ഒറ്റയാനായ പണ്ഡിതനാണെങ്കിലും-അത് ഇസ്ലാം വിരുദ്ധമായിത്തീരുന്നു. ചോദ്യം ചെയ്യാതെ പിൻപറ്റേണ്ട ഒരേയൊരു നേതാവേ മുസ്ലിംകൾക്കുള്ളൂ; അത് മുഹമ്മദ് നബി(ﷺ)യാണ്. വർഗീയത (ഹിസ്ബിയ്യത്ത്) പ്രവാചകൻ(ﷺ) വിലക്കിയതാണ്. അത് സംഘടനാ സംവിധാനത്തിന്റേതാണെങ്കിലും സാമുദായികമാണെങ്കിലും കുടുംബപരമാണെങ്കിലുമെല്ലാം വിലക്കപ്പെട്ടതാണ്. തന്റെ സംഘടനയിൽപെട്ടയാൾ എന്ത് തെറ്റ് ചെയ്താലും അത് ന്യായീകരിക്കുന്നത് വിഭാഗീയതയാണ്; തനിക്ക് പുസ്തകം വായിച്ച് അർത്ഥം പറഞ്ഞുതരുന്നയാൾ എന്ത് പറഞ്ഞാലും അത് അപ്പടി പ്രമാണബദ്ധമാണോയെന്ന് പരിശോധിക്കാതെ സ്വീകരിക്കുന്നത് അന്ധമായ അനുകരണമാണ്. തനിക്ക് ഇഷ്ടപ്പെട്ടയാൾ പറയുന്നത് മാത്രം ശരിയെന്ന് ശഠിക്കുന്നത് ഒരുതരം അനുരാഗാത്മകഭ്രമമാണ്. ഇതെല്ലാം വെറുക്കപ്പെടേണ്ടതാണ്. വ്യക്തിബന്ധങ്ങളിലും കുടുംബബന്ധത്തിലും സംഘടനാ ബന്ധത്തിലുമെല്ലാം ഇത്തരം തിന്മകൾ കടന്നുവരാൻ സാധ്യതയുണ്ട്. അവ കടന്നുവരാതെ സൂക്ഷിക്കേണ്ടത് അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് മതപ്രബോധന രംഗത്ത് നിലനിൽക്കുന്നവരുടെയെല്ലാം കടമയാണ്.

**മതതാരതമ്യപഠനം**

'നിങ്ങൾ മതതാരതമ്യ പഠനം വഴിയാണല്ലോ ഇസ്ലാമിക പ്രബോധനം നടത്തുന്നത്. അതിനെന്താണ് തെളിവ്?

`ഒരു തെറ്റിദ്ധാരണയിൽ നിന്നാണ് ഈ ചോദ്യം ഉടലെടുക്കുന്ന തുതന്നെ. നിച്ച് ഓഫ് ട്രൂത്തിന്റെ പ്രബോധന പ്രവർത്തനങ്ങൾ മത താരതമ്യ പഠനത്തിൽ മാത്രം അധിഷ്ഠിതമാണെന്നതാണ് ആ തെറ്റി ദ്ധാരണ. ഇസ്‌ലാമിക പ്രബോധനത്തിനായി നാം പല മാർഗങ്ങൾ ഉപയോഗിക്കാറുണ്ട്; അതിലൊന്നാണ് മതതാരതമ്യ പഠനം. ബൈബി ളിലേക്കോ ഹിന്ദുമത ഗ്രന്ഥങ്ങളിലേക്കോ ആളുകളെ ക്ഷണിക്കു ന്നതിനുവേണ്ടിയല്ല, പ്രത്യുത ഖുർആനിന്റെയും സുന്നത്തിന്റെയും സത്യത സ്ഥാപിക്കുവാനും അവ മുന്നോട്ടുവെക്കുന്ന ആശയങ്ങളു ടെ അജയ്യത വ്യക്തമാക്കുവാനും വേണ്ടിയാണ് നാം മതതാരതമ്യ പഠനം ഉപയോഗപ്പെടുത്തുന്നത്. ഇതാകട്ടെ ഖുർആനിന്റെ അനുശാ സനക്ക് വിധേയമായിട്ടാണുതാനും. അല്ലാഹുവിനെ മാത്രം ആരാ ധിക്കുകയെന്ന പൊതുതത്വത്തിലേക്ക് വരാൻ ഖുർആൻ വേദക്കാരെ ക്ഷണിക്കുന്നു (3:64); അല്ലാഹു മാത്രമാണ് ആരാധ്യനെന്ന് യേശു വടക്കമുള്ള മുഴുവൻ പ്രവാചകന്മാരും പഠിപ്പിച്ച തത്വമാണെന്ന് സ്ഥാ പിക്കുവാൻവേണ്ടി നാം വേദഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നു. ജൂതരും ക്രൈസ്തവരും മാത്രമാണ് സ്വർഗത്തിൽ പോവുകയെന്ന വ്യാമോഹ ത്തിന് തെളിവ് കൊണ്ടുവരുവാൻ ഖുർആൻ വെല്ലുവിളിക്കുന്നു (2: 111); പ്രവാചകന്മാർ മുഴുവൻ പഠിപ്പിച്ച മതമായ ഇസ്‌ലാമിലൂടെയാണ് സ്വർഗപ്രവേശം സാധിക്കുകയെന്ന് സ്ഥാപിക്കുന്നതിനും ഇസ്രാ യേൽ തറവാട്ടിൽ ജനിച്ചവർക്കേ രക്ഷയുള്ളൂവെന്ന വാദത്തെയും യേശുവിന്റെ ക്രൂശീകരണത്തിൽ വിശ്വസിച്ചവർക്കേ നിത്യജീവനു ള്ളൂവെന്ന വാദത്തെയും ഖണ്ഡിക്കുന്നതിനും നാം വേദങ്ങൾ ഉദ്ധരി ക്കുന്നു. ഖുർആനിന് മുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങൾ മാറ്റത്തിരുത്തലുകൾക്ക് വിധേയമായെന്ന് ഖുർആൻ പ്രസ്താവിക്കു ന്നു (2:79, 3:71, 3:87, 3:78, 5:14); ഖുർആനൊഴിച്ചുള്ള വേദഗ്രന്ഥങ്ങ ളിലെല്ലാം മാനുഷികമായ കരവിരുതുകൾ നടന്നിട്ടുണ്ടെന്ന് സ്ഥാപി ക്കാനായി പ്രസ്തുത ഗ്രന്ഥങ്ങളെതന്നെ നാം പഠനവിധേയമാക്കു ന്നു. മുൻ വേദങ്ങൾ പഠിപ്പിച്ച ആശയങ്ങളെ കളങ്കരഹിതമായി സംര ക്ഷിക്കുകയാണ് ഖുർആൻ ചെയ്യുന്നതെന്ന് അത് സ്വയം അവകാശ പ്പെടുന്നു (5:48); വേദഗ്രന്ഥങ്ങൾ പഠിപ്പിച്ചതും അനുയായികൾ കൈ വിട്ടതുമായ പ്രവാചക പ്രബോധനങ്ങൾ ഖുർആനാണ് സംരക്ഷിക്കു ന്നതെന്ന് വ്യക്തമാക്കാനായി നാം മറ്റ് വേദഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ പരിശോധിച്ച് പൊതുസമൂഹതിന് മുമ്പിൽവെക്കുന്നു.

മുഹമ്മദ് നബി(ﷺ)യെക്കുറിച്ച് പൂർവഗ്രന്ഥങ്ങളിൽ പ്രവചിച്ചിട്ടുണ്ടെന്ന് ഖുർആൻ വ്യക്തമാക്കുന്നു; (61:6, 7:157, 2:146) വേദഗ്രന്ഥങ്ങളിലെ മുഹമ്മദ് നബി(ﷺ)യെക്കുറിക്കുന്ന പരാമർശങ്ങൾ ഗവേഷണം ചെയ്തെടുത്ത് നാം ജനമധ്യത്തിൽ അവതരിപ്പിക്കുന്നു. ചുരുക്കത്തിൽ, ഖുർആനിന്റെ അനുശാസനകൾക്ക് വിധേയമായി; ഇസ്‌ലാമിന്റെ സമഗ്രത ഖുർആനിന്റെ മൗലികതയും മുഹമ്മദ് നബി(ﷺ)യുടെ സത്യതയും സ്ഥാപിക്കുന്നതിനുവേണ്ടിയാണ് നാം മതതാരതമ്യ പഠനത്തെ ഉപയോഗപ്പെടുത്തുന്നത്.

'നിങ്ങൾ ഉദ്ധരിച്ച ആയത്തുകൾ മുഹമ്മദ്നബി(ﷺ) കണ്ടില്ലെന്നാണോ. അദ്ദേഹം മതതാരതമ്യം വഴി ഇസ്‌ലാമിക പ്രബോധനം നിർവഹിച്ചിട്ടില്ലല്ലോ?'

'ഖുർആൻ അവതരിപ്പിക്കപ്പെട്ടത് മുഹമ്മദ് നബി(ﷺ)ക്കാണ്; അദ്ദേഹമാണ് സ്വന്തം ജീവിതത്തിലൂടെയും വാക്കിലൂടെയും അനുവാദത്തിലൂടെയും അത് വ്യാഖ്യാനിച്ചത്. താൻ ഇബ്റാഹീമിന്റെ മതത്തിലാണെന്ന് മുഹമ്മദ് നബി(ﷺ) അവകാശപ്പെട്ടപ്പോൾ 'ഇബ്റാഹിം യഹൂദിയായിരുന്നവല്ലോ'യെന്ന് തർക്കിച്ച ജൂതന്മാരോട് 'തൗറാത്ത് കൊണ്ടുവരൂ' അത് നമുക്കിടയിൽ വിധിപറയട്ടെ'യെന്ന് പ്രവാചകൻ(ﷺ) സംവദിച്ചതായി സൂറത്ത് ആലു ഇംറാനിലെ 23-ാം വചനത്തിന്റെ തഫ്സീറിൽ ഇബ്നുജരീർ (ﷺ) ഉദ്ധരിക്കുന്നുണ്ട്. ഇസ്രായീൽ സന്തതികളിൽനിന്ന് ഉദ്ധരിക്കുവാനുള്ള പ്രവാചകന്റെ അനുവാദവും സ്വഹാബിമാരോട് യഹൂദ ഭാഷ പഠിക്കുവാനുള്ള പ്രവാചക കൽപനയും പ്രമുഖ ഹദീഥ് ഗ്രന്ഥങ്ങളിൽ വന്നിട്ടുണ്ട്. വ്യഭിചരിച്ചവർക്കുള്ള ശിക്ഷയുമായി ബന്ധപ്പെട്ട് ജൂതന്മാരോട് തൗറാത്ത് കൊണ്ടുവരാൻ കൽപിച്ച സംഭവവും (ബുഖാരി ഉദ്ധരിച്ചത്) മതതാരതമ്യ പഠനത്തിനുള്ള തെളിവാണ്'

'മുഹമ്മദ് നബി(ﷺ)യിൽ നിന്ന് മതം പഠിച്ച സ്വഹാബിമാരോ അവരിൽനിന്ന് ദീൻ പഠിച്ച താബിഉകളോ തബഉത്താബിഉകളോ ആരെങ്കിലും മതപ്രബോധനത്തിന് മതതാരതമ്യ പഠനം ഉപയോഗിച്ചതായി തെളിയിക്കാമോ?'

'സൈദുബ്നു സാബിത് മുതൽ സൽമാനുൽ ഫാരിസിവരെയുള്ള സഹാബിമാരും മാലിക്ബ്നു ദീനാർ മുതൽ കഅ്ബുൽ അഹ്ബാർ വരെയുള്ള താബിഉകളും പ്രഗൽഭ പണ്ഡിതന്മാരായ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ മുതൽ ഇബ്നു ഖയ്യിം വരെയുള്ള

വരും മറ്റ് വേദഗ്രന്ഥങ്ങൾ ഉദ്ധരിക്കുകയും ഇസ്‌ലാമിന്റെ സത്യത വ്യക്തമാക്കുകയും ചെയ്തിരുന്നതായി ചരിത്രം പരിശോധിച്ചാൽ മനസ്സിലാവും. ഇന്ത്യയിൽ ജീവിച്ചിരുന്ന മഹാപണ്ഡിതന്മാരായ ശൈഖ് സനാഉല്ലാ അമൃതസരിയും ശൈഖ് റഹ്മത്തുള്ളാ കീറാന വിയും മറ്റ് വേദഗ്രന്ഥങ്ങൾ ഉദ്ധരിച്ച് ഇസ്‌ലാമിന്റെ സത്യത സ്ഥാപി ക്കുന്നതിൽ അഗ്രഗണ്യരായിരുന്നു. കീറാനവിയുടെ ക്രിസ്തു മത ഖണ്ഡനമായ 'ഇള്ഹാറുൽ ഹഖ്' ഏറെ പ്രസിദ്ധമാണ്. ബൈബിൾ ഉദ്ധരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ഇസ്‌ലാമിക പ്രബോധനം തീരെ വെച്ചുപൊറുപ്പിക്കുവാൻ കഴിയാത്തതിനാൽ ബ്രിട്ടീഷ് സർ ക്കാർ ശൈഖ് കീറാനവിയെ നാടുകടത്തുകയും ശിഷ്ടകാലം മസ് ജിദുൽ ഹറമിൽ ദർസ് നടത്തിക്കൊണ്ടാണ് അദ്ദേഹം ജീവിച്ചതെ ന്നും വ്യക്തമാക്കുന്ന രേഖകളുണ്ട്. ഇന്ത്യയിലെ അഹ്‌ലെ ഹദീഥ് പ്രസ്ഥാനത്തിന്റെ സ്ഥാപകനും രണ്ട് ഖുർആൻ തഫ്സീറുകളു ടെ കർത്താവുമായ ശൈഖ് സനാഉല്ലാ അമൃതസരി ഹിന്ദുമതഗ്രന് ഥങ്ങളിലും ബൈബിളിലും വ്യുൽപത്തിയുള്ള പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ വാദമുഖങ്ങൾക്ക് മറുപടി പറയാനാവാതെ സി.ജി. ഫാണ്ടറെപോലെയുള്ള ക്രിസ്തുമത പണ്ഡിതന്മാരും ആര്യസമാജ സ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതിയുമെല്ലാം ഒഴിഞ്ഞുമാറി നടക്കുകയായിരുന്നു. ഇന്ന് ജീവിച്ചിരിക്കുന്ന മഹാപണ്ഡിതനായ ശൈഖ് റബീഅ്ബ്നു ഹാദി അൽ മദ്ഖലിയുടെ 'യേശുവിന്റെ സ്ഥാ നം ഇസ്‌ലാമിൽ' എന്ന കൃതിയിൽ നിരവധി ബൈബിൾ ഉദ്ധരണിക ളുണ്ട്. ഇവയെല്ലാം സ്വ ഹാബിമാരുടെ കാലംമുതൽ ഇന്നുവരെ നിലനിന്നുപോന്നിട്ടുള്ളതാണ് മതതാരതമ്യ പഠനമെന്ന് സുതരാം വ്യക്തമാക്കുന്നുണ്ട്.

'ബൈബിൾ ഉദ്ധരിക്കുന്നതിൽനിന്ന് ഉമറി(ؓ)നെ നബി(ﷺ) വില ക്കിയതായി വ്യക്തമാക്കുന്ന ഹദീഥ് ബുഖാരിയിലുണ്ടല്ലോ?'

'ഈ ചോദ്യത്തിനുള്ള മറുപടി ബുഖാരിയുടെ വ്യാഖ്യാന ഗ്രന് ഥമായ ഫത്ഹുൽ ബാരിയിൽ തന്നെയുണ്ട്. മതകാര്യങ്ങളിൽ വേദ ഗ്രന്ഥങ്ങളുടെ വക്താക്കളുടെ അഭിപ്രായമാരായുകയും അവരുടെ അഭിപ്രായങ്ങളെ ഇസ്‌ലാമിക ശരീഅത്തിന് മുകളിൽ സ്ഥാപിക്കുന്ന തിനെയുമാണ് പ്രവാചകൻ(ﷺ) വിലക്കിയിട്ടുള്ളത്. അതല്ലാതെ ഖുർ ആനും സുന്നത്തും വരച്ചുകാണിക്കുന്ന ആദർശത്തിന്റെ സത്യത സ്ഥാപിക്കുന്നതിനായി മറ്റ് ഗ്രന്ഥങ്ങളെ ഉദ്ധരിക്കുന്നതിനെ ഖുർആ

നോ പ്രവാചകനോ പ്രാമാണികരായ പണ്ഡിതരോ വിലക്കിയിട്ടില്ല.

**രീതിശാസ്ത്രവും മാർഗങ്ങളും**

'ഇസ്‌ലാമിക പ്രബോധനരഗത്ത് പ്രവാചകന്മാരും അനുയായികളും സ്വീകരിച്ച അതേ രീതിശാസ്ത്രം തന്നെ സ്വീകരിക്കണമെന്ന് നിങ്ങൾ പറയുന്നു. ഒപ്പംതന്നെ ദഅ്‌വത്ത് നടത്തുവാൻ പുതിയ മാർഗങ്ങൾ സ്വീകരിക്കാമെന്ന് വാദിക്കുകയും ചെയ്യുന്നു. ഇത് വൈരുധ്യമല്ലേ?'

'അല്ല. അല്ലാഹു പഠിപ്പിച്ച മതമാണ് ഇസ്‌ലാം. അതിന് ചില അടിസ്ഥാനാദർശങ്ങളുണ്ട്. ഈ ആദർശങ്ങളാണ് അതിന്റെ അടിത്തറ. പ്രസ്തുത ആദർശങ്ങൾ അംഗീകരിക്കുന്നവർ നിർബന്ധമായും അനുഷ്ഠിച്ചിരിക്കേണ്ട കർമങ്ങളുണ്ട്. അവരുടെ ജീവിതത്തിൽ പിന്തുടരേണ്ട വിധികളുണ്ട്; ഒഴിഞ്ഞുനിൽക്കേണ്ട വിലക്കുകളുമുണ്ട്. ഇസ്‌ലാമിന്റെ അടിസ്ഥാനാദർശങ്ങൾ മനുഷ്യമനസ്സുകളിൽ പരിവർത്തനത്തിന്റെ കാറ്റുവീശുന്നവയാണ. ഈ പരിവർത്തനമാണ് വിശ്വാസികളെ കർമമാർഗത്തിലേക്കും വിധിവിലക്കുകളിലേക്കും നയിക്കുന്നത്. പ്രവാചകന്മാരെല്ലാം ആദർശപ്രബോധനത്തിന് പ്രഥമ പ്രാധാന്യം നൽകിയത് അതുകൊണ്ടാണ്. ഇസ്‌ലാം മനുഷ്യമനസ്സുകളെ നേടുവാനാണ് ശ്രമിക്കുന്നത്; ശരീരങ്ങളെ നേടുവാനല്ല. മനസ്സിൽ മാറ്റമുണ്ടാവണമെങ്കിൽ ആദർശം ഹൃദയത്തിലേക്ക് സന്നിവേശിക്കണം. പരമകാരുണികനും നീതിമാനും സൂക്ഷ്മജ്ഞനും സർവ്വശക്തനുമായ അല്ലാഹുവിനെ അറിയുകയും അവനെ മാത്രം ആരാധിക്കുകയും മരണാനന്തര ജീവിതത്തിലെ രക്ഷാശിക്ഷകളിൽ വിശ്വസിക്കുകയും സ്വർഗപ്രവേശം ജീവിതത്തിന്റെ ലക്ഷ്യമായി കാണുകയും ദൈവിക ബോധനങ്ങളാണ് നന്മതിന്മകളെ വ്യവഛേദിക്കുന്നതെന്ന് മനസ്സിലാക്കുകയും വേദഗ്രന്ഥത്തിലൂടെയും പ്രവാചകചര്യയിലൂടെയും വ്യക്തമാക്കപ്പെട്ട നന്മകൾ സ്വീകരിക്കുകയും തിന്മകൾ വെടിയുകയും ചെയ്യണമെന്നാണ് പ്രവാചകന്മാരെല്ലാം പഠിപ്പിച്ചത്. തൗഹീദ്, ആഖിറത്ത്, രിസാലത്ത് എന്നീ സാങ്കേതിക ശബ്ദങ്ങൾ പ്രതിനിധീകരിക്കുന്നത് ഈ ആശയത്തെയാണ്. പ്രവാചകന്മാരെല്ലാം നിർവഹിച്ച ദഅ്‌വത്തിന്റെ രീതിശാസ്ത്രം ഒന്നുതന്നെയായിരുന്നു. തൗഹീദീ പ്രബോധനത്തിനാണ് അവർ പ്രഥമ പ്രാധാന്യം നൽകിയത്. ആഖിറത്തിനെയും രിസാലത്തിനെയും കുറിച്ച ബോധ്യമുണ്ടാക്കിക്കൊണ്ടാണ് അവർ ജനങ്ങളെ സംസ്കരിച്ചത്. നമ്മുടെ പ്രബോധനവും

ഈ മാർഗരേഖ ഉൾക്കൊണ്ടുകൊണ്ടാവണം. ആദർശ പ്രബോധനത്തിനാവണം നാം ഒന്നാം സ്ഥാനം നൽകേണ്ടത്. എന്നാൽ തൗഹീദീ പ്രബോധനത്തിന് പ്രവാചകന്മാരെല്ലാം സ്വീകരിച്ചത് ഒരേ മാർഗമല്ല; അവരവരുടെ സമൂഹത്തിന് ഉതകുന്ന രീതിയിൽ, പ്രബോധിതരുടെ മനസ്സിൽ മാറ്റമുണ്ടാക്കാൻ പറ്റുന്ന വിധത്തിലുള്ള വ്യത്യസ്ത മാർഗങ്ങൾ അവർ സ്വീകരിച്ചു. ഒരേ പ്രവാചകൻ തന്നെ പ്രബോധിതരുടെ നിലപാടിനും നിലവാരത്തിനുമനുസരിച്ച് വ്യത്യസ്ത രീതികളിൽ പ്രബോധന പ്രവർത്തനങ്ങൾ നടത്തിയതായി കാണാനാവും. ഇബ്റാഹിം നബി(ﷺ)യുടെ ഉദാഹരണം നോക്കുക. അദ്ദേഹം പിതാവിനോട് സംസാരിച്ച രീതിയിലല്ല രാജാവിനോട് സംസാരിച്ചത്; വിഗ്രഹാരാധകർക്ക് മുമ്പിൽ ഏകദൈവാരാധനയുടെ പ്രസക്തി ബോധ്യപ്പെടുത്തിയത് പോലെയല്ല നക്ഷത്ര പൂജകർക്ക് ഗോള പൂജയുടെ നിരർത്ഥകത വ്യക്തമാക്കിക്കൊടുത്തത്. അന്തിമ പ്രവാചകനെ(ﷺ)യെടുക്കുക. മക്കാ മുശ്‌രിക്കുകളെ അഭിസംബോധന ചെയ്തപോലെയല്ല വേദക്കാരുമായി അദ്ദേഹം സംവദിച്ചത്. അങ്ങാടിയിൽ പ്രസംഗിക്കുന്ന പ്രവാചകന്റെ രീതിയും രാജാക്കന്മാർക്ക് കത്തെഴുതുന്ന പ്രവാചകന്റെ രീതിയും വ്യത്യസ്തമാണ് ഓരോ പ്രവാചകനും കാലത്തിനും സമൂഹത്തിന്റെ ഗ്രഹണശേഷിക്കുമനുസരിച്ച് വ്യത്യസ്ത രീതികൾ പ്രബോധനത്തിന് വേണ്ടി ഉപയോഗിച്ചിരുന്നു. എന്നാൽ ഈ രീതികളിലൂടെയെല്ലാം അവർ പ്രബോധനം ചെയ്തത് തൗഹീദും ആഖിറത്തും രിസാലത്തും തന്നെയാണ്. പ്രബോധനത്തിന്ന് പ്രവാചകന്മാരുടെ രീതിശാസ്ത്രം തന്നെയാണ്, വിട്ടുവീഴ്ചകളില്ലാതെ, നാം പിന്തുടരേണ്ടത് എങ്കിലും, ഇസ്‌ലാമിക വിരുദ്ധമല്ലാത്ത വ്യത്യസ്ത മാർഗങ്ങളിലൂടെ ആദർശ പ്രബോധനം നിർവഹിക്കാമെന്ന് നാം പറയുന്നത് പ്രവാചകന്മാരിൽ നിന്നുതന്നെ മാതൃകയുൾക്കൊണ്ടുകൊണ്ടാണ് എന്നർത്ഥം'

'എങ്കിൽ പിന്നെ ക്രൈസ്തവ മിഷനറിമാരെപോലെ, സാമൂഹ്യ സേവന പ്രവർത്തനങ്ങളിലൂടെ നമുക്കും ആദർശപ്രബോധനം നടത്തിക്കൂടെ?'

'ആദർശപ്രബോധനത്തിന് സാമൂഹ്യ സേവന പ്രവർത്തനങ്ങളുടെ അകമ്പടി വേണമെന്ന് പറയുമ്പോൾ നാം മാതൃകയാക്കുന്നത് ക്രൈസ്തവ മിഷനറിമാരെയാണ്; പ്രവാചകന്മാരെയല്ല. അവിടെ പ്രവാചകന്മാരുടെ രീതിശാസ്ത്രത്തെയാണ് നാം അട്ടിമറിക്കാൻ ശ്രമി

ക്കുന്നത്. പ്രവാചകന്മാരുടെ കാലത്തും ജനങ്ങൾക്കിടയിൽ ദുരിതവും പ്രയാസങ്ങളുമെല്ലാം ഉണ്ടായിരുന്നു. പ്രസ്തുത ദുരിതവും പ്രയാസങ്ങളും നീക്കുവാൻ തങ്ങളെക്കൊണ്ട് കഴിയുന്ന രീതിയിൽ പ്രവാചകന്മാരെല്ലാം പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദുരിതാശ്വാസത്തോടൊപ്പമുള്ള ആദർശ പ്രബോധനമെന്ന മാതൃക അവരിലൊന്നും തന്നെ കാണാൻ നമുക്ക് കഴിയില്ല. പാവപ്പെട്ടവരെ സഹായിക്കുവാനും അഗതികൾക്ക് ആശ്വാസമരുളുവാനും ദുരിതങ്ങൾ ദൂരീകരിക്കുവാനുമുള്ള പ്രവാചകന്മാരുടെ പരിശ്രമങ്ങളുടെ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി മാത്രമായിരുന്നു. തങ്ങളുടെസാമൂഹ്യ സേവന പ്രവർത്തനങ്ങൾ ജനം കാണണമെന്നും അങ്ങനെ അവർ തങ്ങളുടെ ആദർശത്തിന്റെ മഹത്വം മനസ്സിലാക്കണമെന്നും പ്രവാചകന്മാരാരെങ്കിലും കരുതിയിരുന്നതായി പ്രമാണങ്ങളൊന്നും പഠിപ്പിക്കുന്നില്ല. ജനം കാണണമെന്ന് ആഗ്രഹിക്കുന്നതോടെതന്നെ സേവന പ്രവർത്തനങ്ങളുടെ ആത്മാവ് ചോർന്നുപോകുമെന്നും അവ ചെറിയ ശിർക്കായി പരിണമിക്കുമെന്നുമാണ് ഹദീഥുകൾ നൽകുന്ന പാഠം. അതുകൊണ്ടുതന്നെയാണ് ക്രൈസ്തവർ സ്വീകരിക്കുന്നതു പോലെ പ്രലോഭനങ്ങളിലൂടെയുള്ള പ്രബോധനമെന്ന ആശയത്തിന് ഇസ്‌ലാമിൽ സ്ഥാനമില്ലെന്ന് പറയുന്നത്. സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് പ്രബോധകർ യാതൊരു പ്രാധാന്യവും നൽകേണ്ടതില്ലെന്നല്ല ഇപ്പറഞ്ഞതിനർത്ഥം. ദുരിതാശ്വാസ പ്രവർത്തനങ്ങളും പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനായുള്ള യജ്ഞങ്ങളും ഒരാളുടെ ഇസ്‌ലാമിക വ്യക്തിത്വത്തിന്റെ ഭാഗമാണ്. അവ ചെയ്യാത്തവർ മതത്തെ വ്യാജമാക്കുന്നവരാണെന്നാണ് ഖുർആൻ നൽകുന്ന പാഠം (107:1-4). ഒരു മുസ്‌ലിം അവ ചെയ്യുന്നത് അല്ലാഹുവിന്റെ പ്രീതി മാത്രം ഉദ്ദേശിച്ചുകൊണ്ടാണ്. മതപ്രബോധനമാകട്ടെ ജനങ്ങളുടെ മനസ്സ് മാറ്റുന്നതിന് വേണ്ടിയുള്ളതാണ്. ആദർശം പച്ചയായി, പ്രബോധിതർക്ക് മനസ്സിലാകുന്ന രീതിയിൽ, അവരിലേക്ക് എത്തിക്കാനാവുന്ന നിഷിദ്ധമല്ലാത്ത മാധ്യമങ്ങളുപയോഗിച്ച്, അവർക്ക് എത്തിക്കുകയാണ് പ്രബോധകർ ചെയ്യേണ്ടത്; അതാണ് പ്രവാചകന്മാരെല്ലാം ചെയ്തത്.

** ** ** **

പണ്ഡിതന്മാരല്ലാതെ ദഅ്‌വത്ത് നടത്താൻ പാടില്ലെന്നും ദഅ്‌വത്ത് നടത്തുന്നവർ അറബിയിൽ അവഗാഹമുണ്ടാക്കേണ്ടത് അനിവാ

ര്യമാണെന്നും ഗുരുമുഖത്തുനിന്നാണ് അറിവ് നേടിയെടുക്കേണ്ടതെന്നും കേരളത്തിലൊന്നും ലക്ഷണമൊത്ത ആലിമീങ്ങൾ ഇല്ലെന്നും മതതാരതമ്യ പഠനം നിഷിദ്ധമാണെന്നും ദഅ്‌വത്തിനുവേണ്ടിയുള്ള സംഘടന ബിദ്അത്താണെന്നുമെല്ലാം വീറോടെ വാദിച്ചുകൊണ്ട് എന്നോട് സംവദിച്ച സുഹൃത്തിനോട് ഇതെല്ലാം താങ്കൾക്ക് ലഭിച്ച ദർസെടുക്കുന്നയാൾ ഏത് ഗുരുമുഖത്തുനിന്നാണ് ഇൽമ് നേടിയതെന്നും വിദേശത്തുള്ള ഏതെല്ലാം പണ്ഡിതന്മാരുടെ ശിഷ്യത്വം സ്വീകരിച്ചയാളാണെന്നും ശരീഅത്തിലും ഹദീഥിലുമെല്ലാം പാണ്ഡിത്യം നേടാനായി അറബി ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളിലെ ഏതൊക്കെ സർവ്വകലാശാലകളിലാണ് പഠിച്ചിട്ടുള്ളതെന്നും ഞാൻ ചോദിച്ചു. അകർമണ്യതക്ക് ആദർശത്തിന്റെ അടിത്തറയുണ്ടാക്കുവാനുള്ള തത്രപ്പാടിനിടക്ക് ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം കാണാൻ സുഹൃത്ത് ശ്രമിച്ചിട്ടുണ്ടായിരുന്നില്ല.

ആദർശപ്രബോധനം തീരെ നടക്കാതിരുന്ന ഒരു ഭൂതകാലമുണ്ടായിരുന്നു, കേരളത്തിന്. കേരള ജംഇയ്യത്തുൽ ഉലമയുടെ രൂപീകരണത്തോടെയാണ് പ്രസ്തുത ഭൂതകാലത്തിന് തിരശ്ശീല വീണത്. പിന്നെയിവിടെ മതസംഘടനകൾ നിരവധിയുണ്ടായി; ആദർശ വിശദീകരണങ്ങളും സംവാദങ്ങളും പണ്ഡിത ചർച്ചകളും നടന്നു. ആദർശ പ്രബോധനരംഗം സജീവമായി. പണ്ഡിതന്മാരും പാമരന്മാരും കൂട്ടായ്മയോടെ ഒത്തൊരുമിച്ച് പ്രവർത്തിച്ചു. സത്യാന്വേഷികൾക്ക് സത്യം മനസ്സിലാക്കാൻ അവസരങ്ങളുണ്ടായി. മാറ്റങ്ങളുണ്ടായി; വമ്പിച്ച മാറ്റങ്ങൾ!!

ഇന്ന് ആദർശപ്രബോധനത്തിന് പറ്റിയ ആളുകളൊന്നും കേരളത്തിൽ ജനിച്ചിട്ടില്ലെന്ന് ഗവേഷണം നടത്തുന്നവർ മുക്കാൽ നൂറ്റാണ്ടുകൊണ്ട് മലയാളക്കരയിലുണ്ടായ മാറ്റങ്ങളൊന്നും കണ്ടില്ലെന്നാണോ? ആരോടെങ്കിലുമുള്ള ദേഷ്യം തീർക്കാൻ അകർമണ്യതക്ക് ആദർശത്തിന്റെ ആൾ രൂപം നൽകാൻ പ്രമാണങ്ങളെ വ്യാഖ്യനിക്കുന്നവർ തങ്ങൾ ഇരിക്കുന്ന കൊമ്പ് തന്നെയാണ് വെട്ടിക്കൊണ്ടിരിക്കുന്നതെന്ന് തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ! നാം പ്രാർത്ഥിക്കുക.

ഇതാ ഒരു പുസ്തകം. ദഅ്‌വത്തുമായി ബന്ധപ്പെട്ട പുതിയ വാദമുഖങ്ങളെ പ്രമാണബദ്ധമായി പരിശോധിക്കുന്നതാണ് ഈ രചന. ഗ്രന്ഥകർത്താവ് എറണാകുളം ജില്ലയിലെ ശ്രീമൂലനഗരത്തുകാരനായ ഷമീർ മദീനി. എടവണ്ണ ജാമിഅഃ നദ്‌വിയ്യയിൽനിന്ന് സ്വലാഹി

ബിരുദമെടുത്ത ശേഷം മദീന ഇസ്ലാമിക സർവ്വകലാശാലയിൽ നിന്ന് ഹദീഥിൽ ബിരുദമെടുത്തയാൾ.

ഈ പുസ്തകത്തിൽ വെറും വർത്തമാനങ്ങളില്ല. പ്രമാണങ്ങളും പ്രാമാണികരായ പണ്ഡിതരുമാണ് ഈ പുസ്തകത്തിലൂടെ നമ്മോട് സംസാരിക്കുന്നത്. വിലയിരുത്തുക; നേർമാർഗത്തിലൂടെ നടക്കാൻ പ്രമാണങ്ങളെ വഴികാട്ടിയാക്കുക. പ്രാർത്ഥിക്കുക. സർവശക്തനായ അല്ലാഹുവേ.... ഞങ്ങളെ നീ നേർമാർഗത്തിലൂടെ നയിക്കേണമേ.... (ആമീൻ).

**- എം.എം. അക്ബർ**

# ഒന്ന്

# എന്താണ് 'ദഅ്വത്ത്'?

ദഅ്വത്ത് എന്ന അറബി പദത്തിന് വിളിക്കുക, ക്ഷണിക്കുക, ഉറക്കെ പറയുക എന്നൊക്കെയാണ് ഭാഷയിൽ അർഥം. എന്നാൽ സാങ്കേതികമായി ആ പദംകൊണ്ട് വിവക്ഷിക്കുന്നത് അല്ലാഹു തൃപ്തിപ്പെടുന്ന സത്യമതത്തിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുക എന്നതാണ്. പ്രസ്തുത ക്ഷണത്തിന് (ദഅ്വത്തിന്) ഇസ്‌ലാം വളരെ പ്രാധാന്യം കൽപിക്കുന്നു.

**ദഅ്വത്തിൻെറ പ്രാധാന്യം**

മനസ്സിലാക്കിയ സത്യം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിനെ ഇസ്‌ലാം വലിയ പുണ്യമായി കാണുന്നു. ഖുർആൻ പറയുന്നു:

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَآ إِلَى ٱللَّهِ وَعَمِلَ صَٰلِحًا وَقَالَ
إِنَّنِى مِنَ ٱلْمُسْلِمِينَ

"അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും 'തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു' എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?" (41:33).

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِٱلْمَعْرُوفِ

وَتَنْهَوْنَ عَنِ ٱلْمُنكَرِ وَتُؤْمِنُونَ بِٱللَّهِ ۗ وَلَوْ ءَامَنَ أَهْلُ ٱلْكِتَٰبِ لَكَانَ خَيْرًا لَّهُم ۚ مِّنْهُمُ ٱلْمُؤْمِنُونَ وَأَكْثَرُهُمُ ٱلْفَٰسِقُونَ

"മനുഷ്യവംശത്തിനുവേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. വേദക്കാർ വിശ്വസിച്ചിരുന്നുവെങ്കിൽ അതവർക്ക് ഉത്തമമായിരുന്നു. അവരുടെ കൂട്ടത്തിൽ വിശ്വാസമുള്ളവരുണ്ട്. എന്നാൽ അവരിൽ അധികപേരും ധിക്കാരികളാകുന്നു" (3:110).

عن سَهْلِ ابْنَ سَعْدٍ رَضِي اللَّه عَنْه قَالَ قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَوْمَ خَيْبَرَ ...... واللَّهِ لأَنْ يهدي اللَّهُ بِكَ رجُلًا واحدا خَيْرٌ لكَ مِنْ أن يكون لك حمر النعم (البخاري ، مسلم)

സഹ്ലുബ്നു സഅ്ദി(ﷺ)ൽനിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: "അല്ലാഹു തന്നെയാണ് സത്യം! നീ നിമിത്തമായി ഒരാളെ അല്ലാഹു ഹിദായത്തി(സന്മാർഗത്തി)ലാക്കുക എന്നത് ചുവന്ന ഒട്ടകങ്ങൾ കിട്ടുന്നതിനെക്കാൾ നിനക്കുത്തമമാണ്" (ബുഖാരി, മുസ്‌ലിം).

മറ്റൊരു റിപ്പോർട്ടിൽ

وفي رواية:"خَيْرٌ لكَ منْ الدنْيا وما فيها"

"ഈ ഭൗതികലോകവും അതിലുള്ള സർവതിനെക്കാളും നിനക്കുത്തമമാണ്" എന്നാണുള്ളത്. (ഇബ്നു മുബാറകിൻെറ കിത്താബുസ്സുഹ്ദ് 1:484).

عَنْ أَبِي مَسْعُودٍ الْأَنْصَارِيِّ قال: قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ دَلَّ عَلَى خَيْرٍ فَلَهُ مِثْلُ أَجْرِ فَاعِلِهِ (مسلم)

അബൂമസ്ഊദ്(ﷺ) പറയുന്നു: നബി (ﷺ) പറഞ്ഞു: "ആരെങ്കിലും ഒരു നന്മ (മറ്റാർക്കെങ്കിലും) അറിയിച്ചുകൊടുത്താൽ അതനുസരിച്ച് പ്രവർത്തിക്കുന്നവൻേറതിന് സമാനമായ പ്രതിഫലം ആ നന്മ അറി

യിച്ച ആൾക്കുമുണ്ട്" (മുസ്‌ലിം).

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ دَعَا إِلَى هُدًى كَانَ لَهُ مِنَ الْأَجْرِ مِثْلُ أُجُورِ مَنْ تَبِعَهُ لَا يَنْقُصُ ذَلِكَ مِنْ أُجُورِهِمْ شَيْئًا وَمَنْ دَعَا إِلَى ضَلَالَةٍ كَانَ عَلَيْهِ مِنَ الْإِثْمِ مِثْلُ آثَامِ مَنْ تَبِعَهُ لَا يَنْقُصُ ذَلِكَ مِنْ آثَامِهِمْ شَيْئًا ( مسلم )

അബൂഹുറയ്റ(ﷺ)യിൽനിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: "ആരെങ്കിലും ഒരു സന്മാർഗത്തിലേക്ക് ക്ഷണിച്ചാൽ അവനെ അനുഗമിക്കുന്നവരുടെയൊക്കെ പ്രതിഫലങ്ങൾക്ക് തുല്യമായത് അവന് കിട്ടും. അത് മറ്റുള്ളവരുടെ പ്രതിഫലത്തിന് കുറവ് വരുത്തുകയുമില്ല. എന്നാൽ വല്ലവരും ഒരു വഴികേടിലേക്ക് ക്ഷണിക്കുന്നുവെങ്കിൽ അവനെ അനുഗമിക്കുന്നവരുടേതിന് തുല്യമായ പാപങ്ങളുണ്ടായിരിക്കുന്നതാണ്. അതാകട്ടെ അവരുടെ പാപങ്ങൾക്ക് കുറവ് വരുത്തുകയില്ല" (മുസ്‌ലിം).

നന്മ കൽപിക്കുന്നതിലും തിന്മ വിരോധിക്കുന്നതിലും വീഴ്ചവരുത്തിയാലുള്ള അപകടം വിവരിച്ചുകൊണ്ട് നബി(ﷺ) പറയുകയുണ്ടായി.

عن النُّعْمَانِ بْنَ بَشِيرٍ رَضِي اللَّه عَنْهمَا عَنِ النَّبِيِّ صَلَّى اللَّه عَلَيْه وَسَلَّمَ قَالَ مَثَلُ الْقَائِمِ عَلَى حُدُودِ اللَّهِ وَالْوَاقِعِ فِيهَا كَمَثَلِ قَوْمٍ اسْتَهَمُوا عَلَى سَفِينَةٍ فَصَارَ بَعْضُهُمْ أَعْلَاهَا وَبَعْضُهُمْ أَسْفَلَهَا فَكَانَ الَّذِينَ فِي أَسْفَلِهَا إِذَا اسْتَقَوْا مِنَ الْمَاءِ مَرُّوا عَلَى مَنْ فَوْقَهُمْ فَقَالُوا لَوْ أَنَّا خَرَقْنَا فِي نَصِيبِنَا خَرْقًا وَلَمْ نُؤْذِ مَنْ فَوْقَنَا فَإِنْ يَتْرُكُوهُمْ وَمَا أَرَادُوا هَلَكُوا جَمِيعًا وَإِنْ أَخَذُوا عَلَى أَيْدِيهِمْ نَجَوْا وَنَجَوْا جَمِيعًا ( البخاري )

നുഅ്മാനുബ്നു ബശീർ (ﷺ), നബി(ﷺ)യിൽനിന്ന് ഉദ്ധരിക്കുന്നു: "തിന്മ വിരോധിക്കുന്നവൻെറയും വിരോധിക്കാത്തവൻെറയും ഉപമ ഒരു കപ്പൽ യാത്രാസംഘത്തെ പോലെയാണ്. രണ്ട് തട്ടുള്ള ആ

കപ്പലിൽ യാത്ര ചെയ്യുന്നതിനായി അവർ നറുക്കിട്ടു. അങ്ങനെ ഒരു വിഭാഗം മുകളിലെ തട്ടിലും മറ്റൊരു വിഭാഗം താഴെ തട്ടിലും യാത്രയായി. താഴെ തട്ടിലുള്ളവർക്ക് കുടിവെള്ളത്തിന് മുകളിലുള്ളവരുടെ അടുത്ത് പോകണമായിരുന്നു. അപ്പോൾ അവരിൽ ചിലർ പറഞ്ഞു: നമ്മൾ നമ്മുടെ ഈ ഭാഗത്ത് ഒരു ദ്വാരമുണ്ടാക്കുകയാണെങ്കിൽ മറ്റുള്ളവരെ ബുദ്ധിമുട്ടിക്കേണ്ടതില്ലല്ലോ? അവരുടെ ലക്ഷ്യവുമായിട്ടെങ്ങാനും മറ്റുള്ളവർ അവരെ വിട്ടാൽ എല്ലാവരും നശിച്ചേനെ! മറിച്ച് അവരുടെ കൈക്ക് പിടിക്കുകയാണെങ്കിലോ? അവരും ഇവരും രക്ഷപ്പെടുകയും ചെയ്യും" (ബുഖാരി).

വിജ്ഞാനം തേടുകയും അത് മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യുന്നതിൻെറ ശ്രേഷ്ഠതകൾ വിവരിക്കുന്ന ഹദീഥുകളും ധാരാളം കാണാവുന്നതാണ്.

عَنْ عُثْمَانَ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ خَيْرُكُمْ مَنْ تَعَلَّمَ الْقُرْآنَ وَعَلَّمَهُ ( البخاري)

"നിങ്ങളിൽ ഏറ്റവും ഉത്തമൻ ഖുർആൻ പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവനാണ്" (ബുഖാരി).

മുകളിലുദ്ധരിച്ച ആയത്തുകളിൽനിന്നും ഹദീഥുകളിൽനിന്നും താഴെ പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

1. അല്ലാഹുവിലേക്ക് ക്ഷണിക്കൽ (ദഅ്‌വത്ത്) ഉൽകൃഷ്ടമായ ഒരു കർമമാണ്.
2. ദഅ്‌വത്തിനോടൊപ്പം സൽകർമങ്ങളും പ്രബോധകനിലുണ്ടാകണം.
3. നന്മ കൽപിക്കലും തിന്മ വിരോധിക്കലും ഇസ്‌ലാമിക സമൂഹത്തിൻെറ ബാധ്യതയാണ്.
4. മനുഷ്യവംശത്തിന് മൊത്തത്തിൽ ഇസ്‌ലാമിക പ്രകാശം ചൊരിയാൻ ബാധ്യസ്ഥരാണ് മുസ്‌ലിം സമുഹം.
5. സന്മാർഗത്തിലേക്ക് നയിക്കലും ക്ഷണിക്കലും ഭൂലോകം മുഴുവൻ കിട്ടുന്നതിനെക്കാൾ ഉത്തമമാണ്.
6. നന്മയറിയിച്ച ശേഷം അത് പിൻപറ്റുന്നവരെത്രയുണ്ടോ അതിന് തുല്യമായ പ്രതിഫലം നന്മ എത്തിച്ചുകൊടുക്കുന്നവർക്കു

ണ്ടാകും.

7. നന്മ പഠിപ്പിച്ചയാൾക്ക് പ്രതിഫലം ലഭിക്കുമ്പോൾ നന്മ പ്രവർത്തിക്കുന്നവർക്ക് പ്രതിഫലത്തിൽ കുറവ് വരുന്നില്ല. പ്രത്യുത അവർ നിമിത്തം മറ്റുള്ളവരിലേക്കും ആ നന്മ വ്യാപിച്ചാൽ പ്രതിഫലം വർധിക്കുകയാണ് ചെയ്യുക.

8. തിന്മയിലേക്കാണ് ക്ഷണിക്കുന്നതെങ്കിൽ പാപഭാരം പേറേണ്ടിവരും. അതിനാൽ നന്മയും തിന്മയും കൃത്യമായി ഉറപ്പ് വരുത്തുക.

9. തിന്മ ചെയ്യുന്നത് ആരെ അനുകരിച്ചായാലും തിന്മതന്നെ. അതിന്റെ പാപം അവരവർ പേറേണ്ടിവരും.

# രണ്ട്

# ദഅ്‌വത്ത് ഒരു ബാധ്യത

ഇസ്‌ലാമിക സമൂഹത്തിന്റെ പൊതു ബാധ്യതയാണ് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുകയെന്ന് ഖുർആൻ പഠിപ്പിച്ചു. ഈ ലോകവും അതിലെ മുഴുവൻ വിഭവങ്ങളും നേടിയെടുക്കുന്നതിനേക്കാൾ ഉത്തമമായ കർമമാണ് ദഅ്‌വത്തെന്ന് മുഹമ്മദ് നബി (ﷺ)യും പറഞ്ഞു തന്നു.

ഇത്രയൊക്കെ പ്രതിഫലാർഹമാണ് പ്രബോധനം എന്നുവരുമ്പോൾ വിശ്വാസികൾ ആ പ്രതിഫലം നേടിയെടുക്കാൻ പരിശ്രമിക്കേണ്ടതുണ്ട്. സന്ദർഭങ്ങളും സാഹചര്യങ്ങളും ഉപയോഗപ്പെടുത്തി സത്യസന്ദേശം മറ്റുള്ളവരിലേക്കും എത്തിക്കാൻ ശ്രമിക്കാതെ പുറം തിരിഞ്ഞു നിൽക്കുന്നവർ ബാധ്യതാ നിർവഹണത്തിൽ വീഴ്ച വരുത്തിയവരായിരിക്കും. കേവലം ഒരു പുണ്യകർമമെന്നതിലുപരി ദഅ്‌വത്ത് ഒരു ബാധ്യതയാണെന്ന് സാരം. ഓരോരുത്തരുടെയും അറിവും കഴിവുമനുസരിച്ച് ആ ബാധ്യത വ്യത്യാസപ്പെട്ടുവരുമെങ്കിലും കൂട്ടുത്തരവാദിത്വത്തിൽനിന്ന് വിശ്വാസികളാരും ഒഴിവാകുന്നില്ല.

അല്ലാഹു പറയുന്നു:

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ
وَيَنْهَوْنَ عَنِ ٱلْمُنكَرِ ۚ وَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ

"നന്മയിലേക്ക് ക്ഷണിക്കുകയും, സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽനിന്നുണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ" (3:104).

وَمَا كَانَ ٱلْمُؤْمِنُونَ لِيَنفِرُوا۟ كَآفَّةً ۚ فَلَوْلَا نَفَرَ مِن كُلِّ فِرْقَةٍ مِّنْهُمْ طَآئِفَةٌ لِّيَتَفَقَّهُوا۟ فِى ٱلدِّينِ وَلِيُنذِرُوا۟ قَوْمَهُمْ إِذَا رَجَعُوٓا۟ إِلَيْهِمْ لَعَلَّهُمْ يَحْذَرُونَ

"സത്യവിശ്വാസികൾ ആകമാനം (യുദ്ധത്തിന്) പുറപ്പെടാവതല്ല. എന്നാൽ അവരിലെ ഓരോ വിഭാഗത്തിൽനിന്നും ഓരോ സംഘം പുറപ്പെട്ടുപോയിക്കൂടെ? മതകാര്യങ്ങളിൽ അവർക്ക് ജ്ഞാനം നേടുവാനും തങ്ങളുടെ ആളുകളിലേക്ക് അവർ തിരിച്ചുവന്നാൽ അവർക്ക് താക്കീത് നൽകുവാനും കഴിയുമല്ലോ. അവർ സൂക്ഷ്മത പാലിച്ചേക്കാം" (9:122).

ٱلَّذِينَ إِن مَّكَّنَّٰهُمْ فِى ٱلْأَرْضِ أَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ وَأَمَرُوا۟ بِٱلْمَعْرُوفِ وَنَهَوْا۟ عَنِ ٱلْمُنكَرِ ۗ وَلِلَّهِ عَٰقِبَةُ ٱلْأُمُورِ

"ഭൂമിയിൽ നാം സ്വാധീനം നൽകിയാൽ നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും നന്മ കൽപിക്കുകയും തിന്മ വി രോധിക്കുകയും ചെയ്യുന്നവരത്രെ അവർ. കാര്യങ്ങളുടെ പര്യവസാനം അല്ലാഹുവിന്നാകുന്നു" (22:41)

സത്യം അന്യോന്യം ഉപദേശിക്കാത്തവർക്ക് വരാനിരിക്കുന്ന വിനാശത്തെക്കുറി ച്ച് ഖുർആൻ താക്കീത്ചെയ്യുന്നുണ്ട്:

وَٱلْعَصْرِ ۝ إِنَّ ٱلْإِنسَٰنَ لَفِى خُسْرٍ ۝ إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَتَوَاصَوْا۟ بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ

"കാലം തന്നെയാണ് സത്യം! തീർച്ചയായും മനുഷ്യർ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും,

ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ. (അവർ ആ നാ ശത്തിൽനിന്ന് ഒഴിവായിരിക്കും)" (103:1-3).

നന്മ കൽപിക്കലും തിന്മ വിരോധിക്കലും വിശ്വാസികളുടെ വിശിഷ്ട സ്വഭാവമായി ഖുർആൻ വിവരിക്കുന്നു:

وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَٰٓئِكَ سَيَرْحَمُهُمُ ٱللَّهُ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ

"സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽനിന്ന് വിലക്കുകയും, നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും അല്ലാഹുവെയും അവൻെറ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്" (9:71).

തിന്മക്കെതിരെ ശബ്ദിക്കാതിരിക്കൽ അപരാധമാണെന്നും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവരെ അല്ലാഹു സംരക്ഷിക്കുമെന്നും പൂർവിക ചരിത്രത്തിലൂടെ ഖുർആൻ ഉണർത്തുന്നു:

وَإِذْ قَالَتْ أُمَّةٌ مِّنْهُمْ لِمَ تَعِظُونَ قَوْمًا ۙ ٱللَّهُ مُهْلِكُهُمْ أَوْ مُعَذِّبُهُمْ عَذَابًا شَدِيدًا ۖ قَالُوا۟ مَعْذِرَةً إِلَىٰ رَبِّكُمْ وَلَعَلَّهُمْ يَتَّقُونَ ۝ فَلَمَّا نَسُوا۟ مَا ذُكِّرُوا۟ بِهِۦٓ أَنجَيْنَا ٱلَّذِينَ يَنْهَوْنَ عَنِ ٱلسُّوٓءِ وَأَخَذْنَا ٱلَّذِينَ ظَلَمُوا۟ بِعَذَابٍۭ بَـِٔيسٍۭ بِمَا كَانُوا۟ يَفْسُقُونَ

"അല്ലാഹു നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാൻ പോകുന്ന ഒരു ജനവിഭാഗത്തെ നിങ്ങൾ എന്തിനാണ് ഉപദേശിക്കു

ന്നത് എന്ന് അവരിൽപെട്ട ഒരു സമൂഹം പറഞ്ഞ സന്ദർഭവും ശ്രദ്ധിക്കുക. അവർ മറുപടി പറഞ്ഞു: "നിങ്ങളുടെ രക്ഷിതാവിങ്കൽ (ഞങ്ങൾ) അപരാധത്തിൽനിന്ന് ഒഴിവാകുന്നതിന് വേണ്ടിയാണ്. ഒരുവേള അവർ സൂക്ഷ്മത പാലിച്ചെന്നും വരാമല്ലോ". "എന്നാൽ അവരെ ഓർമപ്പെടുത്തിയിരുന്നത് അവർ മറന്നുകളഞ്ഞപ്പോൾ ദുഷ് പ്രവർത്തിയിൽനിന്ന് വിലക്കിയിരുന്നവരെ നാം രക്ഷപ്പെടുത്തുകയും അക്രമികളായ ആളുകളെ അവർ ധിക്കാരം കാണിച്ചിരുന്നതിന്റെ ഫലമായി നാം കഠിനമായ ശിക്ഷ മുഖേന പിടികൂടുകയും ചെയ്തു" (7:164,165).

ദൈവദൂതന്മാരുടെ ശാപത്തിന് വിധേയരായ ജൂതന്മാരുടെ രീതിയായിരുന്നു തിന്മക്ക് നേരെയുള്ള മൗനമെന്ന് ഖുർആൻ ഉണർത്തുന്നു:

لُعِنَ ٱلَّذِينَ كَفَرُواْ مِنۢ بَنِىٓ إِسْرَٰٓءِيلَ عَلَىٰ لِسَانِ دَاوُۥدَ وَعِيسَى ٱبْنِ مَرْيَمَ ۚ ذَٰلِكَ بِمَا عَصَواْ وَّكَانُواْ يَعْتَدُونَ ۝ كَانُواْ لَا يَتَنَاهَوْنَ عَن مُّنكَرٍ فَعَلُوهُ ۚ لَبِئْسَ مَا كَانُواْ يَفْعَلُونَ

"ഇസ്രാഈൽ സന്തതികളിലെ സത്യനിഷേധികൾ ദാവൂദിന്റെയും മർയമിന്റെ മകൻ ഈസായുടെയും നാവിലൂടെ ശപിക്കപ്പെട്ടിരിക്കുന്നു. അവർ അനുസരണക്കേട് കാണിക്കുകയും അതിക്രമം കൈക്കൊള്ളുകയും ചെയ്തതിന്റെ ഫലമത്രെ അത്. അവർ ചെയ്തിരുന്ന ദുരാചാരത്തെ അവർ അന്യോന്യം തടയുമായിരുന്നില്ല. അവർ ചെയ്തുകൊണ്ടിരുന്നത് വളരെ ചീത്തതന്നെ" (5:78,79).

റബ്ബിന്റെ മാർഗത്തിലേക്കുള്ള പ്രബോധനത്തിൽനിന്ന് പിന്മാറാതെ ഭൂരിപക്ഷത്തിനെതിരായിരുന്നാൽപോലും നന്മയുടെ മാർഗത്തിൽ ഉറച്ചുനിന്ന് പരസ്പരം സഹകരിക്കുവാനാണ് ഖുർആനിക നിർദേശം.

وَلَا يَصُدُّنَّكَ عَنْ ءَايَٰتِ ٱللَّهِ بَعْدَ إِذْ أُنزِلَتْ إِلَيْكَ ۖ وَٱدْعُ إِلَىٰ رَبِّكَ ۖ وَلَا تَكُونَنَّ مِنَ ٱلْمُشْرِكِينَ

"അല്ലാഹുവിന്റെ വചനങ്ങൾ നിനക്ക് അവതരിപ്പിക്കപ്പെട്ടതിനു ശേഷം അവർ നിന്നെ അതിൽനിന്ന് തടയാതിരിക്കട്ടെ! നിന്റെ രക്ഷി

താവിങ്കലേക്ക് നീ ക്ഷണിക്കുക. നീ ബഹുദൈവ വിശ്വാസികളുടെ കൂട്ടത്തിലായിപ്പോകരുത്” (28:87).

وَجَآءَ مِنْ أَقْصَا ٱلْمَدِينَةِ رَجُلٌ يَسْعَىٰ قَالَ يَٰقَوْمِ ٱتَّبِعُوا۟ ٱلْمُرْسَلِينَ ۝ ٱتَّبِعُوا۟ مَن لَّا يَسْـَٔلُكُمْ أَجْرًا وَهُم مُّهْتَدُونَ

“പട്ടണത്തിൻെറ അങ്ങേ അറ്റത്തുനിന്ന് ഒരാൾ ഓടിവന്ന് പറഞ്ഞു: “എൻെറ ജനങ്ങളേ, നിങ്ങൾ ആ ദൂതന്മാരെ പിന്തുടരുവിൻ. നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കാത്തവരും സന്മാർഗം പ്രാപിച്ചവരും ആയിട്ടുള്ളവരെ നിങ്ങൾ പിന്തുടരുക” (36:20,21).

നന്മയിലേക്ക് ക്ഷണിക്കാനും തിന്മക്കെതിരെ പൊരുതാനും സമൂഹത്തിൽ ആളുകളുണ്ടാകണമെന്ന് ഉണർത്തിയ ഖുർആൻ അതിന് മക്കളെക്കൂടി ചെറുപ്പത്തിലേ സജ്ജമാക്കാൻ ആഹ്വാനം ചെയ്യുകയാണ് മഹാനായ ലുഖ്മാൻ(ﷺ)ൻെറ ചരിത്രത്തിലൂടെ.അദ്ദേഹം മകനെ ഇങ്ങനെ ഉപദേശിച്ചു:

يَٰبُنَيَّ أَقِمِ ٱلصَّلَوٰةَ وَأْمُرْ بِٱلْمَعْرُوفِ وَٱنْهَ عَنِ ٱلْمُنكَرِ وَٱصْبِرْ عَلَىٰ مَآ أَصَابَكَ إِنَّ ذَٰلِكَ مِنْ عَزْمِ ٱلْأُمُورِ

“എൻെറ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവഹിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്” (31:17).

عن أبي سعيد الخدري قال : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ رَأَى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ وَذَلِكَ أَضْعَفُ الْإِيمَانِ (مسلم)

അബൂ സഈദുൽ ഖുദ്‌രി(ﷺ) പറയുന്നു: “നബി(ﷺ) പറയുന്നതായി ഞാൻ കേട്ടു. നിങ്ങളിലാരെങ്കിലും വല്ല തിന്മയും കണ്ടാൽ

അവൻ തന്റെ കൈകൊണ്ട് അതിനെ തടുക്കട്ടെ. സാധിച്ചില്ലെങ്കിൽ തന്റെ നാവുകൊണ്ട്. അതിനും കഴിഞ്ഞില്ലെങ്കിൽ തന്റെ ഹൃദയം കൊണ്ടെങ്കിലും. അത് ഈമാനിന്റെ ഏറ്റവും ദുർബലാവസ്ഥയാണ്" (മുസ്‌ലിം).

ശൈഖ് ഇബ്നുബാസ് പറയുന്നു:

وصرح العلماء أن الدعوة إلى الله عز وجل فرض كفاية بالنسبة إلى الأقطار التي يقوم فيها الدعاة فإن كل قطر وكل إقليم يحتاج إلى الدعوة وإلى النشاط فيها, فهي فرض كفاية إذا قام بها من يكفي سقط عن الباقين ذلك الواجب, وصارت الدعوة في حق الباقين سنة مؤكدة وعملا صالحا جليلا. وإذا لم يقم أهل الإقليم أو أهل القطر المعين بالدعوة على التمام, صار الإثم عاما وصار الواجب على الجميع. ( الدعوة إلى الله وأخلاق الدعاة للشيخ عبد العزيز عبد الله بن باز : ص : ١٥)

"അല്ലാഹുവിന്റെ മാർഗത്തിലേക്കുള്ള ദഅ്‌വത്ത് സാമൂഹ്യ ബാധ്യതയാണെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ പ്രദേശത്തും പ്രബോധന പ്രവർത്തനങ്ങൾ അനിവാര്യവുമാണ്. പ്രാപ്തരായവർ അത് നിർവഹിച്ചാൽ മറ്റുള്ളവർ ആ ഉത്തരവാദിത്വം നിർവഹിക്കാതിരുന്ന കുറ്റത്തിൽനിന്ന് ഒഴിവാകുന്നതാണ് (അതായത്, അവർക്കതിന്റെ പേരിൽ ശിക്ഷയുണ്ടാവില്ല). പക്ഷേ, അവരെ സംബന്ധിച്ചിടത്തോളം അത് ഒരു പ്രബലമായ സുന്നത്തും മഹത്തരമായ സൽകർമവുമായി അവശേഷിക്കുന്നു. ആരും ആ ബാധ്യത നിർവഹിക്കുന്നില്ലെങ്കിൽ എല്ലാവരും കുറ്റക്കാരാവുകയും ചെയ്യും" (അദ്ദഅ്‌വത്തു ഇലല്ലാഹി വ അഖ്‌ലാഖുദ്ദുആത്ത്. പേജ് 15).

ശൈഖ് ഇബ്നുബാസ് തുടരുന്നു:

, وعلى كل إنسان أن يقوم بالدعوة حسب طاقته وإمكانه , أما بالنظر إلى عموم البلاد فالواجب أن يوجد طائفة منتصبة تقوم بالدعوة إلى الله جل وعلا ..... وقد يكون ذلك فرض عين إذا كنت في مكان ليس

فيه من يؤدي ذلك سواك. ( الدعوة إلى الله وأخلاق الدعاة للشيخ عبد العزيز عبد الله بن باز : ص : ١٦)

"ഓരോരുത്തരും അവരവരുടെ കഴിവും സാധ്യതകളുമനുസരിച്ച് ദഅ്‌വത്ത് നിർവഹിക്കൽ അനിവാര്യമാണ്. ചില സന്ദർഭങ്ങളിൽ ഇത് ഒഴിച്ചുകൂടാനാവാത്ത വ്യക്തിബാധ്യതയായിത്തീരും. ഉദാഹരണത്തിന് ഒരു പ്രദേശത്ത് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നതിലൂടെ ആ ബാധ്യത നിർവഹിക്കാൻ നീയല്ലാതെ മറ്റാരുമില്ലെങ്കിൽ നിനക്കത് നിർബന്ധ ബാധ്യതയാണ്" (അതേ പുസ്തകം: പേജ്: 16).

അറിവുള്ളവരാണ് പ്രബോധനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടത്. പണക്കാർ ഈ രംഗത്ത് പണം ചെലവഴിക്കണം; സാധരണക്കാർ അവർക്ക് കഴിയുന്ന രീതിയിൽ ദഅ്‌വാരംഗത്ത് സംഭാവനകളർപ്പിക്കണം. പണ്ഡിതന്മാർ പ്രഭാഷണത്തിന് തയ്യാറാകുമ്പോൾ വേദികളൊരുക്കുവാൻ കഴിയുന്നവർ അത് ചെയ്യണം. അതിലേക്ക് ആളുകളെ ക്ഷണിക്കുവാനും മറ്റുംബാക്കിയുള്ളവരും സന്നദ്ധരാവണം, അപ്പോൾ ദഅ്‌വത്തെന്ന ബാധ്യതാനിർവഹണത്തിൽ എല്ലാവരും പങ്കുചേർന്നു.

ഇനി മറ്റാരെങ്കിലും ഇത് ചെയ്യുന്നുണ്ടെങ്കിൽ തനിക്കിതിൽ ബാധ്യതയില്ലായെന്ന് പറഞ്ഞ് മാറിനിൽക്കുകയല്ല, മറിച്ച് നന്മയിൽ പരസ്പരം സഹകരിച്ച് പുണ്യം നേടാൻ മത്സരിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. എന്നിരിക്കെ ആ മാർഗത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നത് എത്രമാത്രം ഹീനമാണ്!

ശൈഖ് ഇബ്നുബാസ് ആലു ഇംറാൻ104-ാം വചനം ഉദ്ധരിച്ചുകൊണ്ട് തുടരുന്നു:

قال الحافظ ابــن كثير عند هذه الآية وجماعة ما معناه: ولتكن منكم أمة منتصبة لهذا الأمر العظيم تدعو إلى الله وتنشر دينه وتبلغ أمره سبحانه وتعالى ومعلوم أيضا أن الرسول عليه الصلاة والسلام دعا إلى الله وقام بأمر الله في مكة حسب طاقته وقــام الصحابــة كذلك

رضي الله عنهم و أرضاهم بذلك حسب طاقتهم, ثم لما هاجروا قاموا بالدعوة أكثر وأبلغ, ولما انتشروا في البلاد بعد وفاته عليه الصلاة والسلام قاموا بذلك أيضا رضي الله عنهم وأرضاهم كل على قدر طاقته وعلى قدر علمه, فعند قلة الدعاة وعند كثرة المنكرات, وعند غلبت الجهل كحالنا اليوم- تكون الدعوة فرض عين على كل احد بحسب طاقته . ( الدعوة إلى الله وأخلاق الدعاة للشيخ عبد العزيز عبد الله بن باز : ص : ١٧،١٨)

“ഇബ്നുകഥീറും മറ്റും ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് പറഞ്ഞതിന്റെ ചുരുക്കം ഇപ്രകാരമാണ്: നിങ്ങളിൽനിന്ന് ഈ കൃത്യനിർവഹണത്തി(ദഅ്‌വത്തി)നായി ഒരു വിഭാഗം ഉണ്ടാകേണ്ടതുണ്ട്. അല്ലാഹുവിലേക്ക് ക്ഷണിക്കുകയും അവൻെറ മതം പ്രചരിപ്പിക്കുകയുമാണ് അവർ ചെയ്യേണ്ടത്. മക്കയിൽ തൻെറ കഴിവും സൗകര്യവുമനുസരിച്ച് നബി(ﷺ) ഈ ഉത്തരവാദിത്വം നിർവഹിച്ചു. അപ്രകാരം സ്വഹാബത്തും തങ്ങളുടെ കഴിവനുസരിച്ച് ചെയ്തു. എന്നാൽ ഹിജ്റക്ക് ശേഷം അഥവാ സൗകര്യം അധികരിച്ചപ്പോൾ തദനുസൃതമായി അവർ കൂടുതൽ പ്രവർത്തിച്ചു. നബി(ﷺ)യുടെ വിയോഗാനന്തരം നാടിൻെറ വിവിധ ഭാഗങ്ങളിലേക്ക് വ്യാപരിച്ച അവർ അവിടെയൊക്കെയും ആ ബാധ്യത അഭംഗുരം നിർവഹിക്കുകയുണ്ടായി. പ്രബോധകർ കുറവും തിന്മ അധികരിക്കുകയും ഇന്നത്തേതുപോലെ അജ്ഞത വ്യാപിക്കുകയും ചെയ്യുമ്പോൾ ഓരോ വിശ്വാസിക്കും അവരവരുടെ പ്രാപ്തിയനുസരിച്ച് ദഅ്‌വത്ത് നിർബന്ധ ബാധ്യതതന്നെയായിരിക്കും” (അദ്ദഅ്‌വത്തു ഇലല്ലാഹി, പേജ്:17,18).

ശൈഖ് സ്വാലിഹ് അൽ ഉഥൈമീൻ പറയുന്നു:

يقول الشيخ العثيمن: والدعوة إلى الله عز وجل هي وظيفة الرسل عليهم الصلاة والسلام وطريقة من تبعهم بإحسان , فإذا عرف الإنسان معبوده, ونبيه, ودينه ومن الله عليه بالتوفيق لذلك فإن عليه

السعي في إنقاذ إخوانه بدعوتهم إلى الله عز وجل (شــرح الأصول الثلاثة للعثيمن)

"അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്നത് ദൈവദൂതന്മാരുടെ ദൗത്യമായിരുന്നു. അവരെ നന്മയിൽ പിന്തുടർന്നവരുടെ മാർഗവും അതുതന്നെയാണ്. ഒരാൾക്ക് തൻെറ ആരാധ്യനായ സ്രഷ്ടാവിനെയും അവൻെറ പ്രവാചകനെയും മതത്തെയും മനസ്സിലാക്കാൻകഴിഞ്ഞാൽ അഥവാ അതിന് അല്ലാഹു അവനെ അനുഗ്രഹിച്ചാൽ തൻെറ സഹോദരങ്ങളെ രക്ഷപ്പെടുത്താൻ അല്ലാഹുവിലേക്ക് അവരെ ക്ഷണിച്ചുകൊണ്ട് പരിശ്രമിക്കൽ ബാധ്യതയാണ്" (ശറഹു ഉസൂലുഥ്ഥലാഥ, പേജ്: 135).

മേൽവിവരിച്ചതിൽനിന്ന് താഴെ പറയുന്ന കാര്യങ്ങൾ നമുക്ക് ഗ്രഹിക്കാവുന്നതാണ്.

1. സ്വാധീനവും സൗകര്യവും ഉപയോഗപ്പെടുത്തി നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യേണ്ടവരാണ് വിശ്വാസികൾ.

2. സത്യം പരസ്പരം ഉപദേശിക്കാത്തവർക്ക് തീരാനഷ്ടം വരാനിരിക്കുന്നു.

3. നന്മ കൽപിക്കലും തിന്മ വിരോധിക്കലും വിശ്വാസികളുടെ ഉൽകൃഷ്ട സ്വഭാവങ്ങളാണ്.

4. തിന്മക്കെതിരെ പ്രതികരിക്കാതിരിക്കൽ അപരാധമാണ്.

5. നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു രക്ഷ വാഗ്ദാനം ചെയ്യുന്നു.

6. ദഅ്‌വത്തിൻെറ മാർഗത്തിൽനിന്ന് പിന്മാററരുത്.

7. ഭൂരിപക്ഷത്തിന് എതിരായിരുന്നാൽപോലും നന്മയുടെ മാർഗത്തിൽ സഹകരിക്കുക. അഥവാ എണ്ണപ്പെരുപ്പമല്ല ആദർശ മഹത്വമാണ് കാര്യം.

8. നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരം വിരോധിക്കുകയും ചെയ്യുന്ന ഒരു വിഭാഗം വിശ്വാസികളിൽ നിന്നുണ്ടാവൽ അനിവാര്യമാണ്.

9. നന്മ കൽപിക്കാനും തിന്മ തടയാനും മക്കളെ ചെറുപ്പത്തിലേ സജ്ജമാക്കുക.

10. ആ മാർഗത്തിൽ ക്ഷമ ആവശ്യമാണ്. അതിനാൽ ക്ഷമിക്കുക.

11. നന്മ ഉപദേശിക്കലും തിന്മ വിലക്കലും വിശ്വാസികൾ പരസ്പരവും ചെയ്യേണ്ടതാണ്.

12. തിന്മക്കെതിരെ മൗനം ദീക്ഷിക്കൽ സത്യനിഷേധികളുടെ സ്വഭാവമാണ്.

13. ഓരോരുത്തരുടെയും സാഹചര്യങ്ങ ളുടെയും സ്വാധീനങ്ങളുടെയും വ്യത്യാസമനുസരിച്ച് തിന്മക്കെതിരെ പ്രതികരിക്കുന്ന രീതിയിൽ മാറ്റമുണ്ടാകുമെങ്കിലും ഉത്തരവാദിത്വത്തിൽനിന്ന് ആരും ഒഴിവാകുന്നില്ല.

# മൂന്ന്

# ആർ ദഅ്‌വത്ത് ചെയ്യണം?

ദഅ്‌വത്ത് നബിമാരാണ് ചെയ്യേണ്ടതെന്നും അതല്ലെങ്കിൽ മതത്തിൽ അഗാധജ്ഞാനമുള്ള പണ്ഡിതന്മാർക്ക് മാത്രമെ അതിന് അവകാശമുള്ളൂവെന്നും ചിലർ പറയാറുണ്ട്. ആരാണ് പണ്ഡിതനെന്നോ എപ്പോഴാണ് ദഅ്‌വത്തിന് അർഹതയുള്ള പണ്ഡിതനാവുകയെന്നോ എന്താണ് അതിൻെറ പരിധിയും മാനദണ്ഡവുമെന്നോ ഒന്നും അവർ വ്യക്തമാക്കാറില്ല. വാസ്തവത്തിൽ ആ വാദഗതി ഖുർആൻ വിരുദ്ധവും സത്യത്തിൽനിന്ന് ബഹുദൂരം അകന്നതുമാണ്. നബിമാരുടെ ദൗത്യമായിരുന്നു ദഅ്‌വത്തെന്ന് പറഞ്ഞ ഖുർആൻ അവർക്ക് മാത്രമായി അതിനെ പരിമിതപ്പെടുത്തിയില്ല. പ്രത്യുത അവരെ പിൻപറ്റുന്നവർകൂടി അത് ചെയ്യണമെന്ന ആഹ്വാനമാണ് നൽകുന്നത്. അല്ലാഹു പറയുന്നു:

وَيَٰقَوْمِ مَا لِيٓ أَدْعُوكُمْ إِلَى ٱلنَّجَوٰةِ وَتَدْعُونَنِيٓ إِلَى
ٱلنَّارِ ۝ تَدْعُونَنِي لِأَكْفُرَ بِٱللَّهِ وَأُشْرِكَ بِهِۦ مَا لَيْسَ لِي
بِهِۦ عِلْمٌ وَأَنَا۠ أَدْعُوكُمْ إِلَى ٱلْعَزِيزِ ٱلْغَفَّٰرِ

"എൻെറ ജനങ്ങളേ, എനിക്കെന്താണൊരു അനുഭവം! ഞാൻ നിങ്ങളെ രക്ഷയിലേക്ക് ക്ഷണിക്കുന്നു. നിങ്ങളാകട്ടെ എന്നെ നരകത്തിലേക്കും ക്ഷണിക്കുന്നു. ഞാൻ അല്ലാഹുവിൽ അവിശ്വസിക്കു

വാനും എനിക്ക് യാതൊരു അറിവുമില്ലാത്തത് അവനോട് ഞാൻ പങ്കുചേർക്കുവാനും നിങ്ങൾ എന്നെ ക്ഷണിക്കുന്നു. ഞാനാകട്ടെ, പ്രതാപശാലിയും ഏറെ പൊറുക്കുന്നവനുമായ അല്ലാഹുവിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു" (40:41,42).

قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ

"(നബിയേ) പറയുക! ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്ക് ചേർക്കുന്ന കൂട്ടത്തിലല്ലതന്നെ" (12:108).

തികഞ്ഞ പണ്ഡിതന്മാർക്ക് മാത്രമെ ഇത് ചെയ്യാവൂ എന്നല്ല, വിശ്വാസികൾ പരസ്പരം ചെയ്യേണ്ട ഒരു ബാധ്യതയായിട്ടാണ് ഖുർആനും നബിചര്യയും ഇതിനെ മനസ്സിലാക്കിത്തരുന്നത്.

وَٱلْعَصْرِ ۝ إِنَّ ٱلْإِنسَٰنَ لَفِى خُسْرٍ ۝ إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَتَوَاصَوْا۟ بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ

"കാലം തന്നെയാണ് സത്യം! തീർച്ചയായും മനുഷ്യർ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം കൈകൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (103:1-3).

وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ وَيُقِيمُونَ ٱلصَّلَوٰةَ وَيُؤْتُونَ ٱلزَّكَوٰةَ وَيُطِيعُونَ ٱللَّهَ وَرَسُولَهُۥٓ ۚ أُو۟لَٰٓئِكَ سَيَرْحَمُهُمُ ٱللَّهُ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ

"സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ

നിന്ന് വിലക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവൻെറ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തി മാനുമാണ്" (9:71).

വേറെയും നിരവധി ആയത്തുകൾ ഈ വിഷയകമായി കാണാവുന്നതാണ്. അവിടെയൊന്നും നബിമാർ മാത്രം ചെയ്യേണ്ട കാര്യമാണ് ദഅ്‌വത്ത് (നന്മയിലേക്ക് ക്ഷണിക്കൽ) എന്നോ, അല്ലെങ്കിൽ തികഞ്ഞ പണ്ഡിതന്മാർ മാത്രമെ അത് ചെയ്തുകൂടാവൂ എന്നോ കാണുക സാധ്യമല്ല. പ്രത്യുത പറയുന്ന വിഷയത്തിൽ പൂർണ ബോധ്യത്തോടെയുള്ള അറിവ് (ബസ്വീറത്ത്) ഉണ്ടാകണമെന്ന് മാത്രമാണ് ഖുർആനും സുന്നത്തും പഠിപ്പിക്കുന്നത്.

നന്മ കൽപിക്കാനും തിന്മ വിരോധിക്കാനും സമൂഹത്തോട് മൊത്തത്തിൽ കൽപിക്കുകയാണ് പ്രവാചകതിരുമേനി ചെയ്യുന്നത്. എല്ലാം തികഞ്ഞ പണ്ഡിതനാകണമെന്ന് നിബന്ധനവെക്കുന്നില്ല.

عن أبى سـعيد الخدري قـال : سَمِعْتُ رَسُولَ اللَّهِ صلَّى الله عَلَيْهِ وَسَلَّمَ يَقُولُ مَنْ رَأى مِنْكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ وَذَلِكَ أَضْعَفُ الْإِيمَانِ (مسلم)

അബൂ സഈദ് (ﷺ) പറയുന്നു: "നബി(ﷺ) പറയുന്നതായി ഞാൻ കേട്ടു: നിങ്ങളിലാരെങ്കിലും വല്ല തിന്മയും കണ്ടാൽ അവൻ തൻെറ കൈകൊണ്ട് അതിനെ തടുക്കട്ടെ. സാധിച്ചില്ലെങ്കിൽ തൻെറ നാവുകൊണ്ട്, അതിനും കഴിഞ്ഞില്ലെങ്കിൽ തൻെറ ഹൃദയംകൊണ്ടെങ്കിലും. അത് ഈമാനിന്റെ ഏറ്റവും ദുർബലാവസ്ഥയാണ്" (മുസ്‌ലിം 6/149).

عَنْ أَبِي سَعِيدٍ الْخُدْرِيِّ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِيَّاكُمْ وَالْجُلُوسَ فِي الطُّرُقَاتِ قَالُوا يَا رَسُولَ اللَّهِ مَا لَنَا بُدٌّ مِنْ مَجَالِسِنَا نَتَحَدَّثُ فِيهَا قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَإِذَا أَبَيْتُمْ إِلَّا الْمَجْلِسَ

فَأَعْطُوا الطَّرِيقَ حَقَّهُ قَالُوا وَمَا حَقُّهُ قَالَ غَضُّ الْبَصَرِ وَكَفُّ الْأَذَى وَرَدُّ السَّلَامِ وَالْأَمْرُ بِالْمَعْرُوفِ وَالنَّهْيُ عَنِ الْمُنْكَرِ ( البخاري ومسلم )

അബൂസഈദ്(ﷺ) നിവേദനം. നബി(ﷺ) പറഞ്ഞു: "വഴിയോരങ്ങളിൽ നിങ്ങൾക്കിരിക്കൽ അനിവാര്യമാകുന്നെങ്കിൽ വഴിയുടെ അവകാശം നിങ്ങൾ നൽകുക". അവർ ചോദിച്ചു: "എന്താണ് പ്രവാചകരേ, വഴിയുടെ അവകാശങ്ങൾ?" അവിടുന്ന് പറഞ്ഞു: "ദൃഷ്ടി താഴ്ത്തലും ഉപദ്രവമുണ്ടാക്കാതിരിക്കലും, സലാം മടക്കലും, നന്മ കൽപിക്കലും തിന്മ വിരോധിക്കലുമാണ്" (ബുഖാരി, മുസ്‌ലിം).

പ്രബോധന ദൗത്യത്തിൽനിന്നും വിട്ടുനിന്നവരോട് അബൂബക്കർ (ﷺ) പറയുകയുണ്ടായി:

عَنْ أَبِي بَكْرٍ الصِّدِّيقِ أَنَّهُ قَالَ أَيُّهَا النَّاسُ إِنَّكُمْ تَقْرَءُونَ هَذِهِ الْآيَةَ ( يَا أَيُّهَا الَّذِينَ آمَنُوا عَلَيْكُمْ أَنْفُسَكُمْ لَا يَضُرُّكُمْ مَنْ ضَلَّ إِذَا اهْتَدَيْتُمْ ) وَإِنِّي سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ إِنَّ النَّاسَ إِذَا رَأَوُا الظَّالِمَ فَلَمْ يَأْخُذُوا عَلَى يَدَيْهِ أَوْشَكَ أَنْ يَعُمَّهُمُ اللَّهُ بِعِقَابٍ مِنْهُ . قَالَ أَبُو عِيسَى وَفِي الْبَاب عَنْ عَائِشَةَ وَأُمِّ سَلَمَةَ وَالنُّعْمَانِ بْنِ بَشِيرٍ وَعَبْدِ اللَّهِ بْنِ عُمَرَ وَحُذَيْفَةَ وَهَذَا حَدِيثٌ صَحِيحٌ . ( أحمد , أبو داود, الترمذي . النسائى )

"ജനങ്ങളേ, നിങ്ങൾ ഈ വചനം -"സത്യ വിശ്വാസികളേ, നിങ്ങൾ നിങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിച്ചുകൊള്ളുക.നിങ്ങൾ സന്മാർഗം പ്രാപിച്ചിട്ടുണ്ടെങ്കിൽ വഴിപിഴച്ചവർ നിങ്ങൾക്കൊരു ദ്രോഹവും വരുത്തുകയില്ല" (5:105) ഓതുകയാണോ? (അസ്ഥാനത്താണ് നിങ്ങളതിനെ ഉപയോഗിച്ചത്.) റസൂലുല്ലാഹി(ﷺ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. "ജനങ്ങൾ ഒരു അക്രമിയെ കണ്ടിട്ട് അവൻെറ കൈക്ക് പിടിക്കുന്നില്ലായെങ്കിൽ അല്ലാഹു അവരെ ഒന്നടങ്കം ശിക്ഷിക്കുന്നതാണ്" (അഹ്മദ്, അബൂദാവൂദ്, തിർമിദി, നസാഈ).

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَا مِنْ نَبِيٍّ بَعَثَهُ اللَّهُ فِي أُمَّةٍ قَبْلِي إِلَّا كَانَ لَهُ مِنْ أُمَّتِهِ حَوَارِيُّونَ وَأَصْحَابٌ يَأْخُذُونَ بِسُنَّتِهِ وَيَقْتَدُونَ بِأَمْرِهِ ثُمَّ إِنَّهَا تَخْلُفُ مِنْ بَعْدِهِمْ خُلُوفٌ يَقُولُونَ مَا لَا يَفْعَلُونَ وَيَفْعَلُونَ مَا لَا يُؤْمَرُونَ فَمَنْ جَاهَدَهُمْ بِيَدِهِ فَهُوَ مُؤْمِنٌ وَمَنْ جَاهَدَهُمْ بِلِسَانِهِ فَهُوَ مُؤْمِنٌ وَمَنْ جَاهَدَهُمْ بِقَلْبِهِ فَهُوَ مُؤْمِنٌ وَلَيْسَ وَرَاءَ ذَلِكَ مِنَ الْإِيمَانِ حَبَّةُ خَرْدَلٍ ( مسلم )

ഇബ്നു മസ്ഊദ് (ﷺ) പറയുന്നു: നബി (ﷺ) പറഞ്ഞു: എനിക്ക് മുമ്പുള്ള ഏത് സമൂ ഹത്തിലേക്കും അല്ലാഹു ദൂതനെ അയക്കുമ്പോൾ അദ്ദേഹത്തിന്റെ ചര്യകൾ പിൻപറ്റി കൽപനകൾ അനുസരിക്കുന്ന സന്തത സഹചാരികളുണ്ടാകും. പിന്നീടവർക്കുശേഷം കുറെ പിൻഗാമികൾ വരും. അവർ പ്രവർത്തിക്കാത്തത് പറയും. കൽപിക്കപ്പെടാത്തത് പ്രവർത്തിക്കും. ആരെങ്കിലും തന്റെ കൈകൊണ്ടവരോട് പോരാടിയാൽ അവൻ വിശ്വാസിയാണ്. ഹൃദയം കൊണ്ടവരോട് പോരാടിയാൽ അവനും വിശ്വാസിയാണ്. നാവു കൊണ്ട് അവരോട് പോരാടുന്നവനും വിശ്വാസിയാണ്. അതിന് അപ്പുറം ഒരു കടുക് മണിയോളമെങ്കിലും ഈമാൻ അവശേഷിക്കുന്നില്ല" (മുസ്ലിം).

സ്വഹാബത്ത് നബിയോട് ബൈഅത്ത് ചെയ്തകൂട്ടത്തിൽ "നന്മ കൽപിക്കാമെ ന്നും തിന്മ വിരോധിക്കാമെന്നും" (അഹ്മദ്) പറഞ്ഞ വാചകം പ്രത്യേകം ശ്രദ്ധേയമാണ്. പണ്ഡിതന്മാർക്ക് പ്രത്യേകം എന്നവിടെ കാണുന്നില്ല.

عَنْ حُذَيْفَةَ بْنِ الْيَمَانِ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ وَالَّذِي نَفْسِي بِيَدِهِ لَتَأْمُرُنَّ بِالْمَعْرُوفِ وَلَتَنْهَوُنَّ عَنِ الْمُنْكَرِ أَوْ لَيُوشِكَنَّ اللَّهُ أَنْ يَبْعَثَ عَلَيْكُمْ عِقَابًا مِنْهُ ثُمَّ تَدْعُونَهُ فَلَا يُسْتَجَابُ لَكُمْ قَالَ أَبو عِيسَى هَذَا حَدِيثٌ حَسَنٌ ( الترمذي )

ഹുദൈഫ (ﷺ) നിവേദനം: നബി (ﷺ) പറഞ്ഞു: "എന്റെ ആത്മാവ്

ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം! തീർച്ചയായും നിങ്ങൾ നന്മകൽപിക്കുക യും തിന്മവിരോധിക്കുകയും ചെയ്യുക തന്നെ വേണം. അല്ലെങ്കിൽ അല്ലാഹു നിങ്ങളുടെമേൽ ശിക്ഷയിറക്കും. പിന്നീട് നിങ്ങൾ പ്രാർഥിച്ചാൽ ഉത്തരം ലഭിക്കുകയില്ല" (തിർമിദി).

عن عائشة رضي الله عنها قالت : دخل النبي صلى الله عليه وسلم فعرفت في وجهه أن حضره شيء فتوضأ ولا كلم أحدا قالت : ثم خرج فلصقت في الحجرات وأسمع ما يقول فقعد على المنبر فحمد الله وأثنى عليه ثم قال : يا أيها الناس إن الله عز وجل يقول لكم مروا بالمعروف وانهوا عن المنكر قبل أن تدعوني فلا أستجيب وتسألوني فلا أعطيكم وتستنصروني فلا أنصركم. ( أحمد)

ആഇശ (ﷺ) പറയുന്നു: നബി (ﷺ) ഒരിക്കൽ വീട്ടിൽ വന്നു. എന്തോ സംഭവിച്ചതുപോലെ മുഖത്തുനിന്ന് ഞാൻ മനസ്സിലാക്കി. വുദു എടുത്തശേഷം ആരോടും ഒന്നും പറയാതെ നബി (ﷺ) പുറത്തിറങ്ങി. ഞാൻ മുറിയിൽതന്നെയിരുന്ന് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പള്ളിയിൽ കടന്ന നബി (ﷺ)മിമ്പറിന്മേലിരുന്നു. അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തശേഷം പറഞ്ഞു: ജനങ്ങളേ, അല്ലാഹു നിങ്ങളോട് പറയുന്നു: "നിങ്ങൾ പ്രാർഥിച്ചിട്ട് ഞാൻ ഉത്തരം ചെയ്യാതിരിക്കുന്നതിനും ചോദിച്ചിട്ട് നിങ്ങൾക്ക് തരാതിരിക്കുന്നതിനും എന്നോട് സഹായം തേടിയിട്ട് ഞാൻ നിങ്ങളെ സഹായിക്കാതിരിക്കുന്നതിനും മുമ്പായി നിങ്ങൾ നന്മകൽപിക്കുകയും തിന്മവിരോധിക്കുകയും ചെയ്യുക" (അഹ്മദ്).

അറിവുള്ള ഒരു സംഗതി പറയേണ്ടിടത്ത് പറയാതിരിക്കുന്നതിനെ താക്കീത് ചെയ്യുന്ന ഹദീഥുകളും കാണാവുന്നതാണ്. അപ്രകാരം തന്നെ അറിഞ്ഞ സത്യം മറ്റുള്ളവരിലേക്ക് എത്തിക്കുവാനുള്ള ആഹ്വാനവും ഹദീഥുകളിൽ കാണാം

عَنْ عَبْدِاللَّهِ بْنِ عَمْرٍو أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ بَلِّغُوا عَنِّي وَلَوْ آيَةً... ( البخارى )

അബ്ദുല്ലാഹിബ്നു അംറ്(ﷺ) നിവേദനം: നബി(ﷺ) പറഞ്ഞു: "എന്നിൽനിന്ന് ഒരു വചനമെങ്കിലും നിങ്ങൾ (മറ്റുള്ളവർക്ക്) എത്തിച്ചുകൊടുക്കുക....." (ബുഖാരി).

ഇവിടെ എല്ലാം തികഞ്ഞ പണ്ഡിതനാവണമെന്നല്ല, ഒരു വചനമെങ്കിലും മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുവാനാണ് നബി(ﷺ) പറഞ്ഞതെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അതേപോലെ അറഫാ ദിനത്തിലെ പ്രവാചക പ്രസംഗത്തിൽ സുവിദിതമായ "ഹാജരുള്ളവർ ഹാജറില്ലാത്തവർക്ക് എത്തിച്ചുകൊടുക്കട്ടെ!" എന്ന ആഹ്വാനവും മറ്റൊന്നല്ല അറിയിക്കുന്നത്. പ്രവാചക സന്നിധിയിൽ വന്ന് ഇസ്‌ലാം സ്വീകരിച്ച വ്യക്തികളെയും സംഘങ്ങളെയും അവരുടെ ജനതയിലേക്ക് തന്നെ പ്രബോധനത്തിനയച്ച എത്രയോ സംഭവങ്ങൾ ചരിത്രത്തി ൽ നമുക്ക് കാണാൻ കഴിയും. അവരാരും ദീർഘനാൾ അറിവ് നേടിയശേഷമായിരുന്നില്ല ദഅ്‌വത്തിനിറങ്ങിയത്. സ്വഹാബത്തിലെ പണ്ഡിതവ്യൂഹമവിടെയുണ്ടായിരിക്കെത്തന്നെ 'പണ്ഡിതന്മാരേ ദഅ്‌വത്ത് നടത്താവൂ. നിങ്ങൾ ഇവിടെ നിൽക്കൂ' എന്ന് പറഞ്ഞതായും കാണുക സാധ്യമല്ല. ചില ഉദാഹരണങ്ങൾ കാണുക:

**1. അബൂദർറുൽ ഗിഫ്ഫാരി(ﷺ)**

ഇബ്നുഅബ്ബാസ് (ﷺ) പറയുന്നു: അബൂദർറിന് മക്കയിൽവെച്ച് നബി(ﷺ)യുടെ നിയോഗമനത്തെക്കുറിച്ചുള്ള വിവരമെത്തിയപ്പോൾ തൻെറ സഹോദരനെ നിജസ്ഥിതി അന്വേഷിച്ചറിയാൻ പറഞ്ഞയച്ചു. അതുപ്രകാരം അദ്ദേഹം അന്വേഷിച്ച് വന്നുപറഞ്ഞു: "മാന്യമായ സ്വഭാവങ്ങൾ കൽപിക്കുന്ന മാന്യനായ ഒരാൾ. കവിതയല്ലാത്ത സുന്ദരമായ വാക്കുകൾ അദ്ദേഹം പറയുന്നുണ്ട്. പക്ഷേ, അതൊന്നും അബൂദർറിന്റെ ദാഹത്തിന് ശമനമേകിയില്ല. അവസാനം സ്വയം ഒരു യാത്രക്ക് തയാറായി പാഥേയമൊരുക്കി. അങ്ങനെ അദ്ദേഹം മക്കയിലെത്തി. പള്ളിയുടെ അടുക്കലെത്തി നബിയെ അന്വേഷിച്ചു. നബിയെ അദ്ദേഹത്തിനറിയില്ല. ആരോടെങ്കിലും ചോദിക്കാനിഷ്ടപ്പെട്ടുമില്ല. നേരം ഇരുട്ടിയപ്പോൾ ഒരിടത്ത് പോയിക്കിടന്നു. ഒരപരിചിതനായ അദ്ദേഹത്തെ അലി(ﷺ) കണ്ടു. പിറ്റേദിവസവും നബിയെ കാണാതെ കഴിഞ്ഞുപോയി. മൂന്നാമത്തെ ദിവസമായപ്പോൾ അലി(ﷺ) അദ്ദേഹത്തോട് യാത്രോദ്ദേശ്യം തിരക്കി. അങ്ങനെ രഹസ്യമായി നബിസന്നിധിയിൽ അലി (ﷺ) അദ്ദേഹത്തെ എത്തിച്ചു. വാക്കുകൾ ശ്രദ്ധിച്ചു. അവിടെവെച്ചുതന്നെ ഇസ്‌ലാമാശ്ലേഷിച്ചു. നബി(ﷺ) അദ്ദേ

ഹത്തോട് പറഞ്ഞു: "എന്റെ നിർദേശം കിട്ടുന്നതുവരെ നീ നിൻെറ ജനതയിലേക്ക് മടങ്ങി (ഈ സത്യസന്ദേശം അവരെ അറിയിക്കുക". അദ്ദേഹം പറഞ്ഞു: "എൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം. ഈ സത്യം ഞാൻ മക്കക്കാരുടെ മധ്യത്തിൽവെച്ച് ഉറക്കെ വിളിച്ചുപറയും". അങ്ങനെയദ്ദേഹം പള്ളിയിലെത്തി അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു: "അല്ലാഹു അല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ലെന്നും മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു" ഇതുകേട്ട ജനം രോഷാകുലരായി ഇളകിമറിഞ്ഞു. അവർ അദ്ദേഹത്തെ അടിച്ചുവീഴ്ത്തി (സ്വഹീഹു മുസ്‌ലിമിൽനിന്ന് സംക്ഷിപ്തമായുദ്ധരിച്ചത്- മുസ്‌ലിം 8:268).

**2. വഫ്ദു അബ്ദുൽ ഖൈസ് (അബ്ദുൽ ഖൈസിൻെറ സംഘം)**

അബ്ദുൽ ഖൈസിൻെറ സംഘം നബിയുടെ അടുക്കലെത്തി. "ഞങ്ങൾ വിദൂരത്തുനിന്ന് വരികയാണ്. എപ്പോഴും ഞങ്ങൾക്ക് ഇവിടെ എത്താൻ കഴിയില്ല. അതിനാൽ ഞങ്ങളുടെ ആൾക്കാരെ അറിയിച്ചുകൊടുത്ത് അത് മുഖേന ഞങ്ങൾക്ക് സ്വർഗപ്രവേശനത്തിന് സാധ്യമായ ഒരു സംഗതി ഞങ്ങൾക്ക് പറഞ്ഞുതരൂ" എന്ന് ആവശ്യപ്പെട്ടപ്പോൾ നാല് കാര്യങ്ങൾ നബി(ﷺ) അവരോട് കൽപിക്കുകയും നാല് കാര്യങ്ങൾ വിരോധിക്കുകയുംചെയ്തു. എന്നിട്ട് പറഞ്ഞു: "ഇത് നിങ്ങൾ മനസ്സിരുത്തുകയും മറ്റുള്ളവർക്ക് അറിയിച്ചുകൊടുക്കുകയും ചെയ്യുക" (ബുഖാരി, മുസ്‌ലിം).

**3. ളിമാമിൻെറ ആഗമനം**

ഇബ്നു അബ്ബാസ് (رضي الله عنه)പറയുന്നു: ബനൂ സഅദ് വംശം ളിമാമ്ബ്നു ഥഅ്ലബയെ നബി തിരുമേനിയുടെ അടുക്കലേക്കയച്ചു. നബി (ﷺ) സ്വഹാബത്തിനോടൊപ്പം പള്ളിയിലിരിക്കെ അദ്ദേഹം പള്ളിയിലേക്ക് കയറിച്ചെന്ന് ഇസ്‌ലാമിനെക്കുറിച്ച് അന്വേഷിച്ചു; അധികം താമസിയാതെ ശഹാദത്ത് കലിമ ഉച്ചരിച്ച് മുസ്‌ലിമായി മാറി. അങ്ങനെ തൻെറ ഒട്ടകപ്പുറത്ത് കയറി തൻെറ ജനങ്ങളുടെ അടുക്കലെത്തി. അവർ അദ്ദേഹത്തിന് ചുറ്റും കൂടി. ആദ്യമായി അദ്ദേഹം പറഞ്ഞു: "ലാത്തയും ഉസ്സയുമൊന്നും ദിവ്യത്വത്തിനർഹരല്ല" ആളുകൾ പറഞ്ഞു: "അരുത് ളിമാമാ! മാറാവ്യാധികൾ പിടിപെടുന്നത് നീ സൂക്ഷിക്കുക! കുഷ്ഠവും വെള്ളപ്പാണ്ടും ഭ്രാന്തും ഉണ്ടാകും!" അദ്ദേഹം പറഞ്ഞു: "നിങ്ങൾക്ക് നാശം! നിശ്ചയം ലാത്തയോ ഉസ്സയോ ഉപകാരമോ ഉപദ്രവമോ വരുത്തുകയില്ല. അല്ലാഹു ദൂതനെ

അയക്കുകയും ഗ്രന്ഥം അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവ മുഖേന അവൻ നിങ്ങളെ വഴികേടിൽനിന്ന് രക്ഷപ്പെടുത്തും. നിശ്ച യം അല്ലാഹുവല്ലാതെ ആരാധനക്ക ർഹൻ മറ്റാരുമില്ലെന്നും മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു" (വിശദ വിവരത്തിന് ഇബ്നുഹിശാമിൻെറ സീറത്തുന്നബവിയ്യ 4: പേജ് 219, 220 നോക്കുക).

**4. ഉർവത്ത്ബ്നു മസ്ഊദുസ്സഖഫി**

ഉർവത്തുബ്നു മസ്ഊദ് പ്രവാചക സന്നിധിയിലെത്തി. ഇസ്ലാ മാശ്ലേഷിച്ചു. ഇസ്ലാമിൻെറ സന്ദേശവുമായി സ്വജനതയിലേക്ക് മട ങ്ങുന്നതിനെക്കുറിച്ച് അദ്ദേഹം നബി(ﷺ)യോട് ചോദിച്ചു.

നബി(ﷺ) പറഞ്ഞു: "അവർ നിന്നെ കൊന്നുകളയും".

ഉർവ പറഞ്ഞു: "നബിയേ, ഞാനവർക്ക് ഏറെ പ്രിയങ്കരനാണ്". അദ്ദേഹം അവരിൽ അനുസരിക്കപ്പെടുന്നവനും പ്രിയങ്കരനും തന്നെ യായിരുന്നു. അങ്ങനെ അവർക്കിടയിലുള്ള തൻെറ സ്ഥാനമാനങ്ങൾ നിമിത്തം അവർ തന്നെ എതിർക്കില്ലായെന്ന ധാരണയിൽ അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്നതിനായി അദ്ദേഹം പുറപ്പെട്ടു. അവിടെ യെത്തി അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുകയും തൻെറ ഇസ്ലാ മാശ്ലേഷം പ്രഖ്യാപിക്കുകയും ചെയ്തു. അധികം വൈകിയില്ല നാല് ഭാഗത്തുനിന്നും അവർ അദ്ദേഹത്തെ അമ്പെയ്ത് കൊലപ്പെടുത്തി. (ഇബ്നു ഹിശാമിൻെറ സീറ: 4: 182 പേജിൽ നിന്ന്).

ഇദ്ദേഹം ഹുദൈബിയാ സന്ധിയിൽ മക്കാമുശ്രിക്കുകളുടെ ദൂത നായി നബി (ﷺ) യോട് സംസാരിച്ച വ്യക്തികളിൽ ഒരാളാണ്. (മു ബാറക്പൂരിയുടെ അർറഹീഖുൽ മഖ്തൂം). അതിനുശേഷമാണ് അദ്ദേഹം ഇസ്ലാം സ്വീകരിച്ചത്. അതായത്, തികഞ്ഞ പണ്ഡിതന്മാ രായ മറ്റു സ്വഹാബികളുണ്ടായിരിക്കെ തന്നെയാണ് ഉർവ ദഅ്വത്തു മായി സ്വജനതയിലേക്ക് ചെന്നത്.

**5. രിഫാഅത്ത്ബ്നു സൈദ് അൽ ജുദാമി**

രിഫാഅഃ ഖൈബറിന് മുമ്പായി -ഹുദൈബിയാ കാലഘട്ടത്തിൽ പ്രവാചക സന്നിധിയിലെത്തി ഇസ്ലാമാശ്ലേഷിച്ചു. നബി(ﷺ) രിഫാ അഃയുടെ ജനങ്ങളിലേക്കായി ഒരു കത്ത് അദ്ദേഹത്തെ ഏൽപിച്ചു. അതിൽ ഇങ്ങനെ പറയുന്നു: "പരമകാരുണികനായ അല്ലാഹുവിൻ്റെ നാമത്തിൽ. ഞാൻ രിഫാഅഃയെ തൻെറ ജനങ്ങളിലേക്കാകമാനം

അയക്കുകയാണ്. അല്ലാഹുവിലേക്കും അവൻെറ ദൂതനിലേക്കും ക്ഷണിക്കുന്നതിന് വേണ്ടി. ആർ ആ ക്ഷണം സ്വീകരിക്കുന്നുവോ അവർ അല്ലാഹുവിന്റെയും അവൻെറ റസൂലിൻെറയും കക്ഷിയിലായി. ആരെങ്കിലും പിൻമാറുന്നെങ്കിൽ അവന് രണ്ട് മാസത്തെ അവധിയുണ്ട്. രിഫാഅഃ അവരുടെ അടുക്കലെത്തിയപ്പോൾ അവർ ഒന്നടങ്കം ഇസ്ലാമാശ്ലേഷിച്ചു. (ഇബ്നു ഹിശാമിൻെറ സീറത്തുന്നബവിയ്യ 4: 243 പേജ്).

### 6. മാലിക്ബ്നുൽ ഹുവൈരിസ്

ഞാൻ എൻെറ ജനങ്ങളിലെ ഒരു സംഘത്തോടൊപ്പം നബിയുടെ അടുക്കലെത്തി. ഇരുപത് ദിവസം നബി (ﷺ)യോടൊപ്പം ഞങ്ങൾ കഴിച്ചുകൂട്ടി. അദ്ദേഹം വളരെ കരുണയും വാത്സല്യവുമുള്ളവനായിരുന്നു. വീട്ടുകാരിലേക്ക് മടങ്ങാനുള്ള ഞങ്ങളുടെ ആഗ്രഹം കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: "നിങ്ങൾ പോയിക്കൊള്ളുക. അവരോടൊപ്പം നിന്ന് അവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുക. നിങ്ങൾ നമസ്കാരം നിർവഹിക്കുക. നമസ്കാര സമയമായാൽ നിങ്ങളിലൊരാൾ ബാങ്ക് വിളിക്കണം. നിങ്ങളിൽ വലിയവൻ ഇമാമായി നിൽക്കുകയും ചെയ്യട്ടെ!" (ബുഖാരി, ഹദീഥ് നമ്പർ: 628).

### 7. ത്വുഫൈലുബ്നു അംറ് അദ്ദൗസി

തുഫൈൽ ഒരു കവിയും ജനങ്ങൾക്കിടയിൽ സ്ഥാനമുള്ളയാളുമായിരുന്നു. മക്കയിലെ ഖുറൈശികൾ മുഹമ്മദിനെക്കുറിച്ചും മുഹമ്മദിൻെറ മാസ്മരിക വചനങ്ങളെക്കുറിച്ചും തുഫൈലിന് മുന്നറിയിപ്പ് നൽകി. സൂക്ഷിച്ചില്ലെങ്കിൽ പെട്ടുപോകുമെന്നുണർത്തി. തുഫൈൽ പറയുന്നു: "ഞാൻ ആ വലയത്തിൽപെട്ടുപോകുമോ എന്ന് ഭയന്ന് ചെവിപൊത്തിക്കൊണ്ടായിരുന്നു കഅ്ബയുടെ അടുത്തെത്താറ്. ഒരിക്കൽ ഞാൻ പള്ളിയിലെത്തുമ്പോൾ നബി(ﷺ) അവിടെ നിൽക്കുന്നു. ഞാൻ അദ്ദേഹത്തിൻെറ വാക്കുകൾ കേൾക്കണമെന്നായിരുന്നു ദൈവനിശ്ചയം. അങ്ങനെ ഞാൻ ആത്മഗതം ചെയ്തു. "ഞാനൊരു കാര്യബോധമുള്ള ആളാണല്ലോ. നെല്ലും പതിരും വേർതിരിക്കാൻ എന്തിന് പ്രയാസപ്പെടുന്നു? എന്താണെങ്കിലും അദ്ദേഹം പറയുന്നത് ഒന്ന് കേട്ടുനോക്കാം. നല്ലതെങ്കിൽ സ്വീകരിക്കാം. അല്ലെങ്കിൽ തള്ളാം"

അങ്ങനെ തുഫൈൽ വാക്കുകൾ ശ്രദ്ധിച്ചു. ഇതുവരെ കേട്ടിട്ടില്ലാത്ത അതിമനോഹരമായ പലതും കേൾക്കുകയായിരുന്നു. സംസാര

ശേഷം നബിയെ അനുഗമിച്ച തുഫൈൽ ഖുറൈശികളുടെ താക്കീതിനെക്കുറിച്ച് പറഞ്ഞു. പക്ഷേ, അല്ലാഹുവാണ് തന്നെ ഇവിടെ എത്തിച്ചതെന്നും താങ്കൾ പറയുന്നതാണ് സത്യമെന്ന് എനിക്ക് ദൃഢ ബോധ്യമുണ്ട് എന്നും അതിനാൽ ഇസ്‌ലാമിനെക്കുറിച്ച് എനിക്ക് പറഞ്ഞു തരൂവെന്നും തുഫൈൽ നബി(ﷺ)യോട് ആവശ്യപ്പെട്ടു. താമസിയാതെ തുഫൈൽ ഇസ്‌ലാമാശ്ലേഷിച്ചു. ശേഷം പറഞ്ഞു: "ഞാൻ ഔസുകാരുടെ അടുക്കലേക്ക് പോവുകയാണ്. അവർ എന്നെ അനുസരിക്കും. ഞാനവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കട്ടെ, അല്ലാഹു അവരെ സന്മാർഗത്തിലേക്ക് നയിച്ചെങ്കിലോ? നബിയേ, താങ്കൾ എനിക്കു വേണ്ടി പ്രാർഥിക്കണം" നബി(ﷺ) അദ്ദേഹത്തിന് വേണ്ടി പ്രാർഥിച്ചു. അങ്ങനെ തുഫൈൽ ദഅ്‌വത്തിനുവേണ്ടി യാത്രയായി..... (വിശദ വിവരത്തിന് ഇമാം ദഹബിയുടെ `സിയറുഅഅ്‌ലാമിന്നുബലാഅ്: 1: 344, 345 പേജ് നോക്കുക).

**പണ്ഡിതന്മാർ പറയുന്നു**

സഊദി അറേബ്യയിലെ ശൈഖ് ഇബ്നുബാസിൻെറ നേതൃത്വത്തിലുണ്ടായിരുന്ന ഫത്‌വാ ബോർഡിൻെറ ഫത്‌വാ സമാഹാരത്തിൽ പറയുന്നു:

ينبغي أن يكون الداعي إلى الله عالما بما يأمر به وبما ينهى عنه, فقد يكون عنده حرص على الخير ورغبة ومحبة لنفع الناس ولكن يكون عنده جهل فيحرم الحلال ويحلل الحرام ويظن أنه على هدى (فتاوى اللجنة الدائمة للبحث العلمية والإفتاء : ج : ٢, ص: ٢٣)

"അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന പ്രബോധകൻ താൻ കൽപിക്കുന്ന നന്മയെക്കുറിച്ചും വിലക്കുന്ന തിന്മയെക്കുറിച്ചും അറിവുള്ളവനായിരിക്കണം. അജ്ഞതയാണ് മുതൽക്കൂട്ടെങ്കിൽ നിഷിദ്ധം അനുവദനീയമെന്നും അനുവദനീയം നിഷിദ്ധമെന്നും പറഞ്ഞു പോയേക്കും. സത്യത്തിലാണ് താനെന്ന് അയാൾ കരുതുകയും ചെയ്യും" (ഫതാവാ ലജ്നത്തുദ്ദാഇമ: 2:23).

ശൈഖ് സ്വാലിഹ് അൽ ഉഥൈമീൻ (3:104, 16:125, 3:104,105 ഉദ്ധരിച്ചുകൊണ്ട്) പറയുന്നു:

فهذه الآيات و أمثالها كلها تدل على أن الإنسان ينبغي له أن يكون داع يا إلى الله, ولكن لا يمكن أن تتم الدعوة إلا بعلم الإنســان بــما يدعو إليه, لأن الجاهل قد يدعوا إلى شيء يظنه حقا و هو باطل, وقد ينهى عن شيء يظنه باطلا و هو حق, فلا بد من العلم أو لا فيتعلم الإنســان ما يدعو إليه...... يعني ليس بشرط أن يكون الإنسان عالما متبحرا في كل شيء (شرح رياض الصالحين للعثيمن : ج: ١ , ص: ٦٢٥)

"ഇതും ഇതുപോലുള്ള സൂക്തങ്ങളും മനുഷ്യൻ അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന പ്രബോധകനാകേണ്ടതിൻെറ അനിവാര്യതയാണ് അറിയിക്കുന്നത്. പക്ഷേ, എന്തിലേക്കാണോ ക്ഷണിക്കുന്നത് അതിനെക്കുറിച്ചുള്ള അറിവില്ലാതെ ദഅ്‌വത്ത് പൂർണമാകില്ല. കാരണം വിവരമില്ലാത്തവൻ സത്യമാണെന്ന് ധരിച്ച് ക്ഷണിക്കുന്ന സംഗതി ഒരുപക്ഷേ, നിരർഥകമായിരിക്കും. ചിലപ്പോൾ തിന്മയാണെന്ന് കരുതി വിലക്കുന്നത് നന്മയായിരിക്കുകയും ചെയ്യും. അതിനാൽ എന്തിലേക്കാണോ ക്ഷണിക്കുന്നത് അതിനെക്കുറിച്ച് പഠിച്ച് ആദ്യമായി അറിവ് നേടൽ അനിവാര്യമാണ്" (ശറഹു രിയാളിസ്സ്വാലിഹീൻ. പേജ്: 625).

താൻ എന്തിലേക്കാണോ ക്ഷണിക്കുന്നത്, അതിനെക്കുറിച്ച് കൃത്യവും വ്യക്തവും പ്രമാണബദ്ധവുമായ അറിവുള്ളവനായിരിക്കണം പ്രബോധകനെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ മഹാപണ്ഡിതന്മാർ മാത്രമെ ദഷ്‌വത്ത് നടത്തേണ്ടതുള്ളൂവെന്ന് ഇതിനർത്ഥമില്ല. ദഅ്‌വത്ത് നടത്തുവാൻ എല്ലാ വിഷയത്തിലും സമുദ്രസമാനമായ വിജ്ഞാനമുള്ളവനായിരിക്കണം എന്ന നിബന്ധനയില്ല?

ഇത്രയും വിവരിച്ചതിൽനിന്ന് താഴെ പറയുന്ന കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം.

1. ദഅ്‌വത്ത് നബിമാരുടെ ദൗത്യത്തിൽപെട്ടതായിരുന്നു.

2 നബിക്ക് മാത്രമല്ല, ദഅ്‌വത്ത്, നബിയെ പിൻപറ്റുന്നവരും അത് ചെയ്യണം.

3. പറയുന്ന കാര്യങ്ങളിൽ ബസ്വീറത്ത്(ദൃഢബോധം) ഉണ്ടായിരിക്കണം.

4.. അല്ലാഹുവിലേക്ക് അഥവാ അവന്റെ ആദർശത്തിലേക്കായിരിക്കണം ക്ഷണിക്കേണ്ടത്. മറിച്ച് വ്യക്തികളിലേക്കോ മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളിലേക്കോ അല്ല.

5. തെറ്റായ ആദർശം സ്വീകരിക്കുവാനോ പ്രചരിപ്പിക്കാനോ പാടില്ല.

6. സത്യം കൈക്കൊള്ളാൻ പരസ്പരം ഉപദേശിക്കാത്തവർക്ക് നാശത്തെക്കുറിച്ച് ഖുർആൻ മുന്നറിയിപ്പ് നൽകുന്നു.

7. സദാചാരം കൽപിക്കലും ദുരാചാരം വിരോധിക്കലും വിശ്വാസികളുടെ ഉൽകൃഷ്ട സ്വഭാവമാണ്.

8. നബിമാർക്ക് മാത്രമെ ദഅ്വത്ത് ബാധ്യതയുള്ളൂ എന്നത് ഖുർആനിന് വിരുദ്ധമായ വാദമാണ്.

9. പറയുന്ന വിഷയത്തിൽ ദൃഢബോധ്യത്തോടെയുള്ള അറിവുണ്ടായാൽ മതി. എല്ലാം സൂക്ഷ്മമായി പഠിച്ച പണ്ഡിതനായാലേ ദാഈ (പ്രബോധകൻ) ആകാൻ പറ്റൂ എന്നത് ശരിയല്ല. ഇത്തരമൊരു ഉപാധി ഖുർആനോ സുന്നത്തോ സലഫുകളോ പറഞ്ഞിട്ടില്ല.

10. ദഅ്വത്തിനായുള്ള ഖുർആനിൻെറയും സുന്നത്തിന്റെയും കൽപന മൊത്തത്തിലാണ്. അത് ഒരു പ്രത്യേക വിഭാഗത്തിനായി പരിമിതപ്പെടുത്തിയിട്ടില്ല.

11. ഓരോരുത്തരും തൻെറ കഴിവും സ്വാധീനവുമുപയോഗിച്ച് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും വേണം.

12. തിന്മകളെ ഹൃദയംകൊണ്ട് വെറുക്കൽ ഏത് ദുർബല മുസ്ലിമിനും സാധിക്കും.

13. അക്രമിയുടെ കൈക്ക് പിടിച്ച് തിന്മ തടഞ്ഞില്ലെങ്കിൽ അല്ലാഹു ശിക്ഷയിറക്കും. ദുആക്ക് ഉത്തരം കിട്ടാതെവരും.

14. പ്രാർഥനക്ക് ഉത്തരം കിട്ടാനും റബ്ബിൻെറ അനുഗ്രഹവും സഹായവും നേടാനും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും വേണം.

15. എല്ലാം അറിഞ്ഞശേഷമെ മറ്റുള്ളവരിലേക്ക് സന്ദേശമെത്തിക്കൂ എന്ന് വാശിപിടിക്കുന്നത് ശരിയല്ല. അറിഞ്ഞ സംഗതി- അതൊരായത്താണെങ്കിൽപോലും- മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയാണ് വേണ്ടത്.

16. നബി(ﷺ)യുടെ അനുമതിയോടെ തന്നെ, ഇസ്ലാം ആശ്ലേഷി

ച്ചയുടനെ സ്വഹാബത്ത് സ്വജനങ്ങളിലേക്കായി ദഅ്‌വത്തിന് മടങ്ങിയിരുന്നു.

17. അവരുടെ ദഅ്‌വത്ത് മുഖേന നിരവധിയാളുകൾ ഇസ്‌ലാമിലേക്ക് ഒഴുകുകയുണ്ടായി.

18. പ്രബോധകൻ അറിവുള്ളവനായിരിക്കണം എന്ന് പറയുമ്പോൾ എല്ലാ വിഷയത്തിലും തികഞ്ഞ അറിവുള്ള പണ്ഡിതനാകണം എന്നല്ല; മറിച്ച്, പറയുന്ന വിഷയത്തിൽ കൃത്യമായ അറിവുണ്ടായിരിക്കണം എന്നേ വിവക്ഷിക്കുന്നുള്ളൂ.

# നാല്

# എന്തിനാണ് ദഅ്‌വത്ത്?

തിന്മയുടെ അന്ധകാരത്തിൽനിന്ന് ജനങ്ങളെ നന്മയുടെ വെളിച്ചത്തിലേക്ക് നയിക്കുക എന്നതായിരിക്കണം ദഅ്‌വത്തിൻെറ ലക്ഷ്യം. സത്യം അറിയിച്ചുകൊടുക്കുകയും അത് സ്വീകരിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും വേണം. നരകശിക്ഷയിൽനിന്നും അല്ലാഹുവിന്റെ കോപത്തിൽനിന്നും രക്ഷപ്പെടാനും സ്വർഗീയ ജീവിതം കരഗതമാക്കി റബ്ബിൻെറ തൃപ്തിനേടാനും ആ വെളിച്ചം സ്വീകരിക്കുക മാത്രമെ വഴിയുള്ളൂവെന്നും സ്വന്തം മനസ്സിനെയും പ്രബോധിതനെയും ഒരുപോലെ ബോധ്യപ്പെടുത്താൻ പ്രബോധകന് സാധിക്കേണ്ടതുണ്ട്. ഖുർആൻ അവതരിപ്പിക്കപ്പെട്ടതിന്റെ ലക്ഷ്യമായി അല്ലാഹു പറയുന്നു:

الٓر ۚ كِتَـٰبٌ أَنزَلْنَـٰهُ إِلَيْكَ لِتُخْرِجَ ٱلنَّاسَ مِنَ ٱلظُّلُمَـٰتِ
إِلَى ٱلنُّورِ بِإِذْنِ رَبِّهِمْ إِلَىٰ صِرَٰطِ ٱلْعَزِيزِ ٱلْحَمِيدِ

"അലിഫ് ലാം റാ, മനുഷ്യരെ അവരുടെ രക്ഷിതാവിന്റെ അനുമതിപ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ട് വരാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത് പ്രതാപിയും സ്തുത്യർഹനുമായിട്ടുള്ളവന്റെ മാർഗത്തിലേക്ക്"(14:1)

ٱللَّهُ وَلِىُّ ٱلَّذِينَ ءَامَنُوا۟ يُخْرِجُهُم مِّنَ ٱلظُّلُمَـٰتِ إِلَى ٱلنُّورِ

وَٱلَّذِينَ كَفَرُوٓاْ أَوۡلِيَآؤُهُمُ ٱلطَّٰغُوتُ يُخۡرِجُونَهُم مِّنَ ٱلنُّورِ إِلَى ٱلظُّلُمَٰتِ

"വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. എന്നാൽ സത്യനിഷേധികളുടെ രക്ഷാധികാരികൾ ദുർമൂർത്തികളാകുന്നു. വെളിച്ചത്തിൽനിന്ന് ഇരുട്ടുകളിലേക്കാണ് ആ ദുർമൂർത്തികൾ അവരെ നയിക്കുന്നത്..."(2: 257)

പിശാചിൻെറ കെണികളിൽനിന്നും കുതന്ത്രങ്ങളിൽനിന്നും ദേഹേച്ഛകളുടെ ആധിപത്യത്തിൽനിന്നും മനുഷ്യനെ മോചിപ്പിച്ച് അല്ലാഹുവിന് വഴിപ്പെട്ട് പ്രവാചകപാതയിലൂടെ ശാന്തിയുടെയും സമാധാനത്തിൻെറയും ശാശ്വതഭവനത്തിലേക്ക് അവരെ നയിക്കലായിരിക്കണം പ്രബോധനത്തിലൂടെ പ്രധാനമായും ഉദ്ദേശിക്കേണ്ടത്.

**ദഅ്‌വത്ത് എങ്ങനെ നിർവഹിക്കണം?**

ٱدۡعُ إِلَىٰ سَبِيلِ رَبِّكَ بِٱلۡحِكۡمَةِ وَٱلۡمَوۡعِظَةِ ٱلۡحَسَنَةِۖ وَجَٰدِلۡهُم بِٱلَّتِي هِيَ أَحۡسَنُ

"യുക്തിദീക്ഷയോടുകൂടിയും സദുപദേശംമുഖേനയും നിൻെറ രക്ഷിതാവിൻെറ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ലരീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക...." (16:125)

الحكمة والمراد بها الادلة المقنعة الواضحة الكاشفة للحق, والداحضة للباطل. ( الدعوة إلى الله وأخلاق الدعاة للشيخ عبد العزيز عبد الله بن باز : ص : ٢٥)

ശൈഖ് ഇബ്നുബാസ് പറയുന്നു: "ഹിക്മത്ത് കൊണ്ടുള്ള വിവക്ഷ സത്യം വെളിപ്പെടുത്തുകയും അസത്യത്തെ തകർക്കുകയും ചെയ്യുന്ന സുവ്യക്തമായ തെളിവുകളാണ്" (അദ്ദഅ്‌വതു ഇലല്ലാഹി, പേജ്:25).

ഇതിൽ ഖുർആനും സുന്നത്തും ഒന്നാമതായി വരുന്നു. ഇബ്നു

ബാസ് തുടരുന്നു:

فالحكمة كلمة تمنع من سمعها من المضي في الباطل, وتدعوه إلى الأخذ بالحق والتأثر به, والوقوف عند الحد الذي حده الله عز وجل.

( الدعوة إلى الله وأخلاق الدعاة للشيخ عبد العزيز عبد الله بن باز ص : ٢٧)

"നിരർഥകമായ സർവതിൽനിന്നും തടയുന്നതും സത്യമുൾക്കൊള്ളാനും അല്ലാഹു നിർണയിച്ച പരിധിയിൽനിൽക്കാനും പ്രേരിപ്പിക്കുന്നതുമായ ഏത് വാക്കും 'ഹിക്മത്ത്' എന്ന പദത്തിൻെറ പരിധിയിൽവരും" (അതേപുസ്തകം, പേ: 27).

പ്രബോധിതനെ അടുത്തറിഞ്ഞ് നല്ല രീതിയിലായിരിക്കണം പ്രബോധകൻ പ്രവർത്തിക്കേണ്ടത്. പരുക്കൻ സ്വഭാവമുള്ളവരോ ഒറ്റയടിക്ക് ഉപദേശം സ്വീകരിക്കാത്തവരോ ആയിരുന്നാൽപോലും മാന്യമായ രീതിയിൽ സംസാരിക്കാനും ചർച്ച ചെയ്യാനും വൈകല്യങ്ങളും വീഴ്ചകളും സൗമ്യമായി തിരുത്താനും പ്രബോധകന് സാധിക്കേണ്ടതുണ്ട്. ഫിർഔനിൻെറ അടുക്കലേക്ക് പോയ മൂസാനബിയോടും ഹാറൂൻ നബിയോടും അല്ലാഹു പറഞ്ഞത് കാണുക:

فَقُولَا لَهُۥ قَوۡلٗا لَّيِّنٗا لَّعَلَّهُۥ يَتَذَكَّرُ أَوۡ يَخۡشَىٰ

"എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരുവേള ചിന്തിച്ചു മനസ്സിലാക്കിയേക്കാം..." (20:44).

മുഹമ്മദ്നബി(ﷺ)യെക്കുറിച്ച് ഖുർആൻ പറഞ്ഞതും ശ്രദ്ധേയമാണ്:

فَبِمَا رَحۡمَةٖ مِّنَ ٱللَّهِ لِنتَ لَهُمۡۖ وَلَوۡ كُنتَ فَظًّا غَلِيظَ ٱلۡقَلۡبِ لَٱنفَضُّواْ مِنۡ حَوۡلِكَۖ فَٱعۡفُ عَنۡهُمۡ وَٱسۡتَغۡفِرۡ لَهُمۡ

"(നബിയേ), അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യംകൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ നിൻെറ ചുറ്റിൽനിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്കു മാപ്പു

കൊടുക്കുകയും അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുക..." (3:159).

വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലും യുക്തിഭദ്രമായ ശൈലിയിലുമായിരിക്കണം പ്രബോധനം നടത്തേണ്ടത്. പ്രതികാരാത്മകമോ പ്രകോപനപരമോ ആയ ശൈലികൾ ഒഴിവാക്കുകയാണ് വേണ്ടത്. എന്നാൽ പ്രബോധിതൻ അതിക്രമത്തിന്റെപാത സ്വീകരിക്കുകയാണെങ്കിൽ കാർക്കശ്യത്തോടെ പ്രതികരിക്കാൻ പ്രബോധകന് ഇസ്‌ലാം അവസരം നൽകുന്നുണ്ട്:

يَٰٓأَيُّهَا ٱلنَّبِيُّ جَٰهِدِ ٱلْكُفَّارَ وَٱلْمُنَٰفِقِينَ وَٱغْلُظْ عَلَيْهِمْ ۚ وَمَأْوَىٰهُمْ جَهَنَّمُ

"ഓ, നബിയേ! സത്യനിഷേധികളോടും കപടവിശ്വാസികളോടും നീ സമരം ചെയ്യുകയും അവരോട് പരുഷമായി പെരുമാറുകയും ചെയ്യുക. അവരുടെ സങ്കേതം നരകമാകുന്നു....." (66:9).

وَلَا تُجَٰدِلُوٓا۟ أَهْلَ ٱلْكِتَٰبِ إِلَّا بِٱلَّتِى هِىَ أَحْسَنُ إِلَّا ٱلَّذِينَ ظَلَمُوا۟ مِنْهُمْ ۖ وَقُولُوٓا۟ ءَامَنَّا بِٱلَّذِىٓ أُنزِلَ إِلَيْنَا وَأُنزِلَ إِلَيْكُمْ وَإِلَٰهُنَا وَإِلَٰهُكُمْ وَٰحِدٌ وَنَحْنُ لَهُۥ مُسْلِمُونَ

"വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്- അവരിൽനിന്ന് അക്രമം പ്രവർത്തിച്ചവരോടൊഴികെ. നിങ്ങൾ (അവരോട്) പറയുക: ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒരുവനാകുന്നു. ഞങ്ങൾ അവന്ന് കീഴ്പെട്ടവരുമാകുന്നു" ( 29:46).

**ബലാൽക്കാരമില്ല:**

സത്യം വ്യക്തമാക്കി അതിലേക്ക് ക്ഷണിക്കുകയും തിന്മയുടെ അപകടം ബോധ്യപ്പെടുത്തി അതിൽ നിന്ന് പ്രബോധിതരെ പിന്തിരിപ്പിക്കുകയുമല്ലാതെ നിർബന്ധ മതപരിവർത്തനമോ ബലാൽക്കാരമോ ദഅ്‌വത്തിൽ ആവശ്യമില്ലെന്ന് ഖുർആൻ ഉണർത്തുന്നു.

لَآ إِكْرَاهَ فِى ٱلدِّينِ ۖ قَد تَّبَيَّنَ ٱلرُّشْدُ مِنَ ٱلْغَىِّ ۚ فَمَن يَكْفُرْ بِٱلطَّـٰغُوتِ وَيُؤْمِنۢ بِٱللَّهِ فَقَدِ ٱسْتَمْسَكَ بِٱلْعُرْوَةِ ٱلْوُثْقَىٰ لَا ٱنفِصَامَ لَهَا ۗ وَٱللَّهُ سَمِيعٌ عَلِيمٌ

"മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സന്മാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞുകഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതെരാൾ ദ!ർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപോകുകയേയില്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു." (2:256)

وَقُلِ ٱلْحَقُّ مِن رَّبِّكُمْ ۖ فَمَن شَآءَ فَلْيُؤْمِن وَمَن شَآءَ فَلْيَكْفُرْ ۚ إِنَّآ أَعْتَدْنَا لِلظَّـٰلِمِينَ نَارًا أَحَاطَ بِهِمْ سُرَادِقُهَا

"പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ. അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കിവെച്ചിട്ടുണ്ട്.. അതിന്റെ 'കൂടാരം' അവരെ വലയം ചെയ്തിരിക്കുന്നു."(18:29)

وَلَوْ شَآءَ رَبُّكَ لَءَامَنَ مَن فِى ٱلْأَرْضِ كُلُّهُمْ جَمِيعًا ۚ أَفَأَنتَ تُكْرِهُ ٱلنَّاسَ حَتَّىٰ يَكُونُوا۟ مُؤْمِنِينَ

"നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയുലുള്ളവരെല്ലാം ഒന്നിച്ച് വിശ്വസിക്കുമായിരുന്നു എന്നിരിക്കെ ജനങ്ങൾ സത്യവിശ്വാസികളാകുവാൻ നീ അവരെ നിർബന്ധിക്കുകയോ?"(10:99)

പ്രവാചകന്മാർക്കും പ്രബോധകർക്കും സന്ദേശമെത്തിക്കലല്ലാതെ അത് ആരുടെ മേലും അടിച്ചേൽപ്പിക്കേണ്ട ബാധ്യതയില്ല. അല്ലാഹു പറയുന്നു:

فَإِن تَوَلَّوْا۟ فَإِنَّمَا عَلَيْكَ ٱلْبَلَـٰغُ ٱلْمُبِينُ

"ഇനി അവർ തിരിഞ്ഞു കളയുന്ന പക്ഷം നിനക്കുള്ള ബാധ്യത (കാര്യങ്ങൾ) വ്യക്തമാക്കുന്ന പ്രബോധനം മാത്രമാകുന്നു"(16:82)

فَذَكِّرۡ إِنَّمَآ أَنتَ مُذَكِّرٞ ۝ لَّسۡتَ عَلَيۡهِم بِمُصَيۡطِرٍ

"അതിനാൽ (നബിയെ) നീ ഉൽബോധിപ്പിക്കുക. നീ ഒരുഉൽബോധകൻ മാത്രമാകുന്നു. നീ അവരുടെ മോൽ അധികാരം ചെലുത്തേണ്ടവനല്ല"(88:21-22)

**ഇസ്‌ലാമിക ഭരണം**

സത്യത്തിനും നീതിക്കും വില കൽപിക്കുന്ന, മർദ്ദിതന്റെ അവകാശങ്ങൾ നേടിക്കൊടുക്കുന്ന, മർദ്ദകന്റെ കൈക്ക് പിടിക്കുന്ന, ശാന്തിയും സമാധാനവും കളിയാടുന്ന ഇസ്‌ലാമിക ഭരണം മുസ്‌ലിംകൾ മാത്രമല്ല അമുസ്‌ലിംകളും കൊതിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ രണ്ടാം ഖലീഫയായ നീതിമാനായ ഉമറിന്റെ ഭരണമാണ് എനിക്കേറ്റവും ഇഷ്ടമെന്ന് മഹാത്മജി പറഞ്ഞത് ഇതിനൊരു ഉദാഹരണം മാത്രമാണ്. എന്നാൽ ഇസ്‌ലാമിന്റെ പേരുപറഞ്ഞ് മതരാഷ്ട്രം ആത്യന്തിക ലക്ഷ്യമായി കണ്ട് അത് സ്ഥാപിക്കാൻ പാടുപെടുന്ന ചിലരുണ്ട്. ഹാകിമിയ്യത്തുല്ലാഹ്, ഹുകുമത്തെ ഇലാഹി തുടങ്ങിയ നവീന ആശയങ്ങളുമായി മുസ്‌ലിം യുവതയെ ഇസ്‌ലാമിനന്യമായ ഭീകരവാദത്തിലേക്കും തീവ്രവാദത്തിലേക്കും നയിക്കുന്നവർ ഇത് പ്രവാചകന്റെ പാതയാണോ എന്ന് ആത്മാർഥമായി പരിശോധിക്കേണ്ടതുണ്ട്. ഇസ്‌ലാമിക ഭരണം ആഗ്രഹിക്കുന്നുവെങ്കിൽ, അത് മുഹമ്മദ് നബിക്ക് നേടാൻ കഴിഞ്ഞതെങ്ങനെയെന്നും പ്രവാചകന്റെ മാതൃകയെന്ത് എന്നും പരിശോധിക്കേണ്ടതുണ്ട്. ഖുർആൻ പറയുന്നു:

لَّقَدۡ كَانَ لَكُمۡ فِي رَسُولِ ٱللَّهِ أُسۡوَةٌ حَسَنَةٞ لِّمَن كَانَ يَرۡجُواْ
ٱللَّهَ وَٱلۡيَوۡمَ ٱلۡأٓخِرَ وَذَكَرَ ٱللَّهَ كَثِيرٗا

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്" (വി.ഖു. 33:21)

എന്തുകൊണ്ടാണ് നബി(ﷺ) തുടക്കം കുറിച്ചത്? ശുദ്ധമായ ഇസ്‌ലാമിനെ അവക്രമായി ആളുകൾക്ക് പരിചയപ്പെടുത്തി. ദഅ്‌വത്ത് ചെയ്തു. പ്രബോധിതരിൽ ഒരു വിഭാഗം അത് സ്വീകരിച്ചു. അവിടുത്തെ അരുമശിഷ്യരായി. അവരും ഈ ദൗത്യത്തിൽ പങ്കുചേർന്നു.

ഇസ്‌ലാം വ്യാപിക്കാൻ തുടങ്ങി. അനുബന്ധമായി മർദ്ദനങ്ങളും പീഡനങ്ങളുമുണ്ടായി. ഹിജ്റ പോകേണ്ടിവന്നു. അവസാനം മദീനയിൽ അല്ലാഹു ഇസ്‌ലാമിനാധിപത്യം നൽകി. ശക്തി പ്രാപിച്ചു. യുദ്ധങ്ങളും പോരാട്ടങ്ങളുമുണ്ടായി. ഇസ്‌ലാമിന്റെ ജൈത്രയാത്ര തുടർന്നു. ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ച് ബാലപാഠമെങ്കലുമറിയുന്നവർക്കൊക്കെ അറിയാവുന്ന യാഥാർഥ്യമാണിതൊക്കെ.

അതിനാൽ പ്രവാചകൻ(ﷺ) തുടങ്ങിയേടത്തുനിന്ന് തുടങ്ങുക. ശരിയായ ഇസ്‌ലാമിനെ ജനങ്ങൾക്ക് പരിചയപ്പെടുത്തുക. നാം നിമിത്തമായി ഇസ്‌ലാമിനെ ആരെങ്കിലും തെറ്റിദ്ധരിക്കുന്ന സ്ഥിതി ഇല്ലാതാക്കുക. ഇസ്‌ലാമിന്റെ ശത്രുക്കളുടെ കുപ്രചരണങ്ങളെ തിരുത്തി, ആളുകൾക്ക് സത്യം ഇന്നതാണെന്ന് ബോധ്യപ്പെടുത്തിക്കൊടുക്കുക. ഒരുപക്ഷെ, ഇന്ന് നമുക്ക് നിർവഹിക്കാൻ കഴിയുന്നതിൽവെച്ചേറ്റവും വലിയ ജിഹാദും ഇതുതന്നെയായരിക്കും. ഈ ബാധ്യത നാം നിർവഹിച്ചാൽ അല്ലാഹു തന്റെ വാഗ്ദാനം നിറവേറ്റുകതന്നെ ചെയ്യും. അല്ലാഹു പറയുന്നു:

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَيَسْتَخْلِفَنَّهُمْ فِى ٱلْأَرْضِ كَمَا ٱسْتَخْلَفَ ٱلَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ ٱلَّذِى ٱرْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّنۢ بَعْدِ خَوْفِهِمْ أَمْنًا ۚ يَعْبُدُونَنِى لَا يُشْرِكُونَ بِى شَيْـًٔا ۚ وَمَن كَفَرَ بَعْدَ ذَٰلِكَ فَأُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ

"നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതുപോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ടുകൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിനുശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്, എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും

നന്ദികേട് കാണിക്കുന്നപക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ" (വി.ഖു. 24:55).

**തസ്ഫിയത്തും തർബിയത്തും**

ഇസ്‌ലാമിനെ ശരിയായ രൂപത്തിൽ അവതരിപ്പിക്കുന്നതോടൊപ്പം ഇസ്‌ലാമിലേക്ക് കയറിക്കൂടിയ 'ഇത്തിക്കണ്ണികളെ' വെട്ടിമാറ്റേണ്ടതുണ്ട്. പ്രവാചക മാതൃകയില്ലാത്ത, സലഫുകൾക്ക് പരിചയമില്ലാത്ത സർവ്വ ബിദ്അത്തുകളും വിപാടനം ചെയ്തുകൊണ്ടുള്ള ഈ ശുദ്ധീകരണ പ്രക്രിയക്കാണ് 'തസ്ഫിയ' എന്ന് പറയുന്നത്. വിശ്വാസ-കർമ-ആചാര-മര്യാദകളിലൊക്കെയും ഈ വിമലീകരണ പ്രക്രിയ നടക്കേണ്ടതുണ്ട്. അതോടൊപ്പം ശരിയായ സുന്നത്ത് പഠിപ്പിക്കുക വഴി നല്ലൊരു ശിക്ഷണം വളർന്നുവരുന്ന തലമുറക്ക് നൽകുയും വേണം. അതാണ് 'തർബിയ' എന്നതുകൊണ്ട് വിവക്ഷിക്കുന്നതും. പ്രവാചകന്മാർ നിർവഹിച്ച 'തസകിയത്തി'ന്റെയും 'ഇസ്‌ലാഹി'ന്റെയും താൽപര്യം ഇതാണെന്ന് കാണാവുന്നതാണ്.

**എന്താണ് ദഅ്‌വത്ത് ചെയ്യേണ്ടത്?**

قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ

"(നബിയേ) പറയുക! ഇതാണ് എൻെറ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്ക് ചേർക്കുന്ന കൂട്ടത്തിലല്ലതന്നെ" (12:108).

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ

"യുക്തിദീക്ഷയോടുകൂടിയും സദുപദേശംമുഖേനയും നിൻെറ രക്ഷിതാവിൻെറ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക....." (16:125)

അതായത് ഇസ്‌ലാമിലേക്ക് അഥവാ മുഹമ്മദ് നബി (ﷺ) മുഖേന അല്ലാഹു അവതരിപ്പിച്ച സത്യമതത്തിലേക്കാണ് ക്ഷണിക്കേണ്ടത്. വ്യക്തികളിലേക്കോ കക്ഷിത്വത്തിലേക്കോ മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങളിലേക്കോ മദ്ഹബുകളിലേക്കോ അല്ല. അതിൽ അതി

പ്രധാനമായ സംഗതി കറകളഞ്ഞ ഏകദൈവ വിശ്വാസമാണ്. അല്ലാഹുവിലും അവൻെറ ദൂതന്മാരിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും അല്ലാഹുവും അവൻെറ ദൂതനും അറിയിച്ച എല്ലാറ്റിനെയും സത്യപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഇതാണ് നേരായ പാതയുടെ അടിത്തറ. അതായത് അല്ലാഹുവല്ലാതെ മറ്റാരും ആരാധനക്കർഹനല്ലെന്നും മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാണെന്നുമുള്ള സത്യസാക്ഷ്യത്തിലേക്കായിരിക്കണം പ്രഥമമായ പ്രബോധനം. പ്രവാചകന്മാരഖിലവും അവരുടെ ജനതയോട് പ്രഥമമായി പ്രബോധനം ചെയ്തത് ഈ അടിസ്ഥാന വിഷയംതന്നെയായിരുന്നു.

ഒന്നാമത്തെ റസൂലായ നൂഹ് നബി(ﷺ):

لَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَقَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ إِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ

"നൂഹിനെ അദ്ദേഹത്തിൻെറ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. തീർച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങൾക്കു (വന്നുഭവിക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു" (7:59).

ഹൂദ് നബി(ﷺ):

وَإِلَىٰ عَادٍ أَخَاهُمْ هُودًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ۚ أَفَلَا تَتَّقُونَ

"ആദ് സമുദായത്തിലേക്ക് അവരുടെ സഹോദരനായ ഹൂദിനെയും (അയച്ചു). അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. നിങ്ങൾക്ക് അവനല്ലാതെ ഒരു ദൈവവുമില്ല. നിങ്ങളെന്താണ് സൂക്ഷ്മത പുലർത്താത്തത്?" (7:65).

സ്വാലിഹ്നബി (ﷺ):

وَإِلَىٰ ثَمُودَ أَخَاهُمْ صَٰلِحًا ۗ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥ

"ഥമൂദ് സമുദായത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല...." (7:73).

ശുഐബ്നബി (عليه السلام):

وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا ۗ قَالَ يَـٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَـٰهٍ غَيْرُهُۥ

"മദ്യൻകാരിലേക്ക് അവരുടെ സഹോദരൻ ശുഐബിനെയും (അയച്ചു). അദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ ഒരു ദൈവവുമില്ല...." (7:85).

ഇബ്രാഹിം നബി (عليه السلام):

وَإِبْرَٰهِيمَ إِذْ قَالَ لِقَوْمِهِ ٱعْبُدُوا۟ ٱللَّهَ وَٱتَّقُوهُ ۖ

"ഇബ്റാഹീമിനെയും (നാം അയച്ചു). അദ്ദേഹം തൻെറ ജനതയോടു പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ): നിങ്ങൾ അല്ലാഹുവെമാത്രം ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും ചെയ്യുക..."(29:16).

മൂസാനബി (عليه السلام):

قَالَ أَغَيْرَ ٱللَّهِ أَبْغِيكُمْ إِلَـٰهًا

"അദ്ദേഹം പറഞ്ഞു: അല്ലാഹുവല്ലാത്തവരെയാണോ ഞാൻ നിങ്ങൾക്കു ദൈവമായി അന്വേഷിക്കേണ്ടത്!..." (7:140).

ഈസാനബി(عليه السلام):

إِنَّ ٱللَّهَ رَبِّى وَرَبُّكُمْ فَٱعْبُدُوهُ ۗ هَـٰذَا صِرَٰطٌ مُّسْتَقِيمٌ

"തീർച്ചയായും അല്ലാഹു എൻെറയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ മാർഗം" (3:51).

മുഹമ്മദ് നബി (ﷺ):

قُلْ إِنَّمَآ أَدْعُوا۟ رَبِّى وَلَآ أُشْرِكُ بِهِۦٓ أَحَدًا

“(നബിയേ), പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമെ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല” (72:20).

قُلْ يَٰٓأَهْلَ ٱلْكِتَٰبِ تَعَالَوْا۟ إِلَىٰ كَلِمَةٍ سَوَآءٍۭ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا ٱللَّهَ وَلَا نُشْرِكَ بِهِۦ شَيْـًٔا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِّن دُونِ ٱللَّهِ

“....വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെ യല്ലാതെ നാം ആരാധിക്കാതിരിക്കുകയും അവനോട് യാതൊന്നി നെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാ ഹുവിനുപുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്ത്വത്തിലേക്ക്)....” (3:64).

വ്യത്യസ്തങ്ങളായ കാലങ്ങളിൽ വിഭിന്നങ്ങളായ നാടുകളിലേക്ക് കടന്നുവന്ന ദൈവദൂതന്മാർക്ക് പലതരത്തിലുള്ള തിന്മകളെ അഭിമു ഖീകരിക്കേണ്ടിവന്നിരുന്നു. പക്ഷേ, അവരൊക്കെയും മാറ്റമില്ലാത്ത രീതിയിൽ ഒന്നാമതായി പോരാടിയത് *ശിർക്ക്* (ബഹുദൈവാരാധന) എന്ന കൊടും പാതകത്തിനെതിരിലായിരുന്നു. എന്നിട്ട് ഏകദൈവാ രാധന (തൗഹീദ്) എന്ന മഹത്തരമായ നന്മ സ്ഥാപിക്കുകയായിരു ന്നു അവർ. നബി(ﷺ) പറഞ്ഞു:

قال رسول الله صلى الله عليه وسلم : افضل ما قلت انا والنبيون من قبلي قول لا إله إلا الله. ( الموطأ )

“ഞാനും എനിക്കുമുമ്പുള്ള പ്രവാചകന്മാരും പറഞ്ഞതിൽ ഏറ്റ വും ഉൽകൃഷ്ടമായ വചനം അല്ലാഹുവല്ലാതെ ആരാധനക്കർഹനാ യി മറ്റാരുമില്ല എന്നതാണ്” (മുവത്വ: ഇമാം മാലിക്).

അല്ലാഹു പറയുന്നു:

وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِىٓ إِلَيْهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعْبُدُونِ

“ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്കു മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല” (21:25).

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ ٱعْبُدُوا ٱللَّهَ وَٱجْتَنِبُواْ ٱلطَّٰغُوتَ

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി)....” (16:36).

കാരണം തൗഹീദാണ് അടിത്തറ. അതില്ലാതിരുന്നാൽ മറ്റു നന്മകൾക്ക് സ്ഥായീഭാവമുണ്ടാവുകയില്ല. പാരത്രിക ജീവിതത്തിൽ അവ ഉപകരിക്കുകയുമില്ല. ശിർക്കാകട്ടെ ഏറ്റവും വലിയ തിന്മയുമാണ്. അത് മറ്റു നന്മകളെ നിഷ്ഫലമാക്കുകയും സ്വർഗപ്രവേശം തടയുകയും ചെയ്യും. അല്ലാഹുവിന് ഏറ്റവും വെറുപ്പുള്ള ശിർക്ക് പൊറുക്കപ്പെടാത്ത അപരാധവുമാണ്. അല്ലാഹു പറയുന്നു:

إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ۚ وَمَن يُشْرِكْ بِٱللَّهِ فَقَدِ ٱفْتَرَىٰٓ إِثْمًا عَظِيمًا

“തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്” (4:48).

അല്ലാഹുവോട് പങ്കുചേർക്കുന്നവർക്ക് സ്വർഗം നിഷിദ്ധമാക്കുമെന്ന് ഖുർആൻ 5:72ലും അവരുടെ കർമങ്ങൾ നിഷ്ഫലമാകുമെന്ന് 6:88ലും 39:65ലും പറയുന്നുണ്ട്.

ചുരുക്കത്തിൽ: മേൽവിവരിച്ചതിൽനിന്ന് താഴെ പറയുന്ന കാര്യങ്ങൾ നമുക്ക് ഗ്രഹിക്കാവുന്നതാണ്.

1. നന്മയിലേക്ക് നയിക്കലും തിന്മയിൽ നിന്ന് അകറ്റലുമായിരിക്കണം ദഅ്‌വത്തിൻെറ ലക്ഷ്യം.

2. അല്ലാഹുവിൻെറ ആദർശത്തിലേക്കായിരിക്കണം ക്ഷണിക്കേണ്ടത്; ഏതെങ്കിലും വ്യക്തികളിലേക്കോ കക്ഷിത്വങ്ങളിലേക്കോ ആയിരിക്കരുത്.

3. അതിൽ ഏറ്റവും പ്രധാനവും പ്രവാചകന്മാരഖിലവും പ്രഥമ സ്ഥാനം നൽകിയതും സ്രഷ്ടാവും രക്ഷിതാവുമായ ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന ഇസ്‌ലാമിൻെറ അടിത്തറയായ തൗഹീദായിരുന്നു.

4. ഏറ്റവും വലിയ അപരാധമായ ബഹുദൈവാരാധന (ശിർക്ക്) സൽകർമങ്ങളെ നിഷ്ഫലമാക്കുകയും സ്വർഗപ്രവേശം തടയുകയും ചെയ്യും. അതിനാൽ ആ തിന്മക്കെതിരിലായിരിക്കണം ആദ്യ സമരം.

5. സുവ്യക്തവും പ്രമാണനിബദ്ധവും അതോടൊപ്പംതന്നെ മാന്യവുമായിരിക്കണം പ്രബോധനത്തിൻെറ ശൈലി.

# അഞ്ച്

# ദഅ്വത്തിനുവേണ്ടി കൂട്ടായ്മ...?

ഇസ്‌ലാം ഐക്യത്തിനും കൂട്ടായ്മക്കും വളരെ പ്രാധാന്യം നൽകുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ആരാധനാകർമങ്ങളിൽ അതിപ്രധാനമായ നിത്യേനയുള്ള അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം സംഘടിതമായി നിർവഹിക്കുവാനാണ് ഇസ്‌ലാം അനുശാസിക്കുന്നത്. അപ്രകാരംതന്നെ നിർബന്ധദാനമായ സകാത്തിലും ഉദ്ഹിയ്യ(ബലികർമം)ത്തിലും ജുമുഅയിലും ഹജ്ജിലും ഈദാഘോഷങ്ങളിലുമെല്ലാം ഈ സംഘടിത രൂപമാണ് കാണാൻ കഴിയുക.

ഒരു യാത്രയിലാണെങ്കിൽപോലും കൂട്ടുചേർന്ന് പോകുവാനും ഒരാളെ അമീറാക്കുവാനും (നേതാവ്) നിർദേശിക്കുന്ന ഹദീഥുകൾ കാണാം. വിദ്യനേടുമ്പോഴും ഭക്ഷണം കഴിക്കുന്ന വേളയിൽപോലും റബ്ബിന്റെ അനുഗ്രഹം ലഭിക്കണമെങ്കിൽ സംഘമായിട്ടാവാനാണ് ഇസ്‌ലാം നിർദേശിച്ചത്. അനൈക്യത്തിന്റെ അപകടത്തെക്കുറിച്ച് താക്കീത് ചെയ്തുകൊണ്ട് ഐക്യത്തിന് ആഹ്വാനം ചെയ്യുന്ന നിരവധി വചനങ്ങൾ ഖുർആനിലും ഹദീഥുകളിലും കാണാം:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا

وَأَنتُم مُّسْلِمُونَ ۞ وَٱعْتَصِمُواْ بِحَبْلِ ٱللَّهِ جَمِيعًا وَلَا تَفَرَّقُواْ

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്. നിങ്ങളൊന്നിച്ച് അല്ലാഹുവിൻെറ പാശത്തിൽ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ചുപോകരുത്...."(3:102,103).

وَتَعَاوَنُواْ عَلَى ٱلْبِرِّ وَٱلتَّقْوَىٰ ۖ وَلَا تَعَاوَنُواْ عَلَى ٱلْإِثْمِ وَٱلْعُدْوَٰنِ

"പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്" (5:2).

إِنَّ ٱلَّذِينَ فَرَّقُواْ دِينَهُمْ وَكَانُواْ شِيَعًا لَّسْتَ مِنْهُمْ فِى شَىْءٍ ۚ إِنَّمَآ أَمْرُهُمْ إِلَى ٱللَّهِ ثُمَّ يُنَبِّئُهُم بِمَا كَانُواْ يَفْعَلُونَ

"തങ്ങളുടെ മതത്തിൽ ഭിന്നിപ്പുണ്ടാക്കുകയും കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിങ്കലേക്ക് തന്നെയാണ് (മടക്കപ്പെടുന്നത്). അവർ ചെയ്തുകൊണ്ടിരുന്നതിനെപ്പറ്റി അവൻ അവരെ അറിയിച്ചുകൊള്ളും" (6:159).

وَأَطِيعُواْ ٱللَّهَ وَرَسُولَهُۥ وَلَا تَنَٰزَعُواْ فَتَفْشَلُواْ وَتَذْهَبَ رِيحُكُمْ ۖ وَٱصْبِرُوٓاْ ۚ إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ

"അല്ലാഹുവെയും അവൻെറ ദൂതനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. നിങ്ങൾ ഭിന്നിച്ചുപോകരുത്. എങ്കിൽ നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുടയും നിങ്ങളുടെ വീര്യം (നശിച്ചു) പോകുകയും ചെയ്യും" (8:46).

وَلَا تَكُونُواْ كَٱلَّذِينَ تَفَرَّقُواْ وَٱخْتَلَفُواْ مِنۢ بَعْدِ مَا جَآءَهُمُ ٱلْبَيِّنَٰتُ ۚ وَأُوْلَٰٓئِكَ لَهُمْ عَذَابٌ عَظِيمٌ

"വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷം പല കക്ഷി ളായിപ്പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്" (3:105).

വിശ്വാസികളുടെ സമൂഹത്തെ 'ഒരു കെട്ടിടംപോലെ', 'ഒരൊറ്റ ശരീരംപോലെ' (മുസ്‌ലിം) എന്നൊക്കെയാണ് നബി(ﷺ) ഉപമിച്ചത്. പരസ്പര സഹകരണത്തിൻെറയും ഐക്യത്തിൻെറയും പ്രാധാന്യം മനസ്സിലാക്കുവാൻ ഈ ഒരൊറ്റ ഹദീഥ് മാത്രം മതിയാകുന്നതാണ്.

ഭിന്നിപ്പും ഛിദ്രതകളും ഒഴിവാക്കാനുള്ള പ്രായോഗിക നിർദേശ ങ്ങളും ഇസ്‌ലാം നൽകിയിട്ടുണ്ട്.

**അഭിപ്രായവ്യത്യാസങ്ങളുണ്ടായാൽ**

മനുഷ്യർ വ്യത്യസ്ത പ്രകൃതക്കാരായതുകൊണ്ടും ചിന്തയും വീ ക്ഷണവും വിഭിന്നമാകുന്നതുകൊണ്ടും അഭിപ്രായവ്യത്യാസം സ്വാഭാ വികമാണ്. പക്ഷേ, അതിന് പരിഹാരം കണ്ടെത്തി ഐകരൂപമുണ്ടാ ക്കാൻ ഇസ്‌ലാം നിർദേശിക്കുന്നു:

وَمَا ٱخۡتَلَفۡتُمۡ فِيهِ مِن شَيۡءٖ فَحُكۡمُهُۥٓ إِلَى ٱللَّهِۚ ذَٰلِكُمُ ٱللَّهُ رَبِّي عَلَيۡهِ تَوَكَّلۡتُ وَإِلَيۡهِ أُنِيبُ

"നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തി ലാവട്ടെ, അതിൽ തീർപ്പ് കല്പിക്കാനുള്ള അവകാശം അല്ലാഹുവി ന്നാകുന്നു. അവനാണ് എൻെറ രക്ഷിതാവായ അല്ലാഹു. അവൻെറ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോ ടെ മടങ്ങുകയും ചെയ്യുന്നു" (42:10).

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَأُوْلِي ٱلۡأَمۡرِ مِنكُمۡۖ فَإِن تَنَٰزَعۡتُمۡ فِي شَيۡءٖ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمۡ تُؤۡمِنُونَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۚ ذَٰلِكَ خَيۡرٞ وَأَحۡسَنُ تَأۡوِيلًا

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിൻെറ) ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യകർ ത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കി

ടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ فَقَدْ ضَلَّ ضَلَٰلًا مُّبِينًا

"അല്ലാഹുവും അവൻെറ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തുകഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവൻെറ ദൂതനെയും ധിക്കരിക്കുന്നപക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു" (33:36).

അതായത്, ഖുർആനിലോ ഹദീഥിലോ ആ വിഷയത്തിൽ വ്യക്തമായ ഒരു നിർദേശം കണ്ടുകഴിഞ്ഞാൽ സ്വന്തം ഇഛകളെയും അഭിപ്രായങ്ങളെയും അതിന് കീഴ്പെടുത്തുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അവിടെ 'ഈഗോ'തടസ്സമാവരുത്. തെറ്റ് ബോധ്യപ്പെട്ടാൽ ഉടൻ തിരുത്തുക എന്നതാണ് വിശ്വാസിയുടെ സവിശേഷത.

وَٱلَّذِينَ إِذَا فَعَلُوا۟ فَٰحِشَةً أَوْ ظَلَمُوٓا۟ أَنفُسَهُمْ ذَكَرُوا۟ ٱللَّهَ فَٱسْتَغْفَرُوا۟ لِذُنُوبِهِمْ وَمَن يَغْفِرُ ٱلذُّنُوبَ إِلَّا ٱللَّهُ وَلَمْ يُصِرُّوا۟ عَلَىٰ مَا فَعَلُوا۟ وَهُمْ يَعْلَمُونَ

"വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും, തങ്ങളുടെ പാപങ്ങൾക്ക് മാപ്പ് തേടുകയും ചെയ്യുന്നവർ- പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?-ചെയ്തുപോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ" (3:135).

സ്വഹാബത്ത് ഈ നിർദേശം സ്വീകരിച്ചുകൊണ്ട് ഐക്യപ്പെട്ട

എത്രയോ സംഭവങ്ങൾ ചരിത്രത്തിൽ നമുക്ക് കാണാം. ഇനി വിഷയം ഗവേഷണാത്മകമാണെങ്കിൽ ഇതരന്റെ അഭിപ്രായത്തെ അംഗീകരിച്ചില്ലെങ്കിലും അവമതിക്കാവതല്ലായെന്നാണ് ഹദീഥ് പാഠം. മുജ്തഹിദിന് (ഗവേഷകന്) തെറ്റ് പറ്റിയാൽ ഒരു പ്രതിഫലവും സത്യത്തിലെത്താൻ കഴിഞ്ഞാൽ രണ്ട് പ്രതിഫലവുമുണ്ടെന്നാണ് നബി(ﷺ) പഠിപ്പിച്ചത്. അപ്രകാരം സ്നേഹം ഊട്ടിയുറപ്പിക്കുവാനായി രക്ഷയ്ക്കുവേണ്ടി പ്രാർഥിക്കാൻ (സലാം പറയൽ) പഠിപ്പിച്ചു.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَا تَدْخُلُونَ الْجَنَّةَ حَتَّى تُؤْمِنُوا وَلَا تُؤْمِنُوا حَتَّى تَحَابُّوا أَوَلَا أَدُلُّكُمْ عَلَى شَيْءٍ إِذَا فَعَلْتُمُوهُ تَحَابَبْتُمْ أَفْشُوا السَّلَامَ بَيْنَكُمْ ( مسلم )

“വിശ്വാസികളാകുന്നതുവരെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം സ്നേഹിക്കുന്നതുവരെ നിങ്ങൾ (പൂർണ) വിശ്വാസികളുമാവില്ല. നിങ്ങൾക്ക് പരസ്പരം സ്നേഹം വളർത്തിയെടുക്കാനുതകുന്ന ഒരുകാര്യം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? അത് നിങ്ങൾ ചെയ്താൽ പരസ്പര സ്നേഹമുണ്ടാകും. നിങ്ങൾക്കിടയിൽ ‘സലാം’ വ്യാപിപ്പിക്കുക” (മുസ്‌ലിം)

ഇതുപോലെ തുമ്മിയശേഷം അല്ലാഹുവിനെ സ്തുതിച്ച സഹോദരന് ദൈവകാരുണ്യത്തിനായി പ്രാർഥിക്കാനുള്ള നിർദേശവും ഹദീഥുകളിൽ കാണാം. പരസ്പരം സഹായിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അതിലൂടെ ലഭ്യമാകുന്ന മഹത്തായ പ്രതിഫലത്തെക്കുറിച്ചും അറിയിക്കുന്ന എത്രയോ നബിവചനങ്ങൾ കാണാൻ കഴിയും. ഇതിന്റെയെല്ലാം ആത്മാവുൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നവർക്ക് പരസ്പര ‘പാര’കളാവാനോ ഭിന്നിക്കാനോ കഴിയില്ലതന്നെ.

**ഭിന്നിപ്പ് ആപത്ത്**

ഐക്യത്തോടും പരസ്പര സഹകരണത്തോടും ജീവിക്കാൻ നിർദേശിച്ച ഇസ്‌ലാം ഭിന്നിപ്പിന്റെ ഭവിഷത്തിനെക്കുറിച്ചും താക്കീത് ചെയ്തു.

وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥ وَلَا تَنَٰزَعُوا۟ فَتَفْشَلُوا۟ وَتَذْهَبَ

رِيحُكُمْ وَاصْبِرُوا إِنَّ اللَّهَ مَعَ الصَّابِرِينَ

"അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. നിങ്ങൾ ഭിന്നിച്ച് പോകരുത്. എങ്കിൽ നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുകയും നിങ്ങളുടെ വീര്യം (നശിച്ചു)പോവുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരുടെ കൂടെയാകുന്നു"(8:46).

عَنِ ابْنِ عُمَرَ قال: قَالَ رَسُول اللّهِ صَلَّى اللّه عَلَيْهِ وَسَلَّمَ .... عَلَيْكُمْ بِالْجَمَاعَةِ وَإِيَّاكُمْ وَالْفُرْقَةَ فَإِنَّ الشَّيْطَانَ مَعَ الْوَاحِدِ وهُوَ مِنَ الاثْنَيْنِ أَبْعَدُ مَنْ أَرَادَ بُحْبُوحَةَ الْجَنَّةِ فَلْيَلْزَمِ الْجَمَاعَةَ ( الترمذى )

നബി(ﷺ) പറഞ്ഞു: "നിങ്ങൾ സംഘടിതമായി നിലകൊള്ളുക. ഭിന്നതയെ സൂക്ഷിക്കുക. നിശ്ചയം പിശാച് ഒറ്റക്കുള്ളവനോടുകൂടെയായിരിക്കും. അവൻ രണ്ടാളുകളിൽ നിന്ന് അകന്നായിരിക്കും ഉണ്ടാവുക. ആരെങ്കിലും സ്വർഗം ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സംഘത്തോടു ചേർന്നു നിൽക്കട്ടെ!" (തിർമിദി).

തനിച്ച് ചെയ്യാവുന്ന പല കർമങ്ങളും സംഘമായി ചെയ്യുവാൻ ശക്തമായി കല്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ സംഘടിതമായല്ലാതെ പരിപൂർണമായി നിർവഹിക്കാൻ കഴിയാത്ത ദഅ്വത്ത് പോലുള്ള കാര്യങ്ങളിൽ കൂട്ടായ്മ അനിവാര്യമാണെന്ന് മനസ്സിലാക്കാവുന്നതാണ്.

## ദഅ്വത്തിനുവേണ്ടിയുള്ള സംഘടന തിന്മയോ?

ഒറ്റക്ക് കൈവരിക്കാൻ സാധിക്കാത്ത പല നേട്ടങ്ങളും ഒരു കൂട്ടായ്മയിലൂടെ കരസ്ഥമാക്കാൻ കഴിയും. ദഅ്വത്തിന്റെ കാര്യവും ഇതിൽനിന്ന് വ്യത്യസ്തമല്ല. ദൈവദൂതന്മാരും അവരുടെ അനുചരന്മാരുമെല്ലാം പരസ്പരം സഹകരിച്ച് സംഘടിച്ചുതന്നെയാണ് ദഅ്വത്ത് നിർവഹിച്ചിരുന്നത്. ദഅ്വത്തിനിറങ്ങുന്ന മൂസാനബി(ﷺ)യുടെ പ്രാർഥന ഖുർആൻ ഉദ്ധരിക്കുന്നു:

قَالَ رَبِّ اشْرَحْ لِي صَدْرِي ۝ وَيَسِّرْ لِي أَمْرِي ۝ وَاحْلُلْ عُقْدَةً مِّن لِّسَانِي ۝ يَفْقَهُوا قَوْلِي ۝ وَاجْعَل لِّي وَزِيرًا مِّنْ

أَهْلِي ۝ هَٰرُونَ أَخِي ۝ ٱشْدُدْ بِهِۦٓ أَزْرِى ۝ وَأَشْرِكْهُ فِىٓ أَمْرِى ۝ كَىْ نُسَبِّحَكَ كَثِيرًا ۝ وَنَذْكُرَكَ كَثِيرًا ۝ إِنَّكَ كُنتَ بِنَا بَصِيرًا

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയ വിശാലത നൽകേണമേ. എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കി ത്തരേണമേ. ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ടതിനായി എന്റെ നാവിൽനിന്ന് നീ 'കെട്ട്'ഴിച്ച് തരേണമേ. എന്റെ കുടുംബ ത്തിൽ നിന്ന് എനിക്ക് നീ ഒരു സഹായിയെ ഏർപെടുത്തുകയും ചെയ്യേണമേ. അതായത് എന്റെ സഹോദരൻ ഹാറൂനെ, അവൻ മുഖേന എന്റെ ശക്തി നീ ദൃഢമാക്കുകയും, എന്റെ കാര്യത്തിൽ അവനെ നീ പങ്കാളിയാക്കുകയും ചെയ്യേണമേ. ഞങ്ങൾ ധാരാളമാ യി നിന്റെ പരിശുദ്ധിയെ വാഴ്ത്തുവാനും, ധാരാളമായി നിന്നെ ഞങ്ങൾ സ്മരിക്കുവാനും വേണ്ടി. തീർച്ചയായും നീ ഞങ്ങളെപ്പറ്റി കണ്ടറിയുന്നവനാകുന്നു"(20:25-35).

وَأَخِى هَٰرُونُ هُوَ أَفْصَحُ مِنِّى لِسَانًا فَأَرْسِلْهُ مَعِىَ رِدْءًا يُصَدِّقُنِىٓ ۖ إِنِّىٓ أَخَافُ أَن يُكَذِّبُونِ

"എന്റെ സഹോദരൻ ഹാറൂൻ എന്നെക്കാൾ വ്യക്തമായി സം സാരിക്കാൻ കഴിവുള്ളവനാകുന്നു. അതുകൊണ്ട് എന്നോടൊപ്പം എന്റെ സത്യത സ്ഥാപിക്കുന്ന ഒരു സഹായിയായിക്കൊണ്ട് അവ നെ നീ നിയോഗിക്കേണമേ. അവർ എന്നെ നിഷേധിച്ച് കളയുമെന്ന് തീർച്ചയായും ഞാൻ ഭയപ്പെടുന്നു" (28:34)

അതിനുത്തരം നൽകിക്കൊണ്ട് അല്ലാഹു പറഞ്ഞു:

قَالَ سَنَشُدُّ عَضُدَكَ بِأَخِيكَ وَنَجْعَلُ لَكُمَا سُلْطَٰنًا فَلَا يَصِلُونَ إِلَيْكُمَا ۚ بِـَٔايَٰتِنَآ أَنتُمَا وَمَنِ ٱتَّبَعَكُمَا ٱلْغَٰلِبُونَ

"അവൻ (അല്ലാഹു) പറഞ്ഞു: നിന്റെ സഹോദരൻ മുഖേന നിന്റെ കൈക്ക് നാം ബലം നൽകുകയും, നിങ്ങൾക്കിരുവർക്കും നാം ഒരു ആധികാരിക ശക്തി നൽകുകയും ചെയ്യുന്നതാണ്. അതി നാൽ അവർ നിങ്ങളുടെ അടുത്ത് എത്തുകയില്ല. നമ്മുടെ ദൃഷ്ടാന്ത

ങ്ങൾ നിമിത്തം നിങ്ങളും നിങ്ങളെ പിന്തുടരുന്നവരും തന്നെയായിരിക്കും വിജയികൾ" (28:35).

ഈസാനബി(ﷺ) ദഅ്വത്തിന്റെ മാർഗത്തിൽ സഹായിക്കാനും തന്നോട് സഹകരിക്കാനും അനുചരന്മാരോട് അഭ്യർഥിക്കുന്നതായി കാണാം:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوٓا۟ أَنصَارَ ٱللَّهِ كَمَا قَالَ عِيسَى ٱبْنُ مَرْيَمَ لِلْحَوَارِيِّـۧنَ مَنْ أَنصَارِىٓ إِلَى ٱللَّهِ ۖ قَالَ ٱلْحَوَارِيُّونَ نَحْنُ أَنصَارُ ٱللَّهِ ۖ فَـَٔامَنَت طَّآئِفَةٌ مِّنۢ بَنِىٓ إِسْرَٰٓءِيلَ وَكَفَرَت طَّآئِفَةٌ ۖ فَأَيَّدْنَا ٱلَّذِينَ ءَامَنُوا۟ عَلَىٰ عَدُوِّهِمْ فَأَصْبَحُوا۟ ظَٰهِرِينَ

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളായിരിക്കുക. മർയമിന്റെ മകൻ ഈസാ 'അല്ലാഹുവിങ്കലേക്കുള്ള മാർഗത്തിൽ എന്റെ സഹായികളായി ആരുണ്ട്' എന്ന് ഹവാരികളോട് ചോദിച്ചതുപോലെ. ഹവാരികൾ പറഞ്ഞു: 'ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു'. അപ്പോൾ ഇസ്റാഈൽ സന്തതികളിൽ പെട്ട ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. എന്നിട്ട് വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിനെതിരിൽ നാം പിൻബലം നൽകുകയും അങ്ങനെ അവർ മികവുറ്റവരായിത്തീരുകയും ചെയ്തു" (61:14)

ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഇമാം ഇബ്നു കഥീർ പറയുന്നു:

قـــال من أنصاري إلى الله أي معيني في الدعوة إلى الله عز وجل؟

(تفسير ابن كثير : ٤ \ ٤٦٢)

"അല്ലാഹുവിങ്കലേക്കുള്ള മാർഗത്തിൽ എന്റെ സഹായികളായി ആരുണ്ട്? (61:14). അതായത് അല്ലാഹുവിലേക്കുള്ള ദഅ്വത്തിൽ എന്നെ സഹായിക്കാനാരുണ്ട്..." (തഫ്സീർ ഇബ്നു കഥീർ. വാ: 4 പേജ്: 462).

نحن أنصار الله أي نحن أنصارك على ما أرسلت بـــه وموازروك
على ذلك ولهذا بعثهم دعاة إلى الناس في بلاد الشام في الإسرائيلين
واليونانيين وهكذا كان رسول الله صلى الله عليه وسلم يقول في أيام
الحج " من رجل يؤويني حتى أبلغ رسالة ربـــي؟ فإن قريشـــا قـــد
منعوني أن أبلغ رسالة ربي " حـــتى قـــيض الله عز وجل له الأوس
والخزرج من أهل المدينة فبايعوه ووازروه وشـــارطوه أن يمنعوه
من الأسود والأحمر إن هو هاجر إليهم فلما هاجر إليهم بـــمن معه
من أصحابه وفوا له بما عاهدوا الله عليه ولهذا سماهم الله ورسوله
الأنصار وصار ذلك علما عليهم رضـــي الله عنهـــم وأرضاهـــم
(تفسير ابن كثير : ٤ \ ٤٦٢، ٤٦٣ )

"ഞങ്ങൾ അല്ലാഹുവിൻെറ സഹായികളാകുന്നു'' (61:14).

"അതായത്, താങ്കൾ ഏതൊരു ദൗത്യവുമായിട്ടാണോ നിയുക്തനായിരിക്കുന്നത് അതിൽ താങ്കളെ ഞങ്ങൾ ശക്തമായി പിന്തുണക്കുന്നതാണ്. അതുകൊണ്ടാണ് മൂസാനബി അവരെ ഇസ്റാഈല്യരിലേക്കും ഗ്രീക്കുകാരിലേക്കും പ്രബോധകരായി അയച്ചത്. ഇപ്രകാരം തന്നെ മുഹമ്മദ് നബി(ﷺ) ഹിജ്റക്കുമുമ്പുള്ള ഹജ്ജ് വേളകളിൽ പറയുമായിരുന്നു: "ആരാണ് എൻെറ റബ്ബിൻെറ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിനായി എനിക്ക് സംരക്ഷണം നൽകുക? ഖുറൈശികൾ അതിൽനിന്ന് എന്നെ തടയുകയാണ്'' അങ്ങനെ മദീനക്കാരായ ഔസുകാരെയും ഖസ്റജുകാരെയും അല്ലാഹു നബി(ﷺ)ക്ക് ഏർപെടുത്തിക്കൊടുത്തു. അവർ അദ്ദേഹത്തോട് കരാർ ചെയ്യുകയും പിന്തുണക്കുകയും ചെയ്തു. തങ്ങളുടെ കൂടെ വരികയാണെങ്കിൽ എല്ലാ സന്ദർഭത്തിലും സഹായികളും സംരക്ഷകരുമായി ഉണ്ടാകുമെന്നവർ വാക്കുകൊടുത്തു. നബി(ﷺ) തന്നോടൊപ്പമുള്ള അനുചരന്മാരോടൊത്ത് ഹിജ്റ ചെയ്ത് മദീനയിലെത്തിയപ്പോൾ അല്ലാഹുവിൻെറ പേരിൽ ചെയ്ത ആ ഉടമ്പടി അവർ പാലിച്ചു. ഇക്കാരണത്താൽ അല്ലാഹുവും അവൻെറ റസൂലും അവരെ അൻസാറുകൾ

(സഹായികൾ) എന്ന് വിളിച്ചു. അത്അവരുടെ മഹത്ത്വപൂർണമായ നാമധേയമായി മാറി" (തഫ്സീർ ഇബ്നു കഥീർ. വാ: 4, പേ: 462,463).

സത്യവിശ്വാസികളോട് മൊത്തത്തിൽ ആ മാർഗത്തിൽ സഹകരിക്കാനാണല്ലോ ആയത്തി(61:14)ൻെറ ആദ്യത്തിൽ പറയുന്നത്. 'ഉലുൽ അസ്മു'കളിൽപെട്ട മഹാന്മാരായ ഈ പ്രവാചകന്മാർക്ക് ദഅ്വത്തിൻെറ മാർഗത്തിൽ പരസഹായവും സഹകരണവും ആവശ്യമായെങ്കിൽ, ദഅ്വത്ത് നല്ല രീതിയിൽ നടക്കണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്ന ഏത് വിശ്വാസിക്കാണ് ദഅ്വത്തിൻെറ കൂട്ടായ്മയെ എതിർത്തുകൊണ്ട് ഒറ്റക്ക് പ്രവർത്തിച്ചാൽ മതി എന്ന് പറയുവാൻ സാധിക്കുക?

ദഅ്വത്തിനായി വിശ്വാസികളുടെ ഒരുസംഘം ഉണ്ടാകുവാനാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്. അല്ലാതെ സംഘത്തെ എതിർക്കുകയോ ഒറ്റക്കൊറ്റക്ക് പ്രവർത്തിച്ചാൽ മതി എന്നോ അല്ല.

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ
وَيَنْهَوْنَ عَنِ ٱلْمُنكَرِ ۚ وَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ

"നന്മയിലേക്ക് ക്ഷണിക്കുകയും, സദാചാരം കല്പിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ" (3:104).

ഈ ആയത്തിൻെറ വിശദീകരണത്തിൽ ഇമാം ഇബ്നു കഥീർ പറയുന്നു:

"ഓരോരുത്തരുടെയും കഴിവനുസരിച്ച് എല്ലാവർക്കും അത് (ദഅ്വത്ത്) ബാധ്യതയാണ്. എങ്കിൽകൂടി ഈ സമൂഹത്തിൽനിന്ന് ഒരു വിഭാഗം ഈ ഉത്തരവാദിത്ത നിർവഹണത്തിനുണ്ടായിരിക്കേണ്ടതുണ്ട്. (സ്വഹീഹു മുസ്ലിമിൽ സ്ഥിരപ്പെട്ടപോലെ) അബൂഹുറയ്റ (ﷺ)വിൽനിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: "നിങ്ങളിലാരെങ്കിലും ഒരു തിന്മ കണ്ടാൽ അത് തൻെറ കൈകൊണ്ട് തടുക്കട്ടെ. കഴിയില്ലെങ്കിൽ തൻെറ നാവുകൊണ്ട്. അതിനും സാധ്യമല്ലായെങ്കിൽ തൻെറ ഹൃദയംകൊണ്ടെങ്കിലും. അതാകട്ടെ ഈമാനിൻെറ ഏറ്റവും ദുർബലാവസ്ഥയാണ്". മറ്റൊരു റിപ്പോർട്ടിൽ 'അതിനപ്പുറം ഒരു കടുകുമണിയോളമെങ്കിലും ഈമാൻ അവിശേഷിക്കുന്നില്ല' എന്നാണുള്ളത്"

(തഫ്സീർ ഇബ്നു കഥീർ. വാ:1, പേ: 508).

പുണ്യത്തിലും 'തഖ്‌വ'യിലും പരസ്പരം സഹകരിക്കാൻ വിശ്വാസികളോട് ഖുർആൻ നിർദേശിക്കുന്നു:

وَتَعَاوَنُوا۟ عَلَى ٱلْبِرِّ وَٱلتَّقْوَىٰ ۖ وَلَا تَعَاوَنُوا۟ عَلَى ٱلْإِثْمِ وَٱلْعُدْوَٰنِ

"പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്" (5:2).

മുആദ്ബ്നുജബലി(ﷺ)നെയും അബൂമൂസൽ അശ്അരി(ﷺ)യെയും ദഅ്‌വത്തിനായി യമനിലേക്ക് പറഞ്ഞയച്ച നബി(ﷺ) അവരോട് പറയുകയുണ്ടായി:

تطاوعا ولا تختلفا (البخاري ، مسلم)

"നിങ്ങൾ പരസ്പരം സഹകരിക്കുക. ഭിന്നിക്കരുത്" (ബുഖാരി, മുസ്‌ലിം).

യാത്രയിൽ മൂന്നാളുണ്ടായാൽ ഒരാളെ നേതൃത്വം ഏല്പിക്കണമെന്ന് ശാസിക്കുന്ന ഹദീഥിനെ വിശദീകരിച്ചുകൊണ്ട് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ പറഞ്ഞു:

فأوجب صلى الله عليه وسلم تأمير الواحد في الاجتماع القليل العارض في السفر, تنبيها بذلك على سائر أنواع الاجتماع. ولأن الله تعالى أوجب الأمر بالمعروف والنهي عن المنكر, ولا يتم ذلك إلا بقوة وإمارة. (مجموع فتاوى شيخ الإسلام أحمد بن تيمية ج : ٢٨, ص : ٣٩٠)

"യാത്രയിലുള്ള ചെറുകൂട്ടായ്മയിൽതന്നെ നേതൃത്വം വഹിക്കാനാളുണ്ടാവണമെന്ന് നബി(ﷺ) കല്പിച്ചു. മറ്റു കൂട്ടായ്മകളിലും ഇത് അനിവാര്യമാണ്. നന്മ കല്പിക്കലും തിന്മ വിരോധിക്കലും അല്ലാഹു നിർബന്ധമാക്കി. ശക്തിയും നേതൃത്വവുമില്ലാതെ അത് പരിപൂർണ

മാവുകയില്ല" (മജ്മൂഅ് ഫതാവ. വാ: 28, പേ: 390).

**പണ്ഡിതന്മാർ പറയുന്നു:**

ശൈഖ് അൽബാനിയോടുള്ള ചോദ്യവും മറുപടിയും കാണുക.

س:هل يجب وجوبا عينيا على كل شاب سلفي أن يدعو إلى دعوته السلفية ضمن الجماعة السلفية أم يجوز له أن يدعو منفردا دون الارتباط بالجماعة السلفية؟

ചോദ്യം: ഓരോ സലഫി യുവാവിനും തന്റെ സലഫി ആദർശത്തിലേക്ക് ക്ഷണിക്കുന്നത് സംഘടനയിലൂടെ തന്നെയാകൽ അനിവാര്യമാണോ? അതല്ല സലഫി സംഘടനയുമായി യാതൊരു ബന്ധവുമില്ലാതെ ഒറ്റക്ക് ദഅ്‌വത്ത് ചെയ്യൽ അനുവദനീയമാകുമോ?

ج: ربنا يقول: " وكونوا مع الصادقين". والرسول صلى الله عليه وسلم يقول: "يد الله مع الجماعة". ويقول: " عليكم بالجماعة فإنما يأكل الذئب من الغنم القاصية". فنحن نعرف بالتجربة وبالتفقه في النصوص الشرعية أن كل من يزعم بأنه سلفي العقيدة وأنه لا يريد أن ينتمي إلى جماعة وإنما يدعو لوحده كما جاء في السؤال, نحن نعلم بالتجربة أن عاقبة هذا الإنسان هو الانفراد عن الدعوة ذلك لأن الله إذا كان قد ذكر في القرآن مكلما موسى عليه السلام قال له : " نشد عضدك بأخيك". وهو كليم الله واصطفاه لرسالته فماذا يقول الفرد المسلم؟ أليس هو بحاجة لأن يشد عضده بأخيه؟ لا شك أن الجواب نعم.ولهذا فلا بد لذلك الشاب السلفي من أن يضم إلى الجماعة التي في بلده ما دامت دعوته هو دعوته لأن في ذلك قوة له ولهم كما تشير الآيات السابقة أما إذا أصر على البقاء بعيدا عن الجماعة فلا شك أن الذئاب ستأكله كما دل الحديث السابق عليه, أي

ستتبناه الجماعات الأخرى وسيجلبونه إليهم, وبذلك ينحــرف عن ا لخط وهو قد لا يشعر أحيانا, وختاما أقول إن الله يقول:" وكونوا مع الصادقين". فالذي يريد أن يعيش وحده في دعوته المزعومة هو بلا شك في خسران المبين. ( الحاوي من فتاوى الشـيخ البـاني : ج٢ ,ص: ١٩١)

മറുപടി: അല്ലാഹു പറയുന്നു: "നിങ്ങൾ സത്യം പറയുന്നവരോടൊപ്പമാവുക". നബി(ﷺ) പറയുന്നു: "അല്ലാഹുവിന്റെ സഹായം സംഘത്തോടൊപ്പമാണ്. "നിങ്ങൾ സംഘടിതമായി നിലകൊള്ളുക. ആടുകളിൽനിന്ന് ഒറ്റപ്പെട്ടവയെയാണ് ചെന്നായ തിന്നുക"

മതപരമായ തെളിവുകളിലെ പരിജ്ഞാനത്തിലൂടെയും അനുഭവത്തിലൂടെയും നമ്മൾ പരിചയിച്ചറിഞ്ഞിട്ടുള്ളത്. ചോദ്യത്തിൽ വന്നതുപോലെ സലഫി ആദർശക്കാരനാണെന്ന് പറയുകയും സംഘടനയിൽ ചേരാൻ ആഗ്രഹിക്കുന്നില്ലെന്നും തനിച്ചാണ് ദഅ്‌വത്ത് നടത്തുന്നതെന്നും പറയുന്നവരുടെയൊക്കെ അന്ത്യം ദഅ്‌വത്തിൽനിന്ന് തന്നെ ഒറ്റപ്പെട്ടുപോകലാണ്. ഇത് നാം അനുഭവത്തിലൂടെ അറിഞ്ഞതാണ്. കാരണം അല്ലാഹു തന്റെ പ്രവാചകനായ മൂസാനബി (عليه السلام) യോട് "നിന്റെ സഹോദരനെക്കൊണ്ട് നിനക്ക് നാം ശക്തിപകരുന്നതാണ്" എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ കേവലം ഒരു വ്യക്തിമാത്രമായ മുസ്‌ലിം എന്താണ് പറയുക? അവന് ആരുടെയും പിൻബലവും സഹായവും ആവശ്യമില്ലേ? നിസ്സംശയം, 'സഹായം ആവശ്യമുണ്ട്' എന്ന്തന്നെയായിരിക്കും മറുപടി.

അതിനാൽ ആ സലഫി യുവാവിന് തന്റെ നാട്ടിലുള്ള സലഫി സംഘടനയിൽ ചേർന്ന് പ്രവർത്തിക്കലാണ് കരണീയമായിട്ടുള്ളത്. വിശിഷ്യാ തന്റെയും അവരുടെയും ദഅ്‌വത്ത് ഒന്നാകുന്നിടത്തോളം. കാരണം മുമ്പ് പറഞ്ഞ ആയത്തുകൾ സൂചിപ്പിക്കുന്നപോലെ അതിൽ അവനും അവർക്കും ശക്തി പകരലുണ്ട്. എന്നാൽ സംഘടനയിൽ നിന്ന് അകന്ന്തന്നെ നിൽക്കാൻ തീരുമാനിച്ചുറച്ചാൽ സംശയമില്ല 'ചെന്നായ്ക്കൾ' അവനെ പിടിച്ച് തിന്നും. നടേ സൂചിപ്പിച്ച ഹദീസിലുള്ളതുപോലെ. അതായത് മറ്റ് സംഘടനകൾ അവനെ ഏറ്റെടുക്കുക

യും അവരിലേക്ക് വലിച്ച് കൊണ്ടുപോവുകയും ചെയ്യും. അത് മുഖേ ന നേർരേഖയിൽ നിന്നും അവൻ വ്യതിചലിച്ച് പോകും. ചിലപ്പോഴത് അവൻ അറിയുന്നുപോലുമുണ്ടാവില്ല. അവസാനമായി ഞാനൊന്ന് പറയട്ടെ; അല്ലാഹു പറയുന്നു: "നിങ്ങൾ സത്യം പറയുന്നവരോടൊപ്പം നിൽക്കുക" തന്റെ ജൽപിത ദഅ്‌വത്തിൽ തനിച്ച് കഴിയാൻ ആഗ്ര ഹിക്കുന്നവർ നിസ്സംശയം വ്യക്തമായ നഷ്ടത്തിൽതന്നെയാണ്.

س: ذكرتم فيما ذكرتم أنه يجب على الداعية السلفي أن يدعو إلى الله ضمن الجماعة السلفية, أي أن وجوده ضمن الجماعة واجب, فهل ترون أو تعنون أن يكون لهذه الجماعة أمير مطاع قياسا على حديث الإمارة في السفر؟

ചോദ്യം: നിങ്ങൾ പറഞ്ഞത് പ്രകാരം പ്രബോധകന് സലഫി സംഘടനയിലൂടെതന്നെ ദഅ്‌വത്ത് നടത്തൽ അനിവാര്യമാണ്. അങ്ങനെവരുമ്പോൾ ആ സംഘടനക്ക് (സംഘത്തിന്) യാത്രയിലെ നേതൃത്വത്തെക്കുറിച്ച് പറഞ്ഞ ഹദീസിനോട് തുലനപ്പെടുത്തി അനു സരിക്കപ്പെടുന്ന ഒരു അമീർ (നേതാവ്) ഉണ്ടാകണമെന്ന് താങ്കൾ വിവക്ഷിക്കുന്നുണ്ടോ?

ج:الأمير المطاع المشار إليه لا أرى من وجوده مانعا, شريطة أن لا نربط به الأحكام المرتبطة بالأمير الأعلى الذي هو رئيس الدولة المسلمة, فيكون هذا من باب تدبير الأمور وتنظيمها..... ( الحاوي من فتاوى الشيخ الألباني : ج : ٢,ص: ١٩٣)

മറുപടി: ചോദ്യത്തിൽ സൂചിപ്പിക്കപ്പെട്ടതുപോലെ ഒരു നേതാവ് ഉണ്ടാകുന്നതിന് യാതൊരു തടസ്സവും ഞാൻ കാണുന്നില്ല. പക്ഷെ, ഇസ്‌ലാമിക രാഷ്ട്ര നായകനുള്ള വിധിവിലക്കുകൾ ഇതുമായി ബന്ധിപ്പിക്കരുതെന്ന് മാത്രം. മറിച്ച് കാര്യങ്ങൾ അടുക്കും ചിട്ടയോടെയും ആവുക എന്ന ഇനത്തിലാണ് വരിക.... (അൽഹാവി മിൻഫതാവാ ശൈഖ് അൽബാനി (ശൈഖ് അൽബാനിയുടെ ഫത്‌വാ സമാഹാരം) വാ: 2 പേ: 191-193).

ശൈഖ് ഇബ്നു ബാസ്, ശൈഖ് അൽബാനി, ശൈഖ് സ്വാലി

ഹുൽ ഫൗസാൻ എന്നിവരുടെ അംഗീകാരത്തോടെ ജംഇയ്യത്തു ഇഹ്‌യാഉത്തുറാസിൽ ഇസ്‌ലാമി പ്രസിദ്ധീകരിച്ച അവരുടെ മാർഗ രേഖയിൽ പറയുന്നു:

ونرى أن إقامة جماعة سلفية واضحة الأهداف إنما هي وسيلة لخدمة الدين والعمل على رعاية مصالح المسلمين, وتقديم الخير لهم, وليس ذلك من الحزبية التي نهى الشارع عنها, بل نرى أن ذلك من الوسائل الميسرة لخدمة الدين ونشره, والقيام بواجب الأمر بالمعروف والنهي عن المنكر, وخاصة في البلدان التي اهملت هذه الفريضة ولم ترعها حق رعايتها, ونرى أن مناصرة أهل الحق ضرورة, وتكثير سوادهم مما حث الشارع عليه, لذلك ندعو كل مسلم أن يكثر سواد إخوانه ويجانب أهل البدع والأهواء. (منهاج جمعية إحياء التراث الإسلامي الطبعة الثانية وهو منهاج مزكى من سماحة الشيخ عبد العزيز بن باز والشيخ محمد ناصر الدين الألباني والشيخ صالح الفوزان وآخرين. ص: ٤١)

വ്യക്തമായ ലക്ഷ്യങ്ങളോടുകൂടി പ്രവർത്തിക്കുന്ന സലഫി സംഘടന മതസേവനത്തിനും മുസ്‌ലിംകൾക്ക് നന്മകൾ അർപ്പിക്കുന്നതിനുമുള്ള ഒരു മാർഗമായി ഞങ്ങൾ മനസ്സിലാക്കുന്നു. അത് ദീൻവിലക്കിയ കക്ഷിത്വത്തിൽപെടുകയില്ല. പ്രത്യുത മതപ്രബോധനത്തിനും സേവനത്തിനും നന്മ കൽപിക്കുക തിന്മ വിരോധിക്കുക എന്ന ബാധ്യത നിർവഹിക്കുന്നതിനുമുള്ള സൗകര്യപ്രദമായ മാർഗമാണത്.

പ്രത്യേകിച്ച് ഈ ബാധ്യതയെ അവഗണിച്ച വേണ്ടവിധത്തിൽ അതിനെ പരിഗണിക്കാത്ത നാടുകളിൽ സത്യത്തിന്റെ ആളുകളെ സഹായിക്കൽ നിർബന്ധമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അവരുടെ അംഗബലം വർധിപ്പിക്കലും മതം പ്രോത്സാഹിപ്പിച്ച കാര്യമാണ്. അതിനാൽ ഓരോ മുസ്‌ലിം സഹോദരങ്ങളെയും (സത്യത്തിന്റെ കക്ഷിയുടെ) അംഗബലം വർധിപ്പിക്കുന്നതിനും ഇഛകളുടെയും ബിദ്അത്തുകളുടെയും ആളുകളെ കയ്യൊഴിക്കുന്നതിനും ഞങ്ങൾ

ക്ഷണിക്കുകയാണ്. (മിൻഹാജു ജംഇയ്യത്തി ഇഹ്‌യാഇത്തുറാസിൽ ഇസ്‌ലാമി പേ.41)

ശൈഖ് ഇബ്‌നുബാസ്‌നോട് സുഡാനിലെ അൻസ്വാറുസ്സുന്ന എന്ന സംഘടനയെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അതിന് നൽകിയ മറുപടി കാണുക.

س:ما حكم قيام هذه الجماعة- أي جماعة أنصار السنة المحــمدية في السودان- في بلد خلا من وجود الإمام العادل الذي يطبق شرع الله عز وجل ويقوم بواجب الدعوة إلى الله عز وجل؟

ചോദ്യം: ഇസ്‌ലാമിക നിയമങ്ങൾ നടപ്പിലാക്കാത്ത, അല്ലാഹുവിലേക്കുള്ള ദഅ്‌വത്ത് എന്ന ബാധ്യത നിർവഹിക്കാത്ത ഒരു നാട്ടിൽ അൻസ്വാറുസ്സുന്നയെപോലുള്ള സംഘടനയുടെ മതവിധിയെന്താണ്?

ج:فإن جماعة أنصار السنة المحمدية في السودان معروفة لدي من دهر طويل, من شرات السنين وهي مشــكورة العمل ,مشــكورة السيرة فيما أعلمه وفيما ثبت عندي, ونسأل الله أن يضاعف مثوبتها ويؤيدها من كل خير........ وهذا السؤال جوابه أن يقال أن وجود هذه الجماعة في السودان من نعم الله العظيمة ومن رحمة الله بــال ســودان, أن يوجد فيها من ينتصب للدعوة إلى الله, يلتزم بأحــكام الشريعة........ وأنا بنفسه أهنئ الشعب السوداني بهذه الجماعة. وأسأل الله أن ينفعهم بها وأن يعين الجماعة على أداء واجبها....... ولا شك أن جماعة أنصار السنة في السودان وجماعة أنصار السنة في مصر لهما آثارعظيمة في الخير, وفي توجيه الناس إلى الخير وإلى العقيدة السلفية فلا شك عندي أن هذه الجماعة جماعة طيبــة ومفيدة نافعة, ولها آثار عظيمة في توجيه العامة إلى الخير وتحذير الناس من الشرك بالله, ودعوتهم إلى توحيد الله وإلى اتباع الســنة

والحذر من البدعة, نسأل الله أن يزيدهم من التوفيق والهداية.......

(حكم العمل الجماعي . ص: ٤٢ )

മറുപടി: സുഡാനിലെ 'അൻസ്വാറുസ്സുന്നത്തിൽ മുഹമ്മദിയ്യ' എന്ന സംഘടന വളരെകാലമായി എനിക്ക് സുപരിചിതമാണ്. ദശാബ്ദങ്ങളായിട്ട് ഞാനറിഞ്ഞിടത്തോളം അത് സ്തുത്യർഹമായ സേവനങ്ങളനുഷ്ഠിക്കുന്ന നല്ലൊരു പ്രസ്ഥാനമാണ്. സർവ്വനന്മകളിലൂടെയും അതിന് ശക്തി പകരുന്നതിനും തികഞ്ഞ പ്രതിഫലം നൽകുന്നതിനും അല്ലാഹുവിനോട് പ്രാർഥിക്കുന്നു... ഈ ചോദ്യത്തിനുള്ള മറുപടി പറയുകയാണെങ്കിൽ സുഡാനിലെ ഈ സംഘടന അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങളിൽപെട്ടതാണ്. അതായത് ദഅ്വത്തിന് സന്നദ്ധമായ, മതപരമായ വിധിവിലക്കുകൾ പാലിക്കുന്ന ഒരു വിഭാഗം അവിടെയുണ്ടാവുക എന്നത്'... ഞാൻ വ്യക്തിപരമായി സുഡാൻ ജനതയെ ഈ സംഘടനയിലേക്ക് സ്വാഗതം ചെയ്യുന്നു. അത് അവർക്ക് പ്രയോജനപ്രദമാകുവാനും അവരുടെ ദൗത്യനിർവഹണത്തിൽ സഹായിക്കുവാനും അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യുന്നു...

നിസ്സംശയം, സുഡാനിലെ അൻസ്വാറുസ്സുന്നത്തിൽ മുഹമ്മദിയ ഈജിപ്തിലെ അൻസ്വാറുസ്സുന്ന എന്നീ സംഘടനൾക്ക് നന്മ പ്രചരിപ്പിക്കുന്നതിൽ കാര്യമായ പങ്കുണ്ട്. ജനങ്ങളെ നന്മയിലേക്കും സലഫി ആദർശത്തിലേക്കും നയിക്കുന്നതിലും. എനിക്ക് യാതൊരു സംശയവുമില്ല ഈ സംഘടന ഉപകാരപ്രദമായ നന്മകളുള്ള നല്ല സംഘടനയാണ്. ജനങ്ങളെ ശിർക്കിൽനിന്ന് താക്കീത് ചെയ്യുന്നതിലും തൗഹീദിലേക്ക് ക്ഷണിക്കുന്നതിലും സുന്നത്ത് പിൻപറ്റുവാനും ബിദ്അത്ത് കയ്യൊഴിക്കാൻ പ്രേരിപ്പിക്കുന്നതിലും ഈ സംഘടനക്ക് വലിയ പങ്കുണ്ട്. അവർക്ക് ഹിദായത്തും തൗഫീഖും അധികരിപ്പിക്കുവാൻ അല്ലാഹുവോട് പ്രാർഥിക്കുന്നു... (ഹുക്മുൽ അമലിൽ ജമാഈ "സംഘടിത പ്രവർത്തനത്തിന്റെ മതവിധി" എന്ന ഗ്രന്ഥത്തിൽനിന്ന് പേജ്42).

ശൈഖ് റബീഅ് അൽമദ്ഖലി പറയുന്നു:

يقول الشيخ المدخلي: " فأقول إني إلى يومي هذا لا أعرف أحدا من السلفيين يحرم العمل الجماعي المشروع القـــائم على منهج الكتاب

والسنة وما عليه المسلمون قديما وحديثا- وأكبر دليل على هذا واقع السلفيين في كل مكان, إذ لهم مدارس وجامعات لها إداراتها ومسـؤوليها وأسـاتذتها وميزانياتها, ولهم جمعيات في الهند وباكستان وبنجلاديش وغيرها. ....... ولأنصار السنة في مصر والسودان مدارس ومساجد وأعمال تقوم على العمل الجماعي, وفي اليمن مدارس ومساجد قائمة على العمل الجماعي, وما سمعنا من عالم أو طالب علم يحارب العمل الجماعي المشروع ويحرم ويبدع أهله. (جماعة واحدة لا جماعات وصراط واحد لا عشرات للشيخ ربيع بن هادي المدخلي : ص:٥٢،٥٣)

ഇന്നേദിവസംവരെ, ഖുർആനിന്റെയും ഹദീസിന്റെയും മാർഗരേഖയനുസരിച്ചുള്ള സംഘടിത പ്രവർത്തനം നിഷിദ്ധമെന്ന് പറഞ്ഞ ആധുകരും പൗരാണികരുമായ ഒരൊറ്റ സലഫീ പ്രവർത്തകനെയും എനിക്കറിയില്ല. അതിന് ഏറ്റവും വലിയ തെളിവ് ഏത് സ്ഥലങ്ങളിലെയും സലഫികളുടെ സ്ഥിതിവിശേഷങ്ങളാണ്. അവർക്ക് വിദ്യാലയങ്ങളും സർവകലാശാലകളുമുണ്ട്. അവക്കെല്ലാം ഉത്തരവാദപ്പെട്ട ബോഡികളും ഉദ്യോഗസ്ഥന്മാരും അധ്യാപകരും അതിന്റേതായ ബജറ്റുകളുമുണ്ട്. അവർക്ക് (സലഫികൾക്ക്) ഇന്ത്യയിലും പാക്കിസ്ഥാനിലും ബംഗ്ലാദേശിലും മറ്റും സംഘടനകളുമുണ്ട്....ഈജിപ്തിലെയും സുഡാനിലേയും 'അൻസ്വാറുസ്സുന്ന'ക്ക് വിദ്യാലയങ്ങളും പള്ളികളുമുണ്ട്. സംഘടിതമായ പ്രവർത്തനങ്ങളുമുണ്ട്. യമനിലും അങ്ങനെതന്നെ. ഒരു സലഫി പണ്ഡിതനാക ട്ടെ വിദ്യാർത്ഥിയാകട്ടെ സംഘടിത പ്രവർത്തനത്തെ എതിർക്കുകയോ നിഷിദ്ധമെന്ന് പറയുകയോ അതിന്റെയാളുകളെ ബിദ്അത്തുകാരെന്ന് പറയുന്നതോ ആയി നാം കേട്ടിട്ടില്ല. (ജമാഅത്തുൻ വാഹിദ ലാജമാഅത്ത്.... പേജ് 52, 53).

ശൈഖ് ഇബ്നുബാസിനോടുള്ള ഒരു ചോദ്യത്തിന് അദ്ദേഹം നൽകുന്ന മറുപടി ശ്രദ്ധേയമാണ്.

س: ما حـــــكم التعاون والتآزر والتعاضد في أمر الدعوة إلى الله سبحانه وتعالى, خاصة وأن البعض يقول إنه من البدع المحدثة؟

ചോദ്യം: അല്ലാഹുവിന്റെ മാർഗത്തിലേക്കുള്ള ദഅ്വത്തിൽ പരസ്പരം സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്നതിന്റെ വിധിയെന്താണ്. ചിലർ അത് നൂതനമായ ബിദ്അത്താണെന്ന് പറയുന്നു?

ج:التعاون مطلوب في الدعوة إلى الله, وفي كل خير كما قال
" وتعاونوا على البر والتقوى " . وقال النبي صلى الله عليه و
من كان في حاجة أخيه كان الله في حاجته" . والله سبحانه يقـ
والعصر , إن الإنسان لفي خسر إلا الذين آمنوا وعملوا الص
وتواصوا بالحــق وتواصوا بالصبــر" .فإذا ذهب جماعة
إلىالله تعالى فعليهم أن يتعاونوا في أي بــلد أو في أي مكاز
البر والتقوى هذا من أحسن الأشياء. والنبي صلى الله عليه ا
بعث سبعين من القراء إلى بعض القبــائل للدعوة إلى الله, و
وكان يبعث الدعاة إلى الله أفرادا وجماعات- إلى القبائل لذ
وتفقيههم في الدين وبــعث مصعب بــن عمير رضي الله ء
المدينة قبل الهجرة, لتعليم من أسلم من الأنصار وتفقيههم في
( مجموع فتاوى للشيخ عبد العزيز بــن بــاز الجزء الثامن
١٧٨, ١٧٩)

മറുപടി: അല്ലാഹുവിലേക്കുള്ള ദഅ്വത്തിന്റെ കാര്യത്തിൽ പരസ്പര സഹായം ആവശ്യമാണ്. അല്ലാഹു പറഞ്ഞപോലെ എല്ലാ നന്മയിലും അത് വേണം. "തഖ്‌വയിലും പുണ്യത്തിലും നിങ്ങൾ സഹകരിക്കുക". നബി(ﷺ) പറഞ്ഞു: "ആരെങ്കിലും തന്റെ സഹോദരന്റെ ആവശ്യ നിർവഹണത്തിൽ സഹായിച്ചാൽ അല്ലാഹു അവനെയും സഹായിക്കും". അല്ലാഹു പറയുന്നു: "കാലം തന്നെയാണ് സത്യം!

മനുഷ്യൻ തിരാനഷ്ടത്തിലാണ്. വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും സത്യംകൊണ്ടും ക്ഷമകൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴികെ".

ഒരുസംഘം ദഅ്വത്തിനുവേണ്ടി ഇറങ്ങിപ്പുറപ്പെട്ടാൽ അവർ നന്മയിലും തഖ്വയിലും പരസ്പരം സഹായിക്കേണ്ടതുണ്ട്- ഏത് സ്ഥലത്തായിരുന്നാലും- ഇത് വളരെ നല്ല കാര്യമാണ്. നബി (ﷺ) എഴുപത് ഖുർആൻ പണ്ഡിതന്മാരെ ദഅ്വത്തിനും അധ്യാപനത്തിനുമായി ചില ഗോത്രങ്ങളിലേക്ക് അയച്ചിട്ടുണ്ട്. വ്യക്തികളും സംഘങ്ങളുമായി പ്രബോധകരെ മതാധ്യാപനത്തിന് അവിടുന്ന് അയക്കാറുണ്ട്. ഇസ്‌ലാം സ്വീകരിച്ച അൻസ്വാറുകളെ പഠിപ്പിക്കുന്നതിന് വേണ്ടി മിസ്അബ്ബ്നു ഉമൈർ (رضي الله عنه)നെ ഹിജ്റക്ക് മുമ്പ് മദീനയിലേക്ക് അയച്ചു.(ശൈഖ് ഇബ്നുബാസിന്റെ മജ്മൂഅ് ഫതാവ പേജ് 178, 179, ഭാ:8).

സംഘടന തിന്മയാണെന്ന് പറയാൻ ചിലർ തെളിവായുദ്ധരിക്കുന്നത് ഹുദൈഫ(رضي الله عنه)ന്റെ ഒരു ഹദീസാണ്. എന്നാൽ സംഘടന തിന്മയല്ല; നന്മയാണ് എന്ന് പറയുന്ന പണ്ഡിതന്മാർ ആ ഹദീസ് കാണാത്തവരോ ഗ്രഹിക്കാത്തവരോ അല്ല.

ശൈഖ് ഇബ്നു ബാസ് (رحمه الله)തന്നെ പറയുന്നത് കാണുക.

وهكذا كل جماعة تدعو إلى التوحيد واتباع الكتاب والسنة تسمى جماعة إسلامية في أي مكان كانت وإن لم تكن تحت رعاية سلطان ملتزم بالشريعة، وعلى كل طالب حق أن يلزم الجماعة المتصفة بهذا المعنى، وأن يساعدها ويكثر سوادها لأنها داخلة في حديث حذيفة المشهور.(من فتوى الشيخ ابن باز رحمه الله صادرة بتاريخ ١٣/١/١٤٠٢،نقلته من كتاب حكم العمل الجماعي للشيخ عبد الله السبت.ص:٤١)

ഇങ്ങനെ തൗഹീദിലേക്കും ഖുർആനിലേക്കും ക്ഷണിക്കുന്ന ഏത് സംഘടനയും ഇസ്‌ലാമിക സംഘടനയാണ്. ഏത് സ്ഥലത്തായിരുന്നാലും, ശരീഅത്ത് അനുധാവനം ചെയ്യുന്ന ഒരു ഭരണാധികാരിയു

ടെ കീഴിലല്ലാതിരുന്നാലും ശരി. ഓരോ സത്യാന്വേഷിക്കും കരണീയമായിട്ടുള്ളത് ഉപരിസൂചിത സംഘത്തോടൊപ്പം ചേരലും സഹായിക്കലും അവരുടെ അംഗബലം അധികരിപ്പിക്കലുമാണ്. കാരണം അത് പ്രസിദ്ധമായ ഹുദൈഫാ(ﷺ)ന്റെ ഹദീസിന്റെ താൽപര്യമാണ്". (ഇബ്നുബാസിന്റെ ഫത്‌വ, 13/01/402ലിറങ്ങിയത്. ഹുക്മുൽ അമലിൽ ജമാഈ പേജ്41).

ഹുദൈഫ (ﷺ)യുടെ ഹദീഥിനെക്കുറിച്ച് ഇബ്നുബാസിനോടുള്ള ഒരു ചോദ്യവും അതിനുള്ള മറുപടിയും കാണുക:

س:في الساحة من يقـول إن الفرق التي ورد الأمر بـاعتزالها في حديث حـذيفة هي الجماعات الإسـلامية كالسـلفيين, والإخوان والتبليغيين فما قول سماحتكم في ذلك ؟

ചോദ്യം. ഹുദൈഫ (ﷺ)ന്റെ ഹദീസിലൂടെ വെടിയുവാൻ കൽപിക്കപ്പെട്ട കക്ഷികൾ സലഫി, ഇഖ്‌വാനി, തബ്‌ലീഗി പോലുള്ള ഇസ്ലാമിക സംഘടനകളാണെന്ന് പറയുന്നവരുണ്ട്. ഈ വിഷയത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ج:النبي صلى الله عليه وسلم قال لحذيفة لما قال: يا رسـول الله كنا في جاهلية وشر, فجاءنا الله بهذا الخير فهل بعد هذا الخير من شر؟ قال النبي صلى الله عليه وسلم : نعم , قال حـذيفة : فهل بـعد ذلك الشر من خير؟ قال: نعم, وفيه دخن, قلت: وما دخنه؟ قال :" قـوم يهدون بغير هديي ويستنون بـغير سـنتي تعرف منهم وتنكر" ف قال حذيفة: يا رسول الله فهل بعد هذا الخير من شـر؟ قـال : نعم , دعاة على أبواب جهنم من أجابهم إليها قذفوه فيها" قلت: يا رسـول الله صفهم لنا قال : " هم من جلدتنا, ويتكلمون بألسنتنا " يعني: من العرب. قلت يا رسول الله فما تأمرنا عند ذلك؟ قـال: "تلزم جماعة المسلمين وإمامهم", قلت : فإن لم يكن لهم جماعة ولا إمام؟ قـال: "

فاعتزل تلك الفرق كلها, ولو أن تعض على أصل شـــجرة حـــتى يدركك الموت وأنت على ذلك". ( رواه البـــخاري ومســـــلم)هذا الحديث العظيم يبين لنا, أن الواجب على المســـلم: لزوم جماعة ال مسلمين, والتعاون معهم في أي مكان ســـواء كانت جماعة وجدت في الجزيرة العربية, أو مصر, أو في الشـــام, أو في العراق, أو في أمريكا ,أو في أوربا ,أو في أي مكان.فمتى وجد المسلم جماعة دعو إلى الحق ساعدهم وصار معهم, أعانهم وشجعهم وثبتهم على الحق والبـــصيرة, فإذا لم يجد جماعة بـــــالكلية فإنه يلزم الحــــق: و هو الجماعة, ولو كان واحدا, كما قال ابن مســـعود رضي الله عنه لعمرو بن ميمون : " الجماعة ما وافق الحق وإن كنت وحدك".فعلى المسلم أن يطلب الحق, فإذا وجد مركزا إسلاميا يدعو إلى الحق, أو جماعة في أي مكان يدعون إلى الحق- أي : إلى كتاب الله وســـنة رسوله , وإلى العقيدة الطيبة- في أوربا , أو في أفريقـــيا, أو في أي مكان فليكن معهم يطلب الحق ويلتمس الحق ويصبـــر عليه ويكون مع أهله.هذا هو الواجب على المســــــلم , فإذا لم يجد من يدعو إلى الحق لا دولة ولا جماعة لزم الحـــق وحـــده واستقـــام عليه, فهو الجماعة حينئذ كما قال ابـــن مســـعود رضي الله عنه لعمرو بـــن ميمون.وفي زماننا هذا- والحـــــمد لله- توجد الجماعات الكثيرة الداعية إلى الحق, كما في الجزيرة العربية: الحكومة الســـعودية, وفي اليمن والخليج, وفي مصر والشـــام, وفي أفرقـــيا وأوربـــــا وأمريكا, وفي الهند وباكســـــتان, و غير ذلك من أنحـــــــاء ال عالم, توجد جماعات كثيرة ومراكز إسلامية وجمعيات إســـلامية

تدعو إلى الحق وتبشر به, وتحذر من خلافه.فعلى المسلم الطالب للحق في أي مكان أن يبحث عن هذه الجماعات, فإذا وجد جماعة أو مركزا أو جمعية تدعو إلى كتاب الله عز وجل وسنة رسول الله صلى الله عليه وسلم تبعها ولزمها., كأنصار السنة في مصر والسودان, وجمعية أهل الحديث في باكستان والهند, وغيرهم ممن يدعو إلى كتاب الله وسنة رسوله صلى الله عليه وسلم, ويخلص العبادة لله وحده, ولا يدعو معه سواه من أصحاب القبور ولا غيرهم. ( مجموع فتاوى للشيخ عبد العزيز بن باز الجزء الثامن : ص: ١٧٩-١٨١)

ഉ: ഹുദൈഫ(ﷺ) നബി(ﷺ)യോട് ചോദിച്ചു: "പ്രവാചകരേ, ഞങ്ങൾ ജാഹിലിയ്യത്തിലും തിന്മയിലുമായിരുന്നു. പിന്നീട് ഈ നന്മ ഞങ്ങൾക്ക് അല്ലാഹു കൊണ്ടുവന്ന് നൽകി. ഇനി ഈ നന്മക്ക് ശേഷം വല്ല തിന്മയുമുണ്ടോ? നബി(ﷺ)പറഞ്ഞു: "അതെ, ഉണ്ട്". ഹുദൈഫ ചോദിച്ചു: ആ തിന്മക്ക് ശേഷം നന്മയുണ്ടോ? നബി(ﷺ) പറഞ്ഞു: "അതെ, പക്ഷെ, അതിൽ കലർപ്പുണ്ടായിരിക്കും. ഞാൻ ചോദിച്ചു: "എന്താണ് അതിലെ കലർപ്പ്?". നബി(ﷺ) പറഞ്ഞു: എന്റെ മാർഗത്തിലൂടെയല്ലാതെ മാർഗദർശനം ചെയ്യുന്നയാളുകൾ. എന്റെ ചര്യയല്ലാത്തവ ചര്യയായി സ്വീകരിക്കുന്നവർ. അവരിൽ നീ (നന്മ യായി) അംഗീകരിക്കുന്നവയും (തിന്മയായി) തിരസ്കരിക്കുന്നവയു മുണ്ടാകും. വീണ്ടും ഹുദൈഫ(ﷺ) ചോദിച്ചു: "പ്രവാചകരേ, ഈ നന്മക്കുശേഷം വല്ല തിന്മയുമുണ്ടാകുമോ? നബി(ﷺ) പറഞ്ഞു: അ തെ, നരക കവാടങ്ങളിലുള്ള പ്രബോധകർ. ആർ അവർക്ക് അതി ലേക്ക് ഉത്തരം ചെയ്തുവോ അവർ അവനെ അതിലേക്കെറിയും" ഞാൻ ചോദിച്ചു: പ്രവാചകരേ, അവരെക്കുറിച്ച് ഞങ്ങൾക്ക് വിവരിച്ച് തന്നാലും. നബി(ﷺ) പറഞ്ഞു: "അവർ നമ്മുടെ വർഗത്തിൽപെട്ടവ രും നമ്മുടെ ഭാഷ സംസാരിക്കുന്നവരുമാണ്" (അറബികളിൽപെട്ട വരാണെന്ന് വിവക്ഷ). ഞാൻ ചോദിച്ചു: "പ്രവാചകരേ, ആ സന്ദർഭ ത്തിൽ എന്താണ് ഞങ്ങളോട് താങ്കൾ കൽപിക്കുന്നത്?". അവിടുന്ന്

പറഞ്ഞു: "മുസ്ലിം ജമാഅത്തിനോടും ഇമാമിനോടും (സംഘത്തോടും നേതൃത്വത്തോടു)മൊപ്പം നീ നിൽക്കുക" ഞങ്ങൾ ചോദിച്ചു: "അവർക്ക് ഇമാമും ജമാഅത്തുമില്ലെങ്കിലോ?". അവിടുന്ന് പറഞ്ഞു: വൃക്ഷമൂലത്തിൽ കടിച്ചുപിടിച്ചിട്ടാണെങ്കിലും മരണംവരെയും ആ കക്ഷികളെയെല്ലാം നീ വെടിയുക" (ബുഖാരി, മുസ്‌ലിം).

ഈ മഹത്തായ നബിവചനം നമുക്ക് വ്യക്തമാക്കിത്തരുന്നത് മുസ്‌ലിം ജമാഅത്തിനോ (സംഘത്തോ)ടൊപ്പം നിൽക്കൻ അനിവാര്യമാണെന്നാണ്. ഏത് പ്രദേശത്തായിരുന്നാലും; അത് അറേബ്യയിലുള്ള സംഘമാവട്ടെ അതല്ലെങ്കിൽ ഈജിപ്തിലോ, ശാമിലോ, ഇറാഖിലോ അമേരിക്കയിലോ യൂറോപ്പിലോ ഉള്ളതാവട്ടെ എവിടെയായിരുന്നാലും അവഗരാടൊത്ത് സഹകരിക്കുകയുമാണ് വേണ്ടത്.

ഒരു മുസ്‌ലിം സത്യത്തിലേക്ക് ക്ഷണിക്കുന്ന ഒരു സംഘത്തെ എപ്പോൾ കണ്ടാലും അവരോടൊപ്പം നിൽക്കുകയും അവരെ സഹായിക്കുകയും ചെയ്യേണ്ടതുണ്ട്. സത്യത്തിലും അറിവിലും അവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഒരു നിലക്കും ഒരു ഇസ്‌ലാമിക സംഘം (ജമാഅത്ത്)അവിടെ അവൻ കണ്ടില്ലെങ്കിൽ സത്യത്തെ പിൻപറ്റുകയാണ് ചെയ്യേണ്ടത്. അതാണ് ജമാഅത്ത്. അവൻ തനിച്ചാണെങ്കിലും. ഇബ്നു മസ്ഊദ്(ﷺ) അംറ്ബ്നു മൈമൂനിനോട് പറഞ്ഞപോലെ: "നീ തനിച്ചാണെങ്കിലും സത്യത്തോട് യോജിക്കുന്നതിനാണ് അൽ ജമാഅത്ത് എന്ന് പറയുക".

അപ്പോൾ ഒരു മുസ്‌ലിമിന്റെ ബാധ്യത സത്യം അന്വേഷിക്കുക എന്നതാണ്. അങ്ങനെ സത്യത്തിലേക്ക് ക്ഷണിക്കുന്ന വല്ല ഇസ്‌ലാമിക് സെന്ററോ, സംഘടനയോ അവൻ കണ്ടെത്തിയാൽ യൂറോപ്പിലോ ആഫ്രിക്കയിലോ മറ്റ് ഏത് പ്രദേശത്തായിരുന്നാലും അവർ ഖുർആനിലേക്കും സുന്നത്തിലേക്കും ശരിയായ വിശ്വാസ ആദർശങ്ങളിലേക്കുമാണ് ക്ഷണിക്കുന്നതെങ്കിൽ അവരോടൊപ്പം നിൽക്കുകയും സത്യമന്വേഷിക്കുകയും അതിൽ സഹനമവലംബിക്കുകയും സത്യത്തിന്റെ ആളുകളോടൊപ്പമാവുകയുമാണ് വേണ്ടത്.

ഇതാണ് ഒരു മുസ്‌ലിമിന് അനിവാര്യമായിട്ടുള്ളത്. എന്നാൽ സത്യത്തിലേക്ക് ക്ഷണിക്കുന്ന ഒരു രാഷ്ട്രമോ സംഘടനയോ അവന് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അവൻ തനിച്ച് സത്യത്തെ പിൻപറ്റി നേരെചോവ്വെ നിലനിൽക്കുകയാണ് വേണ്ടത്. അപ്പോൾ അതായിരിക്കും അൽജമാഅത്ത്; അംറ്ബ്നു മൈമൂനിനോട് ഇബ്നു മസ്ഊദ്

(ﷺ) പറഞ്ഞപോലെ.

അൽഹംദുലില്ലാഹ്! നമ്മുടെ ഈ കാലഘട്ടത്തിൽ സത്യത്തിലേക്ക് ക്ഷണിക്കുന്ന നിരവധി സംഘങ്ങളുണ്ട്. അറേബ്യൻ ഉപഭൂഖണ്ഡത്തിലെ സൗദി ഭരണകൂടവും യമനിലും ഈജിപ്തിലും ശ്യാമിലും ആഫ്രിക്കയിലും യൂറോപ്പിലും അമേരിക്കയിലും ഇന്ത്യയിലും പാക്കിസ്ഥാനിലും ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലുമെല്ലാം ധാരാളം ഇസ്ലാമിക സംഘടനകളും ഇസ്ലാമിക് സെന്ററുകളും സത്യത്തിലേക്ക് ക്ഷണിക്കുകയും സന്തോഷവാർത്തയറിയിക്കുകയും തിന്മയെ കുറിച്ച് താക്കീത് നൽകുകയും ചെയ്യുന്നുണ്ട്.

അപ്പോൾ സത്യാന്വേഷിയായ ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം ഏത് പ്രദേശത്തായിരുന്നാലും ഈ സംഘങ്ങളെക്കുറിച്ച് അന്വേഷിക്കുകയാണ് വേണ്ടത്. അങ്ങനെ ഖുർആനിലേക്കും സുന്നത്തിലേക്കും ക്ഷണിക്കുന്ന ഏതെങ്കിലും സംഘത്തെയോ സെന്ററോ സംഘടനയോഅവൻ കണ്ടെത്തിയാൽ അതിനോടൊപ്പം ചേരേണ്ടതാണ്. (ഈജിപ്തിലേയും സുഡാനിലെയും അൻസാറുസ്സുന്ന, ഇന്ത്യയിലെയും പാക്കിസ്ഥാനിലെയും അഹ്ലെ ഹദീസ് പോലുള്ള) (ഖുർആനിലേക്കും സുന്നത്തിലേക്കും ക്ഷണിക്കുന്ന, ഇബാദത്ത് അല്ലാഹുവിന് മാത്രം നിഷ്കളങ്കമാകുന്നതിനും അവനോടൊപ്പം ഖബറാളികളേയും മറ്റും വിളിച്ച് പ്രാർഥിക്കാത്ത) സംഘടനകളിൽ ചേർന്ന് പ്രവർത്തിക്കുകയാണ് വേണ്ടത്. (ശൈഖ് ഇബ്നുബാസിന്റെ മജ്മൂഅ് ഫതാവ പേജ് 179-181, ഭാ: 8).

മറ്റൊരു ചോദ്യത്തിന് മറുപടിയായി ഇബ്നുബാസ്(ﷺ) പറയുന്നു:

يقول الشيخ ابن باز جوابا لسؤال: الذي يدعو إلى كتاب الله وسـنة رسوله صلى الله عليه وسلم ليس من الفرق الضالة, بـل من الفرق الناجية المذكورة في قوله صلى الله عليه وسلم: " افترقـت اليهود على إحدى وسبعين فرقة, وافترقت النصارى على اثنين وسبـعين فرقـة, وسـتفترق أمتي على ثلاث وسبـعين فرقـة كلها في الن ار إلا واحدة", قيل : ومن هي يا رسـول الله؟ قـال: " من كان على

مثل ما أنا عليه اليوم وأصحابـــــــي". وفي لفظ " هي الجماعة" . والمعنى أن الفرقة الناجية هي الجماعة المستقيمة على ما كان عليه النبـــي صلى الله عليه وســـلم وأصحابـــــه رضي الله عنهم..... فالحاصل .. أن الضابط هو استقامتهم على الحق, فإذا وجد إنسان أو جماعة تدو إلى كتاب الله وسنة رســـوله صلى الله عليه وســـلم وتدعو إلى توحيد الله واتباع شريعته فهؤلاء هم الجماعة, وهم من الفرقـــة الناجية, وأما من دعا إلى غير كتاب الله, أو إلى غير ســـنة الرسول صلى الله عليه وسلم فهذا ليس من الجماعة, بل من الفرق الضالة الهالكة, وإنما الفرقة الناجية: دعاة الكتاب والســـنة.... (مجموع فتاوى للشيخ عبد العزيز بن باز الجزء الثامن : ص: ١٨٢)

അല്ലാഹുവിന്റെ കിതാബിലേക്കും തിരുദൂതരുടെ ചര്യയിലേക്കും ക്ഷണിക്കുന്നവൻ പിഴച്ച കക്ഷികളിൽപെട്ടവനല്ല. പ്രത്യുത രക്ഷപ്പെടുന്ന വിഭാഗമെന്ന് പ്രവാചക വചനത്തിലൂടെ പറയപ്പെട്ട (അൽഫിർഖത്തുന്നാജിയ) വിഭാഗത്തിലാണ് പെടുക. “ജൂതന്മാർ 71 കക്ഷികളായി പിരിഞ്ഞു; ക്രിസ്ത്യാനികൾ 72 കക്ഷികളായും. എന്റെ ഉമ്മത്ത് 73 കക്ഷികളായി പിരിയും. ഒന്നൊഴികെയുള്ള 72ഉം നരകാവകാശികളാണ്. ചോദിക്കപ്പെട്ടു: “പ്രവാചകരേ, ഏതാണ് ആ രക്ഷപ്പെടുന്ന വിഭാഗം?” അവിടുന്ന് പറഞ്ഞു: “ഞാനും എന്റെ സ്വഹാബത്തും ഇന്ന് ഏതൊന്നിലാണോ നിലകൊള്ളുന്നത് ആ മാർഗത്തിലുള്ളവർ” മറ്റൊരു റിപ്പോർട്ടിൽ: അതാണ് അൽജമാഅത്ത്” എന്നുണ്ട്. അതായത്, രക്ഷപ്പെടുന്ന വിഭാഗമെന്ന് പറഞ്ഞാൽ പ്രവാചകനും അനുചരന്മാരും നിലനിന്ന നേരായ മാർഗത്തിൽ നിലകൊള്ളുന്നവർ...

ചുരുക്കത്തിൽ സത്യത്തിൽ നേരെചൊവ്വെ നിലകൊള്ളുക എന്നതാണ് മാനദണ്ഡം. ഒരാളോ ഒരു സംഘമോ അല്ലാഹുവിന്റെ കിതാബിലേക്കും പ്രവാചകന്റെ സുന്നത്തിലേക്കും തൗഹിദിലേക്കും അല്ലാഹുവിന്റെ ശരീഅത്തിലേക്കും വിളിക്കുന്നതായിട്ടുണ്ടെങ്കിൽ അവർ

തന്നെയാണ് അൽജമാഅത്ത്. അവരാണ് രക്ഷപ്പെടുന്ന കക്ഷി. എന്നാൽ ആരെങ്കിലും അല്ലാഹുവിന്റെ കിതാബിലേക്കും പ്രവാചകചര്യയിലേക്കുമല്ലാത്ത മറ്റെന്തെങ്കിലിലേക്കും ക്ഷണിക്കുന്നുണ്ടെങ്കിൽ അത് അൽജമാഅത്തിൽപെട്ടതാവില്ല. പ്രത്യുത നാശത്തിന്റെ പിഴച്ച കക്ഷിയിലാണത് പെടുക. രക്ഷയുടെ കക്ഷി എന്നത് ഖുർആനിലേക്കും സുന്നത്തിലേക്കും ക്ഷണിക്കുന്നവരാണ്". (ശൈഖ് ഇബ്നുബാസിന്റെ ഫത്‌വാ സമാഹാരം ഭാ: 8. പേജ്: 182).

ശൈഖ് ഇബ്നു ബാസിനോട് ഇതുസംബന്ധമായി വന്ന ഒരു ചോദ്യവും അതിനുള്ള മറുപടിയും കാണുക.

س:هل يعتبر التنظيم لجماعة الدعوة أمرا بدعيا كما يقول البعض؟

ചോദ്യം: ചിലർ പറയാറുള്ളതുപോലെ ദഅ്‌വത്തിനുവേണ്ടിയുള്ള സംഘടന ബിദ്അത്തായ സംഗതിയാണോ?

ج:ليس بـــــدعيا التنظيم , ومما يعين على أداء الواجب تنظيمهم, ويكون لهم رئيس يرجعون إليه ومجلس شورى يتشاورون فيه, هذا من المهمات العظيمة ومن أسباب النجاح, والعمل المنظم أقرب إلى النجاح من العمل غير المنظم....... وليس من البدع, بـــل هذا من الشرع (حكم العمل الجماعي. ص: ٤٣)

മറുപടി: "സംഘടന ബിദ്അത്തല്ല. ബാധ്യതാ നിർവഹണത്തിന് ഏറെ സഹായകമാണ് സംഘടന. പരസ്പരം കൂടിയാലോചിക്കുന്ന ഒരു ആലോചനാ സമിതിയും അവർക്ക് അവലംബിക്കാവുന്ന ഒരു നേതൃത്വവും ഉണ്ടാകണം. ഇത് അതിമഹത്തരവും വിജയകാരണങ്ങളിൽപെട്ടതുമാണ്. വ്യവസ്ഥാപിതമല്ലാത്ത പ്രവർത്തനങ്ങളെക്കാൾ വിജയസാധ്യത വ്യവസ്ഥാപിത പ്രവർത്തനങ്ങൾക്കാണുള്ളത്. അല്ലാഹുവിലേക്ക് ദഅ്‌വത്തിനായുള്ള സംഘടന ജനങ്ങൾക്ക് നന്മ പഠിപ്പിക്കുന്നതിനും പള്ളി പരിപാലനങ്ങൾക്കും മറ്റും വ്യവസ്ഥാപിതമായി പ്രവർത്തിക്കുകയാണ് വേണ്ടത്. അതിൽ ധാരാളം നന്മയുണ്ട്. അത് ബിദ്അത്തല്ല. മറിച്ച് ശറഇൽപെട്ടതുതന്നെയാണ്".

(ശൈഖ് ഫൗസാൻെറ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കപ്പെട്ട

"ഹുക്മുൽ അമലിൽ ജമാഈ ഫിൽ ഇസ്‌ലാം' (സംഘടിത പ്രവർത്തനത്തിൻെറ മതവിധി) എന്ന ഗ്രന്ഥത്തിൽനിന്ന്. പേജ്: 43).

ശൈഖ് ഉഥൈമീനും ഇപ്രകാരംതന്നെ പറയുന്നു:

يقول الشيخ العثيمن جوابا لسؤال : الذي أرى أنه لا يمكن أن تقـــوم القايمة لأناس متفرقين أفراد, فالإنسان مدني بالطبـــع, ولا بـــد أن يكون له من يعينه من الخلق بعد معونة الله عز وجل للجميع, وبناء على ذلك أرى أنه لا بد أ, تكون الأقليات جماعة تدعو إلى الله, وأن يكون لهم أمير يرجعون إليه علـــى مـــا وصفتـــه فـــي كلامـــي السابق...... ( أهمية الالتزام بالإسلام. ص : ٣٣،٣٤)

"കൂട്ടായ്മയില്ലാതെ ചിതറിക്കിടക്കുന്ന സമൂഹത്തിന് ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ കഴിയുകയില്ല. മനുഷ്യൻ സാമൂഹ്യ പ്രകൃതിയുള്ളവനാണ്. ഏത് കാര്യത്തിനും അല്ലാഹുവിൻെറ സഹായം കഴിഞ്ഞാൽ പിന്നെ സൃഷ്ടികളിൽനിന്നും തന്നെ സഹായിക്കുന്നവരുണ്ടാകേണ്ടത് ആവശ്യമാണ്. അതിൻെറ അടിസ്ഥാനത്തിൽ ഞാൻ അഭിപ്രായപ്പെടുന്നത് ന്യൂനപക്ഷ പ്രദേശങ്ങളിൽ അല്ലാഹുവിലേക്ക് ദഅ്‌വത്ത് നടത്തുന്ന സംഘടന രൂപീകരിക്കണമെന്നാണ്. അവർക്ക് അവലംബിക്കാവുന്ന ഒരു നേതാവുമുണ്ടായിരിക്കണം" (അഹമ്മിയത്തുൽ ഇൻൽതിസാം ബിൽ ഇസ്‌ലാം, പേജ് 33).

മേൽവിവരിച്ചതിൽനിന്ന് താഴെ പറയുന്ന കാര്യങ്ങൾ നമുക്ക് ഗ്രഹിക്കാവുന്നതാണ്.

1. ഇസ്‌ലാം കൂട്ടായ്മക്ക് വളരെ പ്രാധാന്യം നൽകുന്നു. ഭിന്നിപ്പിനെ വിരോധിക്കുന്നു.

2. ദഅ്‌വത്തിനുവേണ്ടിയുള്ള കൂട്ടായ്മ തിന്മയല്ല; നന്മയാണ്.

3. കൂട്ടായ പ്രവർത്തനത്തിലൂടെ പല സംഗതികളും കൂടുതൽ എളുപ്പത്തിലും പൂർണതയിലും ചെയ്യുവാൻ കഴിയും. ദഅ്‌വത്തിൻെറ കാര്യവും ഇതിൽനിന്നൊഴിവല്ല.

4. ഐക്യം ശക്തി പകരുമ്പോൾ ഭിന്നത ശക്തി ക്ഷയിപ്പിക്കുന്നു.

# ആറ്

# പ്രബോധകൻെറ സ്വഭാവഗുണങ്ങൾ

**1. ഇഖ്‌ലാസ്.**

മറ്റേത് സൽകർമങ്ങളെയുംപോലെതന്നെ ദഅ്‌വത്തും അല്ലാഹുവിൻെറ പ്രീതിയും പ്രതിഫലവും കാംക്ഷിച്ചുകൊണ്ടാവണം. ആളുകളുടെ അംഗീകാരമോ പ്രശംസകളോ ഒന്നും ലക്ഷ്യമായിക്കൂടാ.

وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ حُنَفَآءَ
وَيُقِيمُوا۟ ٱلصَّلَوٰةَ وَيُؤْتُوا۟ ٱلزَّكَوٰةَ ۚ وَذَٰلِكَ دِينُ ٱلْقَيِّمَةِ

"കീഴ്‌വണക്കം അല്ലാഹുവിന് മാത്രം ആക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും, സകാത്ത് നൽകുവാനും അല്ലാതെ അവരോട് കല്പിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം" (98:5).

നബി(ﷺ)യോട് ദഅ്‌വത്തിൻെറ ആദ്യഘട്ടത്തിൽതന്നെ ഖുർആൻ നൽകിയ ഉപദേശത്തിലും ഈ സൂചന കാണാവുന്നതാണ്.

يَٰٓأَيُّهَا ٱلْمُدَّثِّرُ ۝ قُمْ فَأَنذِرْ ۝ وَرَبَّكَ فَكَبِّرْ ۝ وَثِيَابَكَ
فَطَهِّرْ ۝ وَٱلرُّجْزَ فَٱهْجُرْ ۝ وَلَا تَمْنُن تَسْتَكْثِرُ ۝

وَلِرَبِّكَ فَاصْبِرْ

"ഹേ, പുതച്ചു മൂടിയവനേ, എഴു ന്നേറ്റു (ജനങ്ങളെ) താക്കീത് ചെയ്യുക. നിന്റെ രക്ഷിതാവിനെ മഹത്ത്വപ്പെടുത്തുകയും നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക. കൂടുതൽ നേട്ടം കൊതിച്ചുകൊണ്ട് നീ ഔദാര്യം ചെയ്യരുത്. നിന്റെ രക്ഷിതാവിന് വേണ്ടി നീ ക്ഷമ കൈക്കൊള്ളുക" (74:1-7).

പ്രകടനപരത (രിയാഅ്) സൽകർമങ്ങളെ നിഷ്ഫലമാക്കിക്കള യുമെന്ന് പഠിപ്പിക്കുന്ന ആയത്തുകളും ഹദീഥുകളും ധാരാളം കാണാ വുന്നതാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُبْطِلُواْ صَدَقَٰتِكُم بِٱلْمَنِّ وَٱلْأَذَىٰ كَٱلَّذِي يُنفِقُ مَالَهُۥ رِئَآءَ ٱلنَّاسِ وَلَا يُؤْمِنُ بِٱللَّهِ وَٱلْيَوْمِ ٱلْأٓخِرِ فَمَثَلُهُۥ كَمَثَلِ صَفْوَانٍ عَلَيْهِ تُرَابٌ فَأَصَابَهُۥ وَابِلٌ فَتَرَكَهُۥ صَلْدًا لَّا يَقْدِرُونَ عَلَىٰ شَيْءٍ مِّمَّا كَسَبُواْ وَٱللَّهُ لَا يَهْدِي ٱلْقَوْمَ ٱلْكَٰفِرِينَ

"സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്ത് പറഞ്ഞുകൊണ്ടും, ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളെ നിഷ് ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസ മില്ലാതെ, ജനങ്ങളെ കാണിക്കുവാൻവേണ്ടി ധനം ചെലവ് ചെയ്യുന്ന വനെപ്പോലെ നിങ്ങളാവരുത്. അവനെ ഉപമിക്കാവുന്നത് മുകളിൽ അല്പം മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറമേൽ ഒരു കനത്ത മഴ പതിച്ചു. ആ മഴ അതി നെ ഒരു മൊട്ടപ്പാ റയാക്കി മാറ്റിക്കളഞ്ഞു. അവർ അധ്വാനിച്ചതിന്റെ യാതൊരു ഫല വും കരസ്ഥമാക്കാൻ അവർക്ക് കഴിയുകയില്ല. അല്ലാഹു സത്യ നിഷേധികളായ ജനതയെ നേർവഴിയിലാക്കുകയില്ല" (2:264).

അന്യരെ കാണിക്കാനായി സൽകർമങ്ങൾ അനുഷ്ഠിച്ചവരോട് അല്ലാഹു പരലോകത്തുവെച്ച് ഇപ്രകാരം പറയുമത്രെ!

اذْهَبُوا إِلَى الَّذِينَ كُنْتُمْ تُرَاءُونَ فِي الدُّنْيَا فَانْظُرُوا هَلْ تَجِدُونَ

عِنْدَهُمْ جَزَاءً ( أحمد )

"ദുൻയാവിൽവെച്ച് നിങ്ങൾ ആരെ കാണിക്കാനാണോ പണിയെടുത്തത് അവരുടെ അടുക്കൽ പോയി പ്രതിഫലമുണ്ടോയെന്ന് നോക്കിക്കൊള്ളുക" (അഹ്മദ്).

അല്ലാഹു നമുക്ക് അവന്റെ മാർഗത്തിൽ പ്രവർത്തിക്കുവാൻ ആത്മാർഥതയും നിഷ്കളങ്കതയും പ്രദാനം ചെയ്യട്ടെ!

**2. മാതൃകയാവുക**

നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന പ്രബോധകൻ സ്വജീവിതത്തിൽ നന്മകൾ ഉൾക്കൊണ്ടും തിന്മകൾ വെടിഞ്ഞും മറ്റുള്ളവർക്ക് മാതൃകയാവേണ്ടതുണ്ട്. സകല പ്രവാചകന്മാരുടെയും പ്രകടമായ സവിശേഷതയായി നമുക്ക് അത് കാണാവുന്നതാണ്.

قَالَ يَٰقَوْمِ أَرَءَيْتُمْ إِن كُنتُ عَلَىٰ بَيِّنَةٍ مِّن رَّبِّى وَرَزَقَنِى مِنْهُ رِزْقًا حَسَنًا ۚ وَمَآ أُرِيدُ أَنْ أُخَالِفَكُمْ إِلَىٰ مَآ أَنْهَىٰكُمْ عَنْهُ ۚ إِنْ أُرِيدُ إِلَّا ٱلْإِصْلَٰحَ مَا ٱسْتَطَعْتُ ۚ وَمَا تَوْفِيقِىٓ إِلَّا بِٱللَّهِ ۚ عَلَيْهِ تَوَكَّلْتُ وَإِلَيْهِ أُنِيبُ

"അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഞാൻ എന്റെ രക്ഷിതാവിങ്കൽനിന്നുള്ള വ്യക്തമായ തെളിവിനെ അവലംബിക്കുന്നവനായിരിക്കുകയും അവൻ എനിക്ക് അവന്റെ വകയായി ഉത്തമമായ ഉപജീവനം നൽകിയിരിക്കുകയുമാണെങ്കിൽ (എനിക്കെങ്ങനെ സത്യം മറച്ചുവെക്കാൻ കഴിയും?). നിങ്ങളെ ഞാൻ ഒരു കാര്യത്തിൽനിന്ന് വിലക്കുകയും, എന്നിട്ട് നിങ്ങളിൽനിന്ന് വ്യത്യസ്തനായിക്കൊണ്ട് ഞാൻ തന്നെ അത് പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുമില്ല. എനിക്ക് സാധ്യമായ നന്മ വരുത്താനല്ലാതെ മറ്റൊന്നും ഞാനുദ്ദേശിക്കുന്നില്ല. അല്ലാഹു മുഖേന മാത്രമാണ് എനിക്ക് (അതിന്) ഉതവി ലഭിക്കുന്നത്. അവന്റെ മേലാണ് ഞാൻ ഭരമേല്പിച്ചിരിക്കുന്നത്. അവനിലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു." (11:88).

لَّقَدْ كَانَ لَكُمْ فِى رَسُولِ ٱللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُوا۟ ٱللَّهَ وَٱلْيَوْمَ ٱلْـَٔاخِرَ وَذَكَرَ ٱللَّهَ كَثِيرًا

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിൻെറ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്" (33:21).

വാക്കും പ്രവൃത്തിയും തമ്മിൽ വിരുദ്ധമായാൽ ദഅ്‌വത്തിന് ജനങ്ങളിൽ നിന്ന് സ്വീകാര്യത ലഭിക്കില്ല എന്ന് മാത്രമല്ല അല്ലാഹുവിൻെറ ശാപകോപങ്ങൾക്ക് വിധേയമാകേണ്ടിവരികയും ചെയ്യും. അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لِمَ تَقُولُونَ مَا لَا تَفْعَلُونَ ۝ كَبُرَ مَقْتًا عِندَ ٱللَّهِ أَن تَقُولُوا۟ مَا لَا تَفْعَلُونَ

"സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു"(61:2,3).

عن أسامة بن زيد قال: سَمِعْتُ رَسُولَ اللَّهِ صلّى اللّهم عَلَيْهِ وَسَلَّمَ يَقُولُ يُؤْتَى بِالرَّجُلِ يَوْمَ الْقِيَامَةِ فَيُلْقَى فِي النَّارِ فَتَنْدَلِقُ أَقْتَابُ بَطْنِهِ فَيَدُورُ بِهَا كَمَا يَدُورُ الْحِمَارُ بِالرَّحَى فَيَجْتَمِعُ إِلَيْهِ أَهْلُ النَّارِ فَيَقُولُونَ يَا فلانُ مَا لَكَ أَلَمْ تَكُنْ تَأْمُرُ بِالْمَعْرُوفِ وَتَنْهَى عَنِ الْمُنْكَرِ فَيَقُولُ بَلَى قَدْ كُنْتُ آمُرُ بِالْمَعْرُوفِ وَلَا آتِيهِ وَأَنْهَى عَنِ الْمُنْكَرِ وَآتِيهِ

( البخاري ومسلم )

ഉസാമത്തുബ്നു സൈദ്(ﷺ) പറയുന്നു: നബി(ﷺ) പറയുന്നതായി ഞാൻ കേട്ടു: "ഖിയാമത്തുനാളിൽ ഒരു മനുഷ്യനെ കൊണ്ടുവന്ന് നരകത്തിലെറിയുന്നതാണ്. അങ്ങനെ അയാളുടെ ആമാശയവും കുടൽമാലകളും പുറത്തുവരും. ആസുകല്ലിന് ചുറ്റും തിരിയുന്ന കഴുതയെപ്പോലെ അയാൾ അതുമായി ചുറ്റിത്തിരിയും. അപ്പോൾ നരകത്തി

ൻെറ ആളുകൾ അയാളുടെ അടുക്കൽ ഒരുമിച്ചുകൂടി ചോദിക്കും: "അല്ലയോ മനുഷ്യാ! താങ്കൾക്ക് എന്തുപറ്റി? താങ്കളായിരുന്നില്ലേ നന്മ കല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തിരുന്നത്? അപ്പോൾ അയാൾ പറയും: "അതെ, ഞാൻ നന്മ കല്പിക്കുമായിരുന്നു. പക്ഷേ, ഞാനത് ചെയ്യുമായിരുന്നില്ല. തിന്മ ഞാൻ വിരോധിക്കുമായിരുന്നു വെങ്കിലും ഞാനത് ചെയ്യുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

### 3. ബസ്വീറത്ത് (ദൃഢബോധ്യം)

പറയുന്ന വിഷയത്തെക്കുറിച്ച് കൃത്യമായ അവബോധമുള്ളവനാ യിരിക്കണം പ്രബോധകൻ. അതല്ലെങ്കിൽ നന്മയാണെന്ന് കരുതി ഉപദേശിക്കുന്ന കാര്യങ്ങൾ ഇസ്‌ലാമികദൃഷ്ട്യാ തിന്മയായിരിക്കും. തിന്മയാണെന്ന ധാരണയാൽ വിലക്കുന്ന സംഗതി ഇസ്‌ലാമിൻെറ കാഴ്ചപ്പാടിൽ നന്മയുമായിരിക്കും. അതുകൊണ്ട് പ്രമാണ നിബദ്ധമാ യ അവബോധത്തോടെയായിരിക്കണം ദഅ്‌വത്ത് നിർവഹിക്കേണ്ടത്.

قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓا۟ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ
ٱتَّبَعَنِى ۖ وَسُبْحَٰنَ ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ

അല്ലാഹു പറയുന്നു: "(നബിയേ) പറയുക: ഇതാണ് എൻെറ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണി ക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധ ൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ലതന്നെ" (12:108).

'ബസ്വീറത്തു'ണ്ടായിരിക്കണം എന്ന് പറയുന്നതുകൊണ്ട് പണ്ഡി തന്മാർ വിവക്ഷിക്കുന്നതും മറ്റൊന്നല്ല. ശൈഖ് ഇബ്നുബാസ് പറ യുന്നു: "ബസ്വീറത്തുകൊണ്ടുള്ള വിവക്ഷ ക്ഷണിക്കുന്ന നന്മയെ ക്കുറിച്ചും വിരോധിക്കുന്ന തിന്മയെക്കുറിച്ചുമുള്ള അറിവാണ്" (അ ദ്ദഅ്‌വത്തു ഇലല്ലാഹി: പേജ് 23).

### 4. ക്ഷമ, സഹനം, വിട്ടുവീഴ്ച

ദഅ്‌വത്തിൻെറ മാർഗത്തിൽവരുന്ന ഏത് പ്രതിസന്ധികളെയും തരണം ചെയ്യാനും വിഷമതകൾ സഹിച്ച് റബ്ബിൻെറ വിധിയിൽ വി ശ്വാസമർപ്പിച്ച് പ്രതിഫലേച്ഛയോടെ മുന്നേറാൻ പ്രബോധകന് സാധിക്കേണ്ടതുണ്ട്. പരുഷസ്വഭാവികളോ വിവരദോഷികളോ ആണ് പ്രബോധിതരെങ്കിൽ സഹനത്തോടൊപ്പം വിട്ടുവീഴ്ചയും അനിവാ ര്യമായിവരും. സത്യമതത്തിലേക്ക് ക്ഷണിച്ചുകൊണ്ട് കടന്നുവന്ന

പ്രവാചകന്മാർക്കും അനുചരന്മാർക്കും ഇത്തരം നിരവധി അനുഭവങ്ങളുണ്ടായിട്ടുണ്ട്. ചിലരെ എതിരാളികളായിരുന്ന സ്വജനത വധിക്കുകപോലുമുണ്ടായിട്ടുണ്ട്. മുഹമ്മദ് നബി(ﷺ)യെയും സ്വഹാബത്തിനെയും സ്വന്തം നാട്ടിൽ നിന്ന് പുറത്താക്കിയതും ത്വാഇഫുകാർ കല്ലെറിഞ്ഞ് ഓടിച്ചതും ഈ മാർഗത്തിലായിരുന്നു. അതുകൊണ്ടൊക്കെയായിരിക്കണം ദഅ്‌വത്തിനെക്കുറിച്ച് പ്രതിപാദിക്കുന്നയിടങ്ങളിൽ ക്ഷമയെക്കുറിച്ചും ഖുർആൻ പ്രത്യേകം ഊന്നിപ്പറയുന്നത്:

وَٱلْعَصْرِ ۝ إِنَّ ٱلْإِنسَـٰنَ لَفِى خُسْرٍ ۝ إِلَّا ٱلَّذِينَ ءَامَنُوا۟
وَعَمِلُوا۟ ٱلصَّـٰلِحَـٰتِ وَتَوَاصَوْا۟ بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ

“കാലംതന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ” (103:1-3).

فَٱصْبِرْ كَمَا صَبَرَ أُو۟لُوا۟ ٱلْعَزْمِ مِنَ ٱلرُّسُلِ وَلَا تَسْتَعْجِل لَّهُمْ ۚ
كَأَنَّهُمْ يَوْمَ يَرَوْنَ مَا يُوعَدُونَ لَمْ يَلْبَثُوٓا۟ إِلَّا سَاعَةً مِّن
نَّهَارٍ ۚ بَلَـٰغٌ ۚ فَهَلْ يُهْلَكُ إِلَّا ٱلْقَوْمُ ٱلْفَـٰسِقُونَ

“ആകയാൽ ദൃഢമനസ്കരായ ദൈവദൂതന്മാർ ക്ഷമിച്ചതുപോലെ നീ ക്ഷമിക്കുക. അവരുടെ (സത്യനിഷേധികളുടെ) കാര്യത്തിന് നീ ധൃതി കാണിക്കരുത്. അവർക്ക് താക്കീത് നൽകപ്പെടുന്നത് (ശിക്ഷ) അവർ നേരിൽ കാണുന്ന ദിവസം പകലിൽനിന്നുള്ള ഒരു നാഴിക നേരം മാത്രമേ തങ്ങൾ (ഇഹലോകത്ത്) താമസിച്ചിട്ടുള്ളൂ എന്നപോലെ അവർക്ക് തോന്നും. ഇതൊരു ഉദ്ബോധനം ആകുന്നു. എന്നാൽ ധിക്കാരികളായ ജനങ്ങളല്ലാതെ നശിപ്പിക്കപ്പെടുമോ?” (46:35).

وَإِن تَدْعُوهُمْ إِلَى ٱلْهُدَىٰ لَا يَسْمَعُوا۟ ۖ وَتَرَىٰهُمْ يَنظُرُونَ
إِلَيْكَ وَهُمْ لَا يُبْصِرُونَ ۝ خُذِ ٱلْعَفْوَ وَأْمُرْ بِٱلْعُرْفِ
وَأَعْرِضْ عَنِ ٱلْجَـٰهِلِينَ

“നിങ്ങൾ അവരെ നേർവഴിയിലേക്ക് ക്ഷണിക്കുന്നപക്ഷം അവർ കേൾക്കുകയില്ല. അവർ നിന്റെ നേരെ നോക്കുന്നതായി നിനക്ക് കാണാം. എന്നാൽ അവർ കാണുന്നില്ലതാനും. നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കല്പിക്കുകയും, അവിവേകികളെ വിട്ട് തിരിഞ്ഞ് കളകയുകയും ചെയ്യുക” (7:198-199).

يَـٰبُنَيَّ أَقِمِ ٱلصَّلَوٰةَ وَأْمُرْ بِٱلْمَعْرُوفِ وَٱنْهَ عَنِ ٱلْمُنكَرِ وَٱصْبِرْ عَلَىٰ مَآ أَصَابَكَ إِنَّ ذَٰلِكَ مِنْ عَزْمِ ٱلْأُمُورِ

“എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവഹിക്കുകയും സദാചാരം കല്പിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽപെട്ട തത്രെ അത്” (31:17).

മാതൃകാ പുരുഷന്മാരായ പ്രവാചകന്മാരുടെ പ്രബോധനം സഹനവും വിട്ടുവീഴ്ചയും സൗമ്യതയും നിറഞ്ഞതായിരുന്നു. മൂസാനബി (عليه السلام)യോടും ഹാറൂൺ നബി (عليه السلام)യോടും അല്ലാഹു നിർദേശിച്ചത് ഖുർആൻ ഇപ്രകാരം വ്യക്തമാക്കുന്നു:

فَقُولَا لَهُۥ قَوْلًا لَّيِّنًا لَّعَلَّهُۥ يَتَذَكَّرُ أَوْ يَخْشَىٰ

“എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരു വേള ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം” (20:44).

മുഹമ്മദ് നബി(ﷺ)യെ പ്രശംസിച്ചു കൊണ്ട് പറഞ്ഞപ്പോഴും ഈ ഉൽകൃഷ്ട സ്വഭാവം ഖുർആൻ പ്രത്യേകം എടുത്തുകാണിച്ചത് ശ്രദ്ധേയമാണ്:

فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ۖ وَلَوْ كُنتَ فَظًّا غَلِيظَ ٱلْقَلْبِ لَٱنفَضُّوا۟ مِنْ حَوْلِكَ ۖ فَٱعْفُ عَنْهُمْ وَٱسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِى ٱلْأَمْرِ ۖ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى ٱللَّهِ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَوَكِّلِينَ

"(നബിയേ), അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യംകൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷ സ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിൻെറ ചുറ്റിൽനിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പ് കൊടുക്കുകയും അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്തുകഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേല്പിക്കുക. തന്നിൽ ഭരമേൽല്പിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്" (3:159).

**5. നസ്വീഹത്ത് (ഗുണകാംക്ഷ)**

കേവലം കാര്യങ്ങൾ എത്തിച്ചുകൊടുക്കുക, എതിർ തെളിവ് സ്ഥാപിക്കുക എന്നതിലുപരി പ്രബോധിത സമൂഹം ഈ സത്യം ഉൾക്കൊണ്ടുകാണാൻ ഉത്ക്കടമായ ആഗ്രഹമുള്ളവനായിരിക്കണം പ്രബോധകൻ. തനിക്ക് സത്യമാർഗം സ്വീകരിക്കാൻ സാധിച്ചതുപോലെ അവർക്കും കഴിയണേ എന്ന പ്രാർഥനയോടെയാവണം പ്രബോധനപ്രവർത്തനങ്ങളിൽ പങ്കാളിയാവേണ്ടത്. തന്നോട് മറ്റുള്ളവർ നല്ല രീതിയിൽ പെരുമാറണമെന്ന് ആഗ്രഹിക്കുന്നതുപോലെ താനും മറ്റുള്ളവരോട് ഗുണകാംക്ഷയോടെ പെരുമാറാൻ ശ്രമിക്കുകയുമാണ് വിശ്വാസി വേണ്ടത്. പ്രവാചകന്മാരുടെ പ്രബോധനം വിവരിക്കുന്ന കൂട്ടത്തിൽ ഈ 'നസ്വീഹത്തി'നെക്കുറിച്ച് ഖുർആൻ പ്രത്യേകം പറഞ്ഞത് ശ്രദ്ധേയമാണ്. ചില ഉദാഹരണങ്ങൾ കാണുക:

أُبَلِّغُكُمْ رِسَـٰلَـٰتِ رَبِّى وَأَنصَحُ لَكُمْ وَأَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ

നൂഹ് നബി പറഞ്ഞതായി ഖുർആൻ പറയുന്നു: "എൻെറ രക്ഷിതാവിൻെറ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരികയും, നിങ്ങളോട് ഗുണകാംക്ഷയോടെ ഉപദേശിക്കുകയുമാകുന്നു. നിങ്ങൾക്കറിഞ്ഞുകൂടാത്ത പലതും അല്ലാഹുവിങ്കൽനിന്ന് ഞാനറിയുന്നുമുണ്ട്" (7:62).

أُبَلِّغُكُمْ رِسَـٰلَـٰتِ رَبِّى وَأَنَا۠ لَكُمْ نَاصِحٌ أَمِينٌ

ഹൂദ് നബി(ﷺ) പറഞ്ഞു: "എൻെറ രക്ഷിതാവിൻെറ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്

തനായ ഗുണകാംക്ഷിയുമാകുന്നു" (7:68).

സ്വാലിഹ് നബി (ﷺ)ൻെറ ചരിത്ര വിവരണം അവസാനിപ്പിക്കുമ്പോഴും ഇതുതന്നെയാണ് സൂചിപ്പിച്ചത്:

فَتَوَلَّىٰ عَنْهُمْ وَقَالَ يَٰقَوْمِ لَقَدْ أَبْلَغْتُكُمْ رِسَالَةَ رَبِّي وَنَصَحْتُ لَكُمْ وَلَٰكِن لَّا تُحِبُّونَ ٱلنَّٰصِحِينَ

"അനന്തരം സ്വാലിഹ് അവരിൽനിന്ന് പിന്തിരിഞ്ഞുപോയി. അദ്ദേഹം പറഞ്ഞു: എൻെറ ജന ങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്ക് എൻെറ രക്ഷിതാവിൻെറ സന്ദേശം എത്തിച്ചുതരികയും ഗുണകാംക്ഷയോടെ ഞാൻ നിങ്ങളോട് ഉപദേശിക്കുകയുമുണ്ടായി. പക്ഷേ, സദുപദേശികളെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ല" (7:79).

**6. പ്രതീക്ഷയും പ്രത്യാശയും**

തൻെറ ദഅ്‌വത്തുകൊണ്ട് പ്രതീക്ഷിച്ചത്ര ഫലമുണ്ടായില്ല. എത്ര പറഞ്ഞിട്ടും ആളുകൾ സ്വീകരിക്കുന്നില്ല. ഇനി മതിയാക്കാം എന്ന നിരാശയുടെ വാക്കുകൾ ഒരു പ്രബോധകനിൽനിന്നുണ്ടാകാവതല്ല. മറിച്ച് പ്രതീക്ഷയും പ്രത്യാശയുമായിരിക്കണം അവനെ നയിക്കേണ്ടത്. പ്രവാചകന്മാരുടെ ജീവിതം അതിന് വ്യക്തമായ മാതൃകയാണ്. 950 വർഷക്കാലം പ്രബോധനം ചെയ്ത നൂഹ്നബി(ﷺ)യെ ഖുർആൻ പരിചയപ്പെടുത്തുന്നു:

وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَلَبِثَ فِيهِمْ أَلْفَ سَنَةٍ إِلَّا خَمْسِينَ عَامًا فَأَخَذَهُمُ ٱلطُّوفَانُ وَهُمْ ظَٰلِمُونَ

"അല്ലാഹുവിൻെറ അനുഗ്രഹത്തിന് (നന്ദി കാണിക്കേണ്ടതിന്) പകരം നന്ദികേട് കാണിക്കുകയും, തങ്ങളുടെ ജനതയെ നാശത്തിൻെറ ഭവനത്തിൽ അഥവാ നരകത്തിൽ ഇറക്കിക്കളയുകയും ചെയ്ത ഒരു വിഭാഗത്തെ നീ കണ്ടില്ലേ? അതിൽ അവർ എരിയുന്നതാണ്. അത് എത്ര മോശമായ താമസസ്ഥലം!"(29:14).

وَمَآ ءَامَنَ مَعَهُۥٓ إِلَّا قَلِيلٌ

"..........അദ്ദേഹത്തോടൊപ്പം കുറച്ചുപേരല്ലാതെ വിശ്വസിച്ചിട്ടുണ്ടായിരുന്നില്ല" (11:40).

അല്ലാഹു ഏറ്റവും തൃപ്തിപ്പെടുന്ന രീതിയിൽ അവൻെറ മാർഗത്തിലേക്ക് ക്ഷണിക്കാനും ഉൽകൃഷ്ട ഗുണങ്ങളുള്ളവരായി ജീവിച്ച് ഈമാനോടുകൂടി മരിക്കുവാനും നമ്മെ അനുഗ്രഹിക്കട്ടെ!

# ഏഴ്

# ദഅ്‌വത്തിന്റെ രീതിശാസ്ത്രം

മറ്റ് ഏത് വിഷയത്തിലുമെന്നപോലെ ദഅ്‌വത്തിൻെറ കാര്യത്തിലും ഖുർആനും സുന്നത്തും തന്നെയായിരിക്കണം വിശ്വാസികളുടെ മാർഗരേഖ. അവ പ്രയോഗവത്കരിച്ച സലഫുസ്സ്വാലിഹീങ്ങളുടെ ജീവിതവും ശൈലിയും പ്രബോധകന് വെളിച്ചമേകുന്ന സംഗതിയാണ്. അതിനാൽ ദഅ്‌വത്തിൻെറ രീതിയും രീതിശാസ്ത്രവും പകർന്നെടുക്കേണ്ടത് ഇവയിൽനിന്നായിരിക്കണം.

**മാറ്റമില്ലാത്ത രീതിശാസ്ത്രം**

വ്യത്യസ്ത കാലങ്ങളിൽ വിഭിന്ന ദേശങ്ങളിൽ വിവിധ ജനവിഭാഗങ്ങളിലേക്ക് കടന്നുവന്ന പ്രവാചകന്മാരും അവരുടെ അനുചരന്മാരും മാറ്റമില്ലാതെ തുടർന്നുവന്ന ഒരു രീതിശാസ്ത്രം (മൻഹജ്) നമുക്ക് ദർശിക്കാവുന്നതാണ്. അവരുടെ എല്ലാവരുടെയും അടിസ്ഥാന വിഷയങ്ങൾ ഒന്നായിരുന്നു. തൗഹീദ്, രിസാലത്ത്, ആഖിറത്ത് ഇവയായിരുന്നു ആ അടിസ്ഥാന വിഷയങ്ങൾ. ഏകദൈവമായ അല്ലാഹുവിനെ മാത്രം ആരാധിക്കുക, ആരാധനയുടെ യാതൊരംശവും മറ്റാർക്കും അർപിക്കാതിരിക്കുക എന്നഏകദൈവാരാധനയുടെ (തൗഹീദിന്റെ) കണിശമായ ദഅ്‌വത്ത്; ഈ സന്ദേശം കൊണ്ടുവന്ന ദൈവദൂതന്മാരെ അംഗീകരിക്കണമെന്നും അവരെ പിൻപറ്റുന്നതിലൂടെയല്ലാതെ മോക്ഷം കൈവരിക്കാൻ സാധ്യമല്ലെന്നുമുള്ള ഉദ്ബോധനം. ആ പ്രവാചകന്മാരെ മനുഷ്യർക്ക് മാതൃകയായിട്ടാണ് പടച്ച

തമ്പുരാൻ അയച്ചത്; അവരിൽ വിശ്വസിക്കുകയും അവരെ അനുസരിക്കുകയും ചെയ്യുന്നവരെ മാത്രമെ ദൈവം ഇഷ്ടപ്പെടുകയുള്ളൂ എന്ന ബോധനം; അതിൽതന്നെ അന്തിമ പ്രവാചകനായ മുഹമ്മദ് നബിയെക്കുറിച്ച് വ്യക്തമായ ധാരണ. ഇവയാണ് 'രിസാലത്' എന്നതുകൊണ്ട് പ്രധാനമായും വിവക്ഷിക്കുന്നത്. മരണാനന്തരം ഒരു ജീവിതമുണ്ടെന്നും അവിടെ തൻെറ വിശ്വാസ-കർമങ്ങളെക്കുറിച്ച് മനുഷ്യൻ അല്ലാഹുവിൻെറ മുമ്പിൽ വിചാരണ ചെയ്യപ്പെടുമെന്നും അതിൽ വിജയിച്ചവൻ ശാശ്വത സുഖാസ്വാദനങ്ങളുടെയും സമാധാനത്തിൻെറയും ഭവനമായ സ്വർഗീയ ആരാമങ്ങളിലേക്ക് നയിക്കപ്പെടുമെന്നുള്ള സന്തോഷവാർത്തയും, ഏകദൈവാരാധനയും (തൗഹീദും) പ്രവാചക സന്ദേശങ്ങളും (രിസാലത്തും) അവഗണിച്ചവന് ആ പാരത്രികലോകത്ത് വേദനാജനകവും കഠിനവുമായ നരകശിക്ഷയാണ് കാത്തിരിക്കുന്നതെന്ന താക്കീതും ആഖിറത്ത് (പരലോകം) എന്നതിൻെറ വിവക്ഷയിൽ വരുന്നു.

അല്ലാഹു പറയുന്നു:

شَرَعَ لَكُم مِّنَ ٱلدِّينِ مَا وَصَّىٰ بِهِۦ نُوحًا وَٱلَّذِيٓ أَوۡحَيۡنَآ إِلَيۡكَ وَمَا وَصَّيۡنَا بِهِۦٓ إِبۡرَٰهِيمَ وَمُوسَىٰ وَعِيسَىٰٓۖ أَنۡ أَقِيمُواْ ٱلدِّينَ وَلَا تَتَفَرَّقُواْ فِيهِۚ كَبُرَ عَلَى ٱلۡمُشۡرِكِينَ مَا تَدۡعُوهُمۡ إِلَيۡهِۚ ٱللَّهُ يَجۡتَبِيٓ إِلَيۡهِ مَن يَشَآءُ وَيَهۡدِيٓ إِلَيۡهِ مَن يُنِيبُ

"നൂഹിനോട് കല്പിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് നാം കല്പിച്ചതുമായ കാര്യം- നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക എന്ന കാര്യം- അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു. ആ ബഹുദൈവവിശ്വാസികളെ നിങ്ങൾ ഏതൊരു കാര്യത്തിലേക്ക് ക്ഷണിക്കുന്നുവോ അത് അവർക്ക് വലിയ ഭാരമായി തോന്നിയിരിക്കുന്നു. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു തൻെറ അടുക്കലേക്ക് തെരഞ്ഞെടുക്കുന്നു. താഴ്മയോടെ മടങ്ങുന്നവരെ അവങ്കലേക്കുള്ള മാർഗത്തിൽ നയിക്കുകയും ചെയ്യുന്നു" (42:13).

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: ......
وَالْأَنْبِيَاءُ إِخْوَةٌ لِعَلَّاتٍ أُمَّهَاتُهُمْ شَتَّى وَدِينُهُمْ وَاحِدٌ ( البخاري )

അബൂഹുറയ്റ(ﷺ) നിവേദനം: നബി(ﷺ) പറഞ്ഞു: "ഞങ്ങൾ പ്രവാചക സമൂഹം സഹോദരങ്ങളാണ്. ഞങ്ങളുടെ മതം ഒന്നാണ്" (ബുഖാരി). അതിലേക്കുള്ള സൂചനയായിട്ടാണ് ഖുർആൻ പറഞ്ഞത്:

وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِىٓ إِلَيْهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعْبُدُونِ

"ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (21:25).

وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി)" (16:36).

**ദഅ്‌വത്തിൻെറ മുൻഗണനാക്രമം**

വ്യത്യസ്ത സാഹചര്യങ്ങളും വിവിധ തിന്മകളും പ്രവാചകന്മാർക്ക് അഭിമുഖീകരിക്കേണ്ടിവന്നിരുന്നെങ്കിലും ബഹുദൈവാരാധന (ശിർക്ക്) എന്ന ഏറ്റവും വലിയ തിന്മയ്ക്കെതിരെ ഏകദൈവാരാധന (തൗഹീദ്) എന്ന ഏറ്റവും വലിയ നന്മകൊണ്ടായിരുന്നു അവർ ദഅ്‌വത്തിന് തുടക്കംകുറിച്ചത്. വഹ്‌യിന്റെ ലക്ഷ്യം തന്നെ മുഖ്യമായും ഈ സത്യ സന്ദേശമെത്തിക്കലാണെന്ന് ഖുർആൻ സൂചിപ്പിക്കുന്നു.

يُنَزِّلُ ٱلْمَلَٰٓئِكَةَ بِٱلرُّوحِ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦٓ أَنْ أَنذِرُوٓا۟ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱتَّقُونِ

തന്റെ ദാസന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരുടെ മേൽ തന്റെ കൽപന പ്രകാരം (സത്യ സന്ദേശമാകുന്ന) ചൈതന്യവും കൊണ്ട്

മലക്കുകളെ അവൻ ഇറക്കുന്നു. ഞാൻ അല്ലാതെ യാതൊരു ദൈവ വുമില്ല. അതിനാൽ നിങ്ങളെന്നെ സൂക്ഷിച്ചു കൊള്ളുവിൻ എന്ന് നിങ്ങൾ താക്കീത് നൽകുക. (എന്നത്രെ ആ സന്ദേശം) (16:2)

കാരണം തൗഹീദിൻെറ അഭാവത്തിൽ നന്മകൾക്ക് പ്രസക്തിയി ല്ല. ശിർക്കുമായി മരണപ്പെടുന്നവന് ഒരിക്കലും സ്വർഗപ്രവേശം സാ ധ്യമല്ല. അല്ലാഹു പറയുന്നു:

إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ وَمَأْوَىٰهُ ٱلنَّارُ وَمَا لِلظَّـٰلِمِينَ مِنْ أَنصَارٍ

"അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളാ യി ആരുംതന്നെയില്ല" (5:72).

وَلَقَدْ أُوحِىَ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلْخَـٰسِرِينَ

"തീർച്ചയായും നിനക്കും നിൻെറ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ. '(അല്ലാഹുവിന്) നീ പങ്കാളിയെ ചേർ ക്കുന്ന പക്ഷം തീർച്ചയായും നിൻെറ കർമം നിഷ്ഫലമായിപ്പോവുക യും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും"(39:65).

അളവിലും തൂക്കത്തിലും വെട്ടിപ്പ് നടത്തിയിരുന്ന മദ്‌യൻകാരിലേ ക്ക് നിയുക്തനായ ശുഐബ് നബി(ﷺ) ആദ്യമായി പ്രതികരിച്ചത് വിശ്വാസരംഗത്തെ തിന്മയായ ബഹുദൈവ വിശ്വാസത്തിനെതിരെയാ യിരുന്നു.

وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا ۚ قَالَ يَـٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَـٰهٍ غَيْرُهُۥ ۖ وَلَا تَنقُصُوا۟ ٱلْمِكْيَالَ وَٱلْمِيزَانَ ۚ إِنِّىٓ أَرَىٰكُم بِخَيْرٍ وَإِنِّىٓ أَخَافُ عَلَيْكُمْ عَذَابَ يَوْمٍ مُّحِيطٍ

''മദ്‌യൻകാരിലേക്ക് അവരുടെ സഹോദരനായ ശുഐബിനെയും

(നാം നിയോഗിക്കുകയുണ്ടായി). അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ ഒരു ദൈവവുമില്ല. അളവിലും തൂക്കത്തിലും നിങ്ങൾ കുറവ് വരുത്തരുത്. തീർച്ചയായും നിങ്ങളെ ഞാൻ കാണുന്നത് ക്ഷേമത്തിലായിട്ടാണ്. നിങ്ങളെ ആകെ വലയം ചെയ്യുന്ന ഒരു ദിവസത്തെ ശിക്ഷ നിങ്ങളുടെമേൽ തീർച്ചയായും ഞാൻ ഭയപ്പെടുന്നു" (11:84).

മറ്റു തിന്മകൾക്കെതിരെ മൗനികളാകണമെന്നല്ല, മറിച്ച് ദഅ്വത്തിലെ മുൻഗണനാ ക്രമം തെറ്റിക്കരുതെന്നേ പറയുന്നുള്ളൂ. ഖുർആൻ വ്യാഖ്യാതാക്കളിൽ ചിലർ ഇതിന്റെ യുക്തി വിവരിച്ചത് ശ്രദ്ധേയമാണ്. തൗഹീദാണ് അടിത്തറയെന്നും അതിലുള്ള തകരാറുകൾ തീർത്തില്ലെങ്കിൽ മറ്റു അപാകതകൾ ശാശ്വതമായി പരിഹരിക്കപ്പെടുകയില്ലെന്നും അതുകൊണ്ടാണ് ഏറ്റവും വലിയ തിന്മയായ ബഹുദൈവാരാധനക്കെതിരെ പ്രവാചകന്മാർ ആദ്യമായി പ്രതികരിച്ചതെന്നുമാണ് ആ വിവരണത്തിന്റെ ചുരുക്കം.

ജയിൽവാസത്തിനിടയിൽ തന്റെ സുഹൃത്തുക്കളോട് യൂസുഫ് നബി (عليه السلام) പ്രഥമമായി പറഞ്ഞതും ഈ അടിസ്ഥാന സംഗതി തന്നെയായിരുന്നു.

وَدَخَلَ مَعَهُ ٱلسِّجْنَ فَتَيَانِ ۖ قَالَ أَحَدُهُمَآ إِنِّىٓ أَرَىٰنِىٓ أَعْصِرُ
خَمْرًا ۖ وَقَالَ ٱلْـَٔاخَرُ إِنِّىٓ أَرَىٰنِىٓ أَحْمِلُ فَوْقَ رَأْسِى خُبْزًا تَأْكُلُ
ٱلطَّيْرُ مِنْهُ ۖ نَبِّئْنَا بِتَأْوِيلِهِۦٓ ۖ إِنَّا نَرَىٰكَ مِنَ ٱلْمُحْسِنِينَ ۝
قَالَ لَا يَأْتِيكُمَا طَعَامٌ تُرْزَقَانِهِۦٓ إِلَّا نَبَّأْتُكُمَا بِتَأْوِيلِهِۦ قَبْلَ
أَن يَأْتِيَكُمَا ۚ ذَٰلِكُمَا مِمَّا عَلَّمَنِى رَبِّىٓ ۚ إِنِّى تَرَكْتُ مِلَّةَ قَوْمٍ
لَّا يُؤْمِنُونَ بِٱللَّهِ وَهُم بِٱلْـَٔاخِرَةِ هُمْ كَـٰفِرُونَ ۝ وَٱتَّبَعْتُ مِلَّةَ
ءَابَآءِىٓ إِبْرَٰهِيمَ وَإِسْحَـٰقَ وَيَعْقُوبَ ۚ مَا كَانَ لَنَآ أَن
نُّشْرِكَ بِٱللَّهِ مِن شَىْءٍ ۚ ذَٰلِكَ مِن فَضْلِ ٱللَّهِ عَلَيْنَا وَعَلَى
ٱلنَّاسِ وَلَـٰكِنَّ أَكْثَرَ ٱلنَّاسِ لَا يَشْكُرُونَ ۝ يَـٰصَـٰحِبَىِ
ٱلسِّجْنِ ءَأَرْبَابٌ مُّتَفَرِّقُونَ خَيْرٌ أَمِ ٱللَّهُ ٱلْوَٰحِدُ ٱلْقَهَّارُ

۞ مَا تَعْبُدُونَ مِن دُونِهِۦٓ إِلَّآ أَسْمَآءً سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلْطَٰنٍ ۚ إِنِ ٱلْحُكْمُ إِلَّا لِلَّهِ ۚ أَمَرَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ

"അവനോടൊപ്പം രണ്ട് യുവാക്കളും ജയിലിൽ പ്രവേശിച്ചു. അവരിൽ ഒരാൾ പറഞ്ഞു: ഞാൻ വീഞ്ഞ് പിഴിഞ്ഞെടുക്കുന്നതായി സ്വപ്നം കാണുന്നു. മറ്റൊരാൾ പറഞ്ഞു: ഞാൻ എന്റെ തലയിൽ റൊട്ടി ചുമക്കുകയും, എന്നിട്ട് അതിൽനിന്ന് പറവകൾ തിന്നുകയും ചെയ്യുന്നതായി സ്വപ്നംകാണുന്നു. ഞങ്ങൾക്ക് താങ്കൾ അതിന്റെ വ്യാഖ്യാനം വിവരിച്ചുതരൂ. തീർച്ചയായും ഞങ്ങൾ താങ്കളെ കാണുന്നത് സദ്വൃത്തരിൽ ഒരാളായിട്ടാണ്. അവൻ (യൂസുഫ്) പറഞ്ഞു: നിങ്ങൾക്ക് (കൊണ്ടുവന്ന്) നൽകപ്പെടാറുള്ള ഭക്ഷണം നിങ്ങൾക്ക് വന്നെത്തുന്നതിന്റെ മുമ്പായി അതിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് വിവരിച്ച് തരാതിരിക്കുകയില്ല. എന്റെ രക്ഷിതാവ് എനിക്ക് പഠിപ്പിച്ചുതന്നതിൽപെട്ടതത്രെ അത്. അല്ലാഹുവിൽ വിശ്വസിക്കാത്തവരും, പരലോകത്തെ നിഷേധിക്കുന്നവരുമായിട്ടുള്ളവരുടെ മാർഗം തീർച്ചയായും ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. എന്റെ പിതാക്കളായ ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരുടെ മാർഗം ഞാൻ പിന്തുടർന്നിരിക്കുന്നു. അല്ലാഹുവിനോട് യാതൊന്നിനെയും പങ്കുചേർക്കുവാൻ ഞങ്ങൾക്ക് പാടുള്ളതല്ല. ഞങ്ങൾക്കും മനുഷ്യർക്കും അല്ലാഹു നൽകിയ അനുഗ്രഹത്തിൽപെട്ടതത്രെ അത് (സന്മാർഗം). പക്ഷേ, മനുഷ്യരിൽ അധികപേരും നന്ദി കാണിക്കുന്നില്ല. ജയിലിലെ രണ്ട് സുഹൃത്തുക്കളേ, വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം; അതല്ല, ഏകനും സർവാധികാരിയുമായ അല്ലാഹുവാണോ? അവന്ന് പുറമെ നിങ്ങൾ ആരാധിക്കുന്നവ നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്തിട്ടുള്ള ചില നാമങ്ങളല്ലാതെ മറ്റൊന്നുമല്ല. അവയെപ്പറ്റി അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ല. വിധികർതൃത്വം അല്ലാഹുവിന് മാത്രമാകുന്നു. അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് അവൻ കല്പിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതം അതത്രെ. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (12:36-40).

മുആദ്ബ്നു ജബൽ(ﷺ)വിനെ ദഅ്‌വത്തിനായി പറഞ്ഞയച്ചപ്പോൾ നബി(ﷺ)യും ഈ മുൻഗണനാക്രമം ഉണർത്തിയത് ഹദീഥുകളിൽ നമുക്ക് കാണാവുന്നതാണ്.

മുആദ്(ﷺ)പറയുന്നു: നബി(ﷺ) എന്നെ (ദഅ്‌വത്തിനായി യമനിലേക്ക്) അയച്ചുകൊണ്ട് പറഞ്ഞു:

أَنَّ مُعَاذًا قَالَ بَعَثَنِي رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: إِنَّكَ تَأْتِي قَوْمًا مِنْ أَهْلِ الْكِتَابِ فَادْعُهُمْ إِلَى شَهَادَةِ أَنْ لَا إِلَهَ إِلَّا اللَّهُ وَأَنِّي رَسُولُ اللَّهِ فَإِنْ هُمْ أَطَاعُوا لِذَلِكَ فَأَعْلِمْهُمْ أَنَّ اللَّهَ افْتَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي كُلِّ يَوْمٍ وَلَيْلَةٍ فَإِنْ هُمْ أَطَاعُوا لِذَلِكَ فَأَعْلِمْهُمْ أَنَّ اللَّهَ افْتَرَضَ عَلَيْهِمْ صَدَقَةً تُؤْخَذُ مِنْ أَغْنِيَائِهِمْ فَتُرَدُّ فِي فُقَرَائِهِمْ .........

(البخاري ,ومسلم)

“നീ വേദക്കാരിൽപെട്ട ഒരു വിഭാഗത്തിലേക്കാണ് പോകുന്നത്. അതിനാൽ നീ അവരെ ആദ്യമായി ക്ഷണിക്കേണ്ടത് ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും ഞാൻ അല്ലാഹുവിൻെറ ദൂതനാണെന്നുമുള്ള സത്യസാക്ഷ്യത്തിലേക്കാണ്. അവർ അത് അനുസരിച്ചാൽ രാത്രിയും പകലുമായി അഞ്ചുനേരത്തെ നമസ്കാരം അല്ലാഹു അവർക്ക് നിർബന്ധമാക്കിയിട്ടുണ്ടെന്ന് അറിയിക്കുക. അതും അവർ അനുസരിച്ചാൽ ധനികരിൽനിന്ന് സ്വീകരിച്ച് ദരിദ്രർക്കിടയിൽ വിതരണം ചെയ്യേണ്ടുന്ന നിർബന്ധദാനം (സക്കാത്ത്) അവർക്ക് അല്ലാഹു ബാധ്യതയാക്കിയിട്ടുണ്ടെന്ന് അറിയിക്കുക......” (ബുഖാരി, മുസ്‌ലിം).

പ്രവാചകന്മാരുടെ പ്രബോധനത്തിൽ വ്യത്യസ്ത ശൈലികളും രീതികളും നമുക്ക് കാണാൻ കഴിയുമെങ്കിലും ഈ രീതിശാസ്ത്രത്തിൽ (മൻഹജിൽ) മാറ്റമുള്ളതായി കാണാൻ കഴിയുകയില്ല. നൂഹ് നബിയുടെ വ്യത്യസ്ത ശൈലി ഖുർആനിൽ പരാമർശിക്കുന്നുണ്ട്:

قَالَ رَبِّ إِنِّي دَعَوْتُ قَوْمِي لَيْلًا وَنَهَارًا ۝ فَلَمْ يَزِدْهُمْ دُعَآءِيَ إِلَّا فِرَارًا ۝ وَإِنِّي كُلَّمَا دَعَوْتُهُمْ لِتَغْفِرَ لَهُمْ جَعَلُوٓا۟ أَصَٰبِعَهُمْ فِيٓ ءَاذَانِهِمْ وَٱسْتَغْشَوْا۟ ثِيَابَهُمْ وَأَصَرُّوا۟

وَٱسْتَكْبَرُوا۟ ٱسْتِكْبَارًا ۝ ثُمَّ إِنِّى دَعَوْتُهُمْ جِهَارًا ۝ ثُمَّ إِنِّىٓ أَعْلَنتُ لَهُمْ وَأَسْرَرْتُ لَهُمْ إِسْرَارًا ۝ فَقُلْتُ ٱسْتَغْفِرُوا۟ رَبَّكُمْ إِنَّهُۥ كَانَ غَفَّارًا

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനതയെ രാവും പകലും ഞാൻ വിളിച്ചു. എന്നിട്ട് എന്റെ വിളി അവരുടെ ഓടിപ്പോക്ക് വർധിപ്പിക്കുക മാത്രമെ ചെയ്തുള്ളൂ. തീർച്ചയായും, നീ അവർക്ക് പൊറുത്ത് കൊടുക്കുവാൻ വേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴൊക്കെയും അവർ അവരുടെ വിരലുകൾ കാതുകളിൽവെക്കുകയും, അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും അവർ ശഠിച്ചു നിൽക്കുകയും, കടുത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്തത്. പിന്നീട് ഞാൻ അവരെ ഉറക്കെ വിളിച്ചു. പിന്നീട് ഞാൻ അവരോട് പരസ്യമായും വളരെ രഹസ്യമായും പ്രബോധനം നടത്തി. അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു" (71:5-10).

അതേപോലെ ഇബ്റാഹീം നബി(ﷺ) വിഗ്രഹാരാധകനായ തന്റെ പിതാവിനെ ഉപദേശിച്ച ശൈലിയും സൂര്യചന്ദ്രാദി നക്ഷത്രങ്ങളെ ആരാധിച്ച ജനങ്ങളോട് സംസാരിച്ച രീതിയും ധിക്കാരിയും സ്വേഛാധിപതിയുമായ നംറൂദിന്റെ മുമ്പിൽ സംവദിച്ച രൂപയും ഒരുപോലെയായിരുന്നില്ല. പക്ഷേ, അവിടെയൊക്കെയും മാറ്റമില്ലാതെ അനുവർത്തിച്ച ഒരു രീതിശാസ്ത്രം നമുക്ക് കാണാവുന്നതാണ്.

അപ്പോൾ, ദഅ്വത്തിന്റെ അജണ്ടയിൽ തൗഹീദിനാണ് പ്രഥമസ്ഥാനം. അതിന് വിരുദ്ധമായി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഏർപെടുന്നവരും ഭരണ-രാഷ്ട്രീയ മേഖലകളിൽ ശ്രദ്ധയൂന്നുന്നവരും തൗഹീദിൽ ശ്രദ്ധയൂന്നാതെ മറ്റു നന്മകളിലേക്ക് ക്ഷണിക്കുന്നവരും പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ രീതിശാസ്ത്രം അവഗണിച്ചവരും ദഅ്വത്തിന്റെ മുൻഗണനാക്രമം തെറ്റിച്ചവരുമാണ്.

കഷ്ടപ്പെടുന്നവരെ സഹായിക്കുക പട്ടിണിയും ദാരിദ്രവും അകറ്റാൻ യത്നിക്കുക, രോഗികളെയും അപകടത്തിൽ പെട്ടവരെയും രക്ഷിക്കുക എന്നതൊക്കെ ഒരു വിശ്വാസിയെന്ന നിലയിൽ തന്നെ ഓരോരുത്തരും കഴിവനുസരിച്ച് ചെയ്യേണ്ടുന്ന ബാധ്യതകളാണ്. അതിന് പ്രത്യേകം യൂണിഫോമുകൾ ധരിച്ച് ആരുടെയും അംഗീകാരം

നേടേണ്ടതിന്റെ ആവശ്യമില്ല. ഇസ്‌ലാം പഠിപ്പിച്ച 'ഇഖ്‌ലാസ്' എന്ന ഉൽകൃഷ്ട ഗുണത്തിനെതിരുമാണത്. ആദർശം മറച്ചുവെച്ച് സാമൂഹ്യ സേവനത്തിന്റെ വർണകടലാസിൽ അത് തിരുകി കയറ്റേണ്ട ഗതികേട് ഇസ്‌ലാമിനില്ല.

فَٱصْدَعْ بِمَا تُؤْمَرُ وَأَعْرِضْ عَنِ ٱلْمُشْرِكِينَ

"അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ചുകൊള്ളുക. ബഹുദൈവ വാദികളിൽ നിന്ന് തിരിഞ്ഞു കളയുകയും ചെയ്യുക." (15:94)

സാമൂഹ്യസേവനപ്രവർത്തനങ്ങളുടെ വർണ്ണക്കടലാസിൽ പൊതിഞ്ഞ് ആദർശത്തെ അവതരിപ്പിക്കുന്നവരാണ് ക്രൈസ്തവ മിഷണറിമാർ. ത്രിയേകത്വത്തെപ്പോലെയുള്ള വികൃതമായ ആശയങ്ങൾ മനുഷ്യധിഷണയുടെ മുമ്പിൽ തുറന്ന് വെക്കാൻ കഴിയാത്തതുകൊണ്ടാണിത്. പ്രമാണങ്ങളുടെ വെളിച്ചത്തിൽ മനുഷ്യ ധിഷണയോട് സംവദി ക്കാൻ കെൽപ്പുള്ള ഇസ്‌ലാമിന് ഇക്കാര്യത്തിൽ ക്രൈസ്തവ മിഷണറിമാരെ മാതൃകയാക്കേണ്ടതിന്റെ ആവശ്യവുമില്ല. ദഅ്‌വത്ത് നടത്തേണ്ടതെങ്ങനെയാണെന്ന് ഖുർആനും സുന്നത്തും തന്നെ കൃത്യമായി പഠിപ്പിക്കുന്നു.

അതിനാൽ പ്രബോധകർ സ്വീകാര്യതയുടെ പേര് പറഞ്ഞോ നേരിട്ടേക്കാവുന്ന വിഷമതകളെക്കുറിച്ച് ഉത്കണ്ഠാകുലരായിക്കൊണ്ടോ ആ രീതിശാസ്ത്രത്തിന് (മൻഹജിൽ) മാറ്റംവരുത്താവതല്ല. എന്നാൽ പ്രബോധനത്തിൻെറ ശൈലിയും രീതിയും ഇസ്‌ലാമിക വിരുദ്ധമല്ലാത്ത തരത്തിൽ രൂപപ്പെടുത്താവുന്നതാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن تَتَّقُواْ ٱللَّهَ يَجْعَل لَّكُمْ فُرْقَانًا وَيُكَفِّرْ عَنكُمْ سَيِّـَٔاتِكُمْ وَيَغْفِرْ لَكُمْ ۗ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കാനുള്ള കഴിവ് അവനുണ്ടാക്കിത്തരികയും, അവൻ നിങ്ങളുടെ തിന്മകൾ മറച്ചുകളയുകയും നിങ്ങൾക്ക് പൊറുത്ത് തരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു"(8:29)

# എട്ട്

# ദഅ്‌വത്ത്
# മാർഗങ്ങൾ, മേഖലകൾ

ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമല്ലാത്ത ശൈലികളും മാർഗങ്ങളും ദഅ്‌വത്തിന് ഉപയോഗിക്കാവുന്നതാണ്. ഖുർആനിലൂടെയും ഹദീഥുകളിലൂടെയും കണ്ണോടിച്ചാൽ നമുക്ക് ചില രീതികൾ കാണാവുന്നതാണ്. ഉദാഹരണത്തിന് ചിലത് താഴെ കൊടുക്കുന്നു.

**1. എഴുത്ത്:** സന്ദേശങ്ങൾ കൈമാറാൻ എഴുത്ത് വളരെ ഉപകാരപ്രദമാണ്. സുലൈമാൻ നബി(ﷺ) ബിൽഖീസ് രാജ്ഞിക്ക് കത്ത് മുഖാന്തിരം സന്ദേശമയച്ച വിവരം ഖുർആൻ പറയുന്നുണ്ട്.

وَتَفَقَّدَ ٱلطَّيْرَ فَقَالَ مَا لِيَ لَآ أَرَى ٱلْهُدْهُدَ أَمْ كَانَ مِنَ ٱلْغَآئِبِينَ ۝ لَأُعَذِّبَنَّهُۥ عَذَابًا شَدِيدًا أَوْ لَأَا۟ذْبَحَنَّهُۥٓ أَوْ لَيَأْتِيَنِّى بِسُلْطَٰنٍ مُّبِينٍ ۝ فَمَكَثَ غَيْرَ بَعِيدٍ فَقَالَ أَحَطتُ بِمَا لَمْ تُحِطْ بِهِۦ وَجِئْتُكَ مِن سَبَإٍۭ بِنَبَإٍ يَقِينٍ ۝ إِنِّى وَجَدتُّ ٱمْرَأَةً تَمْلِكُهُمْ وَأُوتِيَتْ مِن كُلِّ شَىْءٍ وَلَهَا عَرْشٌ عَظِيمٌ ۝ وَجَدتُّهَا وَقَوْمَهَا يَسْجُدُونَ لِلشَّمْسِ مِن

دُونِ ٱللَّهِ وَزَيَّنَ لَهُمُ ٱلشَّيْطَٰنُ أَعْمَٰلَهُمْ فَصَدَّهُمْ عَنِ
ٱلسَّبِيلِ فَهُمْ لَا يَهْتَدُونَ ۝ أَلَّا يَسْجُدُوا۟ لِلَّهِ ٱلَّذِى يُخْرِجُ
ٱلْخَبْءَ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَيَعْلَمُ مَا تُخْفُونَ وَمَا
تُعْلِنُونَ ۝ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ رَبُّ ٱلْعَرْشِ ٱلْعَظِيمِ ۩ ۝ ۞
قَالَ سَنَنظُرُ أَصَدَقْتَ أَمْ كُنتَ مِنَ ٱلْكَٰذِبِينَ ۝ ٱذْهَب
بِّكِتَٰبِى هَٰذَا فَأَلْقِهْ إِلَيْهِمْ ثُمَّ تَوَلَّ عَنْهُمْ فَٱنظُرْ مَاذَا
يَرْجِعُونَ ۝ قَالَتْ يَٰٓأَيُّهَا ٱلْمَلَؤُا۟ إِنِّىٓ أُلْقِىَ إِلَىَّ كِتَٰبٌ كَرِيمٌ ۝
إِنَّهُۥ مِن سُلَيْمَٰنَ وَإِنَّهُۥ بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ ۝ أَلَّا
تَعْلُوا۟ عَلَىَّ وَأْتُونِى مُسْلِمِينَ

"അദ്ദേഹം പക്ഷികളെ പരിശോധിക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു; എന്തുപറ്റി? മരം കൊത്തിയെ ഞാൻ കാണുന്നില്ലല്ലോ, അഥവാ അത് സ്ഥലം വിട്ടുപോയ കൂട്ടത്തിലാണോ? ഞാനതിന് കഠിനശിക്ഷ നൽകുകയോ, അല്ലെങ്കിൽ അതിനെ അറുക്കുകയോ തന്നെ ചെയ്യും. അല്ലെങ്കിൽ വ്യക്തമായ വല്ല ന്യായവും അതെനിക്ക് ബോധിപ്പിച്ചുതരണം. എന്നാൽ അത് എത്തിച്ചേരാൻ അധികം താമസിച്ചില്ല. എന്നിട്ട് അത് പറഞ്ഞു: താങ്കൾ സൂക്ഷ്മമായി അറിഞ്ഞിട്ടില്ലാത്ത ഒരുകാര്യം ഞാൻ സൂക്ഷ്മമായി മനസ്സിലാക്കിയിട്ടുണ്ട്. 'സബഇ'ൽനിന്ന് യഥാർഥമായ ഒരു വാർത്തയുംകൊണ്ടാണ് ഞാൻ വന്നിരിക്കുന്നത്. ഒരു സ്ത്രീ അവരെ ഭരിക്കുന്നതായി ഞാൻ കണ്ടെത്തുകയുണ്ടായി. എല്ലാ കാര്യങ്ങളിൽനിന്നും അവൾക്ക് നല്കപ്പെട്ടിട്ടുണ്ട്. അവൾക്ക് ഗംഭീരമായ ഒരു സിംഹാസനവുമുണ്ട്. അവളും അവളുടെ ജനതയും അല്ലാഹുവിന് പുറമെ സൂര്യന് പ്രണാമം ചെയ്യുന്നതായിട്ടാണ് ഞാൻ കണ്ടെത്തിയത്. പിശാച് അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ ഭംഗിയായി തോന്നിക്കുകയും അവരെ നേർമാർഗത്തിൽ നിന്ന് തടയുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ നേർവഴി പ്രാപിക്കുന്നില്ല. ആകാശങ്ങളിലും ഭൂമിയിലും ഒളിഞ്ഞ് കിടക്കുന്നത് പുറത്തുകൊണ്ടുവരികയും, നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അറിയുകയും ചെയ്യുന്നവനായ അല്ലാഹുവിന് അവർ

പ്രണാമം ചെയ്യാതിരിക്കുവാൻവേണ്ടി (പിശാച് അങ്ങനെ ചെയ്യുന്നു). മഹത്തായ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു അല്ലാതെ യാതൊരു ദൈവവുമില്ല. സുലൈമാൻ പറഞ്ഞു: "നീ സത്യം പറഞ്ഞതാണോ അതല്ല നീ കള്ളം പറയുന്നവരുടെ കൂട്ടത്തിലായിരിക്കുന്നുവോ എന്ന് നാം നോക്കാം. നീ എന്റെ ഈ എഴുത്ത് കൊണ്ടുപോയി അവർക്ക് ഇട്ടുകൊടുക്കുക. പിന്നീട് നീ അവരിൽ നിന്ന് മാറി നിന്ന് അവർ എന്ത് മറുപടി നൽകുന്നുവെന്ന് നോക്കുക. അവൾ പറഞ്ഞു: ഹേ; പ്രമുഖന്മാരേ, എനിക്കിതാ മാന്യമായ ഒരെഴുത്ത് നൽകപ്പെട്ടിരിക്കുന്നു. അത് സുലൈമാന്റെ പക്കൽനിന്നുള്ളതാണ്. ആ കത്ത് ഇപ്രകാരമത്രെ. പരമകാരുണികനും നിങ്ങൾ കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. എനിക്കെതിരിൽ നിങ്ങൾ അഹങ്കാരം കാണിക്കാതിരിക്കുകയും, കീഴൊതുങ്ങിയവരായിക്കൊണ്ട് നിങ്ങൾ എന്റെ അടുത്ത് വരികയും ചെയ്യുക" (27:20-31).

മുഹമ്മദ്നബി(ﷺ) വിവിധ രാജ്യങ്ങളിലെ രാജാക്കന്മാർക്ക് കത്തയച്ച സംഭവം ഹദീഥ് ഗ്രന്ഥങ്ങളിൽ സുവിദിതമാണ്. പണ്ട് മുതൽക്കെ ഇസ്‌ലാമിക ലോകത്തെ പണ്ഡിതന്മാർ ലേഖനങ്ങളും പ്രബന്ധങ്ങളും ഗവേഷണങ്ങളും ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. അതിന്റെയൊക്കെ പരിഷ്കരിച്ച രൂപങ്ങളായിട്ടാണ് പത്ര മാസികകളും ഗ്രന്ഥങ്ങളും പുറത്തിറങ്ങേണ്ടത്.

**2. പ്രസംഗം:** വരമൊഴിപോലെ സന്ദേശങ്ങൾ കൈമാറാനുള്ള മറ്റൊരു ഉപാധിയാണ് വാമൊഴി. സദുപദേശവും ഉദ്ബോധനങ്ങളും പഠന ക്ലാസുകളുമായി അതും പ്രബോധനരംഗത്ത് ഉപയോഗിക്കേണ്ടതാണ്.

ഖുർആൻ പറയുന്നു:

وَأَنذِرْ عَشِيرَتَكَ ٱلْأَقْرَبِينَ ۝ وَٱخْفِضْ جَنَاحَكَ لِمَنِ ٱتَّبَعَكَ مِنَ ٱلْمُؤْمِنِينَ

"നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുകയും, നിന്നെ പിന്തുടർന്ന സത്യവി ശ്വാസികൾക്ക് നിന്റെ ചിറക് താഴ്ത്തിക്കൊടുക്കുകയും ചെയ്യുക"(26:214-215).

فَٱصْدَعْ بِمَا تُؤْمَرُ وَأَعْرِضْ عَنِ ٱلْمُشْرِكِينَ

"അതിനാൽ നീ കല്പിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ചുകൊള്ളുക. ബഹുദൈവവാദികളിൽനിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക" (15:94).

ഈ സന്ദേശം ലഭിച്ചയുടനെ മക്കയിലെ സഫാ കുന്നിൻെറ മുകളിൽ കയറിനിന്നുകൊണ്ട് ബന്ധുക്കളും അയൽക്കാരുമായ ഓരോ വിഭാഗത്തെയും വിളിച്ചുകൊണ്ട് പ്രവാചകൻ നടത്തിയ ഉദ്ബോധനം പ്രസിദ്ധമാണ്. ഇത് അന്ത്യപ്രവാചകൻെറ ആദ്യ പ്രസംഗമായിരുന്നു. ശേഷം അങ്ങാടികളിലും ജനങ്ങൾ കൂടുന്ന മറ്റിടങ്ങളിലും നബി(ﷺ) സത്യസന്ദേശം ഉറക്കെ പറഞ്ഞിട്ടുണ്ട്. അറഫാ മൈതാനിയിൽ ലക്ഷങ്ങളെ സാക്ഷിനിർത്തിക്കൊണ്ട് ചെയ്ത വിടവാങ്ങൽ പ്രസംഗവും സുപ്രസിദ്ധമാണ്.

### 3. വ്യക്തിസമ്പർക്കവും സ്ക്വാഡ് പ്രവർത്തനങ്ങളും

പ്രബോധിതരുമായി നേരിട്ട് ഇടപഴകി ആശയങ്ങൾ കൈമാറുന്നതും ഏറെ ഫലപ്രദമായ രീതിയാണ്. നൂഹ്നബി(ﷺ)യുടെ പ്രബോധന പ്രവർത്തനങ്ങളിൽ ഈ രീതി നമുക്ക് ദർശിക്കാവുന്നതാണ്.

قَالَ رَبِّ إِنِّي دَعَوْتُ قَوْمِي لَيْلًا وَنَهَارًا ۝ فَلَمْ يَزِدْهُمْ دُعَآءِيَ إِلَّا فِرَارًا ۝ وَإِنِّي كُلَّمَا دَعَوْتُهُمْ لِتَغْفِرَ لَهُمْ جَعَلُوٓا۟ أَصَٰبِعَهُمْ فِيٓ ءَاذَانِهِمْ وَٱسْتَغْشَوْا۟ ثِيَابَهُمْ وَأَصَرُّوا۟ وَٱسْتَكْبَرُوا۟ ٱسْتِكْبَارًا ۝ ثُمَّ إِنِّي دَعَوْتُهُمْ جِهَارًا ۝ ثُمَّ إِنِّيٓ أَعْلَنتُ لَهُمْ وَأَسْرَرْتُ لَهُمْ إِسْرَارًا ۝ فَقُلْتُ ٱسْتَغْفِرُوا۟ رَبَّكُمْ إِنَّهُۥ كَانَ غَفَّارًا

"അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവേ, തീർച്ചയായും എൻെറ ജനതയെ രാവും പകലും ഞാൻ വിളിച്ചു. എന്നിട്ട് എൻെറ വിളി അവരുടെ ഓടിപ്പോക്ക് വർധിപ്പിക്കുകമാത്രമെ ചെയ്തുള്ളൂ. തീർച്ചയായും, നീ അവർക്ക് പൊറുത്ത് കൊടുക്കുവാൻവേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴൊക്കെയും അവർ അവരുടെ വിരലുകൾ കാതുകളിൽവെക്കുകയും, അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും അവർ ശഠിച്ചുനിൽക്കുകയും കടുത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്

തത്. പിന്നീട് ഞാൻ അവരെ ഉറക്കെ വിളിച്ചു. പിന്നീട് ഞാൻ അവരോട് പരസ്യമായും വളരെ രഹസ്യമായും പ്രബോധനം നടത്തി. അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു"(71:5-10).

മുഹമ്മദ്നബി(ﷺ) വ്യക്തികളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടു തന്നെ ദഅ്വത്ത് നിർവഹിച്ച രംഗങ്ങളും കാണാം. അപ്രകാരം സ്വഹാബത്തിനെ മറ്റുള്ളവരിലേക്ക് സന്ദേശമെത്തിക്കാൻ പറഞ്ഞയച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഹജ്ജ് സീസണിൽ മക്കയിലെത്താറുള്ള മറ്റു ദേശക്കാരോട് പ്രവാചകൻ ആശയ വിനിമയത്തിന് പ്രത്യേകമായി സമയം കണ്ടെത്തിയിരുന്നു. അതിന്റെ പ്രകടമായ രൂപമാണ് രണ്ട് 'അഖബാ ഉടമ്പടി'കളിലൂടെ ചരിത്രത്തിൽ നാം കാണുന്നത്.

ഇബ്റാഹീം നബി(ﷺ) സൂര്യ-ചന്ദ്ര ആരാധകരായ ജനതയിലേക്ക് കടന്നുചെന്ന് സംവദിച്ച രംഗം ഖുർആൻ വിവരിക്കുന്നു:

فَلَمَّا جَنَّ عَلَيْهِ ٱلَّيْلُ رَءَا كَوْكَبًا ۖ قَالَ هَٰذَا رَبِّى ۖ فَلَمَّآ أَفَلَ
قَالَ لَآ أُحِبُّ ٱلْءَافِلِينَ ﴿٧٦﴾ فَلَمَّا رَءَا ٱلْقَمَرَ بَازِغًا قَالَ
هَٰذَا رَبِّى ۖ فَلَمَّآ أَفَلَ قَالَ لَئِن لَّمْ يَهْدِنِى رَبِّى لَأَكُونَنَّ
مِنَ ٱلْقَوْمِ ٱلضَّآلِّينَ ﴿٧٧﴾ فَلَمَّا رَءَا ٱلشَّمْسَ بَازِغَةً قَالَ هَٰذَا
رَبِّى هَٰذَآ أَكْبَرُ ۖ فَلَمَّآ أَفَلَتْ قَالَ يَٰقَوْمِ إِنِّى بَرِىٓءٌ مِّمَّا
تُشْرِكُونَ ﴿٧٨﴾ إِنِّى وَجَّهْتُ وَجْهِىَ لِلَّذِى فَطَرَ ٱلسَّمَٰوَٰتِ
وَٱلْأَرْضَ حَنِيفًا ۖ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ

"അങ്ങനെ രാത്രി അദ്ദേഹത്തെ (ഇരുട്ടുകൊണ്ട്) മൂടിയപ്പോൾ അദ്ദേഹം ഒരു നക്ഷത്രം കണ്ടു. അദ്ദേഹം പറഞ്ഞു: ഇതാ, എന്റെ രക്ഷിതാവ്! എന്നിട്ട് അത് അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അസ്തമിച്ചുപോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല. അനന്തരം ചന്ദ്രൻ ഉദിച്ചുയരുന്നത് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ, എന്റെ

രക്ഷിതാവ്! എന്നിട്ട് അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് എനിക്ക് നേർവഴി കാണിച്ചുതന്നില്ലെങ്കിൽ തീർച്ചയായും ഞാൻ വഴിപിഴച്ച ജനവിഭാഗത്തിൽ പെട്ടവനായിത്തീരും. അനന്തരം സൂര്യൻ ഉദിച്ചുയരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ, എന്റെ രക്ഷിതാവ്! ഇതാണ് ഏറ്റവും വലുത്! അങ്ങനെ അതും അസ്തമിച്ചുപോയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ സമുദായമേ, നിങ്ങൾ (ദൈവത്തോട്)പങ്ക് ചേർക്കുന്നതിൽനിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് എന്റെ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽപെട്ടവനേ അല്ല" (6:76-79).

**4. സംവാദം:**

ആശയങ്ങൾ യഥാവിധി കൈമാറുന്നതിന് ചിലപ്പോൾ സംവാദങ്ങളും അനിവാര്യമായി വരും. അതിലൂടെ സത്യം മനസ്സിലാക്കാൻ കൂടുതൽ സൗകര്യവുമുണ്ടാകുന്നു. ഖുർആൻ സംവാദത്തെ വിലക്കുന്നില്ല; പ്രത്യുത സത്യമതത്തിലേക്ക് ക്ഷണിക്കുന്നതിനുള്ള മാർഗമായി പരിചയപ്പെടുത്തുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു:

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ
وَجَٰدِلْهُم بِٱلَّتِى هِىَ أَحْسَنُ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ
عَن سَبِيلِهِۦ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ

"യുക്തിദീക്ഷയോടുകൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ" (16:125).

۞ وَلَا تُجَٰدِلُوٓا۟ أَهْلَ ٱلْكِتَٰبِ إِلَّا بِٱلَّتِى هِىَ أَحْسَنُ إِلَّا
ٱلَّذِينَ ظَلَمُوا۟ مِنْهُمْ وَقُولُوٓا۟ ءَامَنَّا بِٱلَّذِىٓ أُنزِلَ إِلَيْنَا وَأُنزِلَ
إِلَيْكُمْ وَإِلَٰهُنَا وَإِلَٰهُكُمْ وَٰحِدٌ وَنَحْنُ لَهُۥ مُسْلِمُونَ

“വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്- അവരിൽനിന്ന് അക്രമം പ്രവർത്തിച്ചവരോടൊഴികെ. നിങ്ങൾ (അവരോട്) പറയുക: ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒരുവനാകുന്നു. ഞങ്ങൾ അവന്ന് കീഴ്പ്പെട്ടവരുമാകുന്നു” (29:46).

ഇബ്റാഹീം നബി(ﷺ) ധിക്കാരിയായ നംറൂദിനോടും സ്വജനതയോടും സംവാദം നടത്തിയ വിവരം ഖുർആൻ വെളിപ്പെടുത്തുന്നു:

أَلَمْ تَرَ إِلَى ٱلَّذِى حَآجَّ إِبْرَٰهِـۧمَ فِى رَبِّهِۦٓ أَنْ ءَاتَىٰهُ ٱللَّهُ ٱلْمُلْكَ إِذْ قَالَ إِبْرَٰهِـۧمُ رَبِّىَ ٱلَّذِى يُحْىِۦ وَيُمِيتُ قَالَ أَنَا۠ أُحْىِۦ وَأُمِيتُ قَالَ إِبْرَٰهِـۧمُ فَإِنَّ ٱللَّهَ يَأْتِى بِٱلشَّمْسِ مِنَ ٱلْمَشْرِقِ فَأْتِ بِهَا مِنَ ٱلْمَغْرِبِ فَبُهِتَ ٱلَّذِى كَفَرَ ۗ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّـٰلِمِينَ

“ഇബ്റാഹീമിനോട് അദ്ദേഹത്തിൻെറ നാഥൻെറ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്). എൻെറ നാഥൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്റാഹീം പറഞ്ഞപ്പോൾ ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ എന്നാണവൻ പറഞ്ഞത്. ഇബ്റാഹീം പറഞ്ഞു: എന്നാൽ അല്ലാഹു സൂര്യനെ കിഴക്കുനിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറുനിന്ന് കൊണ്ടുവരിക. അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല” (2:258).

സത്യത്തിൽ നംറൂദ് ആരെയും ജീവിപ്പിക്കുകയോ മരിപ്പിക്കുകയോ ചെയ്തിട്ടില്ല. ഒരാളെ കൊല്ലുന്നതും മറ്റൊരാളെ കൊല്ലാതിരിക്കലും, അല്ലാഹു നിർജീവ വസ്തുവിന് ജീവൻ നൽകുന്നതിനും ജീവനുള്ളവയെ ജീവനില്ലാതാക്കുന്നതിനും തുല്യമല്ലല്ലോ. അനാവശ്യ സംസാരങ്ങളിലൂടെ ആശയക്കുഴപ്പം സൃഷ്ടിക്കാൻ എതിരാളിക്ക് അവസരം നല്കാതെ സുശക്തമായ തെളിവുകളിലൂടെയും

സരളമായ ശൈലിയിലൂടെയും പ്രതിയോഗിയെ ഉത്തരം മുട്ടിക്കാമെന്ന പാഠം ഇബ്‌റാഹീംനബി(ﷺ)യുടെ സംവാദത്തിൽനിന്ന് ലഭിക്കുന്നു.

وَحَآجَّهُۥ قَوْمُهُۥ ۚ قَالَ أَتُحَٰٓجُّوٓنِّى فِى ٱللَّهِ وَقَدْ هَدَىٰنِ ۚ وَلَآ أَخَافُ مَا تُشْرِكُونَ بِهِۦٓ إِلَّآ أَن يَشَآءَ رَبِّى شَيْـًٔا ۗ وَسِعَ رَبِّى كُلَّ شَىْءٍ عِلْمًا ۗ أَفَلَا تَتَذَكَّرُونَ ۝ وَكَيْفَ أَخَافُ مَآ أَشْرَكْتُمْ وَلَا تَخَافُونَ أَنَّكُمْ أَشْرَكْتُم بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ عَلَيْكُمْ سُلْطَٰنًا ۚ فَأَىُّ ٱلْفَرِيقَيْنِ أَحَقُّ بِٱلْأَمْنِ ۖ إِن كُنتُمْ تَعْلَمُونَ

“അദ്ദേഹത്തിന്റെ ജനത അദ്ദേഹവുമായി തർക്കത്തിലേർപെടുകയുണ്ടായി. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെന്നോട് തർക്കിക്കുകയാണോ? അവനാകട്ടെ എന്നെ നേർവഴിയിലാക്കിയിരിക്കയാണ്. നിങ്ങൾ അവനോട് പങ്കുചേർക്കുന്ന യാതൊന്നിനെയും ഞാൻ ഭയപ്പെടുന്നില്ല. എന്റെ രക്ഷിതാവ് ഉദ്ദേശിക്കുന്നതെന്തോ അതല്ലാതെ (സംഭവിക്കുകയില്ല). എന്റെ രക്ഷിതാവിന്റെ ജ്ഞാനം സർവകാര്യങ്ങളെയും ഉൾക്കൊള്ളാൻ മാത്രം വിപുലമായിരിക്കുന്നു. നിങ്ങളെന്താണ് ആലോചിച്ചുനോക്കാത്തത്?” (6:80-81).

എതിരാളികളെ നിശ്ശബ്ദരാക്കി പ്രബോധിതരെ സത്യമാർഗത്തിലേക്ക് ആനയിക്കുവാനുള്ള മാർഗങ്ങൾ സ്വീകരിക്കുന്നതോടൊപ്പം തന്നെ സ്വയം വിമലീകരിക്കപ്പെട്ട് മാതൃകായോഗ്യനായിത്തീരുവാൻ പ്രബോധകന്മാർ പരിശ്രമിക്കേണ്ടതുണ്ട്. സ്വന്തം ജീവിതം ആദർശത്തിന്റെ പ്രതിഫലനമാവുമ്പോൾ ജീവിത വിശുദ്ധി കണ്ട് ജനം ആദർശത്തിലേക്ക് ആകൃഷ്ടരാവുന്നു. വിവിധ പ്രദേശങ്ങളിൽ ഇസ്‌ലാം പടർന്നുപന്തലിച്ചത് അവിടത്തുകാർ മുസ്‌ലിംകളുടെ വ്യക്തിജീവിതത്തിലൂടെ ഇസ്‌ലാമിനെ നേരിട്ട് പരിചയപ്പെട്ടതിലൂടെയായിരുന്നു. പ്രവാചക തിരുമേനിയെ വധിക്കാൻ ഊരിപ്പിടിച്ച വാളുമായി വന്ന പലരും ആ മഹിതമായ ആദർശം വ്യക്തിജീവിതത്തിലൂടെ വായി

ച്ചെടുത്തപ്പോൾ സ്വന്തം ജീവനെക്കാൾ പ്രവാചകനെ സ്നേഹിക്കുന്ന അരുമ ശിക്ഷ്യന്മാരായിത്തീർന്നതിന് ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങൾ കാണാം.

**പുതിയ മേഖലകൾ**

അല്ലാഹുവിൻെറ മഹത്തായ അനുഗ്രഹത്താൽ പൂർവികർക്ക് ലഭിച്ചിട്ടില്ലാത്ത പല സൗകര്യങ്ങളും ആധുനിക തലമുറക്ക് കിട്ടിയിട്ടുണ്ട്. ഓഡിയോ വീഡിയോ കാസറ്റുകളും സി.ഡികളും ഇ- മെയിലും ഇൻറർനെറ്റുമൊക്കെ അവയിൽ ചിലതുമാത്രം. ആ സൗകര്യങ്ങൾ കൂടി ഫലപ്രദമായവിധത്തിൽ ദഅ്‌വത്തിൻെറ മാർഗത്തിൽ ഉപയോഗപ്പെടുത്താൻ വിശ്വാസികളുടെ സമൂഹം ശ്രദ്ധിക്കേണ്ടതുണ്ട്.

# ഒൻപത്

# ദഅ്‌വത്തും മതതാരതമ്യപഠനവും

ഏത് കാര്യത്തിലും താരതമ്യപഠനം സത്യവും അസത്യവും വേർതിരിച്ചറിയാൻ സഹായകമാണ്. ഇതിലേക്ക് വിരൽചൂണ്ടിക്കൊണ്ട് യൂസുഫ്നബി(ﷺ) തൻെറ സുഹൃത്തുക്കളോട് ചോദിച്ച ചോദ്യം ഖുർആൻ ഉദ്ധരിക്കുന്നു:

يَـٰصَـٰحِبَىِ ٱلسِّجْنِ ءَأَرْبَابٌ مُّتَفَرِّقُونَ خَيْرٌ أَمِ ٱللَّهُ ٱلْوَٰحِدُ ٱلْقَهَّارُ

"ജയിലിലെ രണ്ട് സുഹൃത്തുക്കളേ, വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം; അതല്ല, ഏകനും സർവാധികാരിയുമായ അല്ലാഹുവാണോ?" (12:39).

ഇസ്‌ലാമിൻെറ സത്യത കൂടുതൽ വ്യക്തമാക്കുന്നതിനും മറ്റു മതങ്ങളുടെ നിരർഥകത തുറന്നുകാട്ടുന്നതിനും ഇതര മതഗ്രന്ഥങ്ങൾ പഠിക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്നതിനെ ഇസ്‌ലാം വിലക്കുന്നില്ല. ദഅ്‌വത്തിൻെറ ഒരു മാർഗമായിട്ടാണ് ഇസ്‌ലാമികലോകം ഇതിനെ ദർശിക്കുന്നത്. ഇസ്‌ലാമാണ് ദൈവികമതമെന്നും അതല്ലാത്ത മതങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമല്ലെന്നുമുള്ള അടിസ്ഥാനസത്യം ഉറപ്പിച്ചുകൊണ്ടുതന്നെയാണിത് വേണ്ടത്.

ഖുർആൻ പറയുന്നു:

إِنَّ ٱلدِّينَ عِندَ ٱللَّهِ ٱلْإِسْلَٰمُ ۗ وَمَا ٱخْتَلَفَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ بَغْيًۢا بَيْنَهُمْ ۗ وَمَن يَكْفُرْ بِـَٔايَٰتِ ٱللَّهِ فَإِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ

“തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്ലാം ആകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ)അറിവ് വന്നുകിട്ടിയശേഷംതന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷി മാത്സര്യം നിമിത്തമത്രെ അത്. വല്ലവരും (അല്ലാഹുവിൻെറ) തെളിവുകൾ നിഷേധിക്കുന്നെങ്കിൽ അല്ലാഹു അതിവേഗം കണക്ക് ചോദിക്കുന്നവനാകുന്നു” (3:19).

وَمَن يَبْتَغِ غَيْرَ ٱلْإِسْلَٰمِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ

“ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽനിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും” (3:85).

ദഅ്വത്തിൻെറ ഒരു മാർഗമെന്നോണം ഖുർആൻ അതിൻെറ അവതരണ കാലത്ത്നിലവിലുണ്ടായിരുന്ന മതങ്ങളെ പരാമർശിക്കുന്നതും അവയുടെ നിരർഥകവാദങ്ങൾക്ക് മറുപടി പറയുന്നതും പലയിടങ്ങളിലായി നമുക്ക് കാണാവുന്നതാണ്. ആറ് മതങ്ങളെ ഒരൊറ്റ ആയത്തിൽ ഖുർആൻ പരാമർശിക്കുന്നു:

إِنَّ ٱلَّذِينَ ءَامَنُوا۟ وَٱلَّذِينَ هَادُوا۟ وَٱلصَّٰبِـِٔينَ وَٱلنَّصَٰرَىٰ وَٱلْمَجُوسَ وَٱلَّذِينَ أَشْرَكُوٓا۟ إِنَّ ٱللَّهَ يَفْصِلُ بَيْنَهُمْ يَوْمَ ٱلْقِيَٰمَةِ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ شَهِيدٌ

“സത്യവിശ്വാസികൾ, യഹൂദന്മാർ, സാബിഈ മതക്കാർ, ക്രിസ്ത്യാനികൾ, മജൂസികൾ, ബഹുദൈവ വിശ്വാസികൾ എന്നിവർക്കിടയിൽ ഉയിർത്തെഴുന്നേൽപിൻെറ നാളിൽ തീർച്ചയായും അല്ലാഹു

തീർപ്പ് കൽപിക്കുന്നതാണ്. തീർച്ചയായും അല്ലാഹു എല്ലാകാര്യത്തിലും സാക്ഷിയാകുന്നു" (22:17).

ഏഴാമതായി മറ്റൊരു വിഭാഗത്തെക്കുറിച്ചും സൂചിപ്പിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

وَقَالُوا۟ مَا هِىَ إِلَّا حَيَاتُنَا ٱلدُّنْيَا نَمُوتُ وَنَحْيَا وَمَا يُهْلِكُنَآ إِلَّا ٱلدَّهْرُ ۚ وَمَا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ هُمْ إِلَّا يَظُنُّونَ

"അവർ പറഞ്ഞു: ജീവിതമെന്നാൽ നമ്മുടെ ഐഹികജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു. (വാസ്തവത്തിൽ) അവർക്ക് അതിനെപ്പറ്റി യാതൊരു അറിവുമില്ല. അവർ ഊഹിക്കുക മാത്രമാകുന്നു" (45:24).

സുലൈമാൻ നബി(ﷺ)യിൽ അവിശ്വാസം ആരോപിക്കുകയും അദ്ദേഹത്തിൻെറ പ്രവാചകത്വം നിഷേധിക്കുകയും ചെയ്ത ജൂതന്മാർക്ക് ഖുർആൻ നൽകിയ മറുപടിയും (2:102) മർയമിൻെറ ചാരിത്രശുദ്ധിയിൽ സംശയിച്ച്വ്യഭിചാരാരോപണം ഉന്നയിച്ചവർക്ക് 19-ാം അധ്യായത്തിലൂടെ കൊടുത്ത മറുപടിയും ക്രൂശീകരണത്തെക്കുറിച്ചും ത്രിത്വത്തെക്കുറിച്ചുമുള്ള അബദ്ധധാരണകൾ തിരുത്തി യാഥാർഥ്യം വ്യക്തമാക്കുന്നതുമായ ഖുർആനിക വചനങ്ങളും ഇതര മതസ്ഥരുടെ തെറ്റായ ആദർശങ്ങളെ വിശകലനം ചെയ്തതിന് ചില ഉദാഹരണങ്ങൾ മാത്രമാണ്.

ഖുർആൻ, ഈസാനബി(ﷺ)യെക്കുറിച്ച് ജൂതന്മാർ വെച്ചുപുലർത്തിയ വികലധാരണകളെ തിരുത്തുകയും ക്രൈസ്തവർ അദ്ദേഹത്തിൻെറ പേരിൽ അതിരുകവിഞ്ഞ് ദിവ്യത്വമാരോപിച്ചതിലെ നിരർഥകത വിവരിക്കുകയും ചെയ്യുന്നുണ്ട്. അപ്രകാരംതന്നെ ഇസ്‌ലാമിന്റെ അടിസ്ഥാന ആദർശങ്ങളായ തൗഹീദ്, രിസാലത്ത്, ആഖിറത്ത് എന്നിവയിലേക്ക് ക്ഷണിക്കുമ്പോൾ അതിൻെറ എതിരാളികളുടെ ആശയത്തെ ചർച്ച ചെയ്യുകയും അവയുടെ തകരാറുകൾ വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ഇതര മതങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഖുർആൻ അതിൻെറ അനുയായികൾക്ക് നൽകുന്ന അനുവാദമായി പണ്ഡിതന്മാർ ഇതിനെ കാണുകയും അതനുസരിച്ച് ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്.

ഖുർആൻ ഇത്തരത്തിലുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും

എതിരാളികൾക്ക് മറുപടി നൽകുകയും ചെയ്തതിന് ചില ഉദാഹര ണങ്ങൾ കാണുക:

സ്രഷ്ടാവിനെയും പ്രവാചകനെയും പുനരുത്ഥാനത്തെയും നിഷേധിച്ചവരുടെ വാദം ഖുർആൻ ഉദ്ധരിക്കുന്നു:

إِنْ هِىَ إِلَّا حَيَاتُنَا ٱلدُّنْيَا نَمُوتُ وَنَحْيَا وَمَا نَحْنُ بِمَبْعُوثِينَ ۝ إِنْ هُوَ إِلَّا رَجُلٌ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا وَمَا نَحْنُ لَهُۥ بِمُؤْمِنِينَ

“ജീവിതമെന്നത് നമ്മുടെ ഈ ഐഹിക ജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നാം ഉയിർത്തെഴുന്നേൽപിക്കപ്പെ ടുന്നവരല്ലതന്നെ. ഇവൻ അല്ലാഹുവിൻെറ മേൽ കള്ളംകെട്ടിച്ചമച്ച പുരുഷൻ മാത്രമാകുന്നു. ഞങ്ങൾ അവനെ വിശ്വസിക്കുന്നവരേ അല്ല”(23:37,38).

وَقَالُوا۟ مَا هِىَ إِلَّا حَيَاتُنَا ٱلدُّنْيَا نَمُوتُ وَنَحْيَا وَمَا يُهْلِكُنَآ إِلَّا ٱلدَّهْرُ ۚ وَمَا لَهُم بِذَٰلِكَ مِنْ عِلْمٍ ۖ إِنْ هُمْ إِلَّا يَظُنُّونَ

“അവർ പറഞ്ഞു: ജീവിതമെന്നാൽ നമ്മുടെ ഐഹിക ജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്ന ത് കാലം മാത്രമാകുന്നു. (വാസ്തവത്തിൽ) അവർക്ക് അതിനെപ്പറ്റി യാതൊരു അറിവുമില്ല. അവർ ഊഹിക്കുക മാത്രമാകുന്നു” (45:24).

അതോടൊപ്പം പ്രകൃതിദത്തവും ബുദ്ധിപരവുമായ തെളിവ് നിര ത്തിക്കൊണ്ട് ഖുർആൻ അവരോട് ചിന്തിക്കാനാവശ്യപ്പെടുന്നു:

أَوَلَمْ يَتَفَكَّرُوا۟ ۗ مَا بِصَاحِبِهِم مِّن جِنَّةٍ ۚ إِنْ هُوَ إِلَّا نَذِيرٌ مُّبِينٌ

“അവർ ചിന്തിച്ച് നോക്കിയില്ലേ? അവരുടെ കൂട്ടുകാരന് (മുഹമ്മദ് നബിക്ക്) ഭ്രാന്തൊന്നുമില്ല; അദ്ദേഹം വ്യക്തമായി താക്കീത് നൽ കിക്കൊണ്ടിരിക്കുന്ന ഒരാൾ മാത്രമാണ്”(7:184).

أَوَلَمْ يَرَوْا۟ إِلَىٰ مَا خَلَقَ ٱللَّهُ مِن شَىْءٍ يَتَفَيَّؤُا۟ ظِلَٰلُهُۥ عَن

ٱلْيَمِينِ وَٱلشَّمَآئِلِ سُجَّدًا لِّلَّهِ وَهُمْ دَٰخِرُونَ

"അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരു വസ്തുവിൻെറയും നേർക്ക് അവർ നോക്കിയിട്ടില്ലേ? എളിയവരായിട്ടും അല്ലാഹുവിന് സുജൂദ് ചെയ്തുകൊണ്ടും അതിൻെറ നിഴലുകൾ വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞുകൊണ്ടിരിക്കുന്നു"(16:48).

സൃഷ്ടികളിലൂടെ സ്രഷ്ടാവിനെ അറിയുവാൻ അവരെ പ്രേരിപ്പിക്കുകയാണ് ഇതിലൂടെ ഖുർആൻ ചെയ്യുന്നത്.

സ്രഷ്ടാവിനെ അംഗീകരിക്കുന്നതോടൊപ്പം പുനരുത്ഥാനത്തെ നിഷേധിച്ച മറ്റൊരുകൂട്ടരോട് ഖുർആൻ സംവദിച്ചതിങ്ങനെയാണ്:

وَضَرَبَ لَنَا مَثَلًا وَنَسِيَ خَلْقَهُۥ ۖ قَالَ مَن يُحْيِ ٱلْعِظَٰمَ وَهِيَ رَمِيمٌ

"അവൻ നമുക്ക് ഒരു ഉപമ എടുത്തുകാണിക്കുകയും ചെയ്തിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ മറന്ന് കളയുകയും ചെയ്തു. അവൻ പറഞ്ഞു: എല്ലുകൾ ദ്രവിച്ചുപോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നൽകുന്നത്?" (36:78).

അവരംഗീകരിക്കുന്ന ആദിജന്മത്തെ എതിർ തെളിവാക്കിക്കൊണ്ട് അവർക്ക് ഖുർആൻ മറുപടി പറയുന്നു:

قُلْ يُحْيِيهَا ٱلَّذِىٓ أَنشَأَهَآ أَوَّلَ مَرَّةٍ ۖ وَهُوَ بِكُلِّ خَلْقٍ عَلِيمٌ

"പറയുക: ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻ തന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ"(36:79).

أَفَعَيِينَا بِٱلْخَلْقِ ٱلْأَوَّلِ ۚ بَلْ هُمْ فِى لَبْسٍ مِّنْ خَلْقٍ جَدِيدٍ

"അപ്പോൾ ആദ്യതവണ സൃഷ്ടിച്ചതുകൊണ്ട് നാം ക്ഷീണിച്ചുപോയോ? അല്ല; അവർ പുതിയൊരു സൃഷ്ടിപ്പിനെപ്പറ്റി സംശയത്തിലാകുന്നു" (50:15).

അപ്രകാരംതന്നെ വിഗ്രഹാരാധകരും പ്രവാചക നിഷേധികളുമായ ആളുകളുടെ ചോദ്യം ഖുർആൻ ഉദ്ധരിക്കുന്നു:

وَقَالُوا۟ مَالِ هَٰذَا ٱلرَّسُولِ يَأْكُلُ ٱلطَّعَامَ وَيَمْشِى فِى
ٱلْأَسْوَاقِ ۙ لَوْلَآ أُنزِلَ إِلَيْهِ مَلَكٌ فَيَكُونَ مَعَهُۥ نَذِيرًا ۝
أَوْ يُلْقَىٰٓ إِلَيْهِ كَنزٌ أَوْ تَكُونُ لَهُۥ جَنَّةٌ يَأْكُلُ مِنْهَا ۚ وَقَالَ
ٱلظَّٰلِمُونَ إِن تَتَّبِعُونَ إِلَّا رَجُلًا مَّسْحُورًا

“അവർ പറഞ്ഞു: ഈ ദൂതൻ എന്താണിങ്ങനെ? ഇയാൾ ഭക്ഷണം കഴിക്കുകയും, അങ്ങാടികളിലൂടെ നടക്കുകയും ചെയ്യുന്നല്ലോ. ഇയാളുടെ കൂടെ ഒരു താക്കീതുകാരനായിരിക്കത്തക്കവണ്ണം ഇയാളുടെ അടുത്തേക്ക് എന്തുകൊണ്ട് ഒരു മലക്ക് ഇറക്കപ്പെടുന്നില്ല? അല്ലെങ്കിൽ എന്തുകൊണ്ട് ഇയാൾക്ക് ഒരു നിധി ഇട്ടുകൊടുക്കപ്പെടുന്നില്ല? അല്ലെങ്കിൽ ഇയാൾക്ക് (കായ്കനികൾ) എടുത്തുതിന്നാൻ പാകത്തിൽ ഒരു തോട്ടമുണ്ടാകുന്നില്ല? (റസൂലിനെപ്പറ്റി) അക്രമികൾ പറഞ്ഞു: മാരണം ബാധിച്ച ഒരാളെ മാത്രമാകുന്നു നിങ്ങൾ പിൻപറ്റുന്നത്” (25:7,8).

എന്നിട്ട് പ്രവാചകന്മാരൊക്കെയും ഇങ്ങനെതന്നെയായിരുന്നുവെന്ന് അവർക്ക്മറുപടി നൽകുകയാണ് ഖുർആൻ ചെയ്യുന്നത്.

وَمَآ أَرْسَلْنَا قَبْلَكَ مِنَ ٱلْمُرْسَلِينَ إِلَّآ إِنَّهُمْ لَيَأْكُلُونَ
ٱلطَّعَامَ وَيَمْشُونَ فِى ٱلْأَسْوَاقِ ۗ وَجَعَلْنَا بَعْضَكُمْ
لِبَعْضٍ فِتْنَةً أَتَصْبِرُونَ ۗ وَكَانَ رَبُّكَ بَصِيرًا

“ഭക്ഷണം കഴിക്കുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്യുന്നവരായിട്ടല്ലാതെ നിനക്കുമുമ്പ് ദൂതന്മാരിൽ ആരെയും നാം അയക്കുകയുണ്ടായിട്ടില്ല. നിങ്ങൾ ക്ഷമിക്കുമോ എന്ന് നോക്കാനായി നിങ്ങളിൽ ചിലരെ ചിലർക്ക് നാം ഒരു പരീക്ഷണമാക്കിയിരിക്കുന്നു. നിന്റെ രക്ഷിതാവ് (എല്ലാം) കണ്ടറിയുന്നവനാകുന്നു” (25:20).

ജൂത- ക്രൈസ്തവരുടെ വാദങ്ങൾ നിരത്തി അവയ്ക്ക് വ്യക്തമായ മറുപടി നൽകുന്നതും ഖുർആനിൽ കാണാവുന്നതാണ്:

وَقَالَتِ ٱلْيَهُودُ وَٱلنَّصَٰرَىٰ نَحْنُ أَبْنَٰٓؤُا۟ ٱللَّهِ وَأَحِبَّٰٓؤُهُۥ ۚ قُلْ

فَلِمَ يُعَذِّبُكُم بِذُنُوبِكُم ۖ بَلْ أَنتُم بَشَرٌ مِّمَّنْ خَلَقَ ۚ يَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۚ وَلِلَّهِ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ۖ وَإِلَيْهِ ٱلْمَصِيرُ

"യഹൂദരും ക്രിസ്ത്യാനികളും പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ മക്കളും അവന്ന് പ്രിയപ്പെട്ടവരുമാകുന്നു എന്ന്. (നബിയേ), പറയുക: പിന്നെ എന്തിനാണ് നിങ്ങളുടെ കുറ്റങ്ങൾക്ക് അല്ലാഹു നിങ്ങളെ ശിക്ഷിക്കുന്നത്? അങ്ങനെയല്ല; അവൻെറ സൃഷ്ടികളിൽപ്പെട്ട മനുഷ്യർ മാത്രമാകുന്നു നിങ്ങൾ. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും. അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിൻെറയും എല്ലാം ആധിപത്യം അല്ലാഹുവിനത്രെ. അവങ്കലേക്ക് തന്നെയാണ് മടക്കം"(5:18).

وَقَالُوا۟ لَن يَدْخُلَ ٱلْجَنَّةَ إِلَّا مَن كَانَ هُودًا أَوْ نَصَـٰرَىٰ ۗ تِلْكَ أَمَانِيُّهُمْ ۗ قُلْ هَاتُوا۟ بُرْهَـٰنَكُمْ إِن كُنتُمْ صَـٰدِقِينَ

"(ആർക്കെങ്കിലും) സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ യഹൂദരോ ക്രിസ്ത്യാനികളോ ആവാതെ പറ്റില്ലെന്നാണ് അവർ പറയുന്നത്. അതൊക്കെ അവരുടെ വ്യാമോഹങ്ങളത്രെ. എന്നാൽ (നബിയേ), പറയുക: 'നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതിന്) നിങ്ങൾക്ക് കിട്ടിയ തെളിവ് കൊണ്ടുവരൂ' എന്ന്" (2:111).

അവർ പരസ്പരം എതിർത്തിരുന്ന ചില കാര്യങ്ങളെക്കുറിച്ചും ഖുർആൻ ഉണർത്തി:

وَقَالَتِ ٱلْيَهُودُ لَيْسَتِ ٱلنَّصَـٰرَىٰ عَلَىٰ شَىْءٍ وَقَالَتِ ٱلنَّصَـٰرَىٰ لَيْسَتِ ٱلْيَهُودُ عَلَىٰ شَىْءٍ وَهُمْ يَتْلُونَ ٱلْكِتَـٰبَ ۗ كَذَٰلِكَ قَالَ ٱلَّذِينَ لَا يَعْلَمُونَ مِثْلَ قَوْلِهِمْ ۚ فَٱللَّهُ يَحْكُمُ بَيْنَهُمْ يَوْمَ ٱلْقِيَـٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ

“യഹൂദന്മാർ പറഞ്ഞു, ക്രിസ്ത്യാനികൾക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. ക്രിസ്ത്യാനികൾ പറഞ്ഞു, യഹൂദന്മാർക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. അവരെല്ലാവരും വേദഗ്രന്ഥം പാരായണം ചെയ്യുന്നവരാണ് താനും. അങ്ങനെ ഇവർ പറഞ്ഞതുപോലെത്തന്നെ വിവരമില്ലാത്ത ചിലരൊക്കെ പറഞ്ഞിട്ടുണ്ട്. എന്നാൽ അവർ തമ്മിൽ ഭിന്നിക്കുന്ന വിഷയങ്ങളിൽ ഉയിർത്തെഴുന്നേൽപിൻെറ നാളിൽ അല്ലാഹു അവർക്കിടയിൽ തീർപ്പ് കൽപിക്കുന്നതാണ്”. (2:113).

മുകളിലുദ്ധരിച്ചവ ജൂത- ക്രിസ്ത്യാനികൾക്ക് മൊത്തത്തിലുള്ള മറുപടികളാണെങ്കിൽ ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം മറുപടി നൽകുന്നതും ഖുർആനിൽ കാണാം:

وَقَالَتِ ٱلْيَهُودُ يَدُ ٱللَّهِ مَغْلُولَةٌ ۚ غُلَّتْ أَيْدِيهِمْ وَلُعِنُوا۟ بِمَا قَالُوا۟ ۘ بَلْ يَدَاهُ مَبْسُوطَتَانِ يُنفِقُ كَيْفَ يَشَآءُ ۚ وَلَيَزِيدَنَّ كَثِيرًا مِّنْهُم مَّآ أُنزِلَ إِلَيْكَ مِن رَّبِّكَ طُغْيَٰنًا وَكُفْرًا ۚ وَأَلْقَيْنَا بَيْنَهُمُ ٱلْعَدَٰوَةَ وَٱلْبَغْضَآءَ إِلَىٰ يَوْمِ ٱلْقِيَٰمَةِ ۚ كُلَّمَآ أَوْقَدُوا۟ نَارًا لِّلْحَرْبِ أَطْفَأَهَا ٱللَّهُ ۚ وَيَسْعَوْنَ فِى ٱلْأَرْضِ فَسَادًا ۚ وَٱللَّهُ لَا يُحِبُّ ٱلْمُفْسِدِينَ

“അല്ലാഹുവിൻെറ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുകയാണ് എന്ന് യഹൂദന്മാർ പറഞ്ഞു. അവരുടെ കൈകൾ ബന്ധിതമാകട്ടെ. അവർ ആ പറഞ്ഞ വാക്ക് കാരണം അവർ ശപിക്കപ്പെട്ടിരിക്കുന്നു. അല്ല, അവൻെറ ഇരുകൈകളും നിവർത്തപ്പെട്ടവയാകുന്നു. അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കുന്നു. നിനക്ക് നിൻെറ രക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ട സന്ദേശം അവരിൽ അധികപേർക്കും ധിക്കാരവും അവിശ്വാസവും വർധിപ്പിക്കുകതന്നെ ചെയ്യും. അവർക്കിടയിൽ ഉയിർത്തെഴുന്നേൽപിൻെറ നാൾവരെ ശത്രുതയും വിദ്വേഷവും നാം ഇട്ടുകൊടുത്തിരിക്കുകയാണ്. അവർ യുദ്ധത്തിന് തീകൊളുത്തുമ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളയുന്നു. അവർ നാട്ടിൽ കുഴപ്പമുണ്ടാക്കുവാൻ വേണ്ടി ശ്രമിക്കുകയാണ്. കുഴപ്പക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നതല്ല” (5:64).

وَقَالُوا۟ لَن تَمَسَّنَا ٱلنَّارُ إِلَّآ أَيَّامًا مَّعْدُودَةً ۚ قُلْ أَتَّخَذْتُمْ عِندَ ٱللَّهِ عَهْدًا فَلَن يُخْلِفَ ٱللَّهُ عَهْدَهُۥٓ ۖ أَمْ تَقُولُونَ عَلَى ٱللَّهِ مَا لَا تَعْلَمُونَ ۝ بَلَىٰ مَن كَسَبَ سَيِّئَةً وَأَحَٰطَتْ بِهِۦ خَطِيٓـَٔتُهُۥ فَأُو۟لَٰٓئِكَ أَصْحَٰبُ ٱلنَّارِ ۖ هُمْ فِيهَا خَٰلِدُونَ

"അവർ (യഹൂദർ) പറഞ്ഞു: എണ്ണപ്പെട്ട ദിവസങ്ങളിലല്ലാതെ ഞങ്ങളെ നരകശിക്ഷ ബാധിക്കുകയേ ഇല്ല. ചോദിക്കുക: നിങ്ങൾ അല്ലാഹുവിങ്കൽനിന്ന് വല്ല കരാറും വാങ്ങിയിട്ടുണ്ടോ? എന്നാൽ തീർച്ചയായും അല്ലാ ഹു തൻെറ കരാർ ലംഘിക്കുകയില്ല. അതല്ല, നിങ്ങൾക്ക് അറിവില്ലാത്തത് അല്ലാഹുവിൻെറ പേരിൽ നിങ്ങൾ പറ ഞ്ഞുണ്ടാക്കുകയാണോ? അങ്ങനെയല്ല. ആർ ദുഷ്കൃത്യം ചെയ്യുക യും പാപത്തിൻെറ വലയത്തിൽ പെടുകയും ചെയ്യുന്നുവോ അവരാ കുന്നു നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും" (2:80,81).

ക്രൈസ്തവരെ പ്രത്യേകം പരാമർശിച്ചുകൊണ്ട് ഖുർആൻ പറ യുന്നു:

لَّقَدْ كَفَرَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ هُوَ ٱلْمَسِيحُ ٱبْنُ مَرْيَمَ ۚ قُلْ فَمَن يَمْلِكُ مِنَ ٱللَّهِ شَيْـًٔا إِنْ أَرَادَ أَن يُهْلِكَ ٱلْمَسِيحَ ٱبْنَ مَرْيَمَ وَأُمَّهُۥ وَمَن فِى ٱلْأَرْضِ جَمِيعًا ۗ وَلِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا ۚ يَخْلُقُ مَا يَشَآءُ ۚ وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ

"മർയമിൻെറ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞ വർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. (നബിയേ,) പറയു ക: മർയമിൻെറ മകൻ മസീഹിനെയും അദ്ദേഹത്തിൻെറ മാതാവിനെ യും, ഭൂമിയിലുള്ള മുഴുവൻ പേരെയും അല്ലാഹു നശിപ്പിക്കാനുദ്ദേശി ക്കുകയാണെങ്കിൽ അവൻെറ വല്ല നടപടിയിലും സ്വാധീനം ചെലു

ത്താൻ ആർക്കാണ് കഴിയുക? ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും എല്ലാം ആധിപത്യം അല്ലാഹുവിന്നത്രെ. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു ഏത് കാര്യത്തിലുംകഴിവുള്ളവനത്രെ"(5:17).

لَقَدْ كَفَرَ ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ هُوَ ٱلْمَسِيحُ ٱبْنُ
مَرْيَمَ ۖ وَقَالَ ٱلْمَسِيحُ يَٰبَنِىٓ إِسْرَٰٓءِيلَ ٱعْبُدُوا۟ ٱللَّهَ رَبِّى
وَرَبَّكُمْ ۖ إِنَّهُۥ مَن يُشْرِكْ بِٱللَّهِ فَقَدْ حَرَّمَ ٱللَّهُ عَلَيْهِ ٱلْجَنَّةَ
وَمَأْوَىٰهُ ٱلنَّارُ ۖ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ۝ لَّقَدْ كَفَرَ
ٱلَّذِينَ قَالُوٓا۟ إِنَّ ٱللَّهَ ثَالِثُ ثَلَٰثَةٍ ۘ وَمَا مِنْ إِلَٰهٍ إِلَّآ إِلَٰهٌ
وَٰحِدٌ ۚ وَإِن لَّمْ يَنتَهُوا۟ عَمَّا يَقُولُونَ لَيَمَسَّنَّ ٱلَّذِينَ
كَفَرُوا۟ مِنْهُمْ عَذَابٌ أَلِيمٌ

"മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; 'ഇസ്റാഈൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയുംചെയ്യും. അക്രമികൾക്ക് സഹായികളായി ആരുംതന്നെയില്ല' എന്നാണ്. അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. ഏക ആരാധ്യനല്ലാതെ യാതൊരാരാധ്യനും ഇല്ലതന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽനിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുകതന്നെ ചെയ്യും" (5:72,73).

ശേഷം യേശുവിനെക്കുറിച്ചുള്ള ശരിയായ ചിത്രം ഖുർആൻ നൽകുന്നത് ഇങ്ങനെയാണ്:

مَّا ٱلْمَسِيحُ ٱبْنُ مَرْيَمَ إِلَّا رَسُولٌ قَدْ خَلَتْ مِن قَبْلِهِ

ٱلرُّسُلُ وَأُمُّهُۥ صِدِّيقَةٌ ۖ كَانَا يَأْكُلَانِ ٱلطَّعَامَ ۗ ٱنظُرْ كَيْفَ نُبَيِّنُ لَهُمُ ٱلْـَٔايَٰتِ ثُمَّ ٱنظُرْ أَنَّىٰ يُؤْفَكُونَ

"മർയമിൻെറ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിൻെറ മാതാവ് സത്യവതിയുമാകുന്നു. അവരിരുവരും ഭക്ഷണം കഴിക്കുന്നവരായിരുന്നു. നോക്കു; നാം അവർക്ക് എങ്ങനെയെല്ലാം ദൃഷ്ടാന്തങ്ങൾ വ്യക്തമാക്കിക്കൊടുക്കുന്നുവെന്ന്. നോക്കൂ; എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽനിന്ന്) തെറ്റിക്കപ്പെടുന്നതെന്ന്" (5:75).

يَٰٓأَهْلَ ٱلْكِتَٰبِ لَا تَغْلُوا۟ فِى دِينِكُمْ وَلَا تَقُولُوا۟ عَلَى ٱللَّهِ إِلَّا ٱلْحَقَّ ۚ إِنَّمَا ٱلْمَسِيحُ عِيسَى ٱبْنُ مَرْيَمَ رَسُولُ ٱللَّهِ وَكَلِمَتُهُۥٓ أَلْقَىٰهَآ إِلَىٰ مَرْيَمَ وَرُوحٌ مِّنْهُ ۖ فَـَٔامِنُوا۟ بِٱللَّهِ وَرُسُلِهِۦ ۖ وَلَا تَقُولُوا۟ ثَلَٰثَةٌ ۚ ٱنتَهُوا۟ خَيْرًا لَّكُمْ ۚ إِنَّمَا ٱللَّهُ إِلَٰهٌ وَٰحِدٌ ۖ سُبْحَٰنَهُۥٓ أَن يَكُونَ لَهُۥ وَلَدٌ ۘ لَّهُۥ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۗ وَكَفَىٰ بِٱللَّهِ وَكِيلًا

"വേദക്കാരേ, നിങ്ങൾ മതകാര്യങ്ങളിൽ അതിര് കവിയരുത്. അല്ലാഹുവിൻെറ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിൻെറ മകനായ മസീഹ് ഈസാ അല്ലാഹുവിൻെറ ദൂതനും മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവൻെറ വചനവും അവങ്കൽനിന്നുള്ള ഒരാത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവൻെറ ദൂതന്മാരിലും വിശ്വസിക്കുക. 'ത്രിത്വം' എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നന്മക്കായി നിങ്ങൾ (ഇതിൽനിന്ന്) വിരമിക്കുക. അല്ലാഹു ഏകആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവൻേറതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി" (4:171).

ഇതര മതസ്ഥരോട് നമ്മൾ പരസ്പരം അംഗീകരിക്കേണ്ടുന്ന; വേദഗ്രന്ഥങ്ങൾക്കിടയിൽ യോജിപ്പുള്ള തത്ത്വങ്ങളിലേക്ക് കടന്നു വരുവാൻ ഖുർആൻ ആവശ്യപ്പെടുന്നു:

قُلْ يَٰٓأَهْلَ ٱلْكِتَٰبِ تَعَالَوْا۟ إِلَىٰ كَلِمَةٍ سَوَآءٍۭ بَيْنَنَا وَبَيْنَكُمْ أَلَّا نَعْبُدَ إِلَّا ٱللَّهَ وَلَا نُشْرِكَ بِهِۦ شَيْـًٔا وَلَا يَتَّخِذَ بَعْضُنَا بَعْضًا أَرْبَابًا مِّن دُونِ ٱللَّهِ ۚ فَإِن تَوَلَّوْا۟ فَقُولُوا۟ ٱشْهَدُوا۟ بِأَنَّا مُسْلِمُونَ

"(നബിയേ), പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്ക് ചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിന് പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്ത്വത്തിലേക്ക്). എന്നിട്ട് അവർ പിന്തിരിഞ്ഞു കളയുന്നപക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പ്പെട്ടവരാണ് എന്നതിന് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളുക" (3:64).

ഇത് പറയുമ്പോൾ "ഇല്ല, ഞങ്ങൾ ഖുർആൻ പറയുന്ന ഏകദൈവത്വം അംഗീകരിക്കുന്നില്ല. ത്രിത്വമാണ് ഞങ്ങളുടെ ആദർശ"മെന്ന് അഭിനവ ക്രൈസ്തവർ പറഞ്ഞാൽ അത് കേട്ട് മൗനിയാകുകയാണോ വേണ്ടത്, അതല്ല ഏകദൈവാരാധനയാണ് സർവ പ്രവാചകന്മാരും പ്രബോധനം ചെയ്തത്; ത്രിത്വം നിങ്ങൾ യേശുവിന്റെ മതത്തിൽ അനർഹമായി കടത്തിക്കൂട്ടിയതാണെന്ന് അവരെ ബോധ്യപ്പെടുത്താൻ പ്രബോധകന് സാധിക്കുകയാണോ വേണ്ടത്? ഏതാണ് ഗുണകരമെന്നും ഖുർആനിക സൂക്തത്തിന്റെ താൽപര്യമെന്നും മനസ്സിലാക്കാൻ ഏറെയൊന്നും ഗവേഷണത്തിന്റെ ആവശ്യമില്ല. അതിന് അവർ തന്നെ അംഗീകരിക്കുന്ന അവരുടെ പ്രമാണങ്ങളും വേദഗ്രന്ഥങ്ങളും ഉദ്ധരിച്ചുകൊണ്ട് അവരെ നിശ്ശബ്ദരാക്കി ഖുർആൻ പറയുന്നതുതന്നെയാണ് ശരിയെന്നും പ്രവാചകന്മാരെല്ലാം പഠിപ്പിച്ചത് ശുദ്ധമായ ഏകദൈവവിശ്വാസം തന്നെയാണെന്നും സ്ഥാപിക്കാൻ കഴിഞ്ഞാൽ യാതൊരു തെറ്റുമില്ല. മാത്രവുമല്ല, ഖുർആനിന്റെ ശൈലി കൂടിയാണ് അതെന്ന് ആയത്തുകൾ പരിശോധി

ച്ചാൽ വ്യക്തമാകും.

സ്രഷ്ടാവും, രക്ഷിതാവും ജഗന്നിയന്താവും എല്ലാം ഏകനായ അല്ലാഹുമാത്രമാണെന്ന് അംഗീകരിച്ച മക്കാമുശ്‌രിക്കുകളോട് ആ തത്ത്വം എടുത്തുപറഞ്ഞുകൊണ്ട്-അതിൻെറ അനിവാര്യതയെന്നോണം-അങ്ങനെയുള്ള അല്ലാഹുവിന് മാത്രമെ ആരാധനകൾ അർപ്പിക്കാവൂ എന്ന സത്യം അംഗീകരിക്കാൻ അവരെ നിർബന്ധിതരാക്കുന്ന ശൈലിയും ഖുർആനിൽ കാണാം.

قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ أَمَّن يَمْلِكُ ٱلسَّمْعَ وَٱلْأَبْصَـٰرَ وَمَن يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَمَن يُدَبِّرُ ٱلْأَمْرَ ۚ فَسَيَقُولُونَ ٱللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ

"പറയുക: ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽനിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും; അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?" (10:31).

قُل لِّمَنِ ٱلْأَرْضُ وَمَن فِيهَآ إِن كُنتُمْ تَعْلَمُونَ ۝ سَيَقُولُونَ لِلَّهِ ۚ قُلْ أَفَلَا تَذَكَّرُونَ ۝ قُلْ مَن رَّبُّ ٱلسَّمَـٰوَٰتِ ٱلسَّبْعِ وَرَبُّ ٱلْعَرْشِ ٱلْعَظِيمِ ۝ سَيَقُولُونَ لِلَّهِ ۚ قُلْ أَفَلَا تَتَّقُونَ ۝ قُلْ مَنۢ بِيَدِهِۦ مَلَكُوتُ كُلِّ شَىْءٍ وَهُوَ يُجِيرُ وَلَا يُجَارُ عَلَيْهِ إِن كُنتُمْ تَعْلَمُونَ ۝ سَيَقُولُونَ لِلَّهِ ۚ قُلْ فَأَنَّىٰ تُسْحَرُونَ

"(നബിയേ,) ചോദിക്കുക: ഭൂമിയും അതിലുള്ളതും ആരുടേതാ

ണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും; അല്ലാഹുവിന്റേതാണെന്ന്. നീ പറയുക: എന്നാൽ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നില്ലേ? നീ ചോദിക്കുക: ഏഴ് ആകാശങ്ങളുടെ രക്ഷിതാവും മഹത്തായ സിംഹാസനത്തിന്റെ രക്ഷിതാവും ആരാകുന്നു? അവർ പറയും: അല്ലാഹുവിന്നാകുന്നു (രക്ഷാകർതൃത്വം). നീ പറയുക: എന്നാൽ നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവന്റെ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരായി (എവിടെനിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവർ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും; (അതെല്ലാം) അല്ലാഹുവിന്നുള്ളതാണ്. നീ ചോദിക്കുക:പിന്നെ എങ്ങനെയാണ് നിങ്ങൾ മായാവലയത്തിൽപെട്ടുപോകുന്നത്?" (23:84-89).

മറ്റു മതസ്ഥർ തങ്ങളുടെ ആദർശങ്ങൾ സത്യസന്ധമാണെന്ന് വാദിക്കുമ്പോൾ അതിനുള്ള തെളിവ് കൊണ്ടുവരാൻ ഖുർആൻ അവരോട് ആവശ്യപ്പെടുന്നു. അഥവാ ഖുർആനിന്റെ അനുയായികൾ അവരോട് തെളിവ് ആവശ്യപ്പെടേണ്ടതുണ്ട്.

وَقَالُوا۟ لَن يَدْخُلَ ٱلْجَنَّةَ إِلَّا مَن كَانَ هُودًا أَوْ نَصَـٰرَىٰ ۗ تِلْكَ أَمَانِيُّهُمْ ۗ قُلْ هَاتُوا۟ بُرْهَـٰنَكُمْ إِن كُنتُمْ صَـٰدِقِينَ

"(ആർക്കെങ്കിലും) സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ യഹൂദരോ ക്രിസ്ത്യാനികളോ ആവാതെ പറ്റില്ലെന്നാണ് അവർ പറയുന്നത്. അതൊക്കെ അവരുടെ വ്യാമോഹങ്ങളത്രെ. എന്നാൽ (നബിയേ) പറയുക; 'നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതിന്ന്) നിങ്ങൾക്കു കിട്ടിയ തെളിവ് കൊണ്ടുവരൂ' എന്ന് " (2:111).

അവർ തെളിവുകൾ കൊണ്ടുവന്നാൽ അവ പരിശോധിക്കാനും അവർ കടത്തിക്കൂട്ടിയ നൂതനാശയങ്ങൾ ദൈവികമല്ലെന്ന്വ്യക്തമാക്കാനും പ്രബോധകന് കഴിയേണ്ടതുണ്ട്. അതിന് അവർ അംഗീകരിക്കുന്ന പ്രമാണങ്ങളിലൂടെത്തന്നെ കഴിയുമെങ്കിൽ അതായിരിക്കും കൂടുതൽ ഫലപ്രദം.

അല്ലാഹു മൂസാനബി(ﷺ)ക്ക് അവതരിപ്പിച്ച തൗറാത്തിലും ഈ

സാനബി(ﷺ)ക്ക് നൽകിയ ഇൻജീലിലും സന്മാർഗവും വെളിച്ചവു മുണ്ടെന്ന് ഖുർആൻ അറിയിക്കുന്നു:

إِنَّآ أَنزَلْنَا ٱلتَّوْرَىٰةَ فِيهَا هُدًى وَنُورٌ ۚ يَحْكُمُ بِهَا ٱلنَّبِيُّونَ ٱلَّذِينَ أَسْلَمُوا۟ لِلَّذِينَ هَادُوا۟ وَٱلرَّبَّـٰنِيُّونَ وَٱلْأَحْبَارُ بِمَا ٱسْتُحْفِظُوا۟ مِن كِتَـٰبِ ٱللَّهِ وَكَانُوا۟ عَلَيْهِ شُهَدَآءَ ۚ فَلَا تَخْشَوُا۟ ٱلنَّاسَ وَٱخْشَوْنِ وَلَا تَشْتَرُوا۟ بِـَٔايَـٰتِى ثَمَنًا قَلِيلًا ۚ وَمَن لَّمْ يَحْكُم بِمَآ أَنزَلَ ٱللَّهُ فَأُو۟لَـٰٓئِكَ هُمُ ٱلْكَـٰفِرُونَ

"തീർച്ചയായും നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചിരി ക്കുന്നത്. അതിൽ മാർഗദർശനവും പ്രകാശവുമുണ്ട്. (അല്ലാഹുവി ന്) കീഴ്പെട്ട പ്രവാചകന്മാർ യഹൂദ മതക്കാർക്ക് അതിനനുസരിച്ച് വിധികൽപിച്ചുപോന്നു. 'പുണ്യവാന്മാരാരും മതപണ്ഡിതന്മാരും (അപ്രകാരംതന്നെ വിധികൽപിച്ചിരുന്നു). കാരണം, അല്ലാഹുവിൻെറ ഗ്രന്ഥത്തിൻെറ സംരക്ഷണം അവർക്ക് ഏൽപിക്കപ്പെട്ടിരുന്നു. അവ രതിന് സാക്ഷികളുമായിരുന്നു. അതിനാൽ നിങ്ങൾ ജനങ്ങളെ പേടി ക്കാതെ എന്നെ മാത്രം ഭയപ്പെടുക. എൻെറ വചനങ്ങൾ നിങ്ങൾ തുഛമായ വിലയ്ക്ക് വിറ്റുകളയാതിരിക്കുക. അല്ലാഹു അവതരിപ്പി ച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു അവി ശ്വാസികൾ" (5:44).

എന്നാൽ ആ വേദഗ്രന്ഥങ്ങളുടെ ഉത്തരവാദിത്വം എൽപിക്കപ്പെട്ട വിഭാഗംതന്നെ അതിൽ കൈകടത്തലുകൾ നടത്തി സത്യവും അസ ത്യവും കൂട്ടിക്കലർത്തി വികലമാക്കിയതായി ഖുർആൻ പറയുന്നു:

فَوَيْلٌ لِّلَّذِينَ يَكْتُبُونَ ٱلْكِتَـٰبَ بِأَيْدِيهِمْ ثُمَّ يَقُولُونَ هَـٰذَا مِنْ عِندِ ٱللَّهِ لِيَشْتَرُوا۟ بِهِۦ ثَمَنًا قَلِيلًا ۖ فَوَيْلٌ لَّهُم مِّمَّا كَتَبَتْ أَيْدِيهِمْ وَوَيْلٌ لَّهُم مِّمَّا يَكْسِبُونَ

"എന്നാൽ സ്വന്തം കൈകൾകൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുക യും എന്നിട്ട് അത് അല്ലാഹുവിങ്കൽനിന്ന് ലഭിച്ചതാണെന്ന് പറയുക

യും ചെയ്യുന്നവർക്കാകുന്നു നാശം. അത് മുഖേന വിലകുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയാകുന്നു (അവരിത് ചെയ്യുന്നത്). അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം" (2:79).

يَٰٓأَهۡلَ ٱلۡكِتَٰبِ لِمَ تَلۡبِسُونَ ٱلۡحَقَّ بِٱلۡبَٰطِلِ وَتَكۡتُمُونَ ٱلۡحَقَّ وَأَنتُمۡ تَعۡلَمُونَ

"വേദക്കാരേ, നിങ്ങളെന്തിനാണ് സത്യത്തെ അസത്യവുമായി കൂട്ടിക്കലർത്തുകയും, അറിഞ്ഞുകൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യുന്നത്?" (3:71).

ഈ വസ്തുത വ്യക്തമാക്കാൻ ഒരു പ്രബോധകന് എതിർ വിഭാഗത്തിന്റെ പ്രമാണങ്ങളിലൂടെതന്നെ സാധിച്ചാൽ അതിൽ യാതൊരു അസാംഗത്യവുമില്ല. മറിച്ച് അതിലൂടെ ഖുർആനിന്റെ സത്യത അനുഭവഭേദ്യമാവുകയാണ് ചെയ്യുന്നത്.

മുഹമ്മദ്നബി(ﷺ) സത്യപ്രവാചകനാണെന്നും അദ്ദേഹത്തെ പിൻപറ്റലാണ് മോക്ഷത്തിന്റെ മാർഗമെന്നും ഉദ്ഘോഷിക്കുന്ന ഖുർആൻ മുൻവേദഗ്രന്ഥങ്ങൾ ഈ പ്ര വാചകനെക്കുറിച്ച് സന്തോഷവാർത്ത അറിയിച്ചിട്ടുണ്ടെന്നും പറയുന്നു:

ٱلَّذِينَ يَتَّبِعُونَ ٱلرَّسُولَ ٱلنَّبِيَّ ٱلۡأُمِّيَّ ٱلَّذِي يَجِدُونَهُۥ مَكۡتُوبًا عِندَهُمۡ فِي ٱلتَّوۡرَىٰةِ وَٱلۡإِنجِيلِ يَأۡمُرُهُم بِٱلۡمَعۡرُوفِ وَيَنۡهَىٰهُمۡ عَنِ ٱلۡمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَٰتِ وَيُحَرِّمُ عَلَيۡهِمُ ٱلۡخَبَٰٓئِثَ وَيَضَعُ عَنۡهُمۡ إِصۡرَهُمۡ وَٱلۡأَغۡلَٰلَ ٱلَّتِي كَانَتۡ عَلَيۡهِمۡۚ فَٱلَّذِينَ ءَامَنُواْ بِهِۦ وَعَزَّرُوهُ وَنَصَرُوهُ وَٱتَّبَعُواْ ٱلنُّورَ ٱلَّذِيٓ أُنزِلَ مَعَهُۥٓ أُوْلَٰٓئِكَ هُمُ ٱلۡمُفۡلِحُونَ

"(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ്

നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തപ്പെടുന്നതാണ്). അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ലവസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും, ചീത്തവസ്തുക്കൾ അവരുടെമേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ" (7:157).

وَإِذْ قَالَ عِيسَى ٱبْنُ مَرْيَمَ يَـٰبَنِىٓ إِسْرَٰٓءِيلَ إِنِّى رَسُولُ ٱللَّهِ إِلَيْكُم مُّصَدِّقًا لِّمَا بَيْنَ يَدَىَّ مِنَ ٱلتَّوْرَىٰةِ وَمُبَشِّرًۢا بِرَسُولٍ يَأْتِى مِنۢ بَعْدِى ٱسْمُهُۥٓ أَحْمَدُ ۖ فَلَمَّا جَآءَهُم بِٱلْبَيِّنَـٰتِ قَالُوا۟ هَـٰذَا سِحْرٌ مُّبِينٌ

"മർയമിൻെറ പുത്രൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു). ഇസ്റാഈൽ സന്തതികളേ, എനിക്ക് മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിൻെറ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാലവിദ്യയാകുന്നു" (61:6).

എന്നാൽ മുൻവേദങ്ങളുടെ അനുയായികൾ ആ സത്യം മറച്ചു വെക്കുകയായിരുന്നെന്ന് ഖുർആൻ വ്യക്തമാക്കുന്നു:

ٱلَّذِينَ ءَاتَيْنَـٰهُمُ ٱلْكِتَـٰبَ يَعْرِفُونَهُۥ كَمَا يَعْرِفُونَ أَبْنَآءَهُمْ ۖ وَإِنَّ فَرِيقًا مِّنْهُمْ لَيَكْتُمُونَ ٱلْحَقَّ وَهُمْ يَعْلَمُونَ

"നാം വേദം നൽകിയിട്ടുള്ളവർക്ക് സ്വന്തം മക്കളെ അറിയാവുന്നതുപോലെ അദ്ദേഹത്തെ (റസൂലിനെ) അറിയാവുന്നതാണ്. തീർച്ച

യായും അവരിൽ ഒരു വിഭാഗം അറിഞ്ഞുകൊണ്ടുതന്നെ സത്യം മ റച്ചുവെക്കുകയാകുന്നു" (2:146).

ٱلَّذِينَ ءَاتَيْنَـٰهُمُ ٱلْكِتَـٰبَ يَعْرِفُونَهُۥ كَمَا يَعْرِفُونَ أَبْنَآءَهُمُ
ٱلَّذِينَ خَسِرُوٓا۟ أَنفُسَهُمْ فَهُمْ لَا يُؤْمِنُونَ

"നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ സ്വന്തം മക്കളെ അറിയുന്നതുപോലെ അത് അറിയുന്നുണ്ട്. സ്വദേഹങ്ങളെ നഷ്ടത്തിലാക്കിയവരത്രെ അവർ. അതിനാൽ അവർ വിശ്വസിക്കുകയില്ല" (6:20).

ഈ വസ്തുതയിലേക്ക് വെളിച്ചംവീശുന്ന വചനങ്ങളും ജൂത-ക്രൈസ്തവ വേദങ്ങളിൽ കാണാവുന്നതാണ്. അബ്ദുല്ലാഹിബ്നു അംറ്ബ്നുൽ ആസി(ﷺ)നോട് തൗറാത്തിൽ പ്രവാചകനെക്കുറിച്ചുള്ള വിവരണം അത്വാഅ്ബ്നുയസാർ എന്ന ശിഷ്യൻ ചോദിച്ചപ്പോൾ നൽകിയ വിശദീകരണം ബുഖാരി(ഹദീഥ്: 2125)യിൽ കാണാം. സമാനമായ വചനം ബൈബിളിലെ യെശയ്യാവ് 42:2ലും കാണാം. ഇസ്ലാമിക പ്രബോധകന് തന്റെ ദഅ്‌വത്തിന്റെ മാർഗത്തിൽ ഇത്തരം വചനങ്ങൾ ഉപയോഗപ്പെടുത്തി ഖുർആനിന്റെ ആദർശത്തിലേക്ക് അന്യരെ ക്ഷണിക്കാനും തെളിവുകൾകൊണ്ട് അവരെ ഉത്തരംമുട്ടിക്കുവാനും സാധിച്ചാൽ പ്രബോധകന്റെ വിജയമായിട്ടുതന്നെയാണ് അതിനെ കാണാൻ കഴിയുക.

ഇപ്പോൾ നിലവിലുള്ള ഇൻജീലിലും തൗറാത്തിലും മുഹമ്മദ് നബി(ﷺ)യെക്കുറിച്ചുള്ള വിവരണങ്ങളുള്ളതായി ഖുർആൻതന്നെ സൂചിപ്പിക്കുന്നുണ്ട്.

ٱلَّذِينَ يَتَّبِعُونَ ٱلرَّسُولَ ٱلنَّبِىَّ ٱلْأُمِّىَّ ٱلَّذِى يَجِدُونَهُۥ
مَكْتُوبًا عِندَهُمْ فِى ٱلتَّوْرَىٰةِ وَٱلْإِنجِيلِ يَأْمُرُهُم بِٱلْمَعْرُوفِ
وَيَنْهَىٰهُمْ عَنِ ٱلْمُنكَرِ وَيُحِلُّ لَهُمُ ٱلطَّيِّبَـٰتِ وَيُحَرِّمُ عَلَيْهِمُ
ٱلْخَبَـٰٓئِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَٱلْأَغْلَـٰلَ ٱلَّتِى كَانَتْ
عَلَيْهِمْ ۚ فَٱلَّذِينَ ءَامَنُوا۟ بِهِۦ وَعَزَّرُوهُ وَنَصَرُوهُ وَٱتَّبَعُوا۟
ٱلنُّورَ ٱلَّذِىٓ أُنزِلَ مَعَهُۥٓ ۙ أُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ

"(അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത രപവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തപ്പെടുന്ന താണ്. അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും ദുരാചാര ത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങ ളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെ ക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹ ത്തോടൊപ്പം അവതരിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ"(7:157).

ഇബ്നു കഥീർ 10:94ന്റെ വിവരണത്തിൽ പറയുന്നു:

وهذا فيه تثبيت للأمة وإعلام لهم أن صفة نبيهم صلي الله عليه وسلم موجودة في الكتب المتقدمة التي بأيدي أهل الكتاب كما قـال تعالى "الذين يتبعون الرسول النبي الأمي الذي يجدونه مكتوبا عندهم في التوراة والإنجيل" الآية

"ഇതിൽ നബി(ﷺ)യുടെ വിവരണങ്ങളും (വിശേഷണങ്ങളും) വേദക്കാരുടെ കൈവശമുള്ള മുൻവേദങ്ങളിൽ ഉണ്ടെന്നുള്ള അറിയി പ്പുണ്ട്" (തഫ്സീർ ഇബ്നു കഥീർ വാ: 2 പേ: 564).

ഇത് നേരിൽ കണ്ടറിയുമ്പോൾ വിശ്വാസിയുടെ വിജ്ഞാനത്തി നും വിശ്വാസത്തിനും വളർച്ചയുണ്ടാകുമെന്നതിൽ സംശയമില്ല.

മുൻവേദങ്ങളെ അതിന്റെ അനുയായികൾതന്നെ തന്നിഷ്ടപ്രകാ രം മാറ്റിമറിച്ചപ്പോൾ അതിന്റെ സത്യാവസ്ഥ വിവരിച്ചുകൊണ്ട് ഖുർആൻ അവയുടെ സംരക്ഷണം നിർവഹിക്കുകയാണെന്ന് സ്വയം അവകാശപ്പെടുന്നു:

وَأَنزَلْنَآ إِلَيْكَ ٱلْكِتَـٰبَ بِٱلْحَقِّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ ٱلْكِتَـٰبِ وَمُهَيْمِنًا عَلَيْهِ ۖ فَٱحْكُم بَيْنَهُم بِمَآ أَنزَلَ

ٱللَّهُ ۖ وَلَا تَتَّبِعْ أَهْوَآءَهُمْ عَمَّا جَآءَكَ مِنَ ٱلْحَقِّ ۚ لِكُلٍّ جَعَلْنَا مِنكُمْ شِرْعَةً وَمِنْهَاجًا ۚ وَلَوْ شَآءَ ٱللَّهُ لَجَعَلَكُمْ أُمَّةً وَٰحِدَةً وَلَٰكِن لِّيَبْلُوَكُمْ فِى مَآ ءَاتَىٰكُمْ ۖ فَٱسْتَبِقُوا۟ ٱلْخَيْرَٰتِ ۚ إِلَى ٱللَّهِ مَرْجِعُكُمْ جَمِيعًا فَيُنَبِّئُكُم بِمَا كُنتُمْ فِيهِ تَخْتَلِفُونَ

“(നബിയേ), നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ചുതന്നിരിക്കുന്നു. അതിൻെറ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്. അതിനാൽ നീ അവർക്കിടയിൽ നാം അവതരിപ്പിച്ചതനുസരിച്ച് വിധി കൽപിക്കുക. നിനക്ക് വന്നുകിട്ടിയ സത്യത്തെ വിട്ട് നീ അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിപ്പോകരുത്. നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമമാർഗവും നാം നിശ്ചയിച്ചുതന്നിരിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു. പക്ഷേ, നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കുവാൻ (അവനുദ്ദേശിക്കുന്നു). അതിനാൽ നല്ല കാര്യങ്ങളിലേക്ക് നിങ്ങൾ മത്സരിച്ച് മുന്നേറുക. അല്ലാഹുവിങ്കലേക്കത്രെ നിങ്ങളുടെയെല്ലാം മടക്കം. നിങ്ങൾ ഭിന്നിച്ചിരുന്ന വിഷയങ്ങളെപ്പറ്റി അപ്പോളവൻ നിങ്ങൾക്ക് അറിയിച്ചുതരുന്നതാണ്” (5:48).

ഈ സത്യം ബോധ്യപ്പെടുത്തുമ്പോൾ എതിരാളികളുടെ പ്രമാണങ്ങളിൽനിന്ന് അതിന് സാക്ഷ്യം വഹിക്കുന്ന വചനങ്ങൾ ഉദ്ധരിക്കാൻ കഴിഞ്ഞാൽ അത് പ്രബോധകൻെറ വിജയമാണെന്നതിൽ സംശയമില്ല.

കൂടാതെ മതത്തിൻെറ പല ആചാരങ്ങളിലും സംസ്കാരങ്ങളിലും ഇസ്ലാം അന്യമതസ്ഥരോട് വ്യതിരിക്തമായി സ്വന്തം വ്യക്തിത്വം പ്രകടിപ്പിക്കാൻ അനുശാസിക്കുന്നുണ്ട്. ഇതര മതങ്ങളെക്കുറിച്ച് പഠിക്കുന്നതിലൂടെ നാട്ടാചാരങ്ങളുടെ പേരിൽ മുസ്ലിംകളിലേക്ക് കടന്നുവന്ന പലതിനെയും തിരിച്ചറിയാനും കയ്യൊഴിക്കാനും സാധിക്കുമെന്നതും മതതാരതമ്യ പഠനത്തിലൂടെ ലഭ്യമാകുന്ന നേട്ടമായി കാണാവുന്നതാണ്.

അപ്രകാരംതന്നെ ഖുർആനിൻെറ ദൈവികതയും സത്യതയും ബോധ്യപ്പെടുന്ന പല സന്ദർഭങ്ങളും മതതാരതമ്യ പഠനത്തിലൂടെ

ഉണ്ടാകുമെന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

ഉദാഹരണം:

1. മുൻ വേദഗ്രന്ഥങ്ങളിൽ അവയുടെ പിൻതലമുറക്കാർ കൈകടത്തി മാറ്റത്തിരുത്തലുകളുണ്ടാക്കി എന്ന് ഖുർആൻ പറയുമ്പോൾ ആ വേദങ്ങൾ ഇന്ന് പരിശോധിക്കുന്ന ഒരു സത്യാന്വേഷകന് ആ കൈകടത്തലുകൾ ശരിക്കും ബോധ്യപ്പെടുന്നതാണ്.

2. മുഹമ്മദ്നബി(ﷺ) സത്യപ്രവാചകനാണെന്നും അദ്ദേഹത്തെക്കുറിച്ച് പൂർവവേദങ്ങൾ സന്തോഷവാർത്ത അറിയിച്ചിട്ടുണ്ടെന്നും ഖുർആൻ പറയുന്നു. മാറ്റത്തിരുത്തലുകൾക്ക് വിധേയമായിട്ടുണ്ടെങ്കിൽകൂടി അത്തരം സുവിശേഷങ്ങൾ ഇന്നും മുൻവേദങ്ങളിൽ കാണാവുന്നതാണ്.

3.ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് പരാമർശിക്കവെ അല്ലാഹു പറഞ്ഞു:

وَلَقَدْ خَلَقْنَا ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَا فِى سِتَّةِ أَيَّامٍ وَمَا مَسَّنَا مِن لُّغُوبٍ ۝ فَٱصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ ٱلشَّمْسِ وَقَبْلَ ٱلْغُرُوبِ

"ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം ആറു ദിവസങ്ങളിൽ സൃഷ്ടിച്ചിരിക്കുന്നു. യാതൊരു ക്ഷീണവും നമ്മെ ബാധിച്ചിട്ടുമില്ല. അതിനാൽ അവർ പറയുന്നതിൻെറ പേരിൽ നീ ക്ഷമിച്ചുകൊള്ളുക. സൂര്യോദയത്തിന് മുമ്പും അസ്തമയത്തിന് മുമ്പും നിൻെറ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം (അവനെ) പ്രകീർത്തിക്കുകയും ചെയ്യുക." (50:38,39).

ജൂത-ക്രിസ്ത്യാനികളുടെ വേദത്തിലെ ഉൽപത്തി പുസ്തകത്തിൽ സൃഷ്ടിപ്പിനുശേഷം ദൈവം വിശ്രമിച്ചുവെന്ന് പറയുന്ന ഭാഗം വായിക്കുമ്പോഴാണ് فَٱصْبِرْ عَلَىٰ مَا يَقُولُونَ "അതിനാൽ അവർ പറയുന്നതിൻെറ പേരിൽ നീ ക്ഷമിച്ചു കൊള്ളുക" (50:39) എന്ന ആയത്തിന്റെ പ്രസക്തി ബോധ്യപ്പെടുന്നത്. ഇതിലൂടെ ഖുർആൻ മുൻവേദങ്ങളുടെ സംരക്ഷണമാകുന്നതും മുൻവേദക്കാരുടെ കൈകടത്തലുകൾക്കുള്ള അല്ലാഹുവിൻെറ മറുപടിയുമെല്ലാം ഖുർആനിൻെറ ദൈവികത വിളിച്ചറിയിക്കുന്ന വസ്തുതകളാണ്.

ഇതര മതസ്ഥരുടെ സംശയങ്ങൾ ദൂരീകരിക്കുവാനും ഇസ്‌ലാമിന്റെ സുവ്യക്ത തെളിവുകൾ സ്ഥാപിക്കുവാനും അവരുമായി സംവാദങ്ങളിലേർപ്പെടുവാനും അല്ലാഹു കൽപിക്കുന്നു:

وَلَا تُجَٰدِلُوٓاْ أَهۡلَ ٱلۡكِتَٰبِ إِلَّا بِٱلَّتِي هِيَ أَحۡسَنُ إِلَّا ٱلَّذِينَ ظَلَمُواْ مِنۡهُمۡۖ وَقُولُوٓاْ ءَامَنَّا بِٱلَّذِيٓ أُنزِلَ إِلَيۡنَا وَأُنزِلَ إِلَيۡكُمۡ وَإِلَٰهُنَا وَإِلَٰهُكُمۡ وَٰحِدٞ وَنَحۡنُ لَهُۥ مُسۡلِمُونَ

"വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്- അവരിൽനിന്ന് അക്രമം പ്രവർത്തിച്ചവരൊഴികെ. നിങ്ങൾ (അവരോട്) പറയുക: ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒരുവനാ കുന്നു. ഞങ്ങൾ അവന്ന് കീഴ്പ്പെട്ടവരുമാകുന്നു" (29:46).

ٱدۡعُ إِلَىٰ سَبِيلِ رَبِّكَ بِٱلۡحِكۡمَةِ وَٱلۡمَوۡعِظَةِ ٱلۡحَسَنَةِۖ وَجَٰدِلۡهُم بِٱلَّتِي هِيَ أَحۡسَنُۚ إِنَّ رَبَّكَ هُوَ أَعۡلَمُ بِمَن ضَلَّ عَن سَبِيلِهِۦ وَهُوَ أَعۡلَمُ بِٱلۡمُهۡتَدِينَ

"യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ലരീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ" (16:125).

ഖുർആൻ മുന്നോട്ടുവെക്കുന്ന സത്യസന്ധമായ ആശയങ്ങൾക്ക് എതിരാളികളുടെ കൈവശമുള്ള വേദങ്ങളിൽതന്നെ തെളിവുകളുണ്ടെങ്കിൽ അവരെക്കൂടി അത് അംഗീകരിക്കാൻ നിർബന്ധിതരാക്കുന്ന രീതിയിൽ അവരോട് അത് അന്വേഷിക്കാൻ ഖുർആൻ നിർദേശിക്കുന്നത് കാണാം:

فَإِن كُنتَ فِي شَكّٖ مِّمَّآ أَنزَلۡنَآ إِلَيۡكَ فَسۡـَٔلِ ٱلَّذِينَ

يَقْرَءُونَ ٱلْكِتَٰبَ مِن قَبْلِكَ ۚ لَقَدْ جَآءَكَ ٱلْحَقُّ مِن رَّبِّكَ فَلَا تَكُونَنَّ مِنَ ٱلْمُمْتَرِينَ

"ഇനി നിനക്ക് നാം അവതരിപ്പിച്ചുതന്നതിനെപ്പറ്റി നിനക്ക് വല്ല സംശയവുമുണ്ടെങ്കിൽ നിനക്ക് മുമ്പുതന്നെ വേദഗ്രന്ഥം വായിച്ചുവരുന്നവരോട് ചോദിച്ച് നോക്കുക. തീർച്ചയായും നിനക്ക് നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യം വന്നുകിട്ടിയിരിക്കുന്നു. അതിനാൽ നീ സംശയാലുക്കളുടെ കൂട്ടത്തിലായിപ്പോകരുത്" (10:94).

وَمَآ أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِمْ ۚ فَسْـَٔلُوٓا۟ أَهْلَ ٱلذِّكْرِ إِن كُنتُمْ لَا تَعْلَمُونَ

"നിനക്ക് മുമ്പ് മനുഷ്യന്മാരെയല്ലാതെ നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല. അവർക്ക് നാം സന്ദേശം നൽകുന്നു. നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ (വേദം മുഖേന) ഉൽബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ചുനോക്കുക"(16:43).

വ്യഭിചാരികൾക്കുള്ള ശിക്ഷയെ സംബന്ധിച്ച് തൗറാത്ത് എന്ത് പറയുന്നു എന്ന് വേദക്കാരോട് നബി(ﷺ) ചോദിച്ചത് ഇത്തരത്തിലുള്ളതാണ്.

عَنْ عَبْدِاللَّهِ بْنِ عُمَرَ رَضِيَ اللَّهم عَنْهمَا أَنَّ الْيَهُودَ جَاءُوا إِلَى رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَذَكَرُوا لَهُ أَنَّ رَجُلًا مِنْهُمْ وَامْرَأَةً زَنَيَا فَقَالَ لَهُمْ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَا تَجِدُونَ فِي التَّوْرَاةِ فِي شَأْنِ الرَّجْمِ فَقَالُوا نَفْضَحُهُمْ وَيُجْلَدُونَ فَقَالَ عَبْدُاللَّهِ بْنُ سَلَامٍ كَذَبْتُمْ إِنَّ فِيهَا الرَّجْمَ فَأَتَوْا بِالتَّوْرَاةِ فَنَشَرُوهَا فَوَضَعَ أَحَدُهُمْ يَدَهُ عَلَى آيَةِ الرَّجْمِ فَقَرَأَ مَا قَبْلَهَا وَمَا بَعْدَهَا فَقَالَ لَهُ عَبْدُاللَّهِ بْنُ سَلَامٍ ارْفَعْ يَدَكَ فَرَفَعَ يَدَهُ فَإِذَا فِيهَا آيَةُ الرَّجْمِ فَقَالُوا صَدَقَ يَا مُحَمَّدُ فِيهَا آيَةُ الرَّجْمِ فَأَمَرَ بِهِمَا رَسُولُ اللَّهِ صَلَّى اللَّهم عَلَيْهِ وَسَلَّمَ فَرُجِمَا . ( البخاري )

അബ്ദുല്ലാഹിബ്നു ഉമർ(ﷺ) പറയുന്നു: ജൂതന്മാർ പ്രവാചക സന്നിധിയിലെത്തി അവരിലെ ഒരു സ്ത്രീയും പുരുഷനും വ്യഭിചരിച്ചതിനെക്കുറിച്ച്പറഞ്ഞു. അപ്പോൾ നബി(ﷺ) അവരോട് ചോദിച്ചു: "വ്യഭിചരിച്ചവരെ എറിഞ്ഞുകൊല്ലുന്ന വിഷയത്തിൽ തൗറാത്തിലെന്താണ് കാണുന്നത്?" അവർ പറഞ്ഞു: "ഞങ്ങൾ അവരെ വഷളാക്കുകയും അടിക്കുകയുംചെയ്യും" അബ്ദുല്ലാഹിബ്നു സലാം പറഞ്ഞു: "നിങ്ങൾ കളവാണ് പറയുന്നത്. നിശ്ചയം, അതിൽ എറിഞ്ഞുകൊല്ലണമെന്നാണുള്ളത്. നിങ്ങൾ തൗറാത്ത് കൊണ്ടുവരൂ...". അങ്ങനെ അവർ അത് നിവർത്തി അവരിലൊരാൾ തന്റെ കൈ എറിഞ്ഞുകൊല്ലണമെന്ന് പറയുന്ന വചനത്തിന്മേൽ വെച്ചു. എന്നിട്ട് അതിന് മുമ്പും ശേഷവുമുള്ളത് വായിച്ചു. അപ്പോൾ അബ്ദുല്ലാഹിബ്നു സലാം അയാളോട് കയ്യെടുക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ അയാൾ കൈയ്യെടുത്തപ്പോൾ അതാ ആ വചനം! അവർ പറഞ്ഞു: മുഹമ്മദേ, സത്യമാണിദ്ദേഹം പറഞ്ഞത്. എറിഞ്ഞുകൊല്ലുവാൻ കൽപിക്കുന്ന വചനമുണ്ടിതിൽ. അങ്ങനെ പ്രവാചകന്റെ നിർദേശമനുസരിച്ച് ആ രണ്ടുപേരെയും എറിഞ്ഞുകൊന്നു" (ബുഖാരി 6841).

3:23ന്റെ അവതരണ കാരണമായി ഇബ്നു അബ്ബാസിൽനിന്ന് ഇബ്നുജരീർ ഉദ്ധരിക്കുന്നു:

عن ابن عباس قال دخل رسول الله بـــيت المدراس على جماعة
زفر فدعاهم إلى الله فقال له نعيم بن عمرو والحرث بـــن زيد :
أي دين أنت يا محمد فقال على ملة إبراهيم ودينه فقالا فإن إبرا
كان يهوديا فقال لهما رسول الله فهلموا إلى التوراة فهي بيننا وبي
فأبـــوا عليه فأنزل الله عز وجل ألم تر إلى الذين أوتوا نصيبـــا
الكتاب يدعون إلى كتاب الله ليحكم بـــينهم ثم يتولى فريق منهم و
معرضون إلى قوله ما كانوا يفترون (جامع البيان في تفسير القر
لابن جرير الطبري ج : ٣, ص : ١٤٥)

നബി(ﷺ) ചില ജൂതന്മാരുടെ അടുക്കൽ ചെന്ന് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. നുഐമുബ്നു അംറും ഹർഥ്ബ്നുസൈദും നബി

യോട് ചോദിച്ചു: “മുഹമ്മദേ, നീ ഏത് മതത്തിലാണ്?”. നബി(ﷺ) പറഞ്ഞു: “ഇബ്റാഹീമിൻെറ മതത്തിൽ”. അപ്പോൾ അവർ ഇരുവരും പറഞ്ഞു: “ഇബ്റാഹീം യഹൂദിയായിരുന്നല്ലോ?”. നബി(ﷺ) അവരോട് പറഞ്ഞു: “തൗറാത്തിലേക്ക് വരൂ. അത് നമുക്കിടയിൽ വിധിപറയട്ടെ!”. പക്ഷേ, അവർ പിന്തിരിഞ്ഞു. അപ്പോൾ അല്ലാഹു ആയത്ത് അവതരിപ്പിച്ചു: “വേദഗ്രന്ഥങ്ങളിൽനിന്നും ഒരു പങ്ക് നൽകപ്പെട്ട ഒരു വിഭാഗത്തെപ്പറ്റി നീ അറിഞ്ഞില്ലേ? അവർക്കിടയിൽ തീർപ്പ് കൽപിക്കുവാനായി അല്ലാഹുവിൻെറ ഗ്രന്ഥത്തിലേക്ക് അവർ വിളിക്കപ്പെടുന്നു. എന്നിട്ടതാ അവരിൽ ഒരു കക്ഷി അവഗണിച്ചുകൊണ്ട് പിന്തിരിഞ്ഞ് കളയുന്നു” (3:23). (ഇബ്നുജരീറിൻെറ ജാമിഉൽ ബയാൻ ഫീതഫ്സീറിൽ ഖുർആൻ വാ. 3 പേ: 145).

**സുന്നത്തിലെന്ത് പറയുന്നു?**

ഈ വിഷയകമായി സുന്നത്ത് എന്ത് പറയുന്നു എന്ന് പരിശോധിക്കാം. ഇതര മതസ്ഥരിലേക്ക് ദഅ്‌വത്ത് എത്തിക്കുവാനും എതിരാളികളോട് തർക്കിക്കുവാനുംവരെ നബി(ﷺ)യോട് ഖുർആൻ ആവശ്യപ്പെടുന്നു:

ٱدْعُ إِلَىٰ سَبِيلِ رَبِّكَ بِٱلْحِكْمَةِ وَٱلْمَوْعِظَةِ ٱلْحَسَنَةِ ۖ وَجَٰدِلْهُم بِٱلَّتِى هِىَ أَحْسَنُ ۚ إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ ۖ وَهُوَ أَعْلَمُ بِٱلْمُهْتَدِينَ

“യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിൻെറ രക്ഷിതാവിൻെറ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ലരീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിൻെറ രക്ഷിതാവ് തൻെറ മാർഗംവിട്ട് പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ” (16:125).

ഇതനുസരിച്ച് നബി(ﷺ) മക്കയിലെ ബഹുദൈവാരാധകരോടും (മക്കാമുശ്രിക്കുകൾ) ജൂത-ക്രിസ്ത്യാനികളോടും മറ്റും സംവാദത്തിലേർപ്പെടുകയുണ്ടായി. ചില ഉദാഹരണങ്ങൾ കാണുക:

1. 21:98 അവതരിച്ചപ്പോൾ നബി(ﷺ) ജനങ്ങളെ അഭിമുഖീകരിച്ച

രീതി ഇബ്‌നു അബ്ബാസി(ﷺ)ൽനിന്ന് ഇമാം അഹ്‌മദ് ഉദ്ധരിക്കുന്നു. നബി(ﷺ) ഖുറൈശികളോട് പറഞ്ഞു:

إِنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لِقُرَيْشٍ يَا مَعْشَرَ قُرَيْشٍ إِنَّهُ لَيْسَ أَحَدٌ يُعْبَدُ مِنْ دُونِ اللَّهِ فِيهِ خَيْرٌ وَقَدْ عَلِمَتْ قُرَيْشٌ أَنَّ النَّصَارَى تَعْبُدُ عِيسَى ابْنَ مَرْيَمَ وَمَا تَقُولُ فِي مُحَمَّدٍ فَقَالُوا يَا مُحَمَّدُ أَلَسْتَ تَزْعُمُ أَنَّ عِيسَى كَانَ نَبِيًّا وَعَبْدًا مِنْ عِبَادِ اللَّهِ صَالِحًا فَلَئِنْ كُنْتَ صَادِقًا فَإِنَّ آلِهَتَهُمْ لَكَمَا تَقُولُونَ قَالَ فَأَنْزَلَ اللَّهُ عَزَّ وَجَلَّ ( وَلَمَّا ضُرِبَ ابْنُ مَرْيَمَ مَثَلًا إِذَا قَوْمُكَ مِنْهُ يَصِدُّونَ )

“ഖുറൈശികളേ, അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന ആരിലും നന്മയില്ല” ക്രിസ്ത്യാനികൾ ഈസാനബി(ﷺ)യെയും ആരാധിക്കുന്നവരാണെന്ന് മനസ്സിലാക്കിയ ഖുറൈശികൾ നബി(ﷺ)യോട് ചോദിച്ചു: “മുഹമ്മദേ, ഈസാ പ്രവാചകനും അല്ലാഹുവിൻെറ സത്യസന്ധനായ ദാസനുമാണെന്നും താങ്കൾ പറയാറുണ്ടല്ലോ? നീ സത്യമാണ് പറയുന്നതെങ്കിൽ അവരുടെ ആരാധ്യരുടെ സ്ഥിതി എന്തായിരിക്കും? അപ്പോൾ അല്ലാഹു സൂറത്തുസ്സുഖുറുഫിലെ 57 മുതൽ 59 കൂടിയ വചനങ്ങൾ അവതരിപ്പിച്ചു:

وَلَمَّا ضُرِبَ ٱبْنُ مَرْيَمَ مَثَلًا إِذَا قَوْمُكَ مِنْهُ يَصِدُّونَ ۝ وَقَالُوٓا۟ ءَأَٰلِهَتُنَا خَيْرٌ أَمْ هُوَ ۚ مَا ضَرَبُوهُ لَكَ إِلَّا جَدَلًۢا ۚ بَلْ هُمْ قَوْمٌ خَصِمُونَ ۝ إِنْ هُوَ إِلَّا عَبْدٌ أَنْعَمْنَا عَلَيْهِ وَجَعَلْنَٰهُ مَثَلًا لِّبَنِىٓ إِسْرَٰٓءِيلَ

“മർയമിൻെറ മകൻ ഒരു ഉദാഹരണമായി എടുത്തുകാണിക്കപ്പെട്ടപ്പോൾ നിൻെറ ജനതയതാ അതിൻെറ പേരിൽ ആർത്തുവിളിക്കുന്നു. ഞങ്ങളുടെ ദൈവങ്ങളാണോ ഉത്തമം, അതല്ല അദ്ദേഹമാണോ എന്നവർ പറയുകയും ചെയ്തു. അവർ നിൻെറ മുമ്പിൽ അതെടുത്തുകാണിച്ചത് ഒരു തർക്കത്തിനായി മാത്രമാണ്. എന്നുതന്നെയല്ല അവർ പിടിവാശിക്കാരായ ഒരു ജനവിഭാഗമാകുന്നു. അദ്ദേഹം

നമ്മുടെ ഒരു ദാസൻ മാത്രമാകുന്നു. അദ്ദേഹത്തിന് നാം അനുഗ്രഹം നൽകുകയും അദ്ദേഹത്തെ ഇസ്റാഈൽ സന്തതികൾക്ക് നാം ഒരു മാതൃകയാക്കുകയും ചെയ്തു" (43:57-59).

(വിശദ വിവരത്തിന് തഫ്സീർ ഇബ്നു കഥീർ വാ. 4 പേജ്: 165, 166 നോക്കുക).

2. മദീനയിലെ ജൂതന്മാരോട് സംവദിച്ചത്.

ചില ജൂതന്മാർ നബി(ﷺ)യുടെ അടുത്ത് ചെല്ലുകയും അവരിലെ ഒരു ആണും പെണ്ണും വ്യഭിചരിച്ച വിവരം പറയുകയും ചെയ്ത സംഭവവും നബി(ﷺ) ജൂതന്മാരെ ഇസ്ലാമിലേക്ക് ക്ഷണിച്ചപ്പോൾ അവരിൽ ചിലർ അദ്ദേഹത്തോട് "മുഹമ്മദേ, താങ്കൾ ഏത് മതത്തിലാണ് നിലകൊള്ളുന്നത്?" എന്ന് ചോദിച്ച സംഭവവും നേരത്തെ ഉദ്ധരിച്ചിരുന്നു.

3. ക്രിസ്ത്യാനികളോട് സംവദിച്ചത്.

അബ്സീനിയയിൽനിന്നും ചില ക്രിസ്ത്യാനികൾ മക്കയിൽവരികയും നബി(ﷺ)യുമായി സംസാരിക്കുകയും ചെയ്തശേഷം അവർ ഇസ്ലാമാശ്ലേഷിച്ച സംഭവം.

നജ്റാനിൽനിന്നും ഒരുസംഘം ക്രൈസ്തവ വിശ്വാസികൾ മദീനയിൽ വരികയും നബി(ﷺ)യോട് സംവാദത്തിലേർപ്പെടുകയും ചെയ്ത സംഭവം സുവിദിതാണ്. അല്ലാഹുവിൻെറ കൽപനയനുസരിച്ച് പിന്നീട് അവരെ നബി(ﷺ) ഒരു മുബാഹല(ശാപപ്രാർഥന)ക്ക് ക്ഷണിക്കുകയായിരുന്നു. അതിലേക്ക് സൂചിപ്പിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

فَمَنْ حَآجَّكَ فِيهِ مِنۢ بَعْدِ مَا جَآءَكَ مِنَ ٱلْعِلْمِ فَقُلْ تَعَالَوْا۟ نَدْعُ أَبْنَآءَنَا وَأَبْنَآءَكُمْ وَنِسَآءَنَا وَنِسَآءَكُمْ وَأَنفُسَنَا وَأَنفُسَكُمْ ثُمَّ نَبْتَهِلْ فَنَجْعَل لَّعْنَتَ ٱللَّهِ عَلَى ٱلْكَـٰذِبِينَ ۝ إِنَّ هَـٰذَا لَهُوَ ٱلْقَصَصُ ٱلْحَقُّ ۚ وَمَا مِنْ إِلَـٰهٍ إِلَّا ٱللَّهُ ۚ وَإِنَّ ٱللَّهَ لَهُوَ ٱلْعَزِيزُ ٱلْحَكِيمُ

"ഇനി നിനക്ക് അറിവ് വന്നുകിട്ടിയതിനുശേഷം അവൻെറ

(ഈസായുടെ) കാര്യത്തിൽ നിന്നോട് ആരെങ്കിലും തർക്കിക്കുകയാണെങ്കിൽ നീ പറയുക: നിങ്ങൾ വരൂ. ഞങ്ങളുടെ മക്കളെയും നിങ്ങളുടെ മക്കളെയും ഞങ്ങളുടെ സ്ത്രീകളെയും നിങ്ങളുടെ സ്ത്രീകളെയും നമുക്ക് വിളിച്ചുകൂട്ടാം. ഞങ്ങളും നിങ്ങളും (കൂടുകയും ചെയ്യാം). എന്നിട്ട് കള്ളം പറയുന്ന കക്ഷിയുടെമേൽ അല്ലഹുവിൻെറ ശാപമുണ്ടായിരിക്കാൻ നമുക്ക് ഉള്ളഴിഞ്ഞ് പ്രാർഥിക്കാം. തീർച്ചയായും ഇത് യഥാർഥമായ സംഭവവിവരണമാകുന്നു. അല്ലാഹുവല്ലാതെ യാതൊരു ദൈവവും ഇല്ലതന്നെ. തീർച്ചയായും അല്ലാഹുതന്നെയാകുന്നു പ്രതാപവാനുംയുക്തിമാനും" (3:61,62). (വിശദ വിവരത്തിന് തഫ്സീർ ഇബ്നു കഥീർ വാ: 1, പേജ്: 480-484 നോക്കുക).

മാത്രമല്ല, വേദക്കാരിൽനിന്ന് കാര്യങ്ങൾ ഉദ്ധരിക്കുന്നതിന് നബി (ﷺ) അനുവാദം നൽകിയ റിപ്പോർട്ടുകളും ധാരാളം കാണാവുന്നതാണ്. അബ്ദുല്ലാഹിബ്നു അംറ്, അബൂഹുറയ്റ, അബൂസഈദുൽ ഖുദ്രി തുടങ്ങിയ സ്വഹാബികളിൽനിന്ന് അഹ്മദ്, ബുഖാരി, അബൂദാവൂദ്, തിർമുദി, ഇബ്നുഹിബ്ബാൻ മുതലായ പണ്ഡിതന്മാർ ഉദ്ധരിച്ച ഹദീഥിൽ ഇങ്ങനെ കാണാം. നബി(ﷺ) പറഞ്ഞു:

قال رسول الله صلى الله عليه وسلم : حدثوا عن بـــني إســـرائيل ولا حرج ( البخاري , أحمد, أبو داود , الترمذي ,ابن حبان وغيرهم )

"നിങ്ങൾ ഇസ്റാഈൽ സന്തതികളിൽനിന്നും ഉദ്ധരിച്ചുകൊള്ളുക; കുഴപ്പമില്ല".

അന്യമതസ്ഥരുമായുള്ള ദഅ്വത്തിന് സഹായകമാകുന്നതിന് അവരുടെ ഭാഷ പഠിക്കാൻവരെ സ്വഹാബത്തിനെ നബി (ﷺ) പ്രേരിപ്പിച്ചതായി കാണാം.

عن زيد بن ثابت قـــال : امرني رســـول الله صلى الله عليه وســـلم فتعلمت له كتاب يهود ( أحمد , أبو داود)

സൈദ്ബ്നു ഥാബിത്(رضي الله عنه) പറയുന്നു: "ജൂതന്മാരുടെ ഭാഷ പഠിക്കുവാൻ നബി (ﷺ) എന്നോട് കൽപിച്ചു" (അഹ്മദ്, അബൂദാവൂദ്).

عن ابي هريرة رضي الله عنه قال : كان اهل الكتاب يقرءون التوراة

بالعبرانية ويفسرونها بالعربية لأهل الإسلام فقال رسول الله صلى الله عليه وسلم : لا تصدقوا أهل الكتاب ولا تكذبوهم وقولوا آمنا بالله وما أنزل إلينا.. الآية. (البخاري)

ജൂതന്മാർ ഹിബ്രുഭാഷയിൽ വേദം വായിച്ച് മുസ്‌ലിംകൾക്കായി അറബിയിൽ വിശദീകരിക്കുമായിരുന്നു. അതിനെക്കുറിച്ച് നബി(ﷺ) പറഞ്ഞു:

“അവരെ നിങ്ങൾ സത്യപ്പെടുത്തുകയോ കളവാക്കുകയോ ചെയ്യേണ്ടതില്ല. മറിച്ച് ഇപ്രകാരം നിങ്ങൾ പറയുക: “ഞങ്ങൾ അല്ലാഹുവിലും അവൻ അവതരിപ്പിച്ചതിലും വിശ്വസിച്ചിരിക്കുന്നു” (ബുഖാരി)

അവർ പറഞ്ഞത് കേൾക്കേണ്ട എന്നല്ല, ഖുർആനിനോടും സുന്നത്തിനോടും യോജിക്കുന്നവ അംഗീകരിക്കുകയും വിയോജിക്കുന്ന തള്ളിക്കളയുകയും ചെയ്യുക; ഈ രണ്ടിനത്തിലും പെടാത്തവയെ സത്യപ്പെടുത്താനോ നിഷേധിക്കാനോ പാടില്ല എന്നാണ് പണ്ഡിതന്മാർ ഈ ഹദീഥിനെ വ്യാഖ്യാനിച്ചുകൊണ്ട് പറഞ്ഞത് (ഫത്ഹുൽ ബാരി വാ: 10, പേജ് 28 നോക്കുക).

മേൽവിവരിച്ച തെളിവുകളുടെ പിൻബലത്തോടെ തന്നെ വിവിധ കാലങ്ങളിൽ വ്യത്യസ്ത പ്രദേശങ്ങളിലായി പ്രബോധപ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന പണ്ഡിതന്മാർ മതതാരതമ്യ പഠനം നടത്തി ഗ്രന്ഥങ്ങൾ രചിച്ചതിന് ചരിത്രം സാക്ഷിയാണ്. നബി(ﷺ)യുടെ കാലഘട്ടം മുതൽ ഈ കാലംവരെ ഒരൊറ്റ തലമുറയും കണ്ണിമുറിയാതെ തുടർന്നുപോന്ന ഒരു പ്രവർത്തനമായി ഇതിനെ കാണാവുന്നതാണ്. അവരെല്ലാം ഇതിനെ ഒരു പാഴ്‌വേലയായി കാണുകയല്ല; പ്രബോധനത്തിനുള്ള മാർഗമായി ഗണിക്കുകയാണ് ചെയ്തത്.

സൈദുബ്നു സാബിത്, അബ്ദുല്ലാഹിബ്നു അംറ്ബ്നുൽ ആസ്, അബ്ദുല്ലാഹിബ്നുസലാം, തമീമുദ്ദാരി, അദിയ്യ്ബ്നു ഹാതിം, സൽമാനുൽ ഫാരിസി മുതലായ സ്വഹാബികളും മാലിക്ബ്നുദീനാർ, കഅ്ബുൽ അഹ്ബാർ, വഹബുബ്നു മുനബ്ബിഹ്, അബ്ദുൽ മലിക്ബ്നു ജുറൈജ് തുടങ്ങിയ താബിഈങ്ങളും ഖലീഫ ഹാറൂൻറഷീദ്, ദിറാറ്ബ്നു അംറ് അൽഗത്ഫാനി, അബ്ദുല്ലാഹിബ്നു മുസ്‌ലിം ഇബ്നു ഖുതൈബ, അബുൽഹസൻ അൽഅശ്അരി, ഇബ്നുഹസം,

ഇമാമുൽ ഹറമൈനി, ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ, ഇബ്നുൽ ഖയ്യിം, മുഹമ്മദ്ബ്നു അലി ശൗക്കാനി, റഹ്മത്തുല്ലാ കീറാനവി, ഥനാഉല്ലാഹ് അമൃത്സരി, ശൈഖ് റബീഅ്ബ്നു ഹാദി അൽ മദ്ഖലി തുടങ്ങിയ പണ്ഡിതന്മാർ ഈ ശൃംഖലയിലെ ഏതാനും കണ്ണികൾമാത്രമാണ്. ലോകപ്രശസ്തമായ മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ ഇത്തരത്തിലുള്ള മതതാരതമ്യപഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി പഠിപ്പിക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

ചുരുക്കത്തിൽ,

1. പ്രബോധകൻ ഇതര മതഗ്രന്ഥങ്ങൾ പഠിക്കുകയും ദഅ്‌വത്തിന് വേണ്ടിവരുന്ന ഘട്ടങ്ങളിൽ അവ ഉദ്ധരിക്കുകയും ചെയ്യുന്നത് ഇസ്‌ലാം വിലക്കുന്നില്ല; പ്രത്യുത അംഗീകരിക്കുന്നു.

2. എതിരാളികളുടെ ആശയം ഉദ്ധരിക്കുകയും അവയെ ഖണ്ഡിക്കുകയും ചെയ്യുന്ന ശൈലി ഇസ്‌ലാമിക വിരുദ്ധമല്ല; മറിച്ച് ഖുർആനികമാണ്.

3. ഇതര മതസ്ഥരോട് നാം പരസ്പരം അംഗീകരിക്കേണ്ട ആശയങ്ങളിലേക്ക് കടന്നുവരുവാൻ ഖുർആൻ ആവശ്യപ്പെടുന്നു.

4. ഇതര മതസ്ഥരുടെ ന്യായവാദങ്ങൾക്ക് വ്യക്തമായ തെളിവുകൾ ഹാജരാക്കുവാൻ ഖുർആൻ അവരോട് ആവശ്യപ്പെടുന്നു.

5. മുൻ വേദഗ്രന്ഥങ്ങളുടെ അനുയായികൾ അവയിൽ കൈകടത്തലുകൾ നടത്തി വികലമാക്കിയതായി ഖുർആൻ പറയുന്നു.

6. അന്തിമ പ്രവാചകനും സത്യദൂതനുമായ മുഹമ്മദ് നബിയെ പിൻപറ്റലാണ് മോക്ഷത്തിൻെറ മാർഗമെന്നും അദ്ദേഹത്തെക്കുറിച്ച് മുൻ വേദങ്ങളിൽ സന്തോഷവാർത്തയറിയിച്ചിട്ടുണ്ടെന്നും ഖുർആൻ പറയുന്നു.

7. കൈകടത്തലുകൾക്ക് വിധേയമായ പൂർവ വേദഗ്രന്ഥങ്ങളെ അവയുടെ ആശയം സത്യസന്ധമായി അവതരിപ്പിക്കുകവഴി ഖുർആൻ സംരക്ഷിക്കുകയാണെന്ന് ഖുർആൻ സ്വയം അവകാശപ്പെടുന്നു.

8. നബി(ﷺ) ജൂത-ക്രിസ്ത്യാനികളോടും മക്കാമുശ്‌രിക്കുകളോടും സംവദിച്ചിട്ടുണ്ട്.

9. ഇതര മതസ്ഥരോട് നല്ല രീതിയിൽ സംവദിക്കാൻ ഖുർആൻ കൽപിക്കുന്നു.

10. സ്വഹാബത്തിൻെറ കൂട്ടത്തിലും താബിഊങ്ങളുടെ കൂട്ട ത്തിലും പിൻതലമുറക്കാരായ മറ്റ് പണ്ഡിതന്മാരിലും ഇതര മതങ്ങ ളെക്കുറിച്ച് അറിവുള്ളവരും ഗ്രന്ഥം രചിച്ചവരും ഉണ്ടായിട്ടുണ്ട്.

**മതതാരതമ്യപഠനം എന്തിന്?**

وَلَا تُجَٰدِلُوٓاْ أَهۡلَ ٱلۡكِتَٰبِ إِلَّا بِٱلَّتِي هِيَ أَحۡسَنُ إِلَّا
ٱلَّذِينَ ظَلَمُواْ مِنۡهُمۡۖ وَقُولُوٓاْ ءَامَنَّا بِٱلَّذِيٓ أُنزِلَ إِلَيۡنَا وَأُنزِلَ
إِلَيۡكُمۡ وَإِلَٰهُنَا وَإِلَٰهُكُمۡ وَٰحِدٞ وَنَحۡنُ لَهُۥ مُسۡلِمُونَ

1. "വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ സംവാദം നടത്തരുത്. അവരിൽനിന്ന് അക്രമം പ്രവർത്തിച്ചവരോടൊഴികെ. നിങ്ങൾ (അവരോട്) പറയുക: ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒരുവനാകുന്നു. ഞങ്ങൾ അവന്ന് കീഴ്പ്പെട്ടവരുമാകുന്നു" (29:46).

ٱدۡعُ إِلَىٰ سَبِيلِ رَبِّكَ بِٱلۡحِكۡمَةِ وَٱلۡمَوۡعِظَةِ ٱلۡحَسَنَةِۖ
وَجَٰدِلۡهُم بِٱلَّتِي هِيَ أَحۡسَنُۚ إِنَّ رَبَّكَ هُوَ أَعۡلَمُ بِمَن ضَلَّ
عَن سَبِيلِهِۦ وَهُوَ أَعۡلَمُ بِٱلۡمُهۡتَدِينَ

"യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിൻെറ രക്ഷിതാവിൻെറ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ലരീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ച യായും നിൻെറ രക്ഷിതാവ് തൻെറ മാർഗം വിട്ട് പിഴച്ചുപോയവരെ പ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ" (16:125), എന്നീ വചനങ്ങളി ലൂടെ അല്ലാഹു കൽപിച്ചതനുസരിച്ച് ഇതര മതസ്ഥരോട് ദഅ്‌വത്ത് (പ്രബോധനം) നിർവഹിക്കുവാനും നല്ലരീതിയിൽ സംവദിക്കുന്ന തിനും വേണ്ടി.

2. പ്രബോധിത സമൂഹത്തെയും അവരുടെ വിശ്വാസാചാരങ്ങളെ യുംകുറിച്ചുള്ള അറിവ് പ്രബോധന പ്രവർത്തനത്തിലെ ഒരു മുതൽ

കൂട്ടാണ്. ദഅ്‌വത്തിന് കൂടുതൽ സ്വീകാര്യതയുണ്ടാകുവാനും സത്യവും അസത്യവും എളുപ്പത്തിൽ വിശകലനം ചെയ്യാനും പ്രബോധകന് അത് സഹായകവുമാണ്.

മുആദി(ﷺ)നെ യമനിലേക്ക് പ്രബോധനത്തിനയച്ചുകൊണ്ട് നബി (ﷺ) പറഞ്ഞ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്.

عَنِ ابْنِ عَبَّاسٍ أَنَّ مُعَاذًا قَالَ بَعَثَنِي رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ : إِنَّكَ تَأْتِي قَوْمًا مِنْ أَهْلِ الْكِتَابِ فَادْعُهُمْ إِلَى شَهَادَةِ أَنْ لَا إِلَهَ إِلَّا اللَّهُ وَأَنِّي رَسُولُ اللَّهِ......... ( البخاري , ومسلم)

"വേദക്കാരിൽപെട്ട ഒരു വിഭാഗത്തിലേക്കാണ് നീ ചെല്ലുന്നത്. അതിനാൽ ആരാധനക്കർഹൻ അല്ലാഹു മാത്രമാണെന്നും ഞാൻ അല്ലാഹുവിൻെറ ദൂതനാണെന്നുമുള്ള സത്യസാക്ഷ്യത്തിലേക്ക് നീ അവരെ ക്ഷണിക്കുക" (ബുഖാരി, മുസ്‌ലിം).

3. പൂർവ മതാനുയായികളുടെ വ്യതിയാന കാരണങ്ങൾ കണ്ടെത്താനും അവ സൂക്ഷിക്കുവാനും സാധിക്കുന്നു. ഹുദൈഫ(ﷺ) പറയാറുണ്ടായിരുന്നതുപോലെ

عن أبي إدريس الخولاني أنه سمع حذيفة بن اليمان يقول كان الناس يسألون رسول الله صلى الله عليه وسلم عن الخير وكنت أسأله عن الشر مخافة ان يدركني...... ( البخاري ومسلم)

"ജനങ്ങൾ നബി (ﷺ)യോട് നന്മയെക്കുറിച്ച് ചോദിക്കുമ്പോൾ ഞാൻ തിന്മയെ കുറിച്ചായിരുന്നു ചോദിച്ചിരുന്നത്. തിന്മ എന്നെ ബാധിക്കുമോ എന്ന ഭയം കാരണത്താൽ (അതിനെ സൂക്ഷിക്കുവാൻ വേണ്ടി)" (ബുഖാരി മുസ്‌ലിം).

4.മതതാരതമ്യ പഠനത്തിലൂടെ സത്യമതത്തെ കണ്ടെത്തുവാൻ ഇതര മതസ്ഥർക്ക് അവസരം സൃഷ്ടിക്കുവാനും ഇസ്‌ലാമിൻെറ ശരിയായ രൂപം വ്യക്തമാക്കുവാനും സാധിക്കുന്നു. അതോടൊപ്പം സത്യമതത്തിൻെറ അനുയായികൾക്ക് വിശ്വാസദൃഢീകരണത്തിനും സഹായകമാകുന്നു.

5. മറ്റ് മതസ്ഥരുടെ വിശ്വാസ-ആചാര-അനുഷ്ഠാനങ്ങളും മത ചിഹ്നങ്ങളും മനസ്സിലാക്കുന്നതിലൂടെ അവയോട് സാദൃശ്യപ്പെടാതെ ഇസ്‌ലാമിൻെറ തനതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുവാൻ സാധിക്കുന്നു.

6. പൂർവ മതങ്ങളിൽ അനുയായികൾ വരുത്തിയ കൈകടത്തലുകൾ ഉദാഹരണസഹിതം ബോധ്യപ്പെടുമ്പോൾ അല്ലാഹു അറിയിച്ച അവരുടെ കൈകടത്തലുകളെക്കുറിച്ച് മൊത്തത്തിലുള്ള ഒരു ധാരണ എന്നതിലുപരി വിശദമായ വിവരവും വിശ്വാസവും കൈവരുന്നു.

7. മറ്റു മതങ്ങളെക്കാൾ അല്ലാഹുവിന്റെ മതമായ ഇസ്‌ലാമിനുള്ള മഹത്വവും പ്രത്യേകതകളും മനസ്സിലാക്കുന്നതിന് മതതാരതമ്യ പഠനത്തിലൂടെ സാധിക്കുന്നു.

സംശയവും മറുപടിയും:

ചോ: ഉമറി(﵁)ൻെറ കയ്യിൽ ചില വേദഭാഗങ്ങൾ കണ്ടപ്പോൾ നബി(ﷺ) ദേഷ്യപ്പെട്ട് സംസാരിച്ചതിനെക്കുറിച്ചും വേദക്കാരോട് ചോദിക്കുന്നതിനെ വിലക്കിക്കൊണ്ടുള്ള റിപ്പോർട്ടുകളെക്കുറിച്ചും എന്ത് പറയുന്നു?

ഉ: മറ്റു വേദങ്ങളുദ്ധരിക്കുന്നത് വിലക്കുന്ന നബിവചനങ്ങളെക്കുറിച്ച് പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത് വിലക്കുകൾ ആദ്യകാല നിയമമായിരുന്നു എന്നാണ്. പിന്നീടത് അനുവദിച്ചുകൊണ്ട് നബി(ﷺ) തന്നെ പറയുകയുണ്ടായി: “ഇസ്റാഈൽ സന്തതികളിൽനിന്ന് നിങ്ങളുദ്ധരിച്ച് കൊള്ളുക; കുഴപ്പമില്ല”.

മറ്റൊരു വിശദീകരണം ഇപ്രകാരമാണ്-

قال ابن بطال عن المهلب : هذا النهي إنما هو في سؤالهم عما لا نص فيه لأن شـرعنا مكتف بنفسـه فإذا لم يوجد فيه نص ففي النظر والاستدلال غنى عن سؤالهم ولا يدخل في النهي سؤالهم عن الأخبار المصدقة لشرعنا والأخبار عن الأمم السالفة. (فتح البـاري: ج : ١٧, ص : ١٨٦)

ഇബ്നു ബത്വാൽ മുഹല്ലബിൽ നിന്നും ഉദ്ദരിക്കുന്നു: "നമ്മുടെ ശരീഅത്തിനെവിട്ട് മതകാര്യങ്ങളിൽ അവരോട് ചോദിച്ച് അതനുസരിച്ച് പ്രവർത്തിക്കുന്നതിനെയാണ് വിലക്കിയിട്ടുള്ളത്. എന്നാൽ നമ്മുടെ മതത്തിൽ അംഗീകരിക്കപ്പെട്ട കാര്യങ്ങളോ പൂർവ സമൂഹങ്ങളെപറ്റിയുള്ള വിവരണങ്ങളോ അവരോട് ചോദിക്കുന്നതിന് ഈ വിലക്ക് ബാധകമല്ല. (ഫത്ഹുൽ ബാരി: 17/186)

അതായത് ഖുർആനിൻെറയും സുന്നത്തിന്റെയും ആശയങ്ങൾക്ക് പിൻബലം നൽകുന്ന ഇതരവേദവാക്യങ്ങളുദ്ധരിക്കുന്നതിന് ഇവ എതിരല്ല. പൂർവകാല മുസ്‌ലിം പണ്ഡിതന്മാരുടെ പ്രവർത്തനവും അതാണ് വ്യക്തമാക്കുന്നത്. ഖുർആനും ഹദീഥും കയ്യൊഴിച്ചു കൊണ്ടുള്ള ഇതരവേദപഠനം നാമൊട്ട് പ്രോത്സാഹിപ്പിക്കുന്നുമില്ല.

ചുരുക്കത്തിൽ ഓരോ വിശ്വാസിയും തന്റെ കഴിവിനനുസരിച്ച് മറ്റുള്ളവരെ നന്മയിലേക്ക് ക്ഷണിക്കുവാൻ പരിശ്രമിക്കേണ്ടതുണ്ട്. അതിനായി പരസ്പരം കൂട്ടുചേർന്ന് പ്രവർത്തിക്കുന്നത് കൂടുതൽ ഫലപ്രദവും ഇസ്‌ലാം പ്രോത്സാഹിപ്പിച്ച നന്മയുമാണ്. ഖുർആനിലേക്കും സുന്നത്തിലേക്കും ക്ഷണിക്കുമ്പോൾ അതിന് സഹായകമായ മറ്റ് വിജ്ഞാനങ്ങളുണ്ടാവുന്നതും ഇതര മതസ്ഥരോട് സംവദിക്കുമ്പോൾ അവരംഗീകരിക്കുന്ന പ്രമാണങ്ങൾ കൂടി ഫലപ്രദമായി ഉദ്ധരിക്കുവാൻ സാധിക്കുന്നതും പ്രബോധകന്റെ വിജയത്തോടെപ്പം പ്രബോധന വീഥിയിലെ മുതൽകൂട്ടുമായിരിക്കും. സത്യമത പ്രബോധനത്തിനു വേണ്ടി പരമാവധി പരിശ്രമിച്ചുകൊണ്ട് ജീവിതം മുന്നോട്ടു നയിക്കുകയും ഈ മാർഗത്തിൽ നിലകൊണ്ടു തന്നെ മരണപ്പെടുകയും പ്രബോധനരംഗത്ത് ത്യാഗങ്ങൾ സഹിച്ച പ്രവാചകന്മാരോടും അനുചരന്മാരോടും രക്തസാക്ഷികളോടുമൊപ്പം സ്വർഗത്തിൽ ഒരുമിച്ചു കൂടുകയും ചെയ്യാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

***

# ദഅ്‌വത്ത്:
# പ്രാധാന്യവും പ്രയോഗവും

ഷമീർ മദീനി

പ്രവാചകന്മാരഖിലവും നിർവഹിച്ച ദൗത്യമാണ് ദഅ്‌വത്ത്. അവസാനനാളുവരെയുള്ള മനുഷ്യർക്ക് സത്യമതത്തിന്റെ സന്ദേശമെത്തിക്കേണ്ട ബാധ്യത മുസ്‌ലിം സമുദായത്തിന്റേതാണെന്നാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളെ മരവിപ്പിക്കുവാനാണ് ശത്രുക്കൾ എക്കാലവും പരിശ്രമിച്ചു പോന്നിട്ടുള്ളത്. ദഅ്‌വത്തിനെക്കുറിച്ച് തെറ്റിദ്ധാരണകൾ സൃഷ്ടിച്ച് യുവാക്കളെ നിഷ്ക്രിയരാക്കുന്നവർ പ്രമാണങ്ങളെ വളച്ചൊടിച്ച് അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. എന്താണ് ദഅ്‌വത്തെന്നും ആരാണ് ദഅ്‌വത്ത് ചെയ്യേണ്ടതെന്നും എങ്ങനെയാണത് നിർവ്വഹിക്കേണ്ടതെന്നും പ്രമാണങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കപ്പെടുന്നു, ദഅ്‌വാ പ്രവർത്തനങ്ങളെ മരവിപ്പിക്കുവാൻ ശ്രമിക്കുന്നവരുടെ വാദമുഖങ്ങൾക്കുള്ള പ്രമാണബദ്ധമായ മറുപടി.

പ്രസാധനം: ദഅ്‌വ ബുക്സ്, വൈറ്റില, കൊച്ചി-19.